# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 28 | Issue 7 | Fortnightly | December 1, 2016 | Page 24 | ₹ 10


## വിവിധ വകുപ്പുകളിൽ LDC വിജ്ഞാപനം

**ഈ ലക്കം മുതൽ പരീക്ഷ വരെ LDC സ്പെഷ്യൽ ഓരോ ലക്കത്തിലും 1000 ചോദ്യങ്ങൾ**


ചിട്ടയോടെ പഠിക്കാനും പരീക്ഷകളിൽ ജയിക്കാനും




## രജത ജൂബിലി പതിപ്പിന്റെ റെക്കോർഡ് വജ്രജൂബിലി പതിപ്പ് പിന്നിട്ടിരിക്കുന്നു....

വജ്രജൂബിലി പതിപ്പിന്റെ സമഗ്രതയ്ക്ക് തെളിവായ നിർണായക ചോദ്യങ്ങൾ (2016 സെപ്തംബർ 28–ന് നടന്ന ഗോഡൗൺ മാനേജർ, ഒക്ടോബർ 21 ന് നടന്ന എച്ച്.എസ്.എ. നാച്ചുറൽ സയൻസ്).

★ പാലക്കാട് ശബരി ആശ്രമത്തിന്റെ സ്ഥാപകൻ (ടി.ആർ.കൃഷ്ണസ്വാമി അയ്യർ, പേജ് 151)
★ 1968–ൽ മാർക്സിന്റെ രചനകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതിന്റെ ചീഫ് എഡിറ്റർ (കുറ്റിപ്പുഴ കൃഷ്ണപിള്ള, പേജ് 155)
★ പ്രോപാട്രിയ എന്ന പേരിൽ തിരുവിതാംകൂർ ദിവാനെതിരെ ലേഖനമെഴുതിയതാര് (ജി.പി.പിള്ള, പേജ് 132)
  ഇന്ത്യൻ ഓക്സ്ഫഡ് സർവ്വകലാശാലയിൽ മലയാളത്തിൽ പ്രസംഗിച്ച ആദ്യ നേതാവ് (മന്നത്ത് പദ്മനാഭൻ, പേജ് 140)
★ തിയോസഫിക്കൽ സൊസൈറ്റിയുടെ ആദ്യ ശാഖ കേരളത്തിൽ എവിടെയാണ് ആരംഭിച്ചത് (പാലക്കാട്, പേജ് 102)
★ ഇതുപോലെ ആയിരക്കണക്കിന് വസ്തുതകളുടെ സമഗ്രമായ അവതരണം.
★ എസ്എസ്എൽസി നിലവാരത്തിലുള്ള പരീക്ഷകളിൽ റാങ്ക് നിർണയിക്കുന്ന കേരളം എന്ന വിഭാഗത്തെക്കുറിച്ചുള്ള വിപുലമായ വിവരങ്ങൾ.
★ പ്രൊഫഷണൽ യോഗ്യത അടിസ്ഥാനമാക്കിയുള്ള പരീക്ഷകൾക്കുപോലും സഹായകമാകുന്ന തരത്തിൽ കേരള നവോത്ഥാനത്തെക്കുറിച്ച് ആഴത്തിലുള്ള അപഗ്രഥനം.
★ കേരള നവോത്ഥാനത്തെക്കുറിച്ചുള്ള അഞ്ചുവർഷത്തെ 600 ചോദ്യങ്ങളുടെ ശേഖരം.
★ പല ചോദ്യം ഒരു ഉത്തരം എന്ന രീതിയിൽ ആയിരത്തോളം ചോദ്യങ്ങൾ.
★ 1100 പരിശീലന ചോദ്യങ്ങൾ.
★ ഇനി അവശേഷിക്കുന്നത് ഏതാനും കോപ്പികൾ മാത്രം. പിഎസ്‌സി ഓഫീസിനെയോ ഏജൻസികളെയോ സമീപിച്ച് നിങ്ങളുടെ കോപ്പി സ്വന്തമാക്കുക.

കോപ്പികൾ കൊറിയർ വഴി ലഭിക്കുന്നതിന് ഏജന്റുമാർ ആസ്ഥാന ഓഫീസുമായി ബന്ധപ്പെടുക: 0471 2546270.

**വില 150 രൂപ**
പിഎസ്‌സി ഓഫീസുകളിലും പ്രമുഖ ബുക്ക് സ്റ്റാളുകളിലും വിശേഷാൽ പതിപ്പ് ലഭ്യമാണ്.

**ഓർഗനൈസിങ് ഏജന്റുമാർ**
തിരുവനന്തപുരം : 8281551775 കായംകുളം : 9746230703
ആലുവ/അങ്കമാലി : 9061348040 കൽപ്പറ്റ : 9496185873
പൊൻകുന്നം : 9447306505

**പിഎസ്‌സി ബുള്ളറ്റിൻ**

**പത്രാധിപസമിതി അധ്യക്ഷൻ**

**ശ്രീ. അശോകൻ ചരുവിൽ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ ഉഷ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീ. പി ശിവദാസൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീമതി. സിമി റോസ്ബെൽ ജോൺ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. ആർ. മനോജ്കുമാർ പിള്ള**

**ഫോൺ** : *0471 2546368 OR 9446412483*
**സർക്കുലേഷൻ (പി. ആർ. യൂണിറ്റ്)**: *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**
മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

- **വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**
- **ജില്ലാ തല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- **കാലാവധി തീരാറാകുന്ന വരിക്കാർക്ക് അതു സംബന്ധമായ അറിയിപ്പ് ആറു ലക്കം മുമ്പ് മുതൽ റാപ്പറിലെ വിലാസത്തിൽ ഉൾപ്പെടുത്തുണ്ട്.**
- **വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.**

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പിഎസ്‌സി അറിയിപ്പുകൾ

## നവംബർ 21–ലെ കമ്മിഷൻ തീരുമാനങ്ങൾ

കിസ്സ്യൻ ബാങ്ക് വിപുലീകരിക്കാനും അതിനാവശ്യമായ വർക്ക്ഷോപ്പുകൾ നടത്തുന്നതിനും തീരുമാനിച്ചു. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ ആധാർ കാർഡ് ഐഡിയായി നൽകുന്നതിലേക്കായി 21–11–2016 മുതൽ ഉള്ള വിജ്ഞാപനങ്ങളിൽ ഇത് സംബന്ധമായ നിർദ്ദേശം ഉൾപ്പെടുത്തുകയും വൺടൈം പോർട്ടലിൽ സൂചന നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ ഇൻസ്ട്രക്ടർ (അനിമൽ ഹസ്ബന്ററി, ജനറൽ കാറ്റഗറി) തസ്തികയിലേക്ക് ഇന്റർവ്യൂ നടത്തി നിയമന നടപടി പൂർത്തിയാക്കും. കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡിൽ യൂണിറ്റ് മാനേജർ തസ്തികയിലേക്ക് 50 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാനും ഇന്റർവ്യൂ കൂടി നടത്തി തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനും തീരുമാനിച്ചു. മിൽമയിൽ ജൂനിയർ സിസ്റ്റംസ് മാനേജർ തസ്തികയിലേക്ക് ജനറൽ വിഭാഗത്തിനും സൊസൈറ്റി ക്വാട്ടയ്ക്കും പൊതു പരീക്ഷ നടത്തും. തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് 2/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 തസ്തികയിൽ വിമുക്തഭടൻമാരിൽ നിന്നുള്ള ബാക്ക്‌ലോഗ് നികത്തുന്നതിന് എറണാകുളത്ത് ഓൺലൈൻ പരീക്ഷ നടത്തും. കേരള ഹൗസിങ്ങ് ബോർഡിൽ ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് (എൻ.സി.എ.–ഹിന്ദു ഈഴവ) തിരഞ്ഞെടുപ്പിന് 17–10–2016 ലെ ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ 5 പേരെ ഉൾപ്പെടുത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചശേഷം ഇന്റർവ്യൂ നടത്തും. ജി.സി.ഡി.എ. യിൽ ടൗൺ പ്ലാനിങ്ങ് അസിസ്റ്റന്റ് ഗ്രാമവികസന വകുപ്പിൽ ലക്ചറർ ഗ്രേഡ് 1 തസ്തികകളിലേക്ക് ഇന്റർവ്യൂ മാത്രം നടത്തി തിരഞ്ഞെടുപ്പ് പൂർത്തിയാക്കും. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ വൊക്കേഷണൽ ടീച്ചർ (അഗ്രിക്കൾച്ചർ) തസ്തികയുടെ തിരഞ്ഞെടുപ്പിന് ഓൺലൈൻ പരീക്ഷ നടത്തും. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (എഞ്ചിനീയറിങ്ങ് കോളേജുകൾ) അസിസ്റ്റന്റ് പ്രൊഫസർ ഇൻ മെക്കാനിക്കൽ എഞ്ചിനിയറിങ്ങ്, അസിസ്റ്റന്റ് പ്രൊഫസർ ഇൻ കമ്പ്യൂട്ടർ സയൻസ് ആന്റ്ഡ് എഞ്ചിനീയറിങ്ങ് തസ്തികയിലേക്ക് യോഗ്യരായ 150 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും. മൃഗസംരക്ഷണ വകുപ്പിൽ വെറ്റിനറി സർജൻ ഗ്രേഡ് 2 തസ്തികയിലേക്ക് എസ്.സി/എസ്.ടി, എൽ.സി./എ.ഐ, ഈഴവ/ബില്ലവ/തിയ്യ വിഭാഗങ്ങളിൽ നിന്നുള്ള തിരഞ്ഞെടുപ്പിന് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച ശേഷം ഇന്റർവ്യൂ നടത്താനും തീരുമാനിച്ചു.

## നവംബർ 14–ലെ കമ്മിഷൻ തീരുമാനങ്ങൾ

ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് തീരുമാനം എടുക്കുന്നതിലേക്കായി ഒരു സമിതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കമ്മിഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് പ്രൊഫ. ഡോ. എൻ.സെൽവരാജ്, അഡ്വ.വി.ടി.തോമസ്, ശ്രീ. പി.ശിവദാസൻ, ശ്രീ. ടി.ടി. ഇസ്മയിൽ, അഡ്വ. ഇ.രവീന്ദ്രനാഥൻ, പ്രൊഫ. ലോപ്പസ് മാത്യു, ശ്രീമതി ആർ. പാർവ്വതി ദേവി എന്നിവർ അടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി.സി. തസ്തികയിലേയ്ക്ക് മുഖ്യപട്ടികയിൽ മൂവായിരം പേരെയും, ബൈട്രാൻസ്ഫർ വിഭാഗത്തിൽ നാൽപ്പത് ശതമാനം മാർക്കിൽ കൂടുതൽ നേടിയ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തി സാധ്യതാപട്ടിക പ്രസിദ്ധീകരിക്കും.

അപ്പെക്സ് സൊസൈറ്റിയിൽ ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ് തസ്തിയിലേയ്ക്ക് പൊതുവിഭാഗത്തിൽ 300 പേരെയും സൊസൈറ്റി ക്വാട്ടയിൽ യോഗ്യതയുള്ളവരെയും ഉൾപ്പെടുത്തി സാധ്യതാപട്ടിക പ്രസിദ്ധീകരിക്കും.

കേരള ഇലക്ട്രിക്കൽ അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിലെ സ്റ്റെനോഗ്രാഫർ (പട്ടികജാതി പട്ടികവർഗ്ഗക്കാരിൽനിന്നുള്ള പ്രത്യേക നിയമനം) തസ്തികയിലേയ്ക്ക് ഡിക്റ്റേഷൻ ടെസ്റ്റിന് മുന്നോടിയായി 25 പേരെ ഉൾപ്പെടുത്തി സാദ്ധ്യതാപട്ടിക പ്രസിദ്ധീകരിക്കും.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നഴ്സ് തസ്തികയുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് ഉൽഭവിച്ച പെൻഡിംഗ് ടേൺസ് ആരോഗ്യ വകുപ്പിലെ റാങ്ക് പട്ടികയിൽ നിന്നും നികത്തും.

വിദ്യാഭ്യാസ വകുപ്പിൽ എൽ.പി. സ്കൂൾ തസ്തികയിലെ ബൈട്രാൻസ്ഫർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവ് നേരിട്ടുള്ള നിയമനത്തിലുള്ള റാങ്ക് പട്ടികയിൽ നിന്നും നികത്തും ഭാവിയിൽ രണ്ട് കാറ്റഗറികളും ഒരുമിച്ച് വിജ്ഞാപനം ചെയ്യുകയും ഒരുമിച്ച് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യും.

ഇറിഗേഷൻ/പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളിൽ ഓവർസിയർ ഗ്രേഡ് 3 (സിവിൽ) ഭിന്നശേഷിക്കാരിൽനിന്നുള്ള പ്രത്യേക നിയമനം, ഇറിഗേഷൻ, പി.ഡബ്ലു.ഡി. യിൽ ഓവർസിയർ ഗ്രേഡ് 1/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (സിവിൽ) (ഭിന്നശേഷിക്കാർക്കാരിൽ നിന്നുള്ള പ്രത്യേക നിയമനം), പി.ഡബ്ല്യു.ഡി/ഇറിഗേഷൻ വകുപ്പുകളിൽ ഓവർസിയർ ഗ്രേഡ് 2/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 (ഇലക്ട്രിക്കൽ) എൻ.സി.എ.–ഒ.ബി.സി എന്നീ തസ്തികകളിലേക്ക് ഓൺലൈൻ പരീക്ഷ നടത്തും.

താഴെപ്പറയുന്ന തസ്തികകളിലേക്ക് ഇന്റർവ്യൂ മാത്രം നടത്തുവാൻ തീരുമാനിച്ചു.

കൊളീജിയറ്റ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ സ്റ്റാറ്റിസ്റ്റിക്സ് (എൻ.സി.എ.–എസ്.സി), ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എച്ച്.എസ്.ടി. ജൂനിയർ ഹിന്ദി (പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള പ്രത്യേക നിയമനം)

വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ നോൺ വൊക്കെഷണൽ ടീച്ചർ കെമിസ്ട്രി മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

ഡിജിറ്റലൈസേഷൻ കാലഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത് ഇ–വേക്കൻസി റിപ്പോർട്ടിങ്ങ് എന്ന നിലയ്ക്കാണെന്ന് വകുപ്പദ്ധ്യക്ഷൻമാർക്ക് പി.എസ്.സി. നിരന്തരമായി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, പല വകുപ്പുതലവൻമാരും ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് ഇ–റിപ്പോർട്ടായി വേക്കൻസി റിപ്പോർട്ട് ചെയ്യാതെ പഴയ രീതിയിലാണ് വേക്കൻസികൾ അറിയിക്കുന്നത്. തൻമൂലം വ്യത്യസ്തങ്ങളായ റിപ്പോർട്ടിങ്ങ് രീതി തുടരുന്നത് പി.എസ്.സി. ക്ക് ബുദ്ധിമുട്ടുണ്ടാകുന്നതിന് കാരണമാകുന്നു. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഇക്കാര്യത്തിൽ വകുപ്പുകൾ സഹകരിക്കാത്തത് മൂലം പൂർണ്ണമായും ഇ–വേക്കൻസി സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിലേക്ക് പല തവണ സമയം ദീർഘിപ്പിച്ച് നൽകേണ്ടിവന്നിട്ടുണ്ട്. ഈ വിഷയം വീണ്ടും വകുപ്പുതലവൻമാരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുവാനും ഇ–വേക്കൻസിമുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലാവധി 31–05–2017 വരെ ദീർഘിപ്പിച്ച് നൽകുവാനും തീരുമാനിച്ചു.

## പി.എസ്.സി. തെരഞ്ഞെടുപ്പിൽ വിലക്ക്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ തെരഞ്ഞെടുപ്പ് നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്ന് ഗിതു. എ.ആർ, തിരുവോണം ഹൗസ്, ടി.സി.3/2461(2), മരപ്പാലം, പട്ടം, തിരുവനന്തപുരം എന്ന ഉദ്യോഗാർത്ഥിയ്ക്ക് പരീക്ഷാഹാളിൽ സ്മാർട്ട് വാച്ച് ഉപയോഗിച്ചു എന്ന കാരണത്താൽ സ്ഥിരമായി വിലക്കേർപ്പെടുത്തിയിരിക്കുന്നു.

## തിരുത്ത്

**നവംബർ 15** ലക്കത്തിൽ മൂരിയാട് തടാകം കോട്ടയം ജില്ലയിലാണ് എന്ന് അച്ചടിച്ചിരുന്നത് തൃശ്ശൂർ ജില്ല എന്ന് തിരുത്തിവായിക്കണമെന്ന് അഭ്യർഥിക്കുന്നു. ശരിയായ വസ്തുത അറിയിച്ചത് ബഗീഷ് കൂത്തുപറമ്പ് , ശ്യാം കൃഷ്ണ വെഞ്ഞാറമൂട്.

**ജൂൺ ഒന്ന്** ലക്കത്തിലെ പേജ് 18–ൽ അറ്റോമിക സംഖ്യ എന്നത് ഇലക്ട്രോണുകളുടെ എണ്ണമാണ് എന്ന് കൊടുത്തിരുന്നത് പ്രോട്ടോണുകൾ എന്ന് തിരുത്തി വായിക്കേണ്ടതാണ്. ശരിയായ വസ്തുത അറിയിച്ചത് ധന്യ കൊടുങ്ങല്ലൂർ

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ 25 - 11 - 2016 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 25 – 11 – 2016 അവസാന തീയതി: 28 – 12 – 2016 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ 414/2016
### ലോവർ ഡിവിഷൻ ക്ലാർക്ക്
### വിവിധം

**ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക് [04–03–2013 ലെ ജി. ഒ.(എം. എസ്.) നമ്പർ 120/2013/(138)/ഫിൻ. പ്രകാരം ക്ലാർക്ക് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത്.]

**കുറിപ്പ്:** (1) റവന്യൂ വകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക്/ വില്ലേജ് അസിസ്റ്റന്റ് ഇതിൽപ്പെടും

(2) കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ ഒഴിവുകളും ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും തയ്യാറാക്കുന്ന റാങ്കുലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെതന്നെ നികത്തുന്നതാണ്. (നേരിട്ടുള്ള നിയമനത്തിനു മാത്രം).

**ശമ്പളം** : 19000–43600/രൂപ

**ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | കണക്കാക്കപ്പെട്ടില്ല |
| കൊല്ലം | |
| പത്തനംതിട്ട | |
| ആലപ്പുഴ | |
| കോട്ടയം | |
| ഇടുക്കി | |
| എറണാകുളം | |
| തൃശ്ശൂർ | |
| പാലക്കാട് | |
| മലപ്പുറം | |
| കോഴിക്കോട് | |
| വയനാട് | |
| കണ്ണൂർ | |
| കാസറഗോഡ് | |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നുവർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഈ വിജ്ഞാപനപ്രകാരം ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഈ കാലയളവിൽ കമ്മീഷന്റെ ജില്ലാ ആഫീസുകളിൽ എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനത്തിന് ശിപാർശ ചെയ്യുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി മൂന്നു വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരേയും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലായെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(ii) 03.01.2013 ലെ ജി. ഒ. (പി) 1/13/എസ്. ജെ. ഡി. പ്രകാരം എൽ. ഡി. ക്ലാർക്ക് തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളുടെ 3% ,കുറഞ്ഞ കാഴ്ചയുള്ളവർ, ശ്രവണ വൈകല്യമുള്ളവർ, ചലന വൈല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ എന്നീ വിഭാഗത്തിൽപ്പെടുന്ന ശാരീരിക അവശത അനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു. റാങ്ക് ലിസ്റ്റിനോടൊപ്പം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നതാണ്. (ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ ഡിക്ലറേഷൻ ലിങ്കിലും വെയിറ്റേജ് ലിങ്കിലും ആയത് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം). 100 ഫ്രഷ് ഒഴിവുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിൽ 33, 66, 99 എന്നീ ക്രമ നമ്പറുകളിൽ ടി ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ട ശാരീരിക അവശത അനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത്തരക്കാർക്കായുള്ള പ്രത്യേക ലിസ്റ്റിലും പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റ് / സപ്ലിമെന്ററി ലിസ്റ്റ് / ശാരീരിക വൈകല്യമുള്ളവരുടെ പ്രത്യേക ലിസ്റ്റ് ഇവയിൽ ഏതെങ്കിലും ഒരു ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ മറ്റ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ശാരീരിക അവശത അനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഗ്രേസ് മാർക്കിനും വയസ്സിളവിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

(iii) നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും അപേക്ഷിക്കുന്നവർ ഈ രണ്ട് വിഭാഗത്തിലേയ്ക്കുള്ള അപേക്ഷകൾക്ക് ഒരേ ജില്ല തന്നെ തിരഞ്ഞെടുക്കണമെന്നില്ല. എന്നാൽ ഒരേ ജില്ലയിലേക്കോ വ്യത്യസ്ത ജില്ലകളിലേയ്ക്കോ ഇപ്രകാരം അപേക്ഷ അയയ്ക്കുന്നവർ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അപേക്ഷകൾ അയയ്ക്കേണ്ടതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഏതെങ്കിലും ജില്ലയിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ വീണ്ടും തസ്തികമാറ്റം വഴിയുള്ള എൽ. ഡി. ക്ലാർക്ക് തസ്തികയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല. നേരിട്ടുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള പൊതു ഉദ്യോഗാർത്ഥികളെ, അവർക്ക് ഏതെങ്കിലും ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിച്ചാൽ മറ്റേ റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ നിന്നും റവന്യു വകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവർ നേരത്തെ ചെയിൻ സർവ്വെ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്തവരാണെങ്കിൽ അവരെ ഡിപ്പാർട്ട്മെന്റിൽ നിന്നും സർവ്വെ ട്രെയിനിംഗിന് അയയ്ക്കുന്നതാണ്.

(v) ഈ തസ്തികയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് എസ്. എസ്. എൽ. സി. നിലവാരത്തിലുള്ള ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും.

(vi) കേരള സ്റ്റേറ്റ് ആർക്കൈവ്സിൽ എൽ.ഡി. ക്ലാർക്കായി നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ സമ്മതപത്രം നൽകേണ്ടതാണ്. അവർ മുറ അനുസരിച്ച് മറ്റ് വകുപ്പുകളിലേയ്ക്കും നിയമനത്തിന് അർഹതയുള്ളവരായിരിക്കും. എന്നാൽ ഒരാളുടെ മുറ വരുന്നതനുസരിച്ച് സ്റ്റേറ്റ് ആർകൈവ്സിൽ ഒരിക്കൽ നിയമനത്തിന് ശിപാർശ ചെയ്തു കഴിഞ്ഞാൽ പിന്നെ മറ്റേതെങ്കിലും വകുപ്പുകളിലേക്കുള്ള നിയമനത്തിന് അയാളെ പരിഗണിക്കുന്നതല്ല. സ്റ്റേറ്റ് ആർക്കൈവ്സിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിക്കപ്പെട്ട് കഴിഞ്ഞാൽ ഓരോരുത്തർക്കും നിശ്ചിത പ്രൊബേഷൻ കാലത്ത് സർക്കാർ നിശ്ചയിക്കുന്ന ഓൾഡ് സ്ക്രിപ്റ്റിലുള്ള ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

(vii) പരീക്ഷ ഓരോ ജില്ലയിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. (പരീക്ഷാ കേന്ദ്രങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്). ഏതു പരീക്ഷാ കേന്ദ്രം നിർദേശിച്ചാലും ഉദ്യോഗാർത്ഥികൾ അവിടെ പരീക്ഷയ്ക്കിരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ ആയതിനാൽ ഏതു ജില്ലയിലേയ്ക്കാണോ അപേക്ഷിച്ചിട്ടുള്ളത് ആ ജില്ലയ്ക്ക് വേണ്ടിയുള്ള പരീക്ഷാ കേന്ദ്രത്തിൽ മാത്രമേ അപേക്ഷകരെ പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കുകയുള്ളു. ഉദ്യോഗാർത്ഥികൾ പരീക്ഷാ തീയതിയിൽ 1.30 pm നോ അതിനു മുൻപായോ പരീക്ഷാകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. അല്ലാത്തപക്ഷം ഉദ്യോഗാർത്ഥികളെ പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.

(viii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം

മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991 ലെ ജി. ഒ. (പി) നം. 36/91/ ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും അന്തർ വകുപ്പു സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 06.02.2013 ലെ ജി. ഒ. (പി) നം. 5/2013/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി. ഒ. (പി) 12/96/പി. ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽ പ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽ പ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

(ix) 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി. ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേകം സമ്മതപത്രം നൽകേണ്ടതില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേയ്ക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. യോഗ്യത** : എസ്.എസ്.എൽ.സി യോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ വിജയിച്ചിരിക്കണം. (K S & SS R Part II Rule 10(a)(ii) ബാധകമല്ല)

**7. പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. [വയസ്സിളവ് സംബന്ധിച്ച് മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക]

**കുറിപ്പ്:** സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്നീ ആഫീസുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ ജോലി നോക്കുന്നവരും എസ്.എസ്.എൽ.സി. ജയിച്ചവരുമായ ടൈപ്പിസ്റ്റുകൾക്ക് അപേക്ഷാ തീയതിയിൽ മൊത്തം നാലു വർഷത്തിൽ കുറയാത്ത സർവീസുള്ള പക്ഷം ഈ വിജ്ഞാപനപ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക് ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്. അവർക്ക് പരമാവധി പ്രായപരിധി 40 (നാൽപ്പത് ) വയസ്സ് (02.01.1976 നും അതിനു ശേഷവും ജനിച്ചവരായിരിക്കണം) ആയിരിക്കുന്നതാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് മൂന്നു വർഷവും പട്ടിക ജാതി / പട്ടിക വർഗ്ഗക്കാർക്ക് അഞ്ച് വർഷവും പരമാവധി പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ബന്ധപ്പെട്ട ആഫീസ്/വകുപ്പ് മേധാവിയിൽ നിന്നും തങ്ങൾ ഏതു സർവ്വീസിൽ ഉള്ളവരാണെന്നും എന്ത് മാത്രം സർവ്വീസ് ദൈർഘ്യം ഉണ്ടെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ 415/2016
## ലോവർ ഡിവിഷൻ ക്ലാർക്ക്
## വിവിധം
## പാർട്ട് II (തസ്തികമാറ്റം വഴിയുള്ള നിയമനം)

| | | |
|---|---|---|
| 1. | **വകുപ്പ്** | : വിവിധം |
| 2. | **ഉദ്യോഗപ്പേര്** | : ലോവർ ഡിവിഷൻ ക്ലാർക്ക് (04.03.2013 ലെ ജി.ഒ.(എം. എസ്.) നം: 120/2013/(138)/ഫിൻ. പ്രകാരം ക്ലാർക്ക് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത് )<br>**കുറിപ്പ് :** റവന്യൂ വകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് ഇതിൽപ്പെടും |
| 3. | **ശമ്പളം** | : 19000–43600/രൂപ |
| 4. | **നിയമനരീതി** | : തസ്തികമാറ്റം വഴി |

കേരള സംസ്ഥാന സബോർഡിനേറ്റ് സർവീസിൽ വിവിധ വകുപ്പുകളിൽ 19000–43600/ രൂപ ശമ്പള നിരക്കിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ (റവന്യൂ വകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തിക ഉൾപ്പെടെ) ഉണ്ടാകുന്ന ഒഴിവുകളിൽ 10% (പത്ത് ശതമാനം) 05.04.2010 ലെ ജി. ഒ. (പി) നം. 12/2010/പി. ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സബോർഡിനേറ്റ് സർവീസുകളിൽ 19000–43600/ രൂപയിൽ താഴെ ശമ്പളനിരക്കുള്ള തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു.

(i) കേരള ഗവണ്മെന്റ് സബോർഡിനേറ്റ് സർവീസുകളിൽ 19000–43600/ രൂപയിൽ താഴെ ശമ്പളനിരക്കുള്ള തസ്തികകളിൽ ജോലിയിരിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റം വഴി ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയയ്ക്കുന്ന തീയതിയിൽ അവർ പാർട്ട് ടൈം കണ്ടിജന്റ് സർവീസ് ഉൾപ്പെടെ ഏതെങ്കിലും ഒരു സബോർഡിനേറ്റ് സർവീസിലെ പൂർണ്ണ അംഗമോ പ്രൊബേഷൻ തൃപികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ സർവീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന ഫാറത്തിൽ ബന്ധപ്പെട്ട ആഫീസ് മേധാവിയിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകൾ മുഖേനയോ മറ്റു വിധത്തിലോ നിയമിക്കപ്പെട്ട താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഈ വിഭാഗത്തിൽ അപേക്ഷ അയയ്ക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഏതെങ്കിലും ജില്ലയിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ വീണ്ടും തസ്തികമാറ്റം വഴിയുള്ള എൽ. ഡി. ക്ലാർക്ക് തസ്തികയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ തസ്തികമാറ്റം വഴിയുള്ള തിരഞ്ഞെടുപ്പിനായി ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട സർവീസ് സർട്ടിഫിക്കറ്റിന്റെ മാതൃക

1. Name of the Candidate :
2. Name of post held by the applicant with scale of pay and the pay now drawn by the applicant :
3. Name of the Department :
4. Name of the Subordinate service to which the applicant belongs :
5. Date of commencement of probation and date of completion of probation in the above subordinate service. State whether an approved probationer or full member of the service :

Certified that the above details in respect of Shri/Smt ............................ who is an approved probationer/full member of the Subordinate services, have been verified by me with the service particulars of the candidate and that they are found correct. He is eligible to apply for the post of Lower Division Clerk in Various Departments as per Rule 2(13) of the KS & SSR 1958.

Signature of Head of the Office
Place with the name and the designation
Date

(Office Seal)

(ii) ഈ വിഭാഗത്തിൽ അപേക്ഷ അയയ്ക്കുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത വിദ്യാഭ്യാസ യോഗ്യത വേണമെന്ന നിബന്ധനയിൽ നിന്നും ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്. വികലാംഗർക്കുള്ള ആനുകൂല്യങ്ങൾക്ക് ഈ വിഭാഗത്തിൽപ്പെട്ടവർ അർഹരല്ല.

(iii) നേരിട്ടുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും വേണ്ടി പ്രത്യേകം മത്സര പരീക്ഷകൾ കമ്മീഷൻ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷകളുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും വേണ്ടി പ്രത്യേകം പ്രത്യേകം റാങ്ക് പട്ടികകൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് വേണ്ടിയുള്ള പരീക്ഷയിൽ 40% (നാൽപ്പത് ശതമാനം) ത്തിൽ കുറയാതെ മാർക്ക് നേടുന്ന ഉദ്യോഗാർത്ഥികൾ ഈ തസ്തികയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ അർഹത നേടുന്നതാണ്.

(iv) കമ്മീഷന്റെ ജില്ലാ ആഫീസുകളിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ 10% (പത്ത് ശതമാനം) ഒഴിവുകളിലേയ്ക്ക് സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനമായതിനാൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല. മുകളിൽ പറഞ്ഞ പത്ത് ശതമാനം ഒഴിവുകൾ നികത്താൻ ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഇല്ലാതെ വരുന്നപക്ഷം ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനു തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും നിയമന ശിപാർശ ചെയ്യപ്പെടാതെ വരുന്നപക്ഷം ടി ഉദ്യോഗാർത്ഥികളെ 08.12.1989 ലെ ജി. ഒ. (പി) നം 39/89/പി ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം അടുത്ത തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉയർന്ന റാങ്കുകാരായി അതേ ക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

(v) നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും അപേക്ഷിക്കുന്നവർ ഈ രണ്ട് വിഭാഗത്തിലേയ്ക്കുള്ള അപേക്ഷകൾക്ക് ഒരേ ജില്ല തന്നെ തിരഞ്ഞെടുക്കണമെന്നില്ല. എന്നാൽ ഒരേ ജില്ലയിലേക്കോ വ്യത്യസ്ത ജില്ലകളിലേയ്ക്കോ ഇപ്രകാരം അപേക്ഷ അയയ്ക്കുന്നവർ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അപേക്ഷകൾ അയയ്ക്കേണ്ടതാണ്. നേരിട്ടുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള പൊതു ഉദ്യോഗാർത്ഥികളെ, അവർക്ക് ഏതെങ്കിലും ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിച്ചാൽ മറ്റേ റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

(vi) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ നിന്നും റവന്യു വകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവർ നേരത്തെ ചെയിൻ സർവ്വെ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്തവരാണെങ്കിൽ അവരെ ഡിപ്പാർട്ട്മെന്റിൽ നിന്നും സർവ്വെ ട്രെയിനിംഗിന് അയയ്ക്കുന്നതാണ്.

(vii) ഈ തസ്തികയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് എസ്. എസ്. എൽ. സി. നിലവാരത്തിലുള്ള ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും.

(viii)കേരള സ്റ്റേറ്റ് ആർക്കൈവ്സിൽ എൽ. ഡി. ക്ലാർക്കായി നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ സമ്മതപത്രം നൽകേണ്ടതാണ്. അവർ മുറ അനുസരിച്ച് മറ്റ് വകുപ്പുകളിലേയ്ക്കും നിയമനത്തിന് അർഹതയുള്ളവരായിരിക്കും. എന്നാൽ ഒരാളുടെ മുറ വരുന്നതനുസരിച്ച് സ്റ്റേറ്റ് ആർകൈവ്സിൽ ഒരിക്കൽ നിയമനത്തിന് ശിപാർശ ചെയ്തു കഴിഞ്ഞാൽ പിന്നെ മറ്റേതെങ്കിലും വകുപ്പുകളിലേക്കുള്ള നിയമനത്തിന് അയാളെ പരിഗണിക്കുന്നതല്ല. സ്റ്റേറ്റ് ആർക്കൈവ്സിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിക്കപ്പെട്ട് കഴിഞ്ഞാൽ ഓരോരുത്തർക്കും നിശ്ചിത പ്രൊബേഷൻ കാലത്ത് സർക്കാർ നിശ്ചയിക്കുന്ന ഓൾഡ് സ് ക്രിപ്റ്റിലുള്ള ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

(ix) പരീക്ഷ ഓരോ ജില്ലയിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. (പരീക്ഷാ കേന്ദ്രങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്). ഏതു പരീക്ഷാ കേന്ദ്രം നിർദേശിച്ചാലും ഉദ്യോഗാർത്ഥികൾ അവിടെ പരീക്ഷയ്ക്കിരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ ആയതിനാൽ ഏതു ജില്ലയിലേയ്ക്കാണോ അപേക്ഷിച്ചിട്ടുള്ളത് ആ ജില്ലയ്ക്ക് വേണ്ടിയുള്ള പരീക്ഷാ കേന്ദ്രത്തിൽ മാത്രമേ അപേക്ഷകരെ പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കുകയുള്ളു. ഉദ്യോഗാർത്ഥികൾ പരീക്ഷാ തീയതിയിൽ 1.30 pm നോ അതിനു മുൻപായോ പരീക്ഷാകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. അല്ലാത്തപക്ഷം ഉദ്യോഗാർത്ഥികളെ പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.

(x) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി. ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991 ലെ ജി. ഒ. (പി) നം. 36/91/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും അന്തർ വകുപ്പു സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 06.02.2013 ലെ ജി. ഒ. (പി) നം. 5/2013/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി. ഒ. (പി) 12/96/പി. ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽ പ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽ പ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

(xi)27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി. ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേകം സമ്മതപത്രം നൽകേണ്ടതില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേയ്ക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്. ■

# ഇന്ത്യ ചരിത്രം



1 1857ലെ വിപ്ലവത്തിന്റെ പരാജയശേഷം ബ്രിട്ടീഷുകാർ ബഹദൂർഷാ രണ്ടാമനെ എവിടെക്കാണ് നാടുകടത്തിയത്– മ്യാൻമർ(ബർമ)

2 സിന്ധുനദീതടനിവാസികൾ ആരാധിച്ചിരുന്ന മരം– ആൽ

3 ഹാരപ്പ സംസ്കാരം കണ്ടെത്തിയ പുരാവസ്തു ഗവേഷകൻ– ജോൺ മാർഷൽ

4 രാഷ്ട്രകൂടവംശത്തിന്റെ തലസ്ഥാനം– മാന്യഖേത

5 രാഷ്ട്രകൂടവംശത്തിലെ ഏറ്റവും പ്രഗല്ഭർ –ഗോവിന്ദ,അമോഘവർഷൻ

6 എല്ലോറയിലെകൈലാസനാഥക്ഷേത്രം നിർമിച്ച രാഷ്ട്രകൂട രാജാവ്– കൃഷ്ണൻ ഒന്നാമൻ

7 എലിഫന്റാ ഗുഹകൾ നിർമിച്ചത്– രാഷ്ട്രകൂടൻമാർ

8 ബ്രഹ്മസമാജം സ്ഥാപിച്ചത്– രാജാറാം മോഹൻറോയ്

9 ബ്രിട്ടിഷുകാരും ഫ്രഞ്ചുകാരും ഇന്ത്യൻ മണ്ണിൽനടന്ന സംഘർഷത്തിന് ഏത് സന്ധി പ്രകാരമാണ് തിരശ്ശീല വീണത്– പാരിസ്

10 ബ്രിട്ടീഷിന്ത്യയിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ ഗവർണർ ജനറൽ– ഡൽഹൗസി

11 ബ്രിട്ടീഷിന്ത്യയിലെ അക്ബർ എന്നറിയപ്പെട്ടത്– വെല്ലസ്ലി പ്രഭു

12 ബർമയെ ഇന്ത്യയിൽനിന്നു വേർപെടുത്തിയ നിയമം– 1935–ലെ ഗവ.ഓഫ് ഇന്ത്യാ നിയമം

13 ബർദോളി സത്യാഗ്രഹം നയിച്ചത്– സർദാർ വല്ലഭ്ഭായി പട്ടേൽ

14 ഹാരപ്പൻജനതയുടെപ്രധാനആരാധനാമൂർത്തിയായിരുന്ന ആൺദൈവം– പശുപതി

15 മരിച്ചവരുടെ കുന്ന് കാണപ്പെടുന്ന സിന്ധു സംസ്കാരകേന്ദ്രം– മൊഹൻജൊദാരോ

16 സേനൻമാർ ഏതു പ്രദേശമാണ് ഭരിച്ചത്– ബംഗാൾ

17 സേനൻമാരുടെ തലസ്ഥാനം– നാദിയ

18 ബ്രിട്ടീഷ് ഇന്ത്യൻ പ്രൊവിൻസുകളിൽ ദ്വിഭരണം ഏർപ്പെടുത്തിയ വർഷം– 1919

19 ബ്രിട്ടീഷ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിൽ തുടർന്ന വൈസ്രോയി– ലിൻലിത്ഗോ പ്രഭു

20 ബ്രിട്ടീഷ് ഇന്ത്യയിലെ അവസാനത്തെ വൈസ്രോയി– മൗണ്ട്ബാറ്റൺ പ്രഭു

21 ബാലഗംഗാധരതിലകൻ മറാത്തി ഭാഷയിൽ നടത്തിയ പ്രസിദ്ധീകരണം– കേസരി

22 സിന്ധു നദീതട നിവാസികൾ പ്രധാനമായി ആരാധിച്ചിരുന്ന മൃഗം– കാള

23 സിന്ധുനദീതടവാസികൾക്ക്അജ്ഞാതമായിരുന്ന പ്രധാനലോഹം– ചെമ്പ്

24 കനൗജിലെഗഹഡ്വാലവംശത്തിലെ ആദ്യ രാജാവ്– ചന്ദ്രദേവൻ

25 കനൗജിലെ ഗഹഡ്വാല വംശത്തിലെ അനസാനത്തെ രാജാവ്– ജയചന്ദ്രൻ

26 അജ്മീർ സ്ഥാപിച്ചത്– അജയരാജൻ

27 ഗുജറാത്ത് ഭരിച്ച സോളങ്കി(ചാലൂക്യ) വംശത്തിലെ ഏറ്റവും മഹാനായ രാജാവ്– ജയസിംഹസിദ്ധരാജ

28 ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ സഹനസമരം– ചമ്പാരൻ സമരം(1917)

29 ഗാന്ധിജി ഇന്ത്യയിൽ ബഹുജനപ്രക്ഷോഭം ആരംഭിച്ച സ്ഥലം– ചമ്പാരൻ

30 ബീഗം ഹസ്രത്ത് മഹൽ ആധുനിക ഇന്ത്യയിലെ ഏതു സംഭവമായി ബന്ധപ്പെട്ടിരിക്കുന്നു– 1857–ലെ കലാപം

31 ബീഹാർ ഗാന്ധി എന്നറിയപ്പെട്ടത്– രാജേന്ദ്രപ്രസാദ്

32 ബുദ്ധനും ബുദ്ധധർമവും എഴുതിയതാര്– അംബേദ്കർ

33 ബംഗാൾ വിഭജനവുമായി ബന്ധപ്പെട്ട വൈസ്രോയി– കഴ്സൺ പ്രഭു

34 1785ൽ ഭഗവത്ഗീത ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാര്– ചാൾസ് വിൽക്കിൻസ്

35 1857 –ലെ കലാപകാലത്ത് നാനാ സാഹേബ് എവിടെയാണ് നേതൃത്വം നൽകിയത്–കാൺപൂർ

36 ബംഗാൾ വിഭജനകാലത്ത് സായുധ സമരത്തിന് ആഹ്വാനം ചെയ്ത യുഗാന്തറിന്റെ പത്രാധിപർ–ഭൂപേന്ദ്ര നാഥ്ദത്ത

37 സിന്ധുനദീതടസംസ്കാരം കണ്ടെത്തിയ വർഷം– 1921

38 സിന്ധുസംസ്കാരകാലത്ത് ഉപയോഗിച്ചിരുന്ന ലിപി– ചിത്രലിപി

39 അവന്തിനാഥൻ എന്ന ബിരുദം സ്വീകരിച്ച ചാലൂക്യരാജാവ്– ജയസിംഹസിദ്ധരാജ

40 ബംഗാൾ വിഭജിക്കപ്പെട്ട വർഷം– 1905

41 1920 ൽ എ.ഐ.ടി.യു.സി.യുടെ ആദ്യ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് – ലാലാ ലജ്പത്റായി

42 1920ൽ നിസ്സഹകരണ പ്രസ്ഥാനം അംഗീകരിച്ച പ്രത്യേക കോൺഗ്രസ്സ് സമ്മേളനം–കൽക്കട്ട

43 സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ ഭാരതീയൻ– മഹാത്മാഗാന്ധി




44 കാലഹരണപ്പെട്ട ചെക്ക് എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത്– ക്രിപ്സ് മിഷനെ

45 മനുഷ്യൻ ആദ്യമായി മെരുക്കി വളർത്തിയ മൃഗം– പട്ടി

46 മനുഷ്യർ ആദ്യമായി ഉപയോഗിച്ചുതുടങ്ങിയ ലോഹം– ചെമ്പ്

47 ഇന്ത്യയിലെ ഏതു പ്രദേശമാണ് മുഹമ്മദ് ബിൻ കാസിം ആക്രമിച്ചത്– സിന്ധ്

48 മുഹമ്മദ് ബിൻ കാസിം ആക്രമിക്കുമ്പോൾ സിന്ധിലെ ഹിന്ദു രാജാവ്– ദാഹിർ

49 ബംഗാൾ ഗസറ്റിന്റെ മറ്റു രണ്ടു പേരുകൾ– ഹിക്കീസ് ഗസറ്റ്, കൽക്കട്ട ജനറൽ അഡ്വെർടൈസർ

50 ബംഗാളിൽ ശാശ്വത ഭൂനികുതി വ്യവസ്ഥ നടപ്പാക്കിയത്– കോൺവാലിസ്

51 സിന്ധു നദീതടസംസ്കാര കേന്ദ്രങ്ങളിൽ എവിടെയാണ് ഉഴുതുമറിച്ച നിലം കാണപ്പെട്ടത്– കലിബംഗൻ

52 സിന്ധു സംസ്കാരകേന്ദ്രമായ ബനാവാലി ഏതു നദിയുടെ തീരത്തായിരുന്നു – ഘഗ്ഗർ

53 ഫിർദൗസി രചിച്ച പ്രധാനകൃതി– ഷാനാമ

54 ഷാനാമ ഏതു ഭാഷയിൽ രചിക്കപ്പെട്ടു– പേർഷ്യൻ

55 മഹമൂദ് ഗസ്നിയുടെ പിതാവ്– സബുക്തിജിൻ

56 കിതാബ് ഉൽ ഹിന്ദ് രചിച്ചത്– അൽ ബെറൂണി

57 ബംഗാളിൽ ദ്വിഭരണം നടപ്പാക്കിയത്– റോബർട്ട് ക്ലൈവ്

58 ഭാരതീയ വിദ്യാഭവൻ സ്ഥാപിക്കുന്നതിനു മുൻകൈ എടുത്തത്– കെ.എം.മുൻഷി

59 ഭാരത് നൗജവാൻ സഭ രൂപവത്കരിച്ചത്– ഭഗത് സിംഗ്

60 ഭാരത് മാതാ സൊസൈറ്റി എന്ന വിപ്ലവ സംഘടനയുടെ സ്ഥാപകൻ– അജിത് സിങ്

61 പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന് ഗാന്ധിജി പറഞ്ഞ അവസരം– ക്വിറ്റിന്ത്യാ സമരം

62 പ്രാചീന ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായ കലിബംഗൻ ഏതു നദിയുടെ തീരത്താണ്– ഘഗ്ഗർ

63 മനുഷ്യർ ആദ്യമായി വളർത്തിയ ധാന്യങ്ങൾ– ഗോതമ്പും ബാർലിയും

64 സഞ്ചാരിയായ അൽ മസൂദിയുടെ മുഴുവൻ പേര്– അബുൽ ഹസൻ അലി അൽമാസ് ഊദി

65 ഒന്നാം താനേശ്വർ യുദ്ധത്തിൽ(1191) വിജയിച്ചത്– പൃഥ്വിരാജ് ചൗഹാൻ

66 പൃഥ്വിരാജ് ചൗഹാന്റെ രാജധാനി– അജ്മീർ

67 മുസ്ലിം ചരിത്രകാരൻമാർ റായി പിത്തോറ എന്ന് വിശേഷിപ്പിക്കുന്നതാരെ– പൃഥ്വിരാജ് ചൗഹാൻ

68 1931 ഫെബ്രുവരി 27ന് അലഹാബാദിലെ ആൽഫ്രഡ് പാർക്കിൽവെച്ച് പോലീസുകാരോടേറ്റുമുട്ടി മരിച്ച വിപ്ലവകാരി– ചന്ദ്രശേഖർ ആസാദ്

69 1938 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സംഘടിപ്പിച്ച നാഷണൽ പ്ലാനിങ് കമ്മിറ്റിയുടെ അധ്യക്ഷനായി ആരെയാണ് ചുമതലപ്പെടുത്തിയത്– ജവാഹർലാൽ നെഹ്റു

70 ഇൽബർട്ട് ബിൽ തർക്കത്തെത്തുടർന്ന് രാജിവച്ച വൈസ്രോയി– റിപ്പൺ

71 പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ രാഷ്ട്രപതിഭവൻ രൂപകല്പന ചെയ്തത് – എഡ്വിൻ ല്യൂട്യൻസ്

72 സിന്ധു സംസ്കാരകേന്ദ്രമായ റോപ്പർ ഏതു നദിയുടെ തീരത്തായിരുന്നു– സത്‌ലജ്

73 സിന്ധുനദീതട സംസ്കാരം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്– ജോൺ മാർഷൽ

74 ലോകത്താദ്യമായി പരുത്തി കൃഷി ചെയ്തത്– സിന്ധു തട നിവാസികൾ

75 ചൗഹാൻവംശത്തിലെ ഏറ്റവും പ്രശസ്തനായ രാജാവ്– പൃഥ്വിരാജ് ചൗഹാൻ

76 മുഹമ്മദ് ഗോറി മുൾട്ടാൻ പിടിച്ചെടുത്ത വർഷം– 1175

77 രണ്ടാം താനേശ്വർ യുദ്ധത്തിൽ(1192) വിജയിച്ചത്– മുഹമ്മദ് ഗോറി

78 ഇന്ത്യയിൽ മുസ്ലിം ഭരണത്തിന് അടിത്തറ പാകിയത്– മുഹമ്മദ് ഗോറി

79 ഗാന്ധിജി രണ്ടാം വട്ടമേശസമ്മേളനത്തിൽ പങ്കെടുക്കാൻ ലണ്ടനിൽ എത്തിയ വർഷം – 1931

80 ഗാന്ധിജി ഉപ്പുനിയമം ലംഘിക്കാൻ തിരഞ്ഞെടുത്ത സ്ഥലം– ദണ്ഡി

81 പ്രാദേശികഭാഷാ പത്ര നിയമം റദ്ദാക്കിയ വൈസ്രോയി– റിപ്പൺ പ്രഭു

82 1946– ലെ നാവിക കലാപം ഏത് തുറമുഖത്താണ് ആരംഭിച്ചത്– മുംബൈ

83 1947 ഓഗസ്റ്റ് 15ന് ഇന്ത്യയുടെ ഗവർണർ ജനറൽ ആയിരുന്നത്– മൗണ്ട്ബാറ്റൺ പ്രഭു

84 1947 ഓഗസ്ത് 15ന് അന്തരിച്ച സ്വാതന്ത്ര്യസമരസേനാനി– അജിത് സിങ്

85 ബ്രിട്ടീഷിന്ത്യയിലെ ആദ്യത്തെ വൈസ്രോയി– കാനിങ് പ്രഭു

86 സിന്ധുതടനിവാസികൾ ആരാധിച്ചിരുന്ന പെൺദൈവം –മാതൃദേവത

87 മഹാഭാരതത്തിന്റെ പഴയപേര്– ജയസംഹിത

88 ധനുർവേദം എന്തിനെക്കുറിച്ച് പ്രതിപാദിക്കുന്നു– ആയോധന വിദ്യ

89 ഇന്ത്യയിൽ ഇക്താ സമ്പ്രദായം ആദ്യമായി കൊണ്ടുവന്നത്– മുഹമ്മദ് ഗോറി

90 ഇന്ത്യയിൽഇക്താസമ്പ്രദായത്തിനെ സാമ്പ്രദായികരീതിയിലാക്കിയത്– കുത്തബ്ദ്ദീൻ ഐബക്

91 പൃഥ്വിരാജ് ചൗഹാന്റെ രാജ്ഞി– സംയുക്ത

92 ഹിന്ദി സാഹിത്യത്തിനു തുടക്കം കുറിച്ച പൃഥ്വിരാജറാസോ എന്ന കൃതി രചിച്ചത്– ചന്ദ്രവരദായി

93 ഇന്ത്യയിൽ ഇസ്ലാമികശൈലിയിൽ നിർമിക്കപ്പെട്ട ആദ്യത്തെ മന്ദിരമായ കുവത്ത്–ഉൽ–ഇസ്ലാം മോസ്കിന്റെ(1191–98) നിർമാതാവ്– കുത്തബ്ദ്ദീൻ ഐബക്

94 ബ്രിട്ടീഷുകാർ മദ്രാസിൽ പണികഴിപ്പിച്ച കോട്ട– സെന്റ് ജോർജ് കോട്ട

95 ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്ഥാപിച്ച ആദ്യത്തെ യൂണിവേഴ്സിറ്റി– കൊൽക്കത്ത

96 ബ്രിട്ടീഷ് പാർലമെന്റിൽ അംഗമായ ആദ്യത്തെ ഭാരതീയൻ– ദാദാഭായ് നവറോജി

97 ബ്രിട്ടീഷ് ഭരണകാലത്ത് പാർലമെന്റ് അറിയപ്പെട്ടിരുന്നത്– സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലി

98 മഹാഭാരതത്തിന്റെ അധ്യായങ്ങളുടെ പേര്– പർവം

99 കുത്തബ്മിനാറിന്റെ നിർമാണം പൂർത്തിയാക്കിയത്– ഇൽത്തുമിഷ്

100 കുത്തബ്മിനാറിന്റെ പണി പൂർത്തിയായതെന്ന്– 1231–32

101 ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യക്കാരുമായി കൂടിയാലോചച്ചാണ് ഭരണം നടത്തേണ്ടത് എന്ന ആശയം ഇന്ത്യൻ രാഷ്ട്രീയരംഗത്ത് ആദ്യമായി അവതരിപ്പിച്ച നിയമം– 1861ലെ ഇന്ത്യൻ കൗൺസിൽസ് ആക്ട്

102 ബ്രിട്ടീഷ്ഭരണകാലത്ത് ഏത് നിയമം പ്രകാരമാണ് കൽക്കട്ടയിൽ സുപ്രീം കോടതി സ്ഥാപിതമായത്– 1773–ലെ റഗുലേറ്റിങ് ആക്ട്

103 ബ്രിട്ടണിലെത്തിയ ആദ്യ ബ്രാഹ്മണൻ– രാജാറാം മോഹൻ റോയ്

104 ബ്രഹ്മസമാജം സ്ഥാപിക്കപ്പെട്ട വർഷം – 1828

105 ഭഗവത്ഗീത രചിക്കപ്പെട്ട ഭാഷ– സംസ്കൃതം

106 വിഷ്ണുവിന് എത്ര അവതാരങ്ങളുണ്ട് – 10

107 യുദ്ധം മനുഷ്യന്റെ മനസ്സിൽ തുടങ്ങുന്നു- എന്നത് ഏതു വേദത്തിലുള്ളതാണ്- അഥർവം

108 ഗാന്ധിജി സബർമതി ആശ്രമം സ്ഥാപിച്ച വർഷം - 1917

109 ഗാന്ധിജി സിവിൽ ആജ്ഞാലംഘനപ്രസ്ഥാനത്തിന്റെ ഭാഗമായി ദണ്ഡിയാത്ര നടത്തിയ വർഷം - 1930

110 ആരുടെ പേരുമായാണ് കുത്തബ്മിനാറിനു ബന്ധം- ബാഗ്ദാദിനു സമീപമുള്ള ഉഷ് സ്വദേശിയായ ഖാജാ കുത്തബ്ദീൻ

111 പോളോ കളിക്കുന്നതിനിടെ കുതിരപ്പുറത്തുനിന്നു വീണു മരിച്ച ഡൽഹി സുൽത്താൻ- കുത്തബ്ദീൻ ഐബക്

112 കുത്തബ്ദീൻ ഐബക്കിനുശേഷം കുറച്ചുകാലത്തേക്ക്പിൻഗാമിയായത്- ആരാം ഷാ

113 ആരാം ഷായെ തോൽപിച്ച് ഡൽഹി സുൽത്താനായത്- ഇൽത്തുമിഷ്

114 ബ്രഹ്മസമാജം സ്ഥാപിച്ചത്- രാജാറാം മോഹൻ റോയ്

115 ശ്രീരാമകൃഷ്ണമിഷന്റെ അധ്യക്ഷനായ ആദ്യ മലയാളി- സ്വാമി രംഗനാഥാനന്ദ

116 ശ്രീരാമകൃഷ്ണമിഷന്റെ ആസ്ഥാനമായ ബേലൂർ ഏതു സംസ്ഥാനത്താണ്- പശ്ചിമ ബംഗാൾ

117 ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് ലഭിച്ച മലബാർ പ്രദേശത്തെ ഭരണം ചിട്ടപ്പെടുത്താൻ കമ്മിഷണർമാർ എത്തിയത് ഏത് വർഷത്തിൽ- എ.ഡി.1792

118 ശ്രീരംഗപട്ടണം ഉടമ്പടിയിൽ (1792)ഒപ്പുവച്ചത്- ടിപ്പുവും ബ്രിട്ടീഷുകാരും

119 ആദികാവ്യം എന്നറിയപ്പെടുന്നത്- രാമായണം

120 ചാതുർവർണ്യത്തിന്റെ ശരിയായ ക്രമം- ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ

121 ഋഗ്വേദത്തിന് എത്ര മണ്ഡലങ്ങൾ ഉണ്ട്- 10

122 ലാഹോറിനു പകരം ഡൽഹി തലസ്ഥാനമാക്കിയ സുൽത്താൻ- ഇൽത്തുമിഷ്

123 ഇൽത്തുമിഷ് പ്രചരിപ്പിച്ച വെള്ളിനാണയം- തങ്ക

124 ഇൽത്തുമിഷ് പ്രചരിപ്പിച്ച ചെമ്പുനാണയം- ജിതൽ

125 ഇൽത്തുമിഷ് തന്റെ പിൻഗാമിയായി തിരഞ്ഞെടുത്തത്- റസിയ

126 ഗാന്ധിജി ജനിച്ച സ്ഥലം- പോർബന്തർ

127 ഗാന്ധിജി ജൊഹന്നാസ്ബർഗിൽ ടോൾസ്റ്റോയ്ഫാം സ്ഥാപിച്ച വർഷം -1910

128 ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ചിഹ്നം -ഉദയ സൂര്യൻ

129 ദ്രാവിഡ മുന്നേറ്റ കഴകം സ്ഥാപിച്ചതാര്-സി.എൻ.അണ്ണാദുരൈ

130 ദ്രാവിഡ കഴകം സ്ഥാപിച്ചത്- ഇ.വി.രാമസ്വാമി നായ്ക്കർ

131 ക്ലമൻറ് ആറ്റ്ലി ഇന്ത്യയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോൾ വൈസ്രോയി ആയിരുന്നത്- വേവൽ പ്രഭു

132 ഋഗ്വേദത്തിൽ ഇന്ദ്ര എന്ന വാക്ക് എത്ര പ്രാവശ്യമുണ്ട്- 250

133 ഋഗ്വേദത്തിൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ടിരിക്കുന്ന നദി- സിന്ധു

134 ഋഗ്വേദത്തിലെ ശ്ലോകങ്ങളുടെ എണ്ണം - 1028

135 റസിയാ സുൽത്താന വധിക്കപ്പെട്ട വർഷം- 1240

136 ഇൽത്തുമിഷിന്റെ പിൻഗാമിയായി അദ്ദേഹത്തിന്റെ സദസ്സിലെ പ്രഭുക്കൻമാർ അവരോധിച്ച ഇൽത്തുമിഷിന്റെ മൂത്ത പുത്രൻ- രുക്നുദ്ദീൻ ഫിറോസ്

137 അടിമവംശത്തിലെസുൽത്താൻമാരിൽ ഏറ്റവുംമഹാനായികരുതപ്പെടുന്നത്- ഇൽത്തുമിഷ്

138 ദൈവഭൂമിയുടെ സംരക്ഷകൻ എന്നു വർണിക്കപ്പെട്ട ഡൽഹി സുൽത്താൻ- ഇൽത്തുമിഷ്

139 ക്ലമന്റ് ആറ്റ്ലി ഇന്ത്യയുടെ സ്വാതന്ത്ര്യം സംബന്ധിച്ച തീരുമാനം പ്രഖ്യാപിച്ച തീയതി- 1947 ഫെബ്രുവരി 20

140 1739-ൽ നാദിർഷാ ഇന്ത്യ ആക്രമിക്കുമ്പോൾ മുഗൾ ഭരണാധികാരിയായിരുന്നത് -മുഹമ്മദ് ഷാ

141 1857ലെ കലാപത്തെ ഇന്ത്യയുടെ ഒന്നാമത്തെ സ്വാതന്ത്ര്യസമരമായി ആദ്യം വിശേഷിപ്പിച്ച ഭാരതീയൻ- വി.ഡി.സവാർക്കർ

142 1857ലെ കലാപം പൊട്ടിപ്പുറപ്പെട്ട സ്ഥലം-മീററ്റ്

143 ലോകത്തെ ഏറ്റവും നീളം കൂടിയ പദ്യം- മഹാഭാരതം

144 ശതസഹസ്രസംഹിതഎന്നപേരിലറിയപ്പെടുന്ന കൃതി- മഹാഭാരതം

145 വേദങ്ങളിൽ ഏറ്റവും അവസാനത്തേത് - അഥർവം

146 ഏത് അടിമസുൽത്താന്റെ കാലത്താണ് ചെങ്കിഷ്ഖാന്റെ ആക്രമണഭീഷണി നേരിട്ടത്- ഇൽത്തുമിഷ്

147 ചെങ്കിഷ്ഖാന്റെ യഥാർഥപേര്- തെമുജിൻ

148 സുൽത്താന റസിയ അമിതമായ ദാക്ഷിണ്യം കാണിച്ച അബിസീനിയൻ അടിമ- ജലാലുദ്ദീൻ യാക്കൂത്ത്

149 സുൽത്താന റസിയയെ വിവാഹം കഴിച്ചത്- അൽത്തുനിയ

150 1876-ൽ ആനന്ദ മോഹൻ ബോസുമായി ചേർന്ന് ഇന്ത്യൻ നാഷണൽ അസോസിയേഷൻ രൂപവത്കരിച്ചതാര് -സുരേന്ദ്രനാഥ് ബാനർജി

151 1886 മുതൽ 1937 വരെ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്ന രാജ്യം- മ്യാൻമർ

152 ബ്രിട്ടീഷ് ഇന്ത്യയിലെ ഗവർണർ ജനറൽമാരിൽ ഏറ്റവും കൂടുതൽകാലം പദവി വഹിച്ചത്- വാറൻ ഹേസ്റ്റിംഗ്സ്

153 ബ്രിട്ടീഷ് രാജാവ് ഇന്ത്യൻ ഇൻഡിപെൻഡൻസ് ബില്ലിൽ ഒപ്പുവെച്ച തീയതി - 1947 ജൂലൈ 18

154 വേദകാലഘട്ടത്തിലെ ജീവിതത്തിന്റെ 4 ഘട്ടങ്ങൾ- ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്ന്യാസം

155 വേദാംഗങ്ങൾ ആറെണ്ണം ഏതെല്ലാം- ശിക്ഷ,നിരുക്തം,വ്യാകരണം,കല്പം,ഛന്ദസ്സ്,ജ്യോതിഷം

156 വേദാംഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി കരുതപ്പെട്ടത്- കൽപം

157 ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ഇന്ത്യൻ ഒപ്പിനിയൻ ആരംഭിച്ചത്-1903

158 ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ എത്ര ദിവസം തടവറവാസം അനുഭവിച്ചിട്ടുണ്ട് - 249

159 ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന സ്ഥാനപ്പേരു സ്വീകരിച്ച, അടിമവംശത്തിലെ സുൽത്താൻ- ബാൽബൻ

160 ബാൽബന്റെ യഥാർഥപേര്- ഉലുഘ്ഖാൻ

161 ചാലിസ എന്ന, നാൽപതംഗ മതമേധാവികളുടെ സംഘത്തെ അമർച്ച ചെയ്തത്- ബാൽബൻ

162 ബാൽബന്റെ ശവകുടീരം എവിടെയാണ്- ഡൽഹിയിൽമെഹ്റൗളിയിൽ

163 ആർക്കുശേഷമാണ് ബാൽബൻ ഡൽഹി സുൽത്താനായത്- നാസിറുദ്ദീൻ മഹ്മൂദ്

164 ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ദർബനിനടുത്ത് ഫീനിക്സ് സെറ്റിൽമെന്റ് സ്ഥാപിച്ച വർഷം - 1904

165 ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽനിന്നും മടങ്ങിയെത്തിയത്- 1915(ജനുവരി 9)

166 1893ൽ ചിക്കാഗോയിൽ നടന്ന മതസമ്മേളനത്തിൽ പങ്കെടുത്ത ഭാരതീയൻ- സ്വാമി വിവേകാനന്ദൻ

167 1912ൽ ജനഗണമന എന്നു ശീർഷകത്തിലാണ് തത്ത്വബോധിനിയിൽ പ്രസിദ്ധീകരിച്ചത്- ഭാരത് വിധാത

168 1914ൽ സർ ബഹുമതി നിരസിച്ച സ്വാതന്ത്ര്യ സമര സേനാനി-ഗോപാലകൃഷ്ണ ഗോഖലെ

169 1920ൽ ചേർന്ന എ.ഐ.ടി.യു.സി.യുടെ ഒന്നാം സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്- ലാലാ ലജ്പത് റായി

170 1921ൽ രൂപംകൊണ്ട കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയുടെ ആദ്യ സ്പീക്കറായിരുന്നത് -സർ ഫ്രഡറിക് വൈറ്റ്

171 ഗാന്ധിജി ദക്ഷിണാഫ്രിക്കയിലായിരുന്ന കാലത്ത് പൊട്ടിപ്പുറപ്പെട്ട യുദ്ധം- ബോവർ യുദ്ധം

172 ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ പ്രവാസജീവിതത്തിനുശേഷം മടങ്ങിയെത്തിയ വർഷം- 1915

173 ഇന്ത്യയിലെ ആദ്യത്തെ നിയമദാതാവ് - മനു

174 കോട്ടകളെ തകർക്കുന്നവൻ എന്ന അർഥത്തിൽ പുരന്ദരൻ എന്നറിയപ്പെട്ട ദേവൻ- ഇന്ദ്രൻ

175 ഏറ്റവും പുരാതനമായ സംസ്കൃതകൃതി- ഋഗ്വേദം

176 അവസാനത്തെ അടിമസുൽത്താൻ- കൈഖുബാദ്

177 ഏതുവംശജരായിരുന്നു അടിമ സുൽത്താൻമാർ- തുർക്കി

178 അടിമവംശത്തിന്റെ മറ്റൊരുപേര്- ഇൽബാരി വംശം

179 മേമലൂക് സുൽത്താൻമാർ എന്നുവിളിക്കപ്പെടുന്നത് ഏതു വംശത്തിലെഭരണാധികാരികളാണ്- അടിമവംശം

180 അടിമവംശത്തിന്റെ ഭരണകാലം- 1206-1290

181 1926ലെ തിരഞ്ഞെടുപ്പിൽ മൽസരിച്ച ഇന്ത്യയിലെ ആദ്യത്തെ വനിതാ സ്ഥാനാർഥി- കമലാദേവി ചതോപാധ്യായ

182 1927ൽ ബ്രസ്സൽസിൽ നടന്ന മർദ്ദിത ജനതകളുടെ ലോകസമ്മേളനത്തിൽ കോൺഗ്രസ് പ്രതിനിധിയായി പങ്കെടുത്തത്- ജവാഹർലാൽ നെഹ്റു

183 1929 ലെ കോൺഗ്രസ് സമ്മേളനം നടന്ന സ്ഥലം- ലാഹോർ

184 1929ൽ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബ് പൊട്ടിക്കാൻ നേതൃത്വം നൽകിയത് ആര്? ഭഗത് സിങ്

185 ഗാന്ധിജി ദണ്ഡിയാത്ര ആരംഭിച്ച തീയതി- 1930 മാർച്ച് 12

186 ഗാന്ധിജി, ജവാഹർലാൽനെഹ്റുവിനെ രാഷ്ട്രീയ പിൻഗാമിയായി പ്രഖ്യാപിച്ച വർഷം -1942

187 ഏറ്റവും വലിയ ഇതിഹാസം- മഹാഭാരതം

188 ഗായത്രി മന്ത്രം ഏതിന്റെ ഭാഗമാണ്- ഋഗ്വേദം

189 സാരംഗിഎന്നസംഗീതോപകരണം ഇന്ത്യയിൽ കൊണ്ടുവന്നത്- തുർക്കികൾ

190 ഖിൽജി വംശം സ്ഥാപിച്ച ജലാലുദ്ദീൻ ഖിൽജിയുടെ യഥാർഥ പേര്- ഫിറോസ് ഷാ

191 ഭരിക്കപ്പെടുന്നവരുടെ പിന്തുണയോടുകൂടിവേണം ഭരണം എന്ന കാഴ്ചപ്പാട് മുന്നോട്ടുവെച്ച ആദ്യ ഡൽഹി സുൽത്താൻ- ജലാലുദ്ദീൻ ഖിൽജി

192 മരണസമയത്ത് ഗാന്ധിജിയുടെ ഒപ്പമുണ്ടായിരുന്ന ശിഷ്യർ- മനു, ആഭ

193 1930, 1931, 1932 വർഷങ്ങളിൽ നടന്ന മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും അധസ്ഥിതരുടെ പ്രതിനിധിയായി പങ്കെടുത്ത ദേശീയ നേതാവ്-ബി.ആർ.അംബേദ്കർ

194 ഗാന്ധിജിയുടെ പിതാവ് അന്തരിച്ച വർഷം- 1885

195 ഗാന്ധിജിയുടെ പിതാവ് വഹിച്ചിരുന്ന ഔദ്യോഗിക പദവി- പോർബന്തറിലെ ദിവാൻ

196 സംഖ്യാദർശനത്തിന്റെ ഉപജ്ഞാതാവ് - കപിലൻ

197 സത്യമേവ ജയതേ എന്നത് ഏതിൽ നിന്നാണ്എടുത്തിട്ടുള്ളത്-മുണ്ഡകോപനിഷത്ത്

198 ഗദ്യരൂപത്തിലുള്ള ഏകവേദം- യജുർവേദം

199 ഡൽഹിയിൽ ആദ്യമായി കമ്പോള നിയന്ത്രണം ഏർപ്പെടുത്തിയ ഭരണാധികാരി- അലാവുദ്ദീൻ ഖിൽജി

200 അലാവുദ്ദീൻ ഖിൽജിയുടെ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരം- കമ്പോള നിയന്ത്രണം

201 അലാവുദ്ദീൻ ഖിൽജിയുടെ ഭരണകാലം - 1296-1314

202 ഏറ്റവും കൂടുതൽകാലം ഭരിച്ച ഖിൽജി സുൽത്താൻ- അലാവുദ്ദീൻ ഖിൽജി

203 ഏത് സ്ഥാപനത്തിൽനിന്നാണ് ഗാന്ധിജി നിയമബിരുദം നേടിയത്- ലണ്ടനിലെ ഇന്നർ ടെമ്പിൾ

204 ഗാന്ധിജിയുടെ പ്രവർത്തനമേഖലയായിരുന്ന ദക്ഷിണാഫ്രിക്കൻ പ്രവിശ്യ- നേറ്റാൾ

205 അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റിയുടെ പഴയ പേര്- മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ്

206 അവസാനത്തെ പേഷ്വാ ഭരണാധികാരി- ബാജിറാവു രണ്ടാമൻ(1795-1818)

207 അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ ആദ്യ സമ്മേളനം നടന്ന സ്ഥലം- മുംബൈ

208 1931 മാർച്ച് 23ന് രാജ്ഗുരു, സുഖ്ദേവ് എന്നിവർക്കൊപ്പം തൂക്കിലേറ്റപ്പെട്ടത് - ഭഗത് സിങ്

209 അലിപ്പൂർ ഗൂഢാലോചനക്കേസിൽ അരവിന്ദഘോഷിനുവേണ്ടി ഹാജരായ അഭിഭാഷകൻ- സി.ആർ.ദാസ്

210 രാമായണത്തിന്റെ അധ്യായങ്ങൾ അറിയപ്പെടുന്ന പേര്- കാണ്ഡം

211 രാമായണം തമിഴിൽ തയ്യാറാക്കിയത്- കമ്പർ

212 ഗാന്ധിജിയുടെ ക്ഷണപ്രകാരം 1914ൽ ദക്ഷിണാഫ്രിക്ക സന്ദർശിച്ച നേതാവ്- ഗോപാലകൃഷ്ണ ഗോഖലെ

213 ഗാന്ധിജിയുടെ അധ്യക്ഷതയിൽ ആൾ ഇന്ത്യാ ഖിലാഫത്ത് കോൺഫറൻസ് നടന്ന സ്ഥലം- ഡൽഹി

214 ഒരു സാമ്രാജ്യം സ്വന്തമാക്കിയ ആദ്യത്തെ ഡൽഹി സുൽത്താൻ- അലാവുദ്ദീൻ ഖിൽജി

215 ആയിരം തൂണുകളുടെ കൊട്ടാരം (പാലസ് ഓഫ് തൗസന്റ് പില്ലേഴ്സ്) നിർമിച്ചത്- അലാവുദ്ദീൻ ഖിൽജി

216 സിരി നഗരം സ്ഥാപിച്ചത്- അലാവുദ്ദീൻ ഖിൽജി

217 അലാവുദ്ദീൻ ഖിൽജിയുടെ സദസ്യനായിരുന്ന കവി- അമീർ ഖുസ്രു

218 അഭിജ്ഞാന ശാകുന്തളം ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയത്- വില്യം ജോൺസ്

219 മദ്രാസ് (ചെന്നൈ) നഗരത്തിന്റെ സ്ഥാപകൻ- ഫ്രാൻസിസ് ഡേ

220 അൺഹാപ്പി ഇന്ത്യ രചിച്ചത്- ലാലാ ലജ്പത് റായി

221 അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം സ്ഥാപിച്ചത് -എം.ജി.രാമചന്ദ്രൻ

222 അർധനഗ്നനായ ഫക്കീർ എന്ന് ഗാന്ധിജിയെ വിളിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി - വിൻസ്റ്റൺ ചർച്ചിൽ

223 അമൃത്സറിന്റെ പഴയ പേര്- രാംദാസ്പൂർ

224 വേദം എന്ന പദത്തിന്റെ അർഥം- അറിവ്

225 ആര്യൻമാർ ഇന്ത്യയിലാദ്യമായി കുടിയേറിയ സ്ഥലം- പഞ്ചാബ്

226 ഷഡ്ദർശനങ്ങൾഏവ-ന്യായ,വൈശേഷിക,സംഖ്യ,യോഗ,പൂർവമീമാംസ,ഉത്തരമീമാംസ

227 ഇന്ത്യയുടെതത്തഎന്നറിയപ്പെട്ടത്-അമീർ ഖുസ്രു

228 ദക്ഷിണേന്ത്യ ആക്രമിച്ച ആദ്യ മുസ്ലിം ഭരണാധികാരി- അലാവുദ്ദീൻ ഖിൽജി

229 അലൈ ദർവാസ പണികഴിപ്പിച്ചത്- അലാവുദ്ദീൻ ഖിൽജി

230 ഏതിന്റെ കവാടമാണ് അലൈ ദർവാസ- കുത്തബ്മിനാർ

231 അയിത്തോച്ചാടനം ലക്ഷ്യമിട്ട് 1932ൽ ഗാന്ധിജി രൂപവത്കരിച്ച സംഘടന- അ

ഖിലേന്ത്യാ ഹരിജൻ സമാജം
232 അലഹാബാദിലെ, നെഹ്റുവിന്റെ കുടുംബവീടിന്റെ പേര്– ആനന്ദവനം
233 അലി സഹോദരൻമാർ എന്ന പേരിൽ പ്രസിദ്ധരായത്– മൗലാനാ മുഹമ്മദ് അലിയും ഷൗക്കത്ത് അലിയും
234 അലിപ്പൂർ ഗൂഢാലോചനാക്കേസിൽ അറസ്റ്റിലാകുകയും പിന്നീട് സന്ന്യാസിയായിത്തീരുകയും ചെയ്തത്– അരവിന്ദഘോഷ്
235 അഹമ്മദീയ പ്രസ്ഥാനം ആരംഭിച്ചത്– മിർസ ഗുലാം അഹമ്മദ്
236 ഏതു വേദത്തിന്റെ ഉപവേദമാണ് ഗന്ധർവവേദം– സാമവേദം
237 അലാവുദ്ദീൻ ഖിൽജിയുടെ സേനാനായകൻ– മാലിക് കാഫർ
238 അഹമ്മദ് ഷാ അബ്ദാലി ഇന്ത്യ ആക്രമിച്ചപ്പോൾ മുഗൾ ഭരണാധികാരി– ഷാ ആലം രണ്ടാമൻ
239 മഹാരാഷ്ട്രയിലെ സോക്രട്ടീസ് എന്നറിയപ്പെട്ടതാര്–ഗോപാലകൃഷ്ണ ഗോഖലെ
240 മഹാരാജാ രഞ്ജിത് സിംഗിന്റെ സമാധി എവിടെയാണ്–ലാഹോർ
241 മിത്രമേളയുടെ സ്ഥാപകൻ– വി ഡി സവാർക്കർ
242 മിന്റോ മോർലി ഭരണ പരിഷ്കാരം സംബന്ധിച്ച ചർച്ചനടത്താൻ ഇംഗ്ലണ്ടിൽ പോയനേതാവ്–ഗോപാലകൃഷ്ണ ഗോഖലെ
243 1942 വരെ ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നത്– മഹാദേവ് ദേശായി
244 മഹാത്മ എന്ന് ആദ്യമായി ഗാന്ധിജിയെ സംബോധന ചെയ്തത്– ടാഗോർ
245 ആര്യൻമാർ ഉടലെടുത്തത് ആർടിക് പ്രദേശത്താണെന്ന വാദം മുന്നോട്ടുവെച്ചത്– ബാലഗംഗാധര തിലകൻ
246 ആര്യൻമാരുടെ സ്വദേശം മധ്യേഷ്യയാണെന്ന് അഭിപ്രായപ്പെട്ട ജർമൻ ഗവേഷകൻ– മാക്സ് മുള്ളർ
247 ഋഗ്വേദത്തിലെ തവളശ്ലോകംവൈദിക കാലഘട്ടത്തിലെ എന്തിനെക്കുറിച്ചു വിവരം നൽകുന്നു– വിദ്യാഭ്യാസം
248 ലൈല മജ്നു എന്ന ഗ്രന്ഥത്തിന്റെ കർത്താവ്– അമീർ ഖുസ്രു
249 ഇന്ത്യയുടെ തത്ത എന്നു വിളിക്കപ്പെട്ടത്– അമീർ ഖുസ്രു
250 സിതാർ കണ്ടുപിടിച്ചത്– അമീർ ഖുസ്രു
251 ഹിന്ദി വാക്കുകൾ രചനയ്ക്ക് ഉപയോഗിച്ച ആദ്യത്തെ മുസ്ലിം എഴുത്തുകാരൻ– അമീർ ഖുസ്രു
252 ബാൽബൻ,അലാവുദ്ദീൻ ഖിൽജി,ഫിറോസ് ഷാ തുഗ്ലക് എന്നിവരുടെ രക്ഷാധികാരത്തിൽ കഴിഞ്ഞ പണ്ഡിതൻ– അമീർ ഖുസ്രു
253 മിന്റോ–മോർലി ഭരണ പരിഷ്കാരം ഏതു വർഷത്തിൽ– 1909
254 അജന്താഗുഹകളെ വീണ്ടും കണ്ടെത്തിയ ബ്രിട്ടീഷ് ഓഫീസർ– ജോൺ സ്മിത്ത്
255 മുസ്ലിങ്ങൾക്ക് ഒരു പ്രത്യേക പ്രവിശ്യ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്– മുഹമ്മദ് ഇക്ബാൽ
256 മുസ്ലിം ലീഗ് സ്ഥാപിതമായ വർഷം– 1906
257 മുംബൈയിൽ ആദ്യ കോട്ടൺമിൽ സ്ഥാപിതമായ വർഷം– 1854
258 ഋഗ്വേദവുമായി സാമ്യമുള്ള, പാഴ്സികളുടെ വിശുദ്ധഗ്രന്ഥം– സെന്ത് അവെസ്ത
259 ഹൈന്ദവവിശ്വാസപ്രകാരമുള്ളനാലുയുഗങ്ങളുടെ ശരിയായ ക്രമം– കൃത, ത്രേത, ദ്വാപര,കലി
260 ഋഗ്വേദകാലത്ത് ജലത്തിന്റെ അധിദേവനായി കണക്കാക്കപ്പെട്ടത്– വരുണൻ
261 അമീർ ഖുസ്രുവിന്റെ യഥാർഥ പേര്– അബുൾ ഹസൻ
262 അലാവുദ്ദീൻ ഖിൽജിയെ ദേവഗിരി കീഴടക്കാൻ സഹായിച്ചത്– മാലിക് കാഫർ
263 ഖിൽജിവംശത്തിന്റെ തകർച്ചയ്ക്കു കാരണക്കാരൻ എന്നറിയപ്പെടുന്ന ഖിൽജി സൈന്യാധിപൻ– മാലിക് കാഫർ
264 ഖിൽജിവംശത്തിലെ അവസാനത്തെ ഭരണാധികാരി– നാസിറുദ്ദീൻ ഖുസ്റു ഷാ
265 ഏറ്റവും കുറച്ചുകാലം ഭരിച്ച സുൽത്താനേറ്റ് വംശം– ഖിൽജിവംശം(1290–1320)
266 ഗാന്ധിജിയുടെ ആത്മകഥ – എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ
267 ഗാന്ധിജിയുടെ ആത്മകഥയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മലയാളി– ജി.പി.പിള്ള
268 മൂന്നാം പാനിപ്പട്ട് യുദ്ധത്തിൽ മറാത്ത സൈന്യത്തിന്റെ തലവൻ– സദാശിവറാവു
269 മൂകനായക് എന്ന പ്രസിദ്ധീകരണത്തിന്റെ സ്ഥാപകൻ–ബി.ആർ.അംബേദ്കർ
270 മൗലാനാ അബുൾ കലാം ആസാദിന്റെ ജന്മദേശം– മെക്ക
271 മൗലാനാ ആസാദിന്റെ ഇന്ത്യ വിൻസ് ഫ്രീഡം ഇംഗ്ലീഷിലേക്ക് തർജമ ചെയ്തത്– ഹുമയൂൺ കബീർ
272 മൗലാനാ ആസാദ് തുടർച്ചയായി എത്ര വർഷം കോൺഗ്രസ് പ്രസിഡന്റായിരുന്നു– 6
273 ഉപനിഷത്തുകളുടെ പ്രതിപാദ്യവിഷയം – തത്ത്വചിന്ത
274 ആരുടെ പഴയപേരായിരുന്നു രത്നാകരൻ– വാല്മീകി
275 ഋഗ്വേദകാലത്തെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാമൂർത്തി– ഇന്ദ്രൻ
276 തുഗ്ലക് വംശത്തിന്റെ സ്ഥാപകൻ– ഗിയാസുദ്ദീൻ തുഗ്ലക്
277 ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ പഴയ പേര് – ഗാസിമാലിക്ക്
278 ഡൽഹിയിലെ തുഗ്ലക്കാബാദ് കോട്ട നിർമിച്ചത്– ഗിയാസുദ്ദീൻ തുഗ്ലക്
279 പന്തൽ തകർന്നുവീണുമരിച്ച തുഗ്ലക് സുൽത്താൻ– ഗിയാസുദ്ദീൻ തുഗ്ലക്
280 ഗിയാസുദ്ദീന്റെ ശവകുടീരം നിർമിച്ചത് – മുഹമ്മദ് ബിൻ തുഗ്ലക്
281 ഗാന്ധിജിയുടെ ഇഷ്ട പ്രാർഥനാഗീതമായ വൈഷ്ണവ ജനതോ .... രചിച്ച ഗുജറാത്തി കവി– നരസിംഹ മേത്ത
282 ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണശാല എന്നുവിശേഷിപ്പിക്കപ്പെട്ടത്– ദക്ഷിണാഫ്രിക്ക
283 അഖിലേന്ത്യാ സ്വഭാവമുള്ള ആദ്യത്തെ രാഷ്ട്രീയ സംഘടനയായ ഇന്ത്യൻ അസോസിയേഷൻ രൂപവൽക്കരിച്ചത്– സുരേന്ദ്രനാഥ് ബാനർജി
284 1945–ൽ വൈസ്രോയി വേവൽ പ്രഭു ഇന്ത്യയുടെ രാഷ്ട്രീയ ഭാവി സംബന്ധിച്ച് കോൺഗ്രസ് നേതാക്കൻമാരുമായി ചർച്ചനടത്തിയ നഗരം–ഷിംല
285 1946 ജൂണിൽ പീപ്പിൾ എഡ്യൂക്കേഷണൽ സൊസൈറ്റിക്ക് രൂപം നൽകിയത്–ബി.ആർ.അംബേദ്കർ
286 പ്ലാസി യുദ്ധത്തിന്റെ അനന്തരഫലം എന്തായിരുന്നു– ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറ പാകി
287 പ്ലാസി യുദ്ധം നടന്ന വർഷം – 1757
288 ഉപനിഷത്തുകളുടെ എണ്ണം– 108
289 സംഗീതത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വേദം– സാമവേദം
290 ബുദ്ധൻ ആദ്യമായി മതപ്രഭാഷണം നടത്തിയ സാരനാഥ് ഏതു സംസ്ഥാനത്ത്– ഉത്തർ പ്രദേശ്
291 സംഗീതം നിരോധിച്ച തുഗ്ലക് സുൽത്താൻ– ഗിയാസുദ്ദീൻ തുഗ്ലക്
292 ഇന്ത്യയിൽ ടോക്കൺ കറൻസി സമ്പ്രദായം ആദ്യമായി നടപ്പാക്കിയത്– മുഹമ്മദ് ബിൻ തുഗ്ലക്
293 നാണയനിർമാതാക്കളുടെ രാജകുമാരൻ എന്നറിയപ്പെട്ടത്– മുഹമ്മദ് ബിൻ തുഗ്ലക്
294 ഗാന്ധിജിയുടെ ഘാതകൻ– നാഥുറാം വിനായക് ഗോഡ്സെ
295 പ്ലാസിയുദ്ധക്കാലത്ത് ബംഗാളിലെ നവാബ്– സിറാജ് ഉദ് ദൗള
296 പ്ലാസിയുദ്ധത്തിൽ വിജയിക്കാൻ റോബർട്ട് ക്ലൈവിനെ സഹായിച്ചത്– മിർ ജാഫർ
297 അധകൃതർക്ക് പ്രത്യേക നിയോജകമണ്ഡലം വേണമെന്നു വാദിച്ച നേതാവ് –ബി.ആർ.അംബേദ്കർ



298 അധസ്ഥിതരുടെ ഉന്നമനത്തിനായി ബഹിഷ്കൃത ഹിതകാരിണിസഭ സ്ഥാപിച്ചത് –ബി.ആർ.അംബേദ്കർ
299 അഭിനവഭാരത സൊസൈറ്റിയുടെ സ്ഥാപകൻ– വി.ഡി.സവാർക്കർ
300 ബുദ്ധൻ എന്ന വാക്കിനർഥം– ജ്ഞാനം സിദ്ധിച്ചയാൾ
301 ബുദ്ധൻ ജനിച്ച വർഷം– ബി.സി.563
302 ബുദ്ധൻ ജനിച്ച കപിലവസ്തു ഇപ്പോൾ ഏതു രാജ്യത്താണ്– നേപ്പാൾ
303 ഗാന്ധിജിയുടെ ജനനം എന്നാണ്– 1869 ഒക്ടോബർ 2
304 ഗാന്ധിജിയുടെഭാര്യ– കസ്തൂർബാ ഗാന്ധി
305 മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ പഴയപേര് – ജൂനാ രാജകുമാരൻ
306 മുഹമ്മദ് ബിൻ തുഗ്ലക് പണികഴിപ്പിച്ച നഗരം– ജഹൻപന
307 ബുദ്ധിമാനായ വിഡ്ഢി എന്നറിയപ്പെട്ട തുഗ്ലക് സുൽത്താൻ– മുഹമ്മദ് ബിൻ തുഗ്ലക്
308 വൈരുധ്യങ്ങളുടെ സങ്കലനം എന്നറിയപ്പെട്ടതുഗ്ലക്സുൽത്താൻ– മുഹമ്മദ് ബിൻ തുഗ്ലക്
309 മുഹമ്മദ് ബിൻ തുഗ്ലക് ഡൽഹിയിൽ നിന്നും തലസ്ഥാനം എവിടേക്കാണ് 1327–ൽ മാറ്റിയത്– ദൗലത്താബാദ്(ദേവഗിരി)
310 അതിർത്തി ഗാന്ധി എന്നറിയപ്പെട്ടത്– ഖാൻ അബ്ദുൾ ഗാഫർ ഖാൻ
311 മദൻ മോഹൻ മാളവ്യയുടെയും മുഹമ്മദലി ജിന്നയുടെയും ജന്മദിനം– ഡിസംബർ 25
312 ആധുനിക ആന്ധ്രയുടെ പിതാവ് എന്നറിയപ്പെടുന്നത്– വീരേശലിംഗം
313 ആധുനിക ഇന്ത്യയിലെ ആദ്യത്തെ മനുഷ്യൻ എന്നറിയപ്പെട്ടത്– രാജാറാം മോഹൻ റോയ്
314 ആധുനിക ഇന്ത്യയിലെ സർവകലാശാലകളിൽ ഏറ്റവും കൂടുതൽ പഴക്കമുള്ളത്– കൽക്കട്ട സർവകലാശാല
315 ആധുനിക ഇന്ത്യയുടെ സ്രഷ്ടാവ് എന്നറിയപ്പെട്ടത്– ഡൽഹൗസി പ്രഭു
316 സൂത്രപിടകംഎന്തിനെക്കുറിച്ചുപ്രതിപാദിക്കുന്നു– ബുദ്ധന്റെ തത്ത്വങ്ങൾ
317 ബുദ്ധമതഗ്രന്ഥങ്ങൾ രചിക്കപ്പെട്ട ഭാഷ – പാലി
318 ശ്രീബുദ്ധൻ ഇഹലോകവാസം വെടിഞ്ഞസ്ഥലം– കുശിനഗരം
319 മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ കാലത്ത് 1333–ൽഇന്ത്യസന്ദർശിച്ചമൊറോക്കോക്കാരനായ(ആഫ്രിക്ക) സഞ്ചാരി– ഇബ്ൻബത്തൂത്ത
320 മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ സാഹസികകൃത്യങ്ങൾവിവരിക്കുന്നഇബ്ൻ ബത്തൂത്തയുടെ കൃതി–സഫർനാമ
321 ഏത്തുഗ്ലക്സുൽത്താന്റെകാലത്താണ് വിജയനഗരസാമ്രാജ്യവുംബാഹ്മിനിവംശവുംസ്ഥാപിക്കപ്പെട്ടത്– മുഹമ്മദ് ബിൻ തുഗ്ലക്
322 തിമൂർ ഇന്ത്യ ആക്രമിച്ച വർഷം– 1398
323 ആധുനിക മൈസൂരിന്റെ പിതാവ്– എം. വിശ്വേശ്വരയ്യ
324 ആനന്ദമഠം എഴുതിയത്– ബങ്കിംചന്ദ്ര ചാറ്റർജി
325 ആനി ബസന്റ് വാരാണസിയിൽ സെൻട്രൽ ഹിന്ദു സ്കൂൾ സ്ഥാപിച്ച വർഷം– 1898
326 ആന്ധ്ര കേസരി എന്ന അപരനാമത്തിലറിയപ്പെട്ടിരുന്ന നേതാവ് ആര്? –ടി പ്രകാശം
327 ആന്ധ്രാ പ്രദേശിന്റെ ശിൽപി എന്നറിയപ്പെടുന്നത്– പോറ്റി ശ്രീരാമലു
328 ശ്രീബുദ്ധനെ ഏഷ്യയുടെ വെളിച്ചം എന്നു വിശേഷിപ്പിച്ചത്– എഡ്വിൻ ആർനോൾഡ്
329 ബുദ്ധമതത്തിന്റെ ഏതു വിഭാഗമാണ് ശ്രീലങ്കയിൽ പ്രചരിച്ചത്– ഹീനയാനം
330 കുത്തബ്മിനാറിന്റെ ഏറ്റവും മുകളിലത്തെ നില പുതുക്കിനിർമിച്ചത്– ഫിറോസ് ഷാ തുഗ്ലക്
331 ഫിറോസ് ഷാ തുഗ്ലക് നിർമിച്ച നഗരങ്ങൾ–ഹിസ്സാർ,ഫിറോസാബാദ്,ജൗൺപൂർ,ഫത്തേബാദ്
332 ഡൽഹിയിലേക്ക്രണ്ട്അശോകസ്തൂപങ്ങൾകൊണ്ടുവന്നതുഗ്ലക്സുൽത്താൻ– ഫിറോസ് ഷാ തുഗ്ലക്
333 ഫത്തുഹത്ത്–ഇ–ഫിറോസ് ഷാഹി രചിച്ചത്– ഫിറോസ് ഷാ തുഗ്ലക്
334 കനാൽ ശൃംഗല വിപുലമായ രീതിയിൽ നിർമിച്ച തുഗ്ലക് സുൽത്താൻ– ഫിറോസ് ഷാ തുഗ്ലക്
335 ഗാന്ധിജിയെ മഹാത്മാ എന്ന് ആദ്യമായി സംബോധന ചെയ്തത്– ടാഗോർ
336 ഗാന്ധിജിയെ ആദ്യമായി രാഷ്ട്രപിതാവ് എന്നു വിളിച്ചത്– സുഭാഷ് ചന്ദ്രബോസ്
337 ആന്ധ്രാകേസരി എന്നറിയപ്പെട്ടത്– ടി. പ്രകാശം
338 ആന്തമാൻ നിക്കോബാർ ദ്വീപുകൾ പിടിച്ചടക്കിയപ്പോൾ സുഭാഷ് ചന്ദ്രബോസ് നൽകിയ പേര്– ഷഹീദ് സ്വരാജ് ദ്വീപുകൾ
339 ആൻ ഓട്ടോബയോഗ്രഫി രചിച്ചത്–ജവാഹർലാൽ നെഹ്റു
340 ആർ.എസ്.എസ്.–ന്റെ സ്ഥാപകൻ– കേശവ്റാവു ഹെഡ്ഗേവാർ
341 ആരുടെ സന്ദർശനത്തിന്റെ സ്മരണയ്ക്കായാണ് മുംബൈയിൽ ഗേറ്റ് വേ ഓഫ് ഇന്ത്യ നിർമിച്ചത്– ജോർജ് രാജാവിന്റെ
342 ആരുടെ പേരുമായാണ് കുത്തബ്മിനാറിനു ബന്ധം– ബാഗ്ദാദിനു സമീപമുള്ള ഉഷ് സ്വദേശിയായ ഖ്വാജാ കുത്തബ്ദീൻ
343 ബുദ്ധമതത്തിന്റെ ഏതു വിഭാഗത്തെയാണ് കനിഷ്കൻ പ്രോൽസാഹിപ്പിച്ചത്– മഹായാനം
344 ബുദ്ധമതത്തിലെ ത്രിപിടകങ്ങൾ ഏതെല്ലാം– വിനയപിടകം, സൂത്രപിടകം,അഭിധർമപിടകം
345 ബുദ്ധമതത്തിലെ ത്രിരത്നങ്ങൾ– ബുദ്ധം, ധർമം,സംഘം
346 ബ്രാഹ്മണർക്കുമേൽ ജസിയ നടപ്പാക്കിയ ആദ്യ മുസ്ലിം ഭരണാധികാരി– ഫിറോസ് ഷാ തുഗ്ലക്
347 തിമൂറിന്റെ തലസ്ഥാനം– സമർഖണ്ഡ്
348 തുഗ്ലക് വംശത്തിലെ ഒടുവിലത്തെ ഭരണാധികാരി– നാസിറുദ്ദീൻ മഹമ്മൂദ്
349 തിമൂർ ആക്രമിക്കുമ്പോൾ ഡൽഹി സുൽത്താനായിരുന്നത്– നാസിറുദ്ദീൻ മഹമ്മൂദ്
350 ആരുടെ കേസ് വാദിക്കാനാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പോയത്– സേട്ട് അബ്ദുള്ള
351 ആര്യൻമാർ ഉടലെടുത്തത് ആർടിക് പ്രദേശത്താണെന്ന വാദം മുന്നോട്ടുവെച്ചത്– ബാലഗംഗാധര തിലകൻ

352 ആര്യസമാജം സ്ഥാപിച്ചത്– ദയാനന്ദ് സരസ്വതി
353 യാചകരുടെ രാജകുമാരൻ എന്നറിയപ്പെട്ടത്– മദൻ മോഹൻ മാളവ്യ
354 യുദ്ധത്തിന് റോക്കറ്റുപയോഗിച്ച ആദ്യത്തെ ഇന്ത്യൻ ഭരണാധികാരി– ടിപ്പു
355 ആരോടൊപ്പം ചേർന്നാണ് ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത്– മുഹമ്മദലിയും ഷൗക്കത്തലിയും
356 ബൗദ്ധഗ്രന്ഥങ്ങളിലെ മഹാഭിനിഷ്ക്രമണം എന്താണ്– ബുദ്ധന്റെ പരിത്യാഗം
357 ശ്രീബുദ്ധന്റെ ബാല്യകാലനാമം– സിദ്ധാർഥൻ
358 ഒന്നാമത്തെ ബുദ്ധമതസമ്മേളനം നടന്ന സ്ഥലം– രാജഗൃഹം
359 ഏറ്റവും കൂടുതൽകാലം ഭരിച്ച സുൽത്താനേറ്റ് വംശം– തുഗ്ലക്വംശം(1320–1412)
360 സയ്യിദ് വംശം സ്ഥാപിച്ചത്– ഖിസ്റ് ഖാൻ
361 സുൽത്താൻ എന്ന സ്ഥാനപ്പേരു സ്വീകരിക്കുകയോ നാണയങ്ങളിൽ പേര് മുദ്രണം ചെയ്യുകയോ ചെയ്യാത്ത സുൽത്താനേറ്റ് വംശം– സയ്യിദ് വംശം
362 സയ്യിദ് വംശത്തിൽ ഖിസ്റ് ഖാനുശേഷം അധികാരത്തിൽ വന്നത്– മുബാറക്ക് ഷാ
363 ആദ്യ കർണാടിക് യുദ്ധം അവസാനിപ്പിച്ച സന്ധി– അയിക്സ്–ലാ ചാപ്പേൽ
364 ആദ്യ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്തവർ –72
365 ആദ്യമായി ഇന്ത്യയിൽനിന്നും വേർപിരിക്കപ്പെട്ട ഭൂവിഭാഗം– ബർമ
366 ആദ്യമായി പോസ്റ്റൽ സ്റ്റാമ്പ് പുറത്തിറക്കിയ വർഷം– 1840
367 രബീന്ദ്രനാഥ് ടാഗോർ പ്രവീണനായിരുന്ന വൈദ്യശാസ്ത്രമേഖല– ഹോമിയോപ്പതി
368 ഒന്നാംബുദ്ധമതസമ്മേളനത്തിന്റെരക്ഷാധികാരിയായിരുന്നത്– അജാതശത്രു
369 ശ്രീബുദ്ധന്റെ മകൻ –രാഹുലൻ
370 ജാതകകഥകൾ എത്രയെണ്ണമുണ്ട്– 549
371 സയ്യിദ്വംശത്തിലെഅവസാനത്തെഭരണാധികാരി–അലാവുദ്ദീൻ ആലം ഷാ
372 സയ്യിദ് വംശത്തിന്റെ ഭരണകാലം– 1414–1451
373 ലോധി വംശം സ്ഥാപിച്ചത്– ബഹ്ലുൽ ലോദി
374 ഇന്ത്യ ഭരിച്ച ആദ്യത്തെ അഫ്ഗാൻ വംശജൻ– ബഹ്ലുൽ ലോദി
375 ഇന്ത്യ ഭരിച്ച ആദ്യത്തെ അഫ്ഗാൻ വംശം– ലോദി വംശം
376 ഗാന്ധിജിയെ ഏറെ സ്വാധീനിച്ച അൺടു ദിസ് ലാസ്റ്റ് രചിച്ചത്– ജോൺ റസ്കിൻ
377 ഗാന്ധിജിയെ നെഹ്റു ആദ്യമായി കണ്ട കോൺഗ്രസ് സമ്മേളനം– ലക്നൗ(1916)
378 ഇബദത്ഖാന പണികഴിപ്പിച്ചത്– അക്ബർ
379 ഇന്ത്യ ഭരിക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച തന്ത്രം– ഭിന്നിപ്പിച്ചു ഭരിക്കൽ
380 ഇന്ത്യ ഇന്ത്യക്കാർക്ക് എന്ന ആഹ്വാനം ആദ്യമായി മുഴക്കിയത്– ദയാനന്ദ് സരസ്വതി
381 ഇന്ത്യ വിൻസ് ഫ്രീഡം (ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു)എന്ന പുസ്തകം രചിച്ചത്– മൗലാനാ അബുൾ കലാം ആസാദ്
382 ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് രാജാവ്– ജോർജ് അഞ്ചാമൻ
383 ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി– ക്ലമന്റ് ആറ്റ്ലി
384 ബുദ്ധമതത്തിലെ ആദ്യത്തെ സന്യാസിനി– ഗൗതമി
385 ഇന്ത്യ സ്വതന്ത്രമാകുമ്പോൾ കോൺഗ്രസ് പ്രസിഡന്റായിരുന്നത്– ജെ.ബി.കൃപലാനി
386 ഇന്ത്യക്കാർ സൈമൺ കമ്മിഷനെ ബഹിഷ്കരിക്കാൻ കാരണം– അംഗങ്ങളിൽ ഇന്ത്യക്കാർ ഇല്ലാത്തതിനാൽ
387 ഇന്ത്യക്കാരനല്ലാത്ത ആദ്യത്തെ കോൺഗ്രസ് പ്രസിഡന്റ്– ജോർജ് യൂൾ
388 ബുദ്ധചരിതം, സൗന്ദരാനന്ദം എന്നിവ രചിച്ചതാര്– അശ്വഘോഷൻ
389 ബുദ്ധന്റെ ആദ്യ മതപ്രഭാഷണം അറിയപ്പെടുന്ന പേര്– ധർമചക്രപ്രവർത്തനം
390 ബുദ്ധന്റെയും മഹാവീരന്റെയും സമകാലികനായിരുന്ന രാജാവ്– ബിംബിസാരൻ
391 ഗാന്ധിജി അധ്യക്ഷത വഹിച്ച കോൺഗ്രസ്സ് സമ്മേളനം– ബൽഗാം(1924)
392 ഗാന്ധിജി അഹമ്മദാബാദിനടുത്ത് കൊച്ച്റാബ് എന്ന സ്ഥലത്ത് സത്യാഗ്രഹാശ്രമം സ്ഥാപിച്ച വർഷം– 1915
393 ഏറ്റവും ഒടുവിലത്തെ ലോധി സുൽത്താൻ– ഇബ്രാഹിം ലോദി
394 ഡൽഹി സുൽത്താനേറ്റിന്റെ അന്ത്യം കുറിച്ച യുദ്ധം– ഒന്നാം പാനിപ്പട്ടുയുദ്ധം (1526 ഏപ്രിൽ 21)
395 മുഗൾ ഭരണത്തിന് അടിത്തറയിട്ട യുദ്ധം– 1526–ലെ ഒന്നാം പാനിപ്പട്ടുയുദ്ധം
396 ഒന്നാം പാനിപ്പട്ടുയുദ്ധത്തിൽ ബാബർ ആരെയാണ് പരാജയപ്പെടുത്തിയത്– ഇബ്രാഹിം ലോദി
397 ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ആ പേരു നിർദ്ദേശിച്ചത്– ദാദാഭായ് നവറോജി
398 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അന്തിമമായ ലക്ഷ്യം ഇന്ത്യയുടെ പൂർണസ്വാതന്ത്ര്യമാണെന്ന് പ്രഖ്യാപിച്ച സമ്മേളനത്തിന് വേദിയായ നഗരം–ലാഹോർ
399 1929ലെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് – ജവാഹർലാൽ നെഹ്രു
400 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അമരാവതി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച മലയാളി– സി.ശങ്കരൻ നായർ
401 ശ്രീബുദ്ധന്റെ മാതാവ്– മഹാമായ
402 തഥാഗതൻ എന്നുമറിയപ്പെടുന്നത്– ശ്രീബുദ്ധൻ
403 ആരുടെ വിവിധ ജന്മങ്ങളെക്കുറിച്ചാണ് ജാതകകഥകളിൽ പ്രതിപാദിച്ചിരിക്കുന്നത്– ശ്രീബുദ്ധന്റെ
404 മുഗൾവംശസ്ഥാപകൻ– ബാബർ
405 ഏതുവംശക്കാരനായിരുന്നുബാബർ– ചാഗത്തായ് തുർക്ക്
406 ബാബർ, പിതൃപക്ഷത്തിൽ ആരുടെ ബന്ധുവായിരുന്നു– തിമൂർ
407 ബാബർ, മാതൃപക്ഷത്തിൽ ആരുടെ ബന്ധുവായിരുന്നു– ചെങ്കിഷ്ഖാൻ
408 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ വനിതാ പ്രസിഡന്റ്– ആനി ബസന്റ്
409 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യസമ്മേളനത്തിന്റെ വേദി– മുംബൈയിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജ്
410 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ വനിതാപ്രസിഡന്റ്– ആനി ബസന്റ്
411 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ ജനറൽ സെക്രട്ടറി– എ.ഒ. ഹ്യൂം
412 സൂത്രാലങ്കാരം രചിച്ചതാര്– അശ്വഘോഷൻ
413 ത്രിപിടകങ്ങൾ ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു– ബുദ്ധമതം
414 ശ്രീബുദ്ധന്റെ വളർത്തമ്മ– ഗൗതമി
415 ഏറ്റവും സാഹസികനായ മുഗൾ ഭരണാധികാരി– ബാബർ
416 ബാബറുടെ സമയത്തെ ഏറ്റവും ശക്തനായ രജപുത്ര രാജാവ്– സംഗ്രാമസിംഹൻ(റാണാ സംഗ)
417 ബാബർ രജപുത്ര രാജ്യമായ ചന്ദേരി പിടിച്ചടക്കിയ വർഷം– 1528
418 ബാബർ ഘാഗ്ര യുദ്ധത്തിൽ മഹ്മൂദ് ലോധിയുടെ നേതൃത്വത്തിലുള്ള അഫ്ഗാനികളെ തോൽപിച്ച വർഷം– 1529
419 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപവൽക്കരണസമയത്ത് വൈസ്രോയിയായിരുന്നത്– ഡഫറിൻ പ്രഭു
420 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപകൻ– എ.ഒ.ഹ്യൂം
421 ഇന്ത്യൻ നാഷണൽ കോൺഗ്രസും മുസ്ലിം ലീഗും ലക്നൗ കരാറിൽ ഏർപ്പെട്ട വർഷം– 1916
422 ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ച വർഷം– 1920
423 ഗാന്ധിമെമ്മോറിയൽ എവിടെയാണ്–കന്യാകുമാരി
424 ഗാന്ധി– ജീവിതവും ചിന്തയും ആരുടെ കൃതിയാണ്– ജെ.ബി.കൃപലാനി
425 ഏതു മതത്തിന്റെ വിഭാഗമാണ് വജ്രായനം– ബുദ്ധമതം
426 ആഗ്രഹമാണ് സർവദുഃഖങ്ങൾക്കും ഹേതു എന്നു പറഞ്ഞത്– ശ്രീബുദ്ധൻ
427 ഏഷ്യയുടെപ്രകാശംഎന്നുവിശേഷിപ്പിക്കപ്പെട്ടത്– ശ്രീബുദ്ധൻ
428 ബാബറെ ഡൽഹി ആക്രമിക്കാൻ ക്ഷണിച്ചത്– ദൗലത് ഖാൻ ലോദി
429 ബാബർ ഖന്വയുദ്ധത്തിൽ(1527) ആരെ പരാജയപ്പെടുത്തി– റാണാ സംഗ്രാം സിങ്
430 ബാബർ എവിടെവച്ചാണ് അന്തരിച്ചത് – ആഗ്ര
431 ബാബറിന്റെ മൃതദേഹം ആദ്യം അടക്കം ചെയ്തത്– ആഗ്രയിലെ ആരാം ബാഗിൽ
432 ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിസ്സഹകരണപ്രസ്ഥാനം സംബന്ധിച്ച പ്രമേയം പാസാക്കിയത്– 1920
433 ഇന്ത്യൻ നാഷണൽ കോൺഗ്രസ് പൂർണസ്വരാജ് പ്രമേയം പാസാക്കിയ വർഷം– 1929(ലാഹോർ)
434 ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്തേക്ക് 1939–ൽ തിരഞ്ഞെടുപ്പു നടന്നപ്പോൾ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ എതിരാളിയായിരുന്നത്– പട്ടാഭി സീതാരാമയ്യ
435 ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആദ്യമായി പിളർന്ന വർഷം– 1907
436 അഭിധർമപിടകം എന്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു– ബുദ്ധതത്ത്വങ്ങളുടെ വിശകലനം
437 ശ്രീബുദ്ധന്റെ കുതിര– കാന്തകൻ
438 ബോധഗയ ഏതു സംസ്ഥാനത്താണ്– ബീഹാർ
439 ബാബറുടെ ശവകുടീരം എവിടെയാണ് – കാബൂൾ
440 ഏറ്റവും കുറച്ചുകാലം ഭരിച്ച മുഗൾ ചക്രവർത്തി– ബാബർ
441 ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിനു വേദിയായ ആദ്യ ദക്ഷിണേന്ത്യൻ നഗരം– ചെന്നൈ
442 ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ വന്ദേമാതരം ആദ്യമായി ആലപിക്കപ്പെട്ട വർഷം– 1896
443 ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ചത്– എ.ഒ.ഹ്യൂം
444 ശ്രീബുദ്ധന്റെ ഗുരുക്കൾ– അലാരൻ, ഉദ്രകൻ
445 അമരാവതിയും നാഗാർജുനകോണ്ടയും ഏതു മതവുമായി ബന്ധപ്പെട്ടാണ് പ്രസിദ്ധം– ബുദ്ധമതം
446 ശ്രീബുദ്ധന്റെ തേരാളി– ചന്ന
447 ഇന്ത്യയ്ക്കു വെളിയിൽ കബറടക്കപ്പെട്ട മുഗൾ ചക്രവർത്തിമാർ– ബാബറും ജഹാംഗീറും
448 ബാബർ ഏതു ഭാഷയിലാണ് ആത്മകഥ(തുസുക്–ഇ–ബാബറി) രചിച്ചത്– ടർക്കിഷ്
449 ബാബറുടെ ആത്മകഥ പേർഷ്യനിലേക്ക് തർജമ ചെയ്തത്– അബ്ദുൾ റഹീം ഖാൻ–എ–ഖാൻ
450 ആത്മകഥയിൽ ഇന്ത്യക്കാരെ ഇഷ്ടമല്ല എന്നു വെളിപ്പെടുത്തുന്ന മുഗൾ ചക്രവർത്തി– ബാബർ
451 ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെട്ടത്– രാജാറാം മോഹൻ റോയ്
452 ഇന്ത്യൻ പുരാവസ്തുശാസ്ത്രത്തിന്റെ പിതാവ്– അലക്സാണ്ടർ കണ്ണിങ്ഹാം
453 ഇന്ത്യൻ ഭരണഘടനയുടെ ശിൽപി– ഡോ. ബി.ആർ.അംബേദ്കർ
454 ഇന്ത്യൻ അരാജകത്വത്തിന്റെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെട്ടത്– ബാലഗംഗാധരതിലകൻ
455 ഇന്ത്യൻ മത–സാമൂഹിക നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്– രാജാറാം മോഹൻ റോയ്
456 സിദ്ധാർഥന്റെ കുതിരയുടെ പേര്– കാന്തകൻ
457 നാല് ആര്യസത്യങ്ങൾ ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു– ബുദ്ധമതം
458 ബാബർ എന്ന വാക്കിനർഥം– സിംഹം
459 ബാബർ അന്തരിച്ച വർഷം– 1530
460 ഹുമയൂൺ എന്ന വാക്കിനർഥം– ഭാഗ്യവാൻ
461 ഹുമയൂൺ എവിടെയാണ് ജനിച്ചത്– കാബൂൾ
462 ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ടിൽ ബ്രിട്ടീഷ് രാജാവ് ഒപ്പുവെച്ചത് എപ്പോൾ – 1947 ജൂലൈ 18
463 ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് നിലവിൽവന്ന തീയതി– 1947 ഓഗസ്റ്റ് 15
464 ഇന്ത്യൻ ഒപ്പീനിയനിന്റെ ആദ്യ പത്രാധിപർ– മൻസുഖ്ലാൽ നാസർ
465 ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ട എന്നറിയപ്പെടുന്നത്– വുഡ്സ് ഡെസ്പാച്ച്
466 ഇന്ത്യൻ ശിക്ഷാനിയമം നടപ്പിലാക്കിയ വർഷം– 1861
467 ഇന്ത്യൻ സാമൂഹിക വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്– രാജാറാം മോഹൻ റോയ്
468 വിനയപിടകംഎന്തിനെക്കുറിച്ചുപ്രതിപാദിക്കുന്നു– ബുദ്ധഭിക്ഷുക്കൾ അനുസരിക്കേണ്ട നിയമങ്ങൾ
469 ഗയയിലെ ബോധിവൃക്ഷത്തെ മുറിച്ച രാജാവ്– ശശാങ്കൻ
470 ഭരണത്തിൽനിന്നും വിട്ടുനിൽക്കേണ്ടിവന്ന ഏക മുഗൾ ചക്രവർത്തി– ഹുമയൂൺ
471 ഗ്രന്ഥപ്പുരയുടെ കോണിപ്പടിയിൽനിന്നു വീണുമരിച്ച മുഗൾ ചക്രവർത്തി– ഹുമയൂൺ
472 ഹുമയൂൺ സ്ഥാപിച്ച നഗരം– ദിൻപന
473 ഹുമയൂൺ എത്ര വർഷമാണ് പ്രവാസ ജീവിതം നയിച്ചത്– 15 (1540 മുതൽ 1555 വരെ)
474 ഗാന്ധി–ഇർവിൻ ഉടമ്പടി ഒപ്പുവെച്ചത് – 1931
475 മഹാത്മാഗാന്ധി വധിക്കപ്പെട്ട ബിർളാ മന്ദിർ എവിടെയാണ്– ന്യൂഡൽഹി
476 ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ നായിക രാധാദേവി ആരുടെ ഭാര്യയായിരുന്നു– ലാലാ ലജ്പത്റായി
477 ഇന്ത്യൻ പൊളിറ്റിക്കിസിന്റെയും ഇക്കണോമിക്സിന്റെയും പിതാവ്– ദാദാഭായ് നവറോജി
478 ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പിതാവ് എന്നു വിശേഷിപ്പിക്കുന്നതാരെയാണ് –സുരേന്ദ്രനാഥ് ബാനർജി
479 ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആത്മീയ പിതാവ് എന്നു വിശേഷിപ്പിക്കുന്നത് –സ്വാമി വിവേകാനന്ദൻ
480 ഇന്ത്യൻ ദേശീയതയുടെ പിതാമഹൻ എന്നു വിശേഷിപ്പിക്കുന്നത് ആരെയാണ്– രാജ് നാരായൺ ബോസ്
481 ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ നൊബേൽ ജേതാവ്– രബീന്ദ്രനാഥ് ടാഗോർ
482 രണ്ടാം ജൈനമത സമ്മേളനം നടന്ന വർഷം– എ.ഡി.512
483 രണ്ടാം ജൈനമതസമ്മേളനം നടന്ന സ്ഥലം– വളഭി
484 ഹുമയൂണും ഷെർഷായുമായി ചൗസ

യുദ്ധം നടന്ന വർഷം– 1539

485 ഹുമയൂണും ഷെർഷായുമായി കനൗജ് യുദ്ധം നടന്ന വർഷം– 1540

486 ഹുമയൂൺ അന്തരിച്ചതെപ്പോൾ– 1556 ഫെബ്രുവരി 14

487 ഹുമയൂണിന്റെ ശവകുടീരം എവിടെയാണ്– ഡൽഹി

488 ഇന്ത്യയിൽ ഫ്രഞ്ചുഭരണത്തിന് അന്ത്യം കുറിച്ച യുദ്ധം– വാണ്ടിവാഷ്

489 ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറ പാകിയത്– റോബർട്ട് ക്ളൈവ്

490 ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ബാബർ എന്നറിയപ്പെടുന്നത്– റോബർട്ട് ക്ലൈവ്

491 ഇന്ത്യയിൽ ബ്രിട്ടീഷ് മേധാവിത്വം ഉറപ്പിച്ച യുദ്ധം– ബക്സർ യുദ്ധം (1764)

492 ഹുമയൂൺ നാമ രചിച്ചത്– ഗുൽബദൻ ബീഗം (ബാബറുടെ മകൾ)

493 ഏത് മുഗൾ ചക്രവർത്തിയെക്കുറിച്ചാണ് ജീവിതകാലം മുഴുവൻ ഉരുണ്ടു മറിഞ്ഞു നടക്കുകയും ജീവിതത്തിൽനിന്ന് ഉരുണ്ടു മറിഞ്ഞു പോകുകയും ചെയ്തു എന്ന് ചരിത്രകാരനായ ലെയ്ൻപൂൾ വിശേഷിപ്പിച്ചത്– ഹുമയൂൺ

494 അക്ബർ ജനിച്ച സ്ഥലം– അമർകോട്ട് (1542)

495 അക്ബറുടെ മാതാവ്– ഹമീദാബാനു ബീഗം

496 ഇന്ത്യയിൽ ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഭരണം നിർത്തലാക്കിയ നിയമം– 1858–ലെ നിയമം

497 ഇന്ത്യയിൽ ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഭരണം അവസാനിച്ച വർഷം– 1858

498 ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ട എന്നറിയപ്പെട്ട ശിപാർശ ആരുടേതായിരുന്നു– മെക്കാളെ പ്രഭു

499 ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ മാധ്യമം ഇംഗ്ലീഷ് ആക്കിയ ഗവർണർ ജനറൽ– വില്യം ബെന്റിക്

500 ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയ യൂറോപ്യൻ ശക്തി– പോർച്ചുഗീസുകാർ

501 മഹാവീരന് കൈവല്യം ലഭിച്ച സ്ഥലം – ജ്രിംഭിഗ്രാമം

502 മഹാവീരൻ ഇഹലോകവാസം വെടിഞ്ഞ സ്ഥലം– പാവപുരി (468 ബി.സി.)

503 അക്ബറുടെ പരിപാലകനായി ഭരണം നടത്തിയത്– ബൈറാംഖാൻ

504 അക്ബർ ബൈറാംഖാന്റെ റീജൻസി അവസാനിപ്പിച്ച വർഷം– 1560

505 എവിടെവെച്ചാണ് അക്ബറുടെ കീരീടധാരണം നടന്നത്– കലനാവൂർ

506 ഏത് മുഗൾ ചക്രവർത്തിയാണ് ഡക്കാൺ കീഴടക്കുന്നതിൽ ആദ്യം ശ്രദ്ധ ചെലുത്തിയത്– അക്ബർ

507 ഗാന്ധിജി ആകെ എത്ര ദിവസം ജയിൽ വാസമനുഭവിച്ചിട്ടുണ്ട്– 2338

508 ഗാന്ധിജിയുടെ അമ്മ– പുത്‌ലി ഭായി

509 ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം കോളനി ഭരണത്തിനു വിധേയമായ പ്രദേശം– ഗോവ

510 ഇന്ത്യയിൽ ഏതു വർഷമാണ് സതി നിരോധിക്കപ്പെട്ടത്– 1829

511 മഹാത്മാഗാന്ധി കേരളത്തിലെ ഒരു ആദിവാസി വിഭാഗത്തെക്കുറിച്ച് ഒരു ലേഖനം യങ് ഇന്ത്യയിൽ എഴുതിയിട്ടുണ്ട്. ഏത് വിഭാഗത്തെക്കുറിച്ച്– നായാടികൾ

512 രണ്ടാം പാനിപ്പട്ടുയുദ്ധത്തിൽ(1556) മുഗൾ സൈന്യവുമായി ഏറ്റുമുട്ടിയ, മുഹമ്മദ് ആദിൽഷായുടെ പടത്തലവൻ– ഹെമു

513 ഭാരതത്തിൽ മുഗൾ സാമ്രാജ്യത്തിന്റെ ഉദയത്തിന് യഥാർഥത്തിൽ കാരണമായ യുദ്ധം– രണ്ടാം പാനിപ്പട്ടുയുദ്ധം

514 അക്ബർ ഹാൽഡിഘട്ട് യുദ്ധത്തിൽ റാണാ പ്രതാപിനെ തോൽപിച്ച വർഷം–1576

515 റാണാ പ്രതാപിനെ തോൽപിക്കാൻ അക്ബർക്ക്  നിർണായക സഹായം ചെയ്ത രജപുത്ര വംശജനായ സേനാനായകൻ– മാൻ സിങ്

516 ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം പാർട്ടി കോൺഗ്രസ് നടന്ന സ്ഥലം– മുംബൈ

517 ഇന്ത്യയിൽ ഗവർണർ ജനറലായവരിൽ ഏറ്റവും പ്രായം കുറഞ്ഞത്– ഡൽഹൗസി

518 ഇന്ത്യയിൽ സാമുദായിക സംവരണം കൊണ്ടുവന്ന നിയമം– 1909ലെ മിന്റോ മോർലി ഭരണപരിഷ്കാരം

519 ഇന്ത്യയിലാദ്യമായി വനിതാ മേയർ അധികാരമേറ്റ നഗരം– മുംബൈ

520 ഇന്ത്യയിലാദ്യമായി സ്പീക്കർ പദവിയിലെത്തിയ അനുദ്യോഗസ്ഥൻ– വിത്തൽ ഭായ് പട്ടേൽ

521 ജൈനമതതീർഥങ്കരൻമാരുടെ എണ്ണം– 24

522 മഹാവീരൻജനിച്ചസ്ഥലം–കുന്ദഗ്രാമം (വൈശാലിക്കടുത്ത്)

523 മഹാവീരൻ ജൈനമതധർമോപദേശം നടത്താൻ ഉപയോഗിച്ചിരുന്ന ഭാഷ– പ്രാകൃതം

524 സബർമതിയിലെ സന്യാസി എന്നറിയപ്പെടുന്നത്– മഹാത്മാഗാന്ധി

525 സത്യാഗ്രഹം എന്ന വാക്ക് ആവിഷ്കരിച്ചത്– ഗാന്ധിജി

526 അക്ബറിന്റെ പ്രിയമിത്രവും കവിയുമായ ഫെയ്സി അന്തരിച്ച വർഷം– 1595

527 ലീലാവതി എന്ന കൃതി പേർഷ്യനിലേക്ക് തർജമ ചെയ്തത്– ഫെയ്സി

528 അക്ബറുടെ മിത്രമായിരുന്ന അബുൾ ഫസലിനെ കൊല്ലിച്ചത്– ജഹാംഗീർ (1602)

529 അക്ബർ നാമ, അയ്നി അക്ബറി എന്നീ കൃതികൾ രചിച്ചത്– അബുൾ ഫാസൽ

530 ഇന്ത്യയിലാദ്യമായി പെൺശിശുഹത്യ പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നത് – ജോനാഥൻ ഡങ്കൻ

531 ഇന്ത്യയിലാദ്യമായി ടെലിഫോൺ നിലവിൽവന്ന നഗരം– കൊൽക്കത്ത

532 ഇന്ത്യയിലാദ്യമായി കോട്ടൺ മിൽ സ്ഥാപിതമായ സ്ഥലം– കൊൽക്കത്ത (1818)

533 ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം എത്ര വർഷം നീണ്ടുനിന്നു– 190

534 ഇന്ത്യയിലെ ബ്രിട്ടീഷ് അധികാരം നിലനിർത്തുന്നതിനുവേണ്ടി ഇന്ത്യാ ഡിഫൻസ് ലീഗ് സ്ഥാപിച്ചത്–സർ വിൻസ്റ്റൺ ചർച്ചിൽ

535 മഹാവീരന്റെ ഭാര്യ– യശോധ

536 മഹാവീരന്റെ മാതാവ്– ത്രിശാല

537 തീർഥങ്കരൻമാർ എന്ന വാക്ക് ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു– ജൈനമതം

538 അയ്നി അക്ബറിയുടെ പ്രതിപാദ്യം– അന്നത്തെ മുഗൾ സാമ്രാജ്യത്തിന്റെ പൂർണവിവരങ്ങൾ

539 അക്ബർ സ്ഥാപിച്ച മതം– ദിൻ ഇലാഹി (1582)

540 അക്ബർ ജസിയ നിറുത്തലാക്കിയ വർഷം– 1564

541 അക്ബർ അന്തരിച്ചത്– 1605 ഒക്ടോബർ 17

542 ഇന്ത്യയിലെ ആദ്യ ആധുനിക സർവകലാശാല സ്ഥാപിക്കപ്പെട്ടത്– കൊൽക്കത്ത

543 ഇന്ത്യയിലെ ആദ്യ സിമന്റ് ഫാക്ടറി സ്ഥാപിതമായ സ്ഥലം–മദ്രാസ്

544 ഇന്ത്യയിലെ ആദ്യ പേപ്പർ മിൽ സ്ഥാപിക്കപ്പെട്ട സ്ഥലം– സെഹ്റാംപൂർ

545 ഇന്ത്യയിലെ ആദ്യത്തെ ധനതത്ത്വശാസ്ത്രചിന്തകൻ എന്നറിയപ്പെടുന്നത് – ദാദാഭായ് നവറോജി

546 ഇന്ത്യയിലെ ആദ്യത്തെ ബ്രിട്ടീഷ് ഗവർണർ ജനറൽ– വാറൻ ഹേസ്റ്റിങ്സ്

547 മഹാവീരന്റെ ജാമാതാവും ആദ്യശിഷ്യനും– ജമാലി

548 എ.ഡി.ആറാംശതകത്തിൽജൈനമതഗ്രന്ഥങ്ങൾ എവിടെവച്ചാണ് ക്രോഡീകരിക്കപ്പെട്ടത്– വളഭി

549 എത്രാമത്തെ വയസ്സിലാണ് മഹാവീരന് കൈവല്യം ലഭിച്ചത്– 42

550 അക്ബറുടെ ശവകുടീരം എവിടെയാണ്– സിക്കന്ദ്ര

551 അക്ബറുടെ സദസ്സിലെ നവരത്നങ്ങൾ – ബീർബൽ, തോഡർമൽ,താൻസൻ,അബുൾ ഫാസൽ,അബ്ദുൾ റഹീം ഖാൻ–എ–ഖാൻ,രാജാ മാൻ സിങ്,ഫെയ്സി,ഹാമിം ഹുമാം,ഷെയ്ഖ് മുബാറക്ക്

552 ബീർബലിന്റെ യഥാർഥ പേര്– മഹേഷ് ദാസ്

553 അക്ബർ 1581–ൽ പരാജയപ്പെടുത്തിയ മാൾവയിലെ ഭരണാധികാരി– ബാസ് ബഹാദൂർ

554 ഇന്ത്യയിലെ ആദ്യത്തെ ക്രമവത്കൃത സെൻസസ് നടന്ന വർഷം– 1881

555 ഇന്ത്യയിലെ ആദ്യത്തെ മ്യൂസിയം– കൊൽക്കത്ത

556 ഇന്ത്യയിലെ ആദ്യത്തെ ആർട്ട് ഗാലറി സ്ഥാപിതമായത് എവിടെ– കൊൽക്കത്ത

557 ഇന്ത്യയിലെ ആദ്യത്തെ എഞ്ചിനീയറിങ് കോളേജ്– റൂർക്കി (1847)

558 ഇന്ത്യയിലെ ആദ്യത്തെ എണ്ണക്കിണർ – അസമിലെ ദിഗ്ബോയി

559 ഏതുമതത്തിന്റെവിഭാഗങ്ങളാണ്ശ്വേതംബരൻമാരും ദിഗംബരൻമാരും– ജൈനമതം

560 കൽപസൂത്രം രചിച്ചതാര്– ഭദ്രബാഹു

561 അംഗ, പൂർവ എന്നിവ ഏതു മതക്കാരുടെ ഗ്രന്ഥങ്ങളാണ്– ജൈന

562 മൻസബ്ദാരി സമ്പ്രദായം ആവിഷ്കരിച്ചത്– അക്ബർ

563 മുഗൾ ചക്രവർത്തിമാരിൽ ആദ്യമായി വൻതോതിൽ മന്ദിരനിർമാണം നടത്തിയത്– അക്ബർ

564 അക്ബർ നിർമിച്ച തലസ്ഥാനം– ഫത്തേപൂർ സിക്രി

565 ഫത്തേപൂർ സിക്രിയിൽ ബുലന്ദ് ദർവാസ,ജോധാഭായിയുടെ കൊട്ടാരം,പഞ്ച്മഹൽ എന്നിവ നിർമിച്ചത്– അക്ബർ

566 ഇബദത്ഖാന പണികഴിപ്പിച്ചത്– അക്ബർ

567 ഇന്ത്യയിലെ ആദ്യത്തെ വനിതാ ബിരുദധാരികൾ– ചന്ദ്രമതി ബസു, കാദംബിനി ഗാംഗുലി

568 ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാലയായ പൂനെയിലെ എസ്.എൻ.ഡി.റ്റി. സർവകലാശാല സ്ഥാപിച്ചത്– ഡി.കെ.കാർവെ

569 ഇന്ത്യയിലെ ആദ്യത്തെ വനിതാ കോളേജായ ബേതൂൺ കോളേജ് എവിടെയാണ് നിലവിൽവന്നത്– കൊൽക്കത്ത

570 സാംബാജിയുടെ പിൻഗാമി– രാജാറാം

571 ജൈനമതത്തിലെ 23–ാമത്തെ തീർഥങ്കരൻ– പാർശ്വനാഥൻ

572 പിതൃഹത്യയിലൂടെ സിംഹാസനം കൈയടക്കിയ ഇന്ത്യാചരിത്രത്തിലെ ആദ്യത്തെ രാജാവ്–അജാതശത്രു

573 അജാതശത്രുവിന്റെ പിതാവ്– ബിംബിസാരൻ

574 അക്ബറുടെ ശവകുടീരം നിർമിച്ചത്– ജഹാംഗീർ

575 അക്ബറുടെ ശവകുടീരം ആസൂത്രണം ചെയ്തത്– അക്ബർ

576 അക്ബറുടെ സദസ്സിലെ ഏറ്റവും പ്രശസ്തനായ കവി– തുളസീദാസ്

577 അക്ബർ പ്രോൽസാഹിപ്പിച്ച, ഗ്വാളിയോറിലെ സംഗീതജ്ഞൻ– താൻസെൻ

578 അക്ബറുടെ സദസ്സിലുണ്ടായിരുന്ന അന്ധ കവി– സൂർദാസ്

579 ഗാന്ധിവധക്കേസിൽ വിധി പ്രസ്താവിച്ച ന്യായാധിപൻ– ആത്മാചരൺ അഗർവാൾ

580 ഗാന്ധിജി ഇന്ത്യയിൽ എത്രദിവസം തടവറവാസം അനുഭവിച്ചിട്ടുണ്ട്? – 2089

581 ഇന്ത്യയിലെ ആദ്യത്തെ കപ്പൽ നിർമാണശാല– വിശാഖപട്ടണം

582 ഇന്ത്യയിലെ ആദ്യത്തെ കൽക്കരിഖനി – റാണിഗഞ്ജ്

583 ഇന്ത്യയിലെ ആദ്യത്തെ സിമന്റ് ഫാക്ടറി സ്ഥാപിതമായ നഗരം– ചെന്നൈ

584 ഫത്തേപൂർ സിക്രിയുടെ കവാടം– ബുലന്ദ് ദർവാസ

585 അക്ബറുടെ കാലത്തെ മന്ദിരങ്ങൾ പ്രധാനമായും എന്തുപയോഗിച്ചാണ് നിർമിച്ചത്– ചുവന്ന മണൽക്കല്ല്

586 ഇന്ത്യയിലെ ഏറ്റവും വലിയ മൃഗശാല – സുവോളജിക്കൽ ഗാർഡൻസ്, കൊൽക്കത്ത

587 ഇന്ത്യയിലെ ഏറ്റവും വലിയ ലൈറ്റ് ഹൗസ്– പ്രോങ്സ് റീഫ്, മുംബൈ

588 ഇന്ത്യയിലെ വിദ്യാഭ്യാസ മാധ്യമം ഇംഗ്ളീഷ് ആക്കാനുള്ള ശിപാർശ ചെയ്തത്– മെക്കാളെ പ്രഭു

589 ഇന്ത്യയിലെ ഗവർണർ ജനറൽമാരിൽ ഏറ്റവും കൂടുതൽകാലം പദവി വഹിച്ചത്– വാറൻ ഹേസ്റ്റിങ്സ്

590 ഇന്ത്യയിലെ വൈസ്രോയിമാരിൽ ഏറ്റവും കൂടുതൽകാലം പദവി വഹിച്ചത്– ലിൻലിത്ഗോ പ്രഭു

591 അവസാനത്തെ നന്ദരാജാവ്– ധനനന്ദൻ

592 ധനനന്ദനെ സ്ഥാനതഭ്രഷ്ടനാക്കിയത് – ചന്ദ്രഗുപ്ത മൗര്യൻ

593 അലക്സാണ്ടർ ഇന്ത്യ ആക്രമിക്കുമ്പോൾ മഗധ ഭരിച്ചിരുന്ന രാജവംശം– നന്ദവംശം

594 അക്ബറുടെ ആരാധ്യപുരുഷനായിരുന്ന ഷെയ്ഖ് സലിം ചിസ്റ്റിയുടെ ശവകുടീരം എവിടെയാണ്– ഫത്തേപൂർ സിക്രി

595 ഏതു മുഗൾ ചക്രവർത്തിയുടെ കാലമാണ് ഹിന്ദുസ്ഥാനി സാഹിത്യത്തിന്റെ അഗസ്റ്റിയൻ കാലഘട്ടം എന്നറിയപ്പെടുന്നത്– അക്ബർ

596 അക്ബറെ ഏറ്റവും കൂടുതൽ സ്വാധീനിച്ച അന്യമതം– ക്രിസ്തുമതം

597 ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് ഇംഗ്ളീഷ് ഈസ്റ്റിന്ത്യാക്കമ്പനി ലണ്ടനിൽ (എ.ഡി.1600) സ്ഥാപിതമായത്– അക്ബർ

598 ഗാന്ധിജി ഉപ്പുനിയമം ലംഘിച്ചത്– 1930 ഏപ്രിൽ ആറ്

599 ഗാന്ധിജി ലണ്ടനിൽനിന്നുള്ള കപ്പൽ യാത്രയ്ക്കിടെ ഹിന്ദ് സ്വരാജ് രചിച്ച വർഷം –1909

600 ഇന്ത്യയിലെ തദ്ദേശസ്വയംഭരണത്തിൻെറ പിതാവ്– റിപ്പൺ പ്രഭു

601 ഇന്ത്യയുടെ  ദേശീയ പതാകയ്ക്ക് രൂപം നകിയത്– പിംഗലി വെങ്കയ്യ

602 ഇന്ത്യയുടെ പിതാമഹൻ എന്നറിയപ്പെട്ടത് – ദയാനന്ദ് സരസ്വതി

603 ഇന്ത്യയുടെ അധികാരകൈമാറ്റവും വിഭജനവും എത്ര ദിവസംകൊണ്ടാണ് പൂർത്തിയാക്കിയത്– 72

604 ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെട്ടത്– ദാദാഭായ് നവറോജി

605 അലക്സാണ്ടർ ഇന്ത്യ ആക്രമിച്ച വർഷം– ബി.സി.327–326

606 ഏതു നദിയുടെ തീരത്താണ് അലക്സാണ്ടറും പോറസും ഏറ്റുമുട്ടിയത്– ഝലം

607 അലക്സാണ്ടറുടെ ഇന്ത്യൻ ആക്രമണകാലത്ത് തക്ഷശിലയിലെ ഭരണാധികാരിയായിരുന്നത്– അംഭി

608 അക്ബർ 1580–ൽ തന്റെ സാമ്രാജ്യം എത്ര സുബകളായി വിഭജിച്ചു– 12

609 മൻസബ്ദാരി സമ്പ്രദായം ആവിഷ്കരിച്ചത്– അക്ബർ (മൻസബ് ഒരു റാങ്കാണ്)

610 അലഹബാദ് നഗരത്തിന്റെ സ്ഥാപകൻ– അക്ബർ

611 അക്ബർ അപ്രമാദിത്വ പ്രഖ്യാപനം നടത്തിയ വർഷം– 1579

612 ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം പ്രഖ്യാപിക്കപ്പെട്ട വർഷം– 1857

613 ഇന്ത്യയുടെ വാനമ്പാടി എന്നു വിളിച്ചതാരെ– സരോജിനി നായിഡു

614 ഇന്ത്യയുടെ ജൊവാൻ ഓഫ് ആർക്ക് എന്നു വിശേഷിപ്പിക്കുന്നതാരെ– ഝാൻസി റാണി

615 ഇന്ത്യയുടെ ദേശീയ പതാക രൂപകൽ

പന ചെയ്ത പിംഗലി വെങ്കയ്യ ഏത് സം സ്ഥാനക്കാരനായിരുന്നു–ആന്ധ്രപ്രദേശ്
616 ഇന്ത്യയുടെ ദേശീയ വരുമാനം ആദ്യ മായി കണക്കാക്കിയത്– ദാദാഭായ് ന വ്റോജി
617 അലക്സാണ്ടറുടെ കുതിരയുടെ പേര് – ബ്യൂസിഫാലസ്
618 ഇന്ത്യയിലെത്തിയ ആദ്യത്തെ യൂറോ പ്യൻ ആക്രമണകാരി–അലക്സാണ്ടർ
619 ജാതകം തയ്യാറാക്കുന്ന വിദ്യ ഇന്ത്യാ ക്കാർ ആരിൽനിന്നുമാണ് പഠിച്ചത്– ഗ്രീ ക്കുകാർ
620 ജഹാംഗീറിന്റെ ആദ്യകാലനാമം– സലിം
621 ജഹാംഗീർ ജനിച്ചത്– ഫത്തേപൂർ സി ക്രിയിൽ (1569)
622 ആവലാതിച്ചങ്ങല (നീതിച്ചങ്ങല) സ്ഥാ പിച്ച മുഗൾ ചക്രവർത്തി– ജഹാംഗീർ
623 ഇന്ത്യയുടേതായ ഒരു ദേശീയ പതാക ജർമനിയിലെ സ്റ്റഡ്ഗർട്ടിൽ ഉയർത്തിയ ത്– മാഡം ഭിക്കാജി കാമ
624 ഇന്ത്യയ്ക്കുവേണ്ടി ബ്രിട്ടീഷ് പാർലമെ ന്റ് പാസാക്കിയ അവസാനത്തെ നിയമം– ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട്
625 ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയ്ക്കുള്ള അതിർത്തിരേഖ നിശ്ചയിച്ചത്– സർ ഹെ ൻറി മഹോൻ
626 ഏതു രാജ്യത്താണ് അലക്സാണ്ടർ സ്ഥാപിച്ച അലക്സാണ്ട്രിയ തുറമുഖം – ഈജിപ്ത്
627 ഹൈഡാസ്പസ് യുദ്ധം നടന്ന വർഷം – ബി.സി.326
628 മഹാനായഅലക്സാണ്ടർ 33–ാംവയ സ്സിൽഎവിടെവച്ചാണ് അന്ത്യശ്വാസം വ ലിച്ചത്– ബാബിലോൺ
629 ജഹാംഗീർ ഏറ്റവും കൂടുതൽ കാലം ജീവിച്ച നഗരം– ലാഹോർ
630 ജഹാംഗീറിനെതിരെ കലാപമുണ്ടാക്കി യ മൂത്ത മകൻ– ഖുസ്റു
631 ജഹാംഗീർ സിഖ് ഗുരു അർജുൻ ദേ വിനെ വധിക്കാൻ കാരണം– ഖുസ്രുവി ന് അഭയം നൽകിയതിന്
632 ജഹാംഗീറിന്റെ ഓർമക്കുറിപ്പുകൾ– തു സുക്ക്–ഇ–ജഹാംഗീറി
633 ഇന്ത്യയ്ക്ക് ഒരു ഭരണഘടന എന്ന ആ ശയം ആദ്യമായി മുന്നോട്ടുവച്ചത് –എം. എൻ.റോയ്
634 ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ ഹൗസ് ഓഫ് കോമൺസിലെ പ്രതിപ ക്ഷ നേതാവ്–സർ വിൻസ്റ്റൺ ചർച്ചിൽ
635 ഇന്ത്യയ്ക്ക് ഫെഡറൽ സംവിധാനം വി ഭാവനം ചെയ്ത ആദ്യ നിയമം– 1935ലെ ഗവ. ഓഫ് ഇന്ത്യ ആക്ട്
636 ഇന്ത്യാ ടുഡേ എന്ന പുസ്തകം രചിച്ച ത്– ആർ.പി.ദത്ത്
637 ഇന്ത്യാ ഗേറ്റിന്റെ പഴയപേര്– ആൾ ഇ ന്ത്യാ വാർ മെമ്മോറിയൽ
638 മൗര്യവംശം സ്ഥാപിച്ചത്– ചന്ദ്രഗുപ്ത മൗര്യൻ
639 മൗര്യസാമ്രാജ്യ തലസ്ഥാനം –പാടലീ പുത്രം
640 മൈസൂറിലെ ശ്രാവണബലഗോള എന്ന സ്ഥലത്ത്ജൈനസന്യാസിയായിഅവ സാനകാലം കഴിച്ചുകൂട്ടിയ മൗര്യ ചക്ര വർത്തി– ചന്ദ്രഗുപ്തമൗര്യൻ
641 ഏതു മുഗൾ ചക്രവർത്തിയുടെ കാല ത്താണ് മേവാർ മുഗൾ മേൽക്കോയ്മ അംഗീകരിച്ചത്– ജഹാംഗീർ(1615)
642 ജഹാംഗീറിന്റെ ഏറ്റവും വലിയ രാഷ് ട്രീയ നേട്ടം– മേവാറുമായുള്ള കലഹം അവസാനിപ്പിച്ചത്
643 ജഹാംഗീറിന്റെ മുഖ്യരാജ്ഞിയായിരുന്ന ത്– നൂർജഹാൻ
644 നൂർജഹാൻ എന്ന വാക്കിനർഥം– ലോ കത്തിന്റെ പ്രകാശം
645 നൂർജഹാന്റെ പഴയപേര്– മെഹറുന്നിസ
646 മെഹറുന്നിസയ്ക്ക് ജഹാംഗീർ നൽകി യ ആദ്യത്തെ പേര്– നൂർമഹൽ(കൊ ട്ടാരത്തിന്റെ പ്രകാശം)
647 ഇന്ത്യാ ഡിവൈഡഡ് രചിച്ചത്– ഡോ. രാജേന്ദ്രപ്രസാദ്
648 ഇന്ത്യാഗേറ്റ് രൂപകല്പന ചെയ്തത് – എഡ്വിൻ ലൂട്യൻസ്
649 ഇന്ത്യയെ കണ്ടെത്തൽ(1946),ഒരച്ഛൻ മ കൾക്കയച്ച കത്തുകൾ എന്നിവ രചിച്ച ത്– ജവാഹർലാൽ നെഹ്റു
650 ഇൻ സെർച്ച് ഓഫ് ഗാന്ധി രചിച്ചത്– റിച്ചാർഡ് അറ്റൻബറോ
651 ഇൻകിലാബ് സിന്ദാബാദ് എന്ന പ്രയോ ഗത്തിന്റെ ഉപജ്ഞാതാവ്– മുഹമ്മദ് ഇ ക്ബാൽ
652 ഇൻകിലാബ് സിന്ദാബാദ് എന്നത് ആ ദ്യമായി മുദ്രാവാക്യമായി ഉപയോഗിച്ച ത്– ഭഗത് സിങ്
653 ഇൻഡിക്ക രചിച്ചത്– മെഗസ്തനീസ്
654 ആരുടെ പ്രേരണയാലാണ് അശോകൻ ബുദ്ധമതം സ്വീകരിച്ചത്– ഉപഗുപ്തൻ
655 ഇന്ത്യാചരിത്രത്തിലെ ചക്രവർത്തിമാ രിൽ ഏറ്റവും മഹാനായി കണക്കാക്ക പ്പെടുന്നത്– അശോകൻ
656 ഗാന്ധിജി കൈസർ ഇ ഹിന്ദ് ബഹുമ തിയും ടാഗോർ സർ പദവിയും ഉപേ ക്ഷിച്ച വർഷം – 1919
657 ഗാന്ധിജി നേറ്റാൾ ഇന്ത്യൻ കോൺഗ്ര സ് സ്ഥാപിച്ച വർഷം – 1894
658 നൂർജഹാന്റെ പിതാവ് മിർജാ ഗിയാസ് ബെഗ്ഗ് പിൽക്കാലത്ത് പ്രസിദ്ധനായ പേ ര്– ഇത്തിമാദ് ഉദ് ദൗള
659 ഇത്തിമാദ് ഉദ് ദൗളയുടെ ശവകുടീരം നിർമിച്ചത്– നൂർജഹാൻ
660 നൂർജഹാന്റെ ആദ്യ ഭർത്താവ്– ഷേർ അഫ്ഗാൻ
661 നൂർജഹാന്റെ സഹോദരൻ– ആസഫ് ഖാൻ
662 വില്യം ഹോക്കിൻസ് ജഹാംഗീറിന്റെ സ ദസ്സിലെത്തിയ വർഷം– 1608
663 ഇൻഡോർ ഭരിച്ചിരുന്ന രാജവംശം– ഹോൾക്കർ
664 ഇൻഡിപെൻഡന്റ് ലേബർ പാർട്ടിയുടെ സ്ഥാപകൻ–ബി.ആർ.അംബേദ്കർ
665 ഇരുണ്ട പശ്ചാത്തലത്തിലെ പ്രകാശമാന മായ ബിന്ദു എന്ന് ഝാൻസി റാണിയെ വിശേഷിപ്പിച്ചത്– ജവാഹർലാൽ നെഹ്റു
666 രാഷ്ട്രപതി ഭവന്റെ പഴയ പേര്– വൈ സ്റീഗൽ പാലസ്
667 രാഷ്ട്രഗുരു എന്ന് ആരെയാണ് വിളി ക്കുന്നത്– സുരേന്ദ്രനാഥ് ബാനർജി
668 ചന്ദ്രഗുപ്തമൗര്യന്റെ കാലത്തെ ഗ്രീക്ക് അംബാസഡർ– മെഗസ്തനീസ്
669 ചന്ദ്രഗുപ്തമൗര്യനെ ജൈനമതത്തിലേക്ക് പരിവർത്തനം ചെയ്തത്– ഭദ്രബാഹു
670 ചാണക്യന്റെ അർഥശാസ്ത്രം ഇംഗ്ലീ ഷിലേക്ക് പരിഭാഷപ്പെടുത്തിയതാര്– ശ്യാമശാസ്ത്രികൾ
671 വില്യം ഹോക്കിൻസിനെ മുഗൾ രാജ ധാനിയിലേക്ക് അയച്ച ഇംഗ്ലീഷ് രാ ജാവ്– ജെയിംസ് ഒന്നാമൻ
672 ഏത് മുഗൾ ചക്രവർത്തിയുടെ കാല ത്താണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പ നിക്ക് ഇന്ത്യയിൽ ഫാക്ടറി നിർമിക്കാ ൻ അനുമതി ലഭിച്ചത്– ജഹാംഗീർ
673 ക്യാപ്ടൻ മിഡിൽടണിന് സൂറത്തിലെ മുഗൾ ഗവർണറിൽനിന്ന് അവിടെ ക ച്ചവടത്തിന് അനുമതി കിട്ടിയത്– 1611
674 രാഷ്ടീയ സ്വാതന്ത്ര്യമാണ് ഒരു രാജ്യ ത്തിന്റെ ജീവശ്വാസം എന്നു പറഞ്ഞത് – അരവിന്ദഘോഷ്
675 രാജ്യസ്നേഹികളുടെ രാജകുമാരൻ എ ന്ന് ആരെയാണ് ഗാന്ധിജി വിശേഷിപ്പി ച്ചത് – സുഭാഷ്ചന്ദ്രബോസ്
676 രഞ്ജിത് സിങിന്റെ തലസ്ഥാനം– ലാ ഹോർ
677 ഇംപീച്ച്മെന്റിന് വിധേയനായ ഗവർണർ ജനറൽ– വാറൻ ഹേസ്റ്റിങ്സ്
678 ഇംഗ്ലണ്ടിൽ ഗാന്ധിജി നിയമപഠനം ന ടത്തിയ വിദ്യാലയം– ഇന്നർ ടെമ്പിൾ
679 ഇന്ത്യയെന്നത് ഒരു രാജ്യമാണെന്നും അതിന് ഒരേ സംസ്കാരമാണ് ഉള്ളതെ ന്നും ആദ്യമായി തെളിയിച്ച ഭരണാധി കാരി– ചന്ദ്രഗുപ്തമൗര്യൻ
680 ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യം സ്ഥാപിച്ച വംശം– മൗര്യൻമാർ
681 ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി ഇന്ത്യ യിൽ ആദ്യത്തെ ഫാക്ടറി ആരംഭിച്ച സ്ഥലം– സൂറത്ത്
682 ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി ദക്ഷി ണേന്ത്യയിലെ ആദ്യത്തെ ഫാക്ടറി ആ രംഭിച്ച സ്ഥലം– മസൂലിപട്ടണം
683 ഉത്തർ പ്രദേശിലെ മുഗൾസരായിയിൽ 1904 ഒക്ടോബർ രണ്ടിനു ജനിച്ച ഇന്ത്യ ൻ പ്രധാനമന്ത്രി– ലാൽ ബഹാദൂർശാ സ്ത്രി
684 ഉപ്പു സത്യാഗ്രഹത്തിന് ഗാന്ധിജിയെ അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ അടയ്ക്കപ്പെ ട്ട ജയിൽ– യെർവാദ
685 ഉപ്പു സത്യാഗ്രഹത്തിൽ ഗാന്ധിജിയ് ക്കൊപ്പം പങ്കെടുത്ത സന്നദ്ധഭടൻമാരു ടെ എണ്ണം–78
686 ഇന്ത്യ സന്ദർശിച്ച ആദ്യത്തെ വിദേശ സഞ്ചാരി– മെഗസ്തനീസ്
687 ഇന്ത്യയിലെ ഷി ഹുവാങ് തി എന്നു വിശേഷിപ്പിക്കപ്പെട്ടത്– ചന്ദ്രഗുപ്തമൗ ര്യൻ
688 യുദ്ധപരാജയത്തെത്തുടർന്ന്ചന്ദ്രഗുപ്ത മൗര്യന് മകളെ വിവാഹം ചെയ്തു കൊ ടുത്ത ഗ്രീക്കു ഭരണാധികാരി– സെല്യൂ ക്കസ്
689 ജഹാംഗീറിന്റെ ശവകുടീരം ഏതു നദി യുടെ തീരത്താണ്– രാവി
690 ജഹാംഗീറിന്റെ മരണശേഷം, ഷാജഹാ ൻ സ്ഥലത്തില്ലാത്തതിനാൽ, ആരെയാണ് ആസഫ്ഖാൻ (താൽക്കാലിക) ഭരണാധി കാരിയായി വാഴിച്ചത്– ദാവർ ബക്ഷ്
691 ഏതു മുഗൾ ചക്രവർത്തിയുടെ കാല ത്താണ് മുഗൾ ചിത്രകല പരമകോടി പ്രാപിച്ചത്– ജഹാംഗീർ
692 ഉപ്പു സത്യാഗ്രഹം നടന്ന വർഷം– 1930
693 ഉപ്പുനിയമത്തെ ആക്രമിച്ച ആദ്യത്തെ ദേശീയ നേതാവ്– ഗോപാലകൃഷ്ണ ഗോഖലെ
694 റാഷ് ബിഹാരി ബോസ് ഇന്ത്യൻ ഇൻ ഡിപെൻഡൻസ് ലീഗ് സ്ഥാപിച്ചതെവി ടെ– ജപ്പാൻ
695 റൗലറ്റ് നിയമം ഏതുവർഷമാണ് – 1919
696 ലണ്ടനിൽ ഇന്ത്യാ ഹൗസ് സ്ഥാപിച്ചത് – ശ്യാംജി കൃഷ്ണവർമ
697 ഉപ്പു സത്യാഗ്രഹം നടന്ന വർഷം– 1930
698 ഉപ്പുനിയമത്തെ ആക്രമിച്ച ആദ്യത്തെ ദേശീയ നേതാവ്– ഗോപാലകൃഷ്ണ ഗോഖലെ
699 റാഷ് ബിഹാരി ബോസ് ഇന്ത്യൻ ഇ ൻഡിപെൻഡൻസ് ലീഗ് സ്ഥാപിച്ചതെ വിടെ– ജപ്പാൻ
700 റൗലറ്റ് നിയമം ഏതുവർഷമാണ് – 1919
701 വിപുലമായരീതിയിൽനഗരഭരണസംവി ധാനമൊരുക്കിയ മൗര്യ ഭരണാധികാരി – ചന്ദ്രഗുപ്തമൗര്യൻ
702 ഗാന്ധിജി കോൺഗ്രസ്സിൽനിന്നും രാജി വെക്കാനുള്ള തീരുമാനം പ്രഖ്യാപിച്ച വർഷം –1934
703 ഗാന്ധിജി കോൺഗ്രസ് പ്രസിഡന്റായ വർഷം– 1924
704 ശ്രീനഗറിലെ ഷാലിമാർ പൂന്തോട്ടം നിർ മിച്ചത്– ജഹാംഗീർ
705 ഏത് മുഗൾ ചക്രവർത്തിയുടെ കാല ത്താണ് പുകയില കൃഷി ആരംഭിച്ചത് – ജഹാംഗീർ
706 ഡക്കാൺപ്രദേശം ആദ്യമായി ആക്രമി ച്ച മുസ്ലിം ഭരണാധികാരി– അലാവുദ്ദീ ൻ ഖിൽജി
707 ഷാജഹാന്റെ ആദ്യകാലനാമം– ഖുറം
708 ഷാജഹാൻ ജനിച്ച സ്ഥലം– ലാഹോർ (1592)
709 ലണ്ടനിൽവച്ചുകണ്ട ഏത് ഇന്ത്യക്കാര ന്റെ ശിഷ്യത്വമാണ് മാർഗരറ്റ് നോബൽ സ്വീകരിച്ചത്– വിവേകാനന്ദൻ
710 ലാല ലജ്പത് റായിയുടെ മരണത്തിനു കാ രണക്കാരനായ സാൻഡേഴ്സ് എന്ന പോലീസുദ്യോഗസ്ഥനെ വധിച്ചത്– ഭ ഗത് സിങ്
711 ലാഹോർ സ്റ്റുഡന്റ്സ് യൂണിയൻ രൂപ വത്കരിച്ചത്– ഭഗത് സിംഗ്
712 ലാഹോർ ഗൂഢാലോചനക്കേസിലെ മു ഖ്യപ്രതി? ഭഗത് സിങ്
713 ശിലാലിഖിതങ്ങളിലൂടെ തന്റെ ആശയ ങ്ങൾ ജനങ്ങൾക്കു പകർന്ന ആദ്യ ഭര ണാധികാരി– അശോകൻ
714 സെല്യൂക്കസിനെയുദ്ധത്തിൽപരാജയപ്പെ ടുത്തിയ രാജാവ്– ചന്ദ്രഗുപ്തമൗര്യൻ
715 കലിംഗയുദ്ധം നടന്ന വർഷം– ബി.സി.261
716 ഷാജഹാൻ മുഗൾ ചക്രവർത്തിയായ വർഷം– 1628
717 ഷാജഹാൻ നിർമിച്ച തലസ്ഥാന നഗ രം– ഷാജഹാനാബാദ്
718 എ.ഐ.ടി.യു.സിയുടെ ആദ്യ സമ്മേള നം നടന്ന സ്ഥലം–മുംബൈ
719 എത്ര വർഷമാണ് ഗാന്ധിജി ദക്ഷിണാ ഫ്രിക്കിയിൽ താമസിച്ചത്– 21 (1893–1914)
720 എല്ലാ ജീവജാലങ്ങളോടും ആദരം പു ലർത്തുകയും ഒന്നിനേയും മുറിവേൽ പ്പിക്കാതിരിക്കുകയും ചെയ്യുന്ന ഭാരതീ യ ആചാരത്തിന്റെ പേര്– അഹിംസ
721 അശോകചക്രവർത്തിയുടെ പിതാവ്– ബിന്ദുസാരൻ
722 സാഞ്ചിസ്തൂപം നിർമിച്ചത്– അശോകൻ
723 അശോകനെ ഏറ്റവും മഹാനായ രാജാ വെന്നു വിശേഷിപ്പിച്ചത്– എച്ച്.ജി.വെൽ സ്
724 ആരുടെ കാലത്താണ് കാന്തഹാർ എ ന്നേക്കുമായി മുഗൾ സാമ്രാജ്യത്തിനു നഷ്ടമായത്– ഷാജഹാൻ
725 ഏതു മുഗൾ ചക്രവർത്തിയുടെ കാല ത്താണ് മുഗൾ ശില്പവിദ്യ പാരമ്യത പ്രാപിച്ചത്– ഷാജഹാൻ
726 എവറസ്റ്റിന് ആ പേരു ലഭിക്കാൻ കാര ണക്കാരനായ ജോർജ് എവറസ്റ്റ് ആരാ യിരുന്നു– ഇന്ത്യയുടെ സർവേയർ ജനറൽ
727 എവറസ്റ്റിന്റെ ഉയരം കണക്കാക്കിയത് – ജോർജ് എവറസ്റ്റ്
728 എവറസ്റ്റ് കൊടുമുടിക്ക് ആ പേരു നൽ കിയത് – കേണൽ ആൻഡ്രൂവാഗ്
729 എവിടെയാണ് പഞ്ചായത്തീരാജിനു തു ടക്കം കുറിച്ചത്– നാഗൂർ (രാജസ്ഥാൻ)
730 അശോകന്റെ എത്രാമത്തെ ശിലാശാസ നത്തിലാണ് കലിംഗയുദ്ധത്തെക്കുറിച്ച് പരാമർശമുള്ളത്– 13
731 അശോകന്റെ ശിലാലിഖിതങ്ങളുടെ പൊരുൾ തിരിച്ചറിഞ്ഞ ഗവേഷകൻ– ജെയിംസ് പ്രിൻസെപ്
732 അശോകന്റെസാമ്രാജ്യത്തിൽവടക്കുപടി ഞ്ഞാറൻഭാഗങ്ങളിലുള്ള ശിലാലിഖിത ങ്ങളിൽ ഏതു ലിപിയാണ് ഉപയോഗി ച്ചിട്ടുള്ളത്– ഖരോഷ്ടി
733 ഷാജഹാൻ തടവിലായിരുന്നപ്പോൾ പ രിചരിച്ചിരുന്ന മകൾ– ജഹനാര
734 ഷാജഹാന്റെ ശവകുടീരം എവിടെയാ ണ്– ആഗ്ര
735 ഏറ്റവുമൊടുവിൽ ഗാന്ധിജിയെ സന്ദർ ശിച്ച പ്രമുഖനേതാവ്– സർദാർ പട്ടേൽ
736 ഏറ്റവും പ്രബലനായ സിഖ് ഭരണാധി കാരി– രഞ്ജിത്ത് സിങ്
737 ഗാന്ധിജി ജോഹന്നാസ് ബർഗിൽ ആ രംഭിച്ച് ഫാം– ടോൾസ്റ്റോയ് ഫാം
738 ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ആരം ഭിച്ച പത്രം– ഇന്ത്യൻ ഒപ്പീനിയൻ
739 മൂന്നാംബുദ്ധമതസമ്മേളനത്തിന്റെര ക്ഷാധികാരിയായിരുന്നത്– അശോകൻ
740 ദേവാനാം പ്രിയദർശി എന്നറിയപ്പെട്ടി രുന്ന മൗര്യ ചക്രവർത്തി– അശോകൻ
741 അശോകന്റെ സാമ്രാജ്യത്തിൽ കാന്ത ഹാർ പ്രദേശത്തെ ശിലാശാസനങ്ങളിൽ ഉപയോഗിച്ചിരുന്ന ഭാഷ– അരാമയിക്
742 ആരുടെ സ്മരണയ്ക്കാണ് ഷാജഹാൻ താജ്മഹൽ നിർമിച്ചത്– മുംതാസ്മഹൽ
743 മുംതാസ്മഹലിന്റെ യഥാർഥ പേര്–


അർജുമാന്ദ്ബാനു ബീഗം
744 മുംതാസ്മഹൽ മരിച്ച വർഷം- 1631
745 താജ്മഹലിന്റെ പ്രധാന ശൽപി- ഉസ്താദ് ഇസ
746 താജ്മഹൽ നിർമിക്കാൻ എത്ര വർഷമെടുത്തു- 22
747 ഏഷ്യയിലെ ഏറ്റവും പഴക്കമുള്ള എഞ്ചിനീയറിങ് കോളേജ് - റൂർക്കി
748 ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചത്- വില്യം ജോൺസ്
749 ഏതു യുദ്ധത്തിലാണ് ടിപ്പു കൊല്ലപ്പെട്ടത്- നാലാം മൈസൂർ യുദ്ധം(1799)
750 ഒന്നാം ലോകമഹായുദ്ധത്തിൽ വീരമൃത്യു വരിച്ച ഇന്ത്യൻ ജവാൻമാരുടെ ഓർമയ്ക്കായി ഉണ്ടാക്കിയ സ്മാരകം- ഇന്ത്യാഗേറ്റ്
751 വല്ലഭ്ഭായി പട്ടേലിന് സർദാർ പദവി നൽകിയത്- ഗാന്ധിജി
752 ഇന്ത്യൻമാക്കിയവെല്ലിഎന്നുവിശേഷിപ്പിക്കപ്പെട്ടത്- ചാണക്യൻ
753 ഗ്രീക്കുകാർ സാൻഡ്രോകോട്ടൂസ് എന്ന പേര് ചന്ദ്രഗുപ്തമൗര്യനെ സൂചിപ്പിക്കാനാണ് ഉപയോഗിച്ചത് എന്ന് ആദ്യമായി തെളിയിച്ചത്- വില്യം ജോൺസ്
754 മയൂരസിംഹാസനം നിർമിച്ചത്- ഷാജഹാൻ
755 മയൂരസിംഹാസനവും കോഹിനൂർ രത്നവും പേർഷ്യയിലേക്കു കടത്തിയത്- നാദിർഷാ
756 ഏതു മുഗൾ ചക്രവർത്തിയുടെ കാലത്താണ് മാലിക് മുഹമ്മദ് ജയ്സി പത്മാവദിന്റെ രചന പൂർത്തിയാക്കിയത്- ഷാജഹാൻ
757 കിഴക്കിന്റെ ഷിറാസ് എന്നറിയപ്പെട്ട കവി- മാലിക് മുഹമ്മദ് ജയ്സി
758 പത്മാവതിന്റെ പ്രതിപാദ്യം- റാണി പത്മിനിയുടെ ജീവിതം
759 ഏതു രാജ്യത്തെ ഇന്ത്യൻവംശജരുടെ പ്രശ്നങ്ങളുമായി സഹകരിച്ചതിനാലാണ് സി.എഫ്.ആൻഡ്രൂസിന് ദീനബന്ധു എന്ന പേരു ലഭിച്ചത്- ഫിജി
760 ഏതു വർഷത്തെ കോൺഗ്രസ് സമ്മേളനത്തിലാണ് ജനഗണമന ആദ്യമായി ആലപിച്ചത്- 1911
761 ഓഗസ്ത് 15 ജന്മദിനമായ സ്വാതന്ത്ര്യ സമരസേനാനി- അരവിന്ദഘോഷ്
762 ഓടിവിളയാടുപാപ്പ എന്ന ദേശഭക്തിഗാനം രചിച്ചത്- സുബ്രമണ്യഭാരതി
763 സുംഗവംശ സ്ഥാപകൻ- പുഷ്യമിത്രൻ
764 ബെസ്നഗറിലെ ഗരുഢസ്തംപണികഴിപ്പിച്ചത്- ഹീലിയോഡോറസ്
765 കനിഷ്കന്റെ രണ്ടാം തലസ്ഥാനം- മഥുര
766 അവസാനത്തെ മുഗൾ ചക്രവർത്തി- ഔറംഗസീബ്
767 ജസിയ പുനഃസ്ഥാപിച്ച(1679) മുഗൾ ചക്രവർത്തി- ഔറംഗസീബ്
768 ഔറംഗസീബ് ധർമട് യുദ്ധത്തിൽ ജസ്വന്ത് സിങിന്റെ നേതൃത്വത്തിലുള്ള, ദാരയുടെ സൈന്യത്തെ തോൽപിച്ച വർഷം- 1658
769 ഔറംഗസീബ് ദാരയെ തോൽപിച്ച സമുഗഢ് യുദ്ധം നടന്ന വർഷം- 1658
770 സിംഹാസനാരോഹണം ചെയ്തപ്പോൾ ഔറംഗസീബ് സ്വീകരിച്ച പേര്- ആലംഗീർ (ലോകം കീഴടക്കിയയാൾ)
771 ഏതു സമരവുമായി ബന്ധപ്പെട്ടാണ് ഗാന്ധിജി പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന് ആഹ്വാനം ചെയ്തത്- ക്വിറ്റിന്ത്യാസമരം
772 ഏതു സംഭവത്തിൽ പ്രതിഷേധിക്കാനാണ് ഗാന്ധിജി കൈസർ-ഇ-ഹിന്ദ് തിരിച്ചുനൽകിയത്- ജാലിയൻവാലാബാഗ് കൂട്ടക്കൊല
773 ഏതു നേതാവിന്റെ മരണശേഷമാണ് ഗാന്ധിജി കോൺഗ്രസിന്റെ അനിഷേധ്യ നേതാവായി ഉയർന്നത്- ബാലഗംഗാധരതിലകൻ
774 ഏതു പേരിലാണ് സുബാഷ് ചന്ദ്രബോസ് വേഷപ്രച്ഛന്നനായി ഇന്ത്യയിൽനിന്നു കടന്നത്- മൗലവി സിയാവുദ്ദീൻ
775 ഗാന്ധിജിയുടെ മനഃസാക്ഷിസൂക്ഷിപ്പുകാരൻ എന്നറിയപ്പെട്ടത്- സി.രാജഗോപാലാചാരി
776 ഗാന്ധിജിയുടെ മക്കൾ- ഹരിലാൽ,മണിലാൽ,രാംദാസ്,ദേവദാസ്
777 ചരകസംഹിത എന്തിനെക്കുറിച്ചുള്ള ഗ്രന്ഥമാണ്- വൈദ്യം
778 കുശാനൻമാർ എവിടെനിന്നുമാണ് ഇന്ത്യയിൽ വന്നത്- ഉത്തര മധ്യേഷ്യ
779 ഔറംഗസീബ് ഈസ്റ്റിന്ത്യാക്കമ്പനിക്ക് ബംഗാളിൽ കച്ചവടത്തിന് അനുമതി നൽകിയത്- 1667
780 വട്ടമേശ സമ്മേളനത്തിലേക്ക് ഇന്ത്യൻ വനിതകളുടെ പ്രതിനിധിയായി ക്ഷണിക്കപ്പെട്ടത്- സരോജിനി നായിഡു
781 വട്ടമേശ സമ്മേളനങ്ങളിൽ അംബേദ്കർ ഏത് വിഭാഗത്തെയാണ് പ്രതിനിധാനം ചെയ്തത്- അധഃസ്ഥിതർ
782 ഒന്നാം വട്ടമേശ സമ്മേളനം നടക്കുമ്പോൾ വൈസ്രോയി- ഇർവിൻ പ്രഭു
783 കനിഷ്കന്റെ സദസ്സിലെ ഏറ്റവും പ്രഗല്ഭനായ പണ്ഡിതൻ- അശ്വഘോഷൻ
784 കനിഷ്കന്റെ തലസ്ഥാനം- പുരുഷപുരം
785 നാഗാർജുനൻ,വസുമിത്രൻ,സുശ്രുതൻ എന്നിവർ ആരുടെ സദസ്സിലായിരുന്നു - കനിഷ്കൻ
786 ലാഹോറിൽ ബാദ്ഷാഹി മോസ്ക് നിർമിച്ചത്- ഔറംഗസീബ്
787 ജീവിക്കുന്ന സന്യാസി (സിന്ദാ പീർ) എന്നറിയപ്പെട്ട മുഗൾ ചക്രവർത്തി- ഔറംഗസീബ്
788 ഔറംഗസീബിന്റെ ഭാര്യ റാബിയ ദുരാനിയുടെ ശവകുടീരം- ബീബി കി മഖ്ബരാ
789 പാവങ്ങളുടെ താജ്മഹൽ എന്നറിയപ്പെടുന്നത്- ബീബി കി മഖ്ബരാ
790 ഒന്നാം സ്വാതന്ത്ര്യ സമരം നടന്ന വർഷം - 1857
791 ഒന്നാം സ്വാതന്ത്ര്യസമരകാലത്തെ ഗവർണർ ജനറൽ- കാനിങ് പ്രഭു
792 ഒന്നാം മൈസൂർ യുദ്ധം അവസാനിക്കാൻ കാരണമായ സന്ധി എവിടെവച്ചാണ് ഒപ്പിട്ടത്- ചെന്നൈ
793 ഒന്നാം ലോകമഹായുദ്ധത്തിൽ ഒരു കണ്ണു നഷ്ടപ്പെട്ടശേഷം ഇന്ത്യയുടെ വൈസ്രോയിയായത് -വേവൽ പ്രഭു
794 ഒക്ടോബർ രണ്ടിനു ജനിച്ച നേതാക്കൾ - ഗാന്ധിജിയും ലാൽ ബഹാദൂർ ശാസ്ത്രിയും
795 ഓൾ ഇന്ത്യാ കിസാൻ സഭയുടെ ആദ്യത്തെ പ്രസിഡന്റ്- സഹജാനന്ദ് സരസ്വതി
796 കത്തിയവാഢിലെ സുദർശനതടാകത്തിന്റെ കേടുപാടുകൾ തീർത്ത രാജാവ്- രുദ്രദാമൻ
797 മെനാൻഡറും നാഗർജുനനും തമ്മിലുള്ള സംഭാഷണം അടങ്ങിയ കൃതി- മിലിന്ദ പാൻഹോ
798 മെനാൻഡറെബുദ്ധമതത്തിലേക്ക്പരിവർത്തനം ചെയ്തത്- നാഗാർജുനൻ(നാഗസേനൻ)
799 ഏറ്റവും നിഷ്ഠുരനായ മുഗൾ ചക്രവർത്തി- ഔറംഗസീബ്
800 ഡൽഹിയിൽ മോട്ടി മസ്ജിദ് നിർമിച്ചത്- ഔറംഗസീബ്
801 വിപ്ലവചിന്തകൾ പുലർത്തിയതിന് 1831-ൽ ഹിന്ദു കോളേജിൽ നിന്നു പുറത്താക്കപ്പെട്ട ആംഗ്ലോ ഇന്ത്യൻ കവി - ഹെന്റി ഡെറോസിയോ
802 വിശ്വഭാരതി സർവകലാശാലയ്ക്കുള്ളിൽ ടാഗോറിന്റെ വീടിന്റെ പേര്- ഉത്തരായൻ
803 വിവേകാനന്ദ സാഹിത്യ സർവസ്വത്തിന് അവതാരിക എഴുതിയത്- സിസ്റ്റർ നിവേദിത
804 കണ്വവംശത്തിലെ അവസാനത്തെ രാജാവ്- സുശർമൻ
805 കണ്വവംശം സ്ഥാപിച്ചത്- വാസുദേവൻ
806 പാർഥിയൻ ഭരണാധികാരികളിൽ ഏറ്റവും പ്രശസ്തൻ- ഗോണ്ടോഫെർണസ്
807 ഔറംഗസീബിന്റെ പിൻഗാമിയായ മുവാസം രാജകുമാരൻ ഏതു പേരിലാണ് സിംഹാസനാരോഹണം നടത്തിയത് - ബഹദൂർഷാ ഒന്നാമൻ
808 ഹുമയൂണിനെ തോൽപിച്ച അഫ്ഘാൻ വീരൻ- ഷെർഷാ
809 ഷെർഷായുടെ യഥാർഥ പേര്- ഫരീദ്
810 ഷെർഷായുടെ പിതാവ്- ഹസ്സൻ
811 ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ ദർബനിൽ ഫീനിക്സ് സെറ്റിൽമെന്റ് സ്ഥാപിച്ചത് -1904-ൽ
812 ഗാന്ധിജി ദണ്ഡി യാത്ര ആരംഭിച്ച സ്ഥലം- അഹമ്മദാബാദ്
813 വിദ്യനേടൂ, സംഘടിക്കൂ, സമരം ചെയ്യൂ എന്ന് ആഹ്വാനം ചെയ്ത നേതാവ് - ബി.ആർ.അംബേദ്കർ
814 വന്ദേമാതരത്തിന്റെ ഇംഗ്ളീഷ് പരിഭാഷ നിർവഹിച്ചത്- അരവിന്ദഘോഷ്
815 വ്യക്തി സത്യാഗ്രഹത്തിനു തുടക്കം കുറിച്ച് ആദ്യമായി അറസ്റ്റിലായത്- വിനോബാഭാവെ
816 കപ്പലോട്ടിയ തമിഴൻ എന്നറിയപ്പെട്ടത് -വി.ഒ.ചിദംബരം പിള്ള
817 അക്ബറുടെ ഭരണ പരിഷ്കാരങ്ങളുടെ മുൻഗാമി എന്നറിയപ്പെടുന്നത്- ഷെർഷാ
818 ഇന്ത്യയിലാദ്യമായി, രൂപയുടെ മുൻഗാമിയെ അവതരിപ്പിച്ച ഭരണാധികാരി- ഷെർഷാ
819 കസ്തൂർബാ ഗാന്ധി അന്തരിച്ചത്- 1944 (ഫെബ്രുവരി 22)
820 കാബൂൾ ആസ്ഥാനമാക്കി സ്ഥാപിച്ച സ്വതന്ത്ര ഭാരത സർക്കാരിൽ വിദേശ കാര്യവകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ച തിരുവനന്തപുരത്തുകാരൻ- ചെമ്പകരാമൻ പിള്ള
821 കാലത്തിന്റെ കപോലത്തിലെ കണ്ണുനീർത്തുള്ളി എന്ന് താജ്മഹലിനെ വിശേഷിപ്പിച്ചത് രബീന്ദ്രനാഥ് ടാഗോർ
822 ശിപായി ലഹള നടന്ന വർഷം- 1857
823 കിങ്സ് ഫോർഡ് എന്ന ജില്ലാ മജിസ്ട്രേറ്റിനെ കൊലപ്പെടുത്തിയ കേസിൽ തൂക്കിലേറ്റപ്പെട്ടത്- ഖുദിറാം ബോസ്
824 ഏതു ശതകത്തിലാണ് ക്രിസ്ത്യൻ മിഷനറിമാർ ഇന്ത്യയിലെത്തിയത്- എ.ഡി.ഒന്നാം ശതകം
825 സുംഗവംശത്തിനുശേഷം ഭരണമേറ്റ രാജവംശം- കണ്വവംശം
826 ഇൻഡോ ഗ്രീക്ക് വംശത്തിലെരാജാക്കൻമാരിൽ ഏറ്റവും പ്രശസ്തൻ- മെനാൻഡർ
827 സിവിൽ ഭരണകൂടം കെട്ടിപ്പടുക്കാൻ ശരിയായ പ്രാഗല്ഭ്യം കാണിച്ച ഇന്ത്യയിലെ ആദ്യ മുസ്ലിം ഭരണാധികാരി- ഷെർഷാ
828 ഷെർഷായുടെ ശവകുടീരം എവിടെയാണ്- സസറാം(ബീഹാർ)
829 ഷെർഷായുടെ ശവകുടീരം നിർമിച്ചത് - ഷെർഷാ
830 ഡൽഹിയിൽ പുരാണ് കില നിർമിച്ചത്- ഷെർഷാ
831 ഗാന്ധിജി സ്വാതന്ത്ര്യദിനത്തിൽഗാന്ധിജിഎവിടെയായിരുന്നു- ബംഗാളിൽ
832 ഗാന്ധിജി ഹരിജൻ ആശ്രമം എവിടെയാണ് സ്ഥാപിച്ചത്- സബർമതി
833 കൂക്ക പ്രസ്ഥാനം രൂപംകൊണ്ട സംസ്ഥാനം- പഞ്ചാബ്
834 ശുദ്ധി പ്രസ്ഥാനം ആരംഭിച്ചത്- ദയാനന്ദ് സരസ്വതി
835 ക്യാബിനറ്റ് മിഷൻ നയിച്ചത്- പെത്തിക് ലോറൻസ്
836 ക്വിറ്റിന്ത്യ സമരത്തിന്റെ നായിക എന്നറിയപ്പെട്ടത്- അരുണ അസഫ് അലി
837 ക്വിറ്റിന്ത്യാ പ്രസ്ഥാനം നടന്ന വർഷം- 1942
838 എവിടെയാണ് ശങ്കരദേവൻ ഭക്തിപ്രസ്ഥാനം പ്രചരിപ്പിച്ചത്- അസം
839 എവിടെയാണ് ചൈതന്യ ഭക്തിപ്രസ്ഥാനം പ്രചരിപ്പിച്ചത്- ബംഗാൾ
840 ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു- ഗോഖലെ
841 ഗാന്ധിജിയുടെ വധത്തോടെ നിരോധിക്കപ്പെട്ട സംഘടന- ആർ.എസ്.എസ്.
842 ക്വിറ്റിന്ത്യാസമരകാലത്തെ കോൺഗ്രസ് പ്രസിഡന്റ്- മൗലാനാ അബ്ദുൾ കലാം ആസാദ്
843 ഷഹീദ്-ഇ-അസം എന്നറിയപ്പെട്ടത് - ഭഗത് സിങ്
844 സരോജിനി നായിഡുവിനെ ഇന്ത്യയുടെ വാനമ്പാടി എന്നു വിശേഷിപ്പിച്ചത് - രബീന്ദ്രനാഥ് ടാഗൂർ
845 ഖിലാഫത്ത് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്- അലി സഹോദരൻമാർ
846 ഖുദായ് ഖിത്മത്ഗർ എന്ന സംഘടന സ്ഥാപിച്ച സ്വാതന്ത്ര്യസമരസേനാനി- അബ്ദുൾ ഗാഫർ ഖാൻ
847 ആരുടെ സദസ്യനായിരുന്നു ചരകൻ- കനിഷ്കൻ
848 ആരുടെ ഭരണകാലത്താണ് സെന്റ് തോമസ് ഇന്ത്യയിലെത്തിയത്- ഗോണ്ടോഫെർണസ്
849 മിലിന്ദ പാൻഹോ രചിച്ചത്- നാഗാർജുനൻ
850 കബീറിന്റെ കാലഘട്ടം- 1440-1518
851 കബീറിന്റെ ഗുരു- രാമാനന്ദൻ
852 രാമാനന്ദന്റെ ഗുരു- രാമാനുജൻ
853 ബീജക് രചിച്ചത്- കബീർ
854 സർ സയ്യദ് അഹമ്മദ്ഖാൻ മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ച വർഷം- 1875
855 കൽക്കട്ട, ബോംബെ ഹൈക്കോടതികൾ നിലവിൽ വന്ന വർഷം- 1862
856 ശക്തിയേറിയ ബ്രേക്കുള്ളതും എൻജിൻ ഇല്ലാത്തതുമായ യന്ത്രം എന്ന് എന്തിനെക്കുറിച്ചാണ് ജവാഹർലാൽ നെഹ്റു പറഞ്ഞത്- 1935 ലെ ഗവ.ഓഫ് ഇന്ത്യാ ആക്ട്
857 ഹിന്ദുമതം സ്വീകരിച്ച യവന അംബാസഡർ- ഹീലിയോഡോറസ്
858 ഗിരിനഗരശിലാലേഖംഏതുരാജാവിന്റെ നേട്ടങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്- രുദ്രദാമൻ
859 ഗുരു നാനാക്കിന്റെ ജീവിത കാലഘട്ടം - 1469-1539
860 ഖ്വാജാ മൊയ്നുദ്ദീൻ ചിസ്റ്റിയുടെ ശവകുടീരം എവിടെയാണ്- അജ്മീർ
861 ഭക്തി പ്രസ്ഥാനം ഏറ്റവും ശക്തി പ്രാപിച്ച നൂറ്റാണ്ട്- 11,12
862 ഹിന്ദുമതത്തിന്റെ അക്വിനാസ് എന്നറിയപ്പെട്ടത്- ആദിശങ്കരൻ
863 സിക്കുകാരുടെ പത്താമത്തെയും അവസാനത്തെയും ഗുരു- ഗോവിന്ദ്സിങ്
864 കസ്തൂർബാ ഗാന്ധി എവിടെവച്ചാണ് അന്തരിച്ചത്- ആഗഖാൻ പാലസ് ജയിൽ
865 കാനിങ് പ്രഭുവിന്റെ കാലത്ത് 1860-ൽ ഇന്ത്യയിലെ ആദ്യത്തെ ബജറ്റ് അവതരിപ്പിച്ചത്- സർ ജെയിംസ് വിൽസൺ
866 ക്യാബിനറ്റ് മിഷൻ ഇന്ത്യയിൽ വന്ന വർഷം- 1946
867 ഗാന്ധിജി എവിടെവച്ചാണ് ആദ്യമായി സത്യാഗ്രഹമനുഷ്ഠിച്ചത്- ദക്ഷിണാഫ്രിക്ക
868 ഗാന്ധിജി വധിക്കപ്പെട്ട സ്ഥലം- ന്യൂഡൽഹി
869 ഇന്ത്യയിൽ ആദ്യമായി സ്വർണനാണയം പുറപ്പെടുവിച്ചത്- ഇന്തോ-ഗ്രീക്കുകാർ
870 നാണയങ്ങളിൽ ബുദ്ധന്റെ രൂപം മുദ്രണം ചെയ്ത ആദ്യ രാജാവ്- കനിഷ്കൻ
871 ശകവർഷം ആരംഭിച്ചതെന്ന്- എ.ഡി.-78
872 ശങ്കരാചാര്യർ പ്രചരിപ്പിച്ച തത്ത്വം- അദ്വൈതം
873 വല്ലഭാചാര്യർ പ്രചരിപ്പിച്ച തത്ത്വം- ശുദ്ധാദ്വൈതം
874 നിംബാർക്കാചാര്യ പ്രചരിപ്പിച്ച തത്ത്വം - ദ്വൈതാദ്വൈതം

(ശേഷം പേജ് 23ൽ)

കേരളീയം

ആർ.സി.സുരേഷ്കുമാർ
rcsk1234@gmail.com

# കേരള രാഷ്ട്രീയം @ 60




**ആധുനിക ജനാധിപത്യത്തിന്റെ ജന്മഗേഹമായ ബ്രിട്ടണിൽ ഹൗസ് ഓഫ് കോമൺസിന്റെ പടികളിൽ അംഗമെന്ന നിലയിൽ ആദ്യമായി ഒരു വനിത ചവിട്ടിയത് 1919–ൽ ആണ്. നാൻസി ആസ്റ്റർ എന്നാണ് അവരുടെ പേര്. ഇന്ത്യയിലെ ഒരു പ്രവിശ്യാ അസംബ്ലിയിൽ അംഗമായ ആദ്യ വനിത ഡോ.മുത്തുലക്ഷ്മി റെഡ്ഡിയാണ് (1921). കേന്ദ്ര നിയമനിർമാണസഭയിൽ അംഗമായ ആദ്യ വനിത രാധാഭായി സുബ്ബരായനാണ് (1937). ഹൗസ് ഓഫ് കോമൺസിൽ ഒരു വനിത അംഗമായ അതേ കാലഘട്ടത്തിലും ബ്രിട്ടിഷ് ഇന്ത്യയിലെ നിയമനിർമാണസഭകളിൽ വനിതകൾ അംഗമാകുന്നതിനുമുമ്പായിട്ടും മലയാളനാട്ടിൽ ഒരു വനിതയ്ക്ക് നിയമസഭാംഗമാകാൻ കഴിയുകയുണ്ടായി–1921–ൽ തിരുവിതാംകൂർ നിയമനിർമാണസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട മേരി പുന്നൻ ലൂക്കോസ്. നാട്ടുരാജ്യങ്ങളിലെ ആദ്യ ജനകീയ മന്ത്രി അധികാരത്തിലേറിയത് കൊച്ചിയിലാണ് (1938 –അമ്പാട്ടുശിവരാമമേനോൻ). കൂട്ടുകക്ഷി മന്ത്രിസഭയും മുന്നണി സംവിധാനവും ദേശീയതലത്തിൽ വരുന്നതിനുമുമ്പുതന്നെ മലയാളനാട്ടിൽ അരങ്ങേറിയിരുന്നു. അസ്ഥിര സർക്കാരുടെ ബാഹുല്യംകാരണം പ്രസിഡന്റു ഭരണത്തിന് ഏറ്റവും കൂടുതൽ പ്രാവശ്യം വേദിയായ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എന്നാൽ, 1982 മുതൽ ഇരുമുന്നണികളും മാറിമാറി സുസ്ഥിരഭരണം കാഴ്ചവയ്ക്കുന്ന കേരളത്തിലെ സ്ഥിതിവിശേഷം രാഷ്ട്രീയനിരീക്ഷകർക്ക് വിസ്മയം പകരുന്ന പ്രതിഭാസമാണ്. സീസോ ഡെമോക്രസി എന്നാണ് അവർ അതിനെ വിശേഷിപ്പിക്കുന്നത്. നേതാക്കളുടെ വാഴ്ചയും വീഴ്ചയും രാഷ്ട്രീയ കക്ഷികളുടെ വളർച്ചയും തളർച്ചയും മുന്നണി സംവിധാനങ്ങളുടെ സംഘാടനവും വിഘടനവുമെല്ലാം ചേർന്ന് സംഭവബഹുലമാണത്. അതോടൊപ്പം ഉദാത്തമായ ഭരണോപാധികളുടെ ഉൾക്കാഴ്ചയോടുകൂടിയ ആവിഷ്കരണം, കാര്യക്ഷമമായ നടപ്പിലാക്കൽ എന്നിവയിലൂടെ ലോകമെമ്പാടുമുള്ള ജനാധിപത്യഭരണകൂടങ്ങൾക്ക് മാതൃകയായി മാറുന്നതിനും കേരളത്തിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനം അറുപതു പിന്നിടുമ്പോൾ കേരളകഥയുടെ രാഷ്ട്രീയമുഖമാണ് ഇവിടെ സംക്ഷിപ്തരൂപത്തിൽ വിവരിക്കുന്നത്.**

## 1947–1956: കേരള ചരിത്രത്തിലെ ഒരു അന്തരാളഘട്ടം

ഇന്ത്യ 1947 ആഗസ്ത് മാസത്തിൽ സ്വതന്ത്രമാകുമെന്ന് ഉറപ്പായപ്പോൾ തിരുവിതാംകൂറിനെ സ്വതന്ത്രരാജ്യമാക്കി നിർത്താൻ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ കരുനീക്കങ്ങളാരംഭിച്ചു. നാട്ടുരാജ്യങ്ങൾ ഇന്ത്യയോടോ പാകിസ്ഥാനോടോ ലയിക്കുന്നത് തീരുമാനിക്കാനുള്ള അധികാരാവകാശങ്ങൾ അതത് രാജ്യത്തെ ജനങ്ങൾക്കല്ല; രാജാക്കൻമാർക്കാണ് എന്ന വാദത്തെ അടിസ്ഥാനമാക്കിയായിരുന്നു അദ്ദേഹത്തിന്റെ നീക്കങ്ങൾ. എന്നാൽ, രാജ്യത്തെ സകല രാഷ്ട്രീയകക്ഷികളും പൊതുജനങ്ങളും ഇതിനെ നിശിതമായി എതിർത്തു. തിരുവനന്തപുരത്ത് പേട്ടയിൽ 1947 ജൂലൈ 13 ന് നടന്ന ഒരു പ്രതിഷേധയോഗത്തിൽ പൊലീസ് വെടിവെയ്പിൽ രാജേന്ദ്രൻ എന്ന ഒരു വിദ്യാർഥിയുൾപ്പെടെ മൂന്നുപേരുടെ മരണത്തിനിടയാക്കിയ സംഭവം ജനങ്ങളെ പിടിച്ചുലച്ചിരുന്നു. ഈ പ്രക്ഷുബ്ധമായ സാഹചര്യത്തിലാണ് 1947 ജൂലായ് 25–ന് തിരുവനന്തപുരത്ത് സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ ഒരു ചടങ്ങിൽ സംബന്ധിച്ചശേഷം മടങ്ങിപ്പോകുമ്പോൾ സി.പി. രാമസ്വാമിഅയ്യർക്ക് വെട്ടേറ്റത്. കെ.സി.എസ്. മണി എന്ന പേരിൽ അറിയപ്പെട്ടിരുന്ന കെ ചിദംബര സുബ്രഹ്മണ്യഅയ്യരാണ് ദിവാനെ ആക്രമിച്ചതെന്നാണ് പിൽക്കാലചരിത്രം രേഖപ്പെടുത്തുന്നത്. മാരകമായ മുറിവുകൾക്കിയാക്കിയ വധശ്രമത്തെ ഭാഗ്യംകൊണ്ട് അതിജീവിക്കാൻ കഴിഞ്ഞ ദിവാൻ സ്വതന്ത്രരാജ്യമെന്ന മോഹം ഉപേക്ഷിച്ച് 1947 ആഗസ്ത്





19 ന് സ്ഥാനംരാജിവച്ചൊഴിഞ്ഞ് തിരുവിതാംകൂർ വിട്ടു.

## തിരുവിതാംകൂറിൽ ജനകീയ മന്ത്രിസഭ

തുടർന്ന് സീനിയർ ഉദ്യോഗസ്ഥനായിരുന്ന പി.ജി.എൻ. ഉണ്ണിത്താൻ ഒഫിഷ്യേറ്റിങ് ദിവാനായിസ്ഥാനമേറ്റു. 1947 ഒക്ടോബർ 18 ന് തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ നിർമ്മാണസമിതിയെ തിരഞ്ഞെടുക്കുവാൻ വിളംബരം പുറപ്പെടുവിച്ചു. അധികാരം ജനപ്രതിനിധികൾക്കു കൈമാറുന്നതിന്റെ ഭാഗമായി ഒരു പതിനഞ്ചംഗ ഭരണപരിഷ്കാരസമിതി രൂപവത്കരിക്കപ്പെട്ടു. ഈ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ച ഗവൺമെന്റ് പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിലുള്ള പ്രഥമ തെരഞ്ഞെടുപ്പ് 1948 ഫിബ്രവരി രണ്ടുമുതൽ ആറുവരെയുള്ള തീയതികളിൽ നടത്തി. 120 അംഗ ജനപ്രതിനിധി സഭയിൽ 96 സ്ഥാനങ്ങൾ സ്റ്റേറ്റ് കോൺഗ്രസിനും മുസ്ലീംലീഗിനുമായി ലഭിച്ചു. പിന്നീട് ഈ ഭരണഘടനാ നിർമ്മാണ സമിതിയെ നിയമനിർമ്മാണ സഭയായി അംഗീകരിച്ചുകൊണ്ട് മഹാരാജാവിന്റെ ഉത്തരവുണ്ടായി 1948 മാർച്ച് 24–ന് കൊട്ടാരം, രാജകുടുംബം, ദേവസ്വം എന്നിവ മാത്രം വേർതിരിച്ച് മറ്റെല്ലാവകുപ്പുകളും ജനകീയ ഗവൺമെന്റിനു വിട്ടുകൊടുത്തു. അന്നുതന്നെ തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ സ്റ്റേറ്റ് കോൺഗ്രസ് നേതാവായ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ അധികാരമേറ്റു. സി.കേശവനും ടി.എം.വർഗീസും മന്ത്രിമാരായി. ഈ നേതൃത്രയം തിരുവിതാംകൂർ രാഷ്ട്രീയത്തിലെ ത്രിമൂർത്തികൾ എന്നാണ് അറിയപ്പെട്ടിരുന്നത്.



## പട്ടത്തിന്റെ രാജിയും പറവൂരിന്റെ സ്ഥാനാരോഹണവും

കോൺഗ്രസിലെ കക്ഷി മത്സരങ്ങളെത്തുടർന്ന് 1948 ഒക്ടോബർ 17 ന് പട്ടം താണുപിള്ള രാജിവച്ചു. തുടർന്ന് ഒക്ടോബർ 22 ന് കോൺഗ്രസിലെ പറവൂർ ടി.കെ. നാരായണ പിള്ളയുടെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ നിലവിൽ വന്നു. കെ.ആർ.ഇലങ്കത്ത്, ഡോ.ഇ.കെ.മാധവൻ, എൻ.കുഞ്ഞുരാമൻ, വി.ഒ.മാർക്കോസ് എന്നിവർ മന്ത്രിമാരായി സ്ഥാനമേറ്റു. ഒക്ടോബർ 22 മുതൽ 1951 ഫിബ്രവരി 24 വരെയുള്ള 28 മാസക്കാലം ടി.കെ.നാരായണപിള്ള ഭരിച്ചു. സ്റ്റേറ്റ് കോൺഗ്രസ് വിട്ട പട്ടം താണുപിള്ള ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപംകൊടുത്തു. പിന്നീട് അദ്ദേഹം പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവായി മാറി.

# കൊച്ചിയിലെ കാര്യങ്ങൾ

കൊച്ചിയിലാകട്ടെ സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ ജനകീയ ഭരണത്തിനു തുടക്കമിട്ടുകഴിഞ്ഞിരുന്നു. 1938 ജൂൺ 17–ന് കൊച്ചിൻ കോൺഗ്രസിലെ അമ്പാട്ടുശിവരാമമേനോൻ കൊച്ചിയിലെ ആദ്യത്തെ മന്ത്രിയായി. തിരുവിതാംകൂറിൽ ഉത്തരവാദ ഭരണത്തിനുവേണ്ടിയുള്ള ജനങ്ങളുടെ മുറവിളി ചിത്തിര തിരുനാൾ രാജാവും ദിവാൻ സി.പി.രാമസ്വാമി അയ്യരും അവഗണിച്ചിരുന്ന കാലത്താണ് തൊട്ടടുത്ത നാട്ടുരാജ്യമായ കൊച്ചിയിൽ ഇത്തരത്തിലൊരു പുരോഗമനാത്മകമായ നടപടിക്ക് തുടക്കം കുറിച്ചത്. ക്ഷേത്രപ്രവേശന വിളംബരത്തെത്തുടർന്ന് ഭാരതമൊട്ടാകെ ശ്രദ്ധാകേന്ദ്രമായി മാറുകയും ദേശീയ നേതാക്കളുടെ അഭിനന്ദനത്തിന് പാത്രീഭവിക്കുകയുംചെയ്ത തിരുവിതാംകൂറിനെ നിഷ്പ്രഭമാക്കുന്നതിന് കൊച്ചീദിവാൻ ആർ.കെ.ഷൺമുഖംചെട്ടി ആവിഷ്കരിച്ച തന്ത്രപരമായ നീക്കമായിരുന്നു ജനകീയ മന്ത്രിയുടെ നിയമനം എന്നൊരു നിഗമനം ചില ചരിത്രകാരൻമാർ നടത്തിയിട്ടുണ്ട്. ഗ്രാമോദ്ധാരണ വകുപ്പിന്റെ ചുമതലക്കാരനായിരുന്ന അമ്പാട്ടുശിവരാമമേനോന്റെ ആകസ്മിക മരണശേഷം ഡോ. എ.ആർ. മേനോൻ മന്ത്രിയായി (1938–42). എന്നാൽ, അവിശ്വാസപ്രമേയം മൂലം മേനോൻ രാജിവച്ചപ്പോൾ പ്രതിപക്ഷപാർട്ടിക്കാരനായിരുന്ന കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസിലെ ടി.കെ. നായർ മന്ത്രിയായി (1942–45). ഉത്തരവാദ ഭരണപ്രക്ഷോഭത്തെത്തുടർന്ന് 1946 ആഗസ്ത് 17ന് നിയമ സമാധാനം, ധനം ഒഴികെയുള്ള വകുപ്പുകൾ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരുടെ ഭരണത്തിനുവിട്ടുകൊടുത്തു. മറ്റു രണ്ടു ചെറിയ ഗ്രൂപ്പുകളുമായി സഹകരിച്ച് മന്ത്രിസഭ രൂപവൽക്കരിക്കാൻ പ്രജാമണ്ഡലം തീരുമാനിച്ചു. അങ്ങനെ പനമ്പിള്ളി ഗോവിന്ദമേനോൻ, സി.ആർ.ഇയ്യുണ്ണി, കെ.അയ്യപ്പൻ (സഹോദരൻ അയ്യപ്പൻ), ടി.കെ.നായർ എന്നിവരുൾപ്പെടുന്ന, കൊച്ചിയിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ 1946 സെപ്തംബർ 9–ന് അധികാരമേറ്റു. ആധുനിക കേരള രാഷ്ട്രീയത്തിലെ ആദ്യത്തെ കൂട്ടുകക്ഷി മന്ത്രിസഭയാണിത്. എന്നാൽ, ഈ മന്ത്രിസഭയ്ക്ക് തലവനായി പ്രധാനമന്ത്രിയോ മുഖ്യമന്ത്രിയോ ഉണ്ടായിരുന്നില്ല.

# പനമ്പിള്ളി ഗോവിന്ദമേനോൻ പ്രധാനമന്ത്രി




സ്വാതന്ത്ര്യാനന്തരം 1947 സെപ്തംബർ 1–ന് പ്രജാമണ്ഡലം നേതാവായ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രധാനമന്ത്രിയായി. അധികാരങ്ങൾ നഷ്ടപ്പെട്ടതോടെ ദിവാൻ സി.പി. കരുണാകരമേനോൻ രാജിവെച്ചു. അതോടെ ദിവാൻഭരണത്തിന്റെ അന്ത്യമായി. എറണാകുളം രാജേന്ദ്രമൈതാനത്ത് നടന്ന ലാത്തിച്ചാർജിനെ (ഒക്ടോബർ 18)പ്പറ്റി അന്വേഷണം നടത്താൻ മഹാരാജാവിനോട് പനമ്പിള്ളി ഗോവിന്ദമേനോൻആവശ്യപ്പെട്ടെങ്കിലും അഭ്യർഥന നിരസിക്കപ്പെടുകയാണുണ്ടായത്. തുടർന്ന് ടി.കെ.നായർ ഒഴികെയുള്ള മന്ത്രിമാർ രാജിവച്ചു (ഒക്ടോബർ 20). 1947 ഒക്ടോബർ 27–ന് പ്രോഗ്രസീവ് കക്ഷി നേതാവ് ടി.കെ. നായർ പ്രധാനമന്ത്രിയായി.പറമ്പി ലോനപ്പനും കെ.ബാലകൃഷ്ണമേനോനും മന്ത്രിമാരായി. രാജേന്ദ്രമൈതാനം സംഭവം കൊച്ചീ രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. അതുവരെ പ്രജാമണ്ഡലത്തിൽനിന്ന് അകന്നുനിന്നിരുന്ന പല നേതാക്കളും പാർട്ടിയിൽ ചേർന്ന് അതിനെ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. 1948 സെപ്തംബറിൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ ഇക്കണ്ടവാര്യർ പ്രധാനമന്ത്രിയായി പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ, സി.എ.ഔസേപ്പ് എന്നിവരായിരുന്നു മന്ത്രിസഭാംഗങ്ങൾ. 58 അംഗങ്ങളാണ് അസംബ്ലിയിലുണ്ടായിരുന്നത്. എൽ.എം. പൈലിയായിരുന്നു സ്പീക്കർ. ഇന്ത്യയിലെതന്നെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട സ്പീക്കറായിരുന്നു അദ്ദേഹം.

# തിരുകൊച്ചി സംസ്ഥാനത്തിന്റെ പിറവി

1949 ജൂലായ് ഒന്നിന് തിരുവിതാംകൂറും കൊച്ചിയും ലയിച്ച് തിരുകൊച്ചി സംസ്ഥാനം രൂപംകൊണ്ടു. തിരുവിതാംകൂർ മഹാരാജാവ് ചിത്തിരതിരുനാൾ പുതിയ സംസ്ഥാനത്തിന്റെ രാജപ്രമുഖനായി. കൊച്ചി രാജാവ് രാമവർമ്മ പരീക്ഷിത്തു തമ്പുരാൻ തിരു–കൊച്ചി സംയോജനസമയത്ത് ഒരു വ്യവസ്ഥ മാത്രമേ വച്ചിരുന്നുള്ളൂ–25 പൈസ വിലയുള്ള കൊച്ചി ഗവൺമെന്റ് പഞ്ചാംഗത്തിന്റെ നാലു കോപ്പികൾ വർഷംതോറും കിട്ടണം എന്നുമാത്രം! അങ്ങനെ കൊച്ചീരാജാവ് ചരിത്രത്താളുകളിലേക്കൊതുങ്ങി. തിരു–കൊച്ചി ലയന സമയത്ത് തിരുവിതാംകൂറിൽ പറവൂർ ടി.കെ. നാരായണ പിള്ളയും കൊച്ചിയിൽ ഇക്കണ്ടവാര്യരുമായിരുന്നു പ്രധാന മന്ത്രിമാർ. ലയനശേഷം ഇരുപ്രദേശങ്ങളിലെയും നേതാക്കൻമാരെ ഉൾപ്പെടുത്തി പുതിയൊരു മന്ത്രിസഭ അധികാരമേറ്റു. പറവൂർ ടി.കെ. നാരായണപിള്ളയായിരുന്നു പ്രധാനമന്ത്രി. ലയനഫലമായി രൂപംകൊണ്ട നിയമസഭയിൽ തിരുവിതാംകൂർ നിയമസഭയിലെ 120 അംഗങ്ങളും കൊച്ചിയിലെ 58 അംഗങ്ങളും ഉൾപ്പെടെ 178 അംഗങ്ങളുണ്ടായിരുന്നു. കേരളചരിത്രത്തിൽ ഏറ്റവും കൂടുതൽ നിയമസഭാംഗങ്ങളുണ്ടായിരുന്ന ഘട്ടമായിരുന്നു അത്. 1950 ജനവരി 26 ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതോടെ 'സംസ്ഥാന പ്രധാനമന്ത്രി'യുടെ സ്ഥാനം 'മുഖ്യമന്ത്രി' എന്നായി മാറി.

# സി.കേശവൻ ഭരണസാരഥി



പ്രക്ഷുബ്ധമായ രാഷ്ട്രീയാന്തരീക്ഷത്തിൽ ടി.കെ. രാജിവച്ചപ്പോൾ 1951 ഫിബ്രവരി 24 ന് കോൺഗ്രസ് നേതാവ് സി. കേശവന്റെ നേതൃത്വത്തിൽ പുതിയൊരു മന്ത്രിസഭ അധികാരത്തിൽ വന്നു. ഇന്ത്യയിലെ പ്രഥമ തിരഞ്ഞെടുപ്പിന്റെ ഭാഗമായി കേരളത്തിലും 1951 ഡിസംബർ, 1952 ജനുവരി മാസങ്ങളിൽ തിരഞ്ഞെടുപ്പു നടന്നു. തുടർന്ന് തിരുകൊച്ചിയിലെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയായി 1952 മാർച്ച് 12 ന് എ. ജെ. ജോൺ ചുമതലയേറ്റു. മുമ്പ് തിരുവിതാംകൂർ സ്പീക്കർ, തിരു–കൊച്ചിയിൽ മന്ത്രി എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. പനമ്പിള്ളി, ടി.എം.വർഗീസ്, കളത്തിൽ വേലായുധൻ നായർ, വി.മാധവൻ, കൊച്ചുകുട്ടൻ, തമിഴ്നാട് കോൺഗ്രസിലെ എ.ചിദംബര നാടാർ എന്നിവരായിരുന്നു മന്ത്രിമാർ. തിരു–കൊച്ചിയിലെ ആദ്യത്തെ കൂട്ടുകക്ഷി മന്ത്രിസഭയായിരുന്നു ഇത്. പതിനെട്ടു മാസത്തിനുശേഷം കൂട്ടുകക്ഷിയായിരുന്ന തമിഴ്നാട് കോൺഗ്രസ് പിന്തുണ പിൻവലിച്ചതിനെത്തുടർന്ന് അദ്ദേഹം നിയമസഭയിൽ വിശ്വാസപ്രമേയം അവതരിപ്പിച്ചു. പ്രമേയം പരാജയപ്പെടുകയും 1953 സെപ്തംബർ 23–നു അദ്ദേഹം രാജിവയ്ക്കുകയും ചെയ്തു. അടുത്ത തിരഞ്ഞെടുപ്പുവരെ ജോൺ മന്ത്രിസഭ 'കെയർ ടേക്കർ' ഗവൺമെന്റായി തുടരാൻ അനുവദിക്കപ്പെട്ടു.

# പട്ടം താണുപിള്ള വീണ്ടും അധികാരത്തിൽ

1954–ൽ വീണ്ടും തിരഞ്ഞെടുപ്പു നടന്നു. പി.എസ്.പി. നേതാവായ പട്ടം താണുപിള്ള കമ്യൂണിസ്റ്റ് പാർട്ടിയടക്കമുള്ള ഇടതുപക്ഷകക്ഷികളുമായിച്ചേർന്ന് തിരഞ്ഞെടുപ്പിനെ നേരിട്ടു. കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് 27–ഉം പി.എസ്.പി.യ്ക്ക് 19–ഉം സ്ഥാനങ്ങൾ ലഭിച്ചു. 120 അംഗനിയമസഭയിൽ ഇടതുപക്ഷ കക്ഷികൾക്ക് ഒരു സർക്കാർ രൂപവത്കരിക്കാൻ സാധ്യമായിരുന്നുവെങ്കിലും മുൻധാരണയ്ക്ക് വിരുദ്ധമായി പട്ടം താണുപിള്ള, കോൺഗ്രസുമായി ധാരണയിലെത്തുകയും ആ പാർട്ടിയുടെ പിന്തുണയോടെ 1954 മാർച്ച് 16–ന് തിരു–കൊച്ചി മുഖ്യമന്ത്രിയാകുകയും ചെയ്തു. പി.എസ്.നടരാജപിള്ള , എ.അച്യുതൻ , പി.കെ.കുഞ്ഞ് എന്നിവർ മന്ത്രിമാരായി. കോൺഗ്രസ് പ്രതിപക്ഷമെന്ന നിലയിലാണ് നിയമസഭയിൽ പ്രവർത്തിച്ചത്. ഈ മന്ത്രിസഭയാണ് തിരു–കൊച്ചി ഏറ്റവും കുറച്ചുകാലം ഭരിച്ചത്. ഒരു സോഷ്യലിസ്റ്റ് നേതാവ് മുഖ്യമന്ത്രി സ്ഥാനത്തെത്തിയ ആദ്യ അവസരമായിരുന്നു അത്.

# പനമ്പിള്ളി ഗോവിന്ദമേനോന്റെ മന്ത്രിസഭ

വഷളായിക്കൊണ്ടിരുന്ന ക്രമസമാധാനവും പാർട്ടിയിലെ ആഭ്യന്തരപ്രശ്നങ്ങളും മൂലം പ്രതിസന്ധികളിലുഴലുകയായിരുന്ന പട്ടം താണുപിള്ള മന്ത്രിസഭയ്ക്കുള്ള പിന്തുണ പിൻവലിക്കുവാൻ 1954 ഡിസംബർ 12–ന് കോൺഗ്രസ് തീരുമാനിച്ചു. തുടർന്ന് നിയമസഭയിലവതരിപ്പിച്ച അവിശ്വാസപ്രമേയം പാസായതോടെ 1955 ഫിബ്രവരി 10–നു പട്ടം മന്ത്രിസഭ നിലംപതിച്ചു. അതിനുശേഷം 1955 ഫിബ്രവരി 14–ന് പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിൽ ഒരു കോൺഗ്രസ് മന്ത്രിസഭ തമിഴ്നാട് കോൺഗ്രസിന്റെ പിന്തുണയോടെ അധികാരമേറ്റു. എ.ജെ.ജോൺ , കൊച്ചുകുട്ടൻ , എ.എ.റഹിം , കെ.ഐ.വേലായുധൻ എന്നിവരായിരുന്നു മന്ത്രിമാർ. പത്തുമാസത്തെ ഭരണത്തിനുശേഷം തമിഴ്നാട് കോൺഗ്രസിന്റെ വിഭജനവാദവും കോൺഗ്രസിലെ പനമ്പിള്ളി വിരോധികളുടെ അഖണ്ഡതാവാദവും സൃഷ്ടിച്ച രാഷ്ട്രീയ സമസ്യകൾക്കുമുന്നിൽ വലഞ്ഞ പനമ്പിള്ളി 1956 മാർച്ച് 12–ന് രാജപ്രമുഖന് രാജി സമർപ്പിച്ചു. തുടർന്ന് സംസ്ഥാനത്ത് ആദ്യമായി രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുകയും പി.എസ്. റാവു രാജപ്രമുഖന്റെ ഉപദേഷ്ടാവായി അധികാരമേൽക്കുകയും ചെയ്തു. തുടർന്ന് ഒരു വർഷവും 13 ദിവസവും പ്രസിഡന്റ് ഭരണമായിരുന്നു.

# സംസ്ഥാന പുന:സംഘടന

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടന പ്രകാരം 1956 നവംബർ 1–ന് കേരള സംസ്ഥാനം നിലവിൽ വന്നു. തിരുകൊച്ചി സംയോജനാവസരത്തിൽ തിരുവിതാംകൂറിലെ റവന്യൂഡിവിഷനുകളായിരുന്ന തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിവ ജില്ലകളായി. റവന്യൂ ഡിവിഷന്റെ ഭരണാധികാരിയായിരുന്ന ദിവാൻ പേഷ്കാരുടെ സ്ഥാനത്ത് ജില്ലാ കളക്ടറെ നിയമിച്ചു. തെക്കൻ തിരുവിതാംകൂറിൽ തിരുവനന്തപുരത്തിന്റെ ഭാഗമായിരുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് താലൂക്കുകളും കൊല്ലത്തിന്റെ ഭാഗമായിരുന്ന ചെങ്കോട്ട താലൂക്കും മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി. തമിഴ് സംസാരിക്കുന്നവർ കൂടുതലുണ്ടായിരുന്ന താലൂക്കുകളായിരുന്നു ഇവ. കൊച്ചി രാജ്യത്തെ നാലു താലൂക്കുകൾ ചേർത്ത് തൃശൂർ ജില്ല രൂപവത്കരിച്ചു. ഈ നാലുജില്ലകളോടൊപ്പം സംസ്ഥാനരൂപവത്കരണ സമയത്ത് മലബാർ ജില്ലകൂടി ചേർന്നപ്പോൾ ജില്ലകളുടെ എണ്ണം അഞ്ചായി.

മലബാർ ജില്ലയെ 1957 ജനുവരി ഒന്നിന് പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളായി വിഭജിച്ചു. 1957ആഗസ്ത്–17ന് ആലപ്പുഴ ജില്ലയും 1958 ഏപ്രിൽ ഒന്നിന് എറണാകുളം ജില്ലയും 1969 ജൂൺ 16–ന് മലപ്പുറം ജില്ലയും 1972 ജനുവരി 26–ന് ഇടുക്കി ജില്ലയും 1980 നവംബർ ഒന്നിന് വയനാട് ജില്ലയും 1982 നവംബർ ഒന്നിന് പത്തനംതിട്ട ജില്ലയും 1984 മെയ് 24–ന് കാസർഗോഡ് ജില്ലയും നിലവിൽ വന്നു. അങ്ങനെ സംസ്ഥാനം രൂപവത്കരിച്ച് 28 വർഷത്തിനുള്ളിൽ ജില്ലകളുടെ എണ്ണം അഞ്ചിൽ നിന്നും 14 ആയി ഉയർന്നു.

# കേരളവും തിരഞ്ഞെടുപ്പ് രാഷ്ട്രീയവും

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണിയുടെയും സി.പി.എമ്മിന്റെ നേതൃത്വത്തിലുള്ള ഇടതു ജനാധിപത്യ മുന്നണിയുടെയും ഇരുധ്രുവ ലോകമാണ് കേരളത്തിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയം എന്ന് പൊതുവേ പറയാം. 1967 മുതൽ ഭരണം ഇടത്തോട്ടും വലത്തോട്ടും മാറിമാറി ചാഞ്ഞുകൊണ്ടിരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. രാഷ്ട്രതന്ത്രശാസ്ത്ര വിദഗ്ധർ ഈ പ്രതിഭാസത്തിന് നൽകിയിരിക്കുന്ന പേരാണ് 'സീസോ ഡെമോക്രസി'

# ആദ്യ തിരഞ്ഞെടുപ്പ്

കേരള സംസ്ഥാനത്തെ ആദ്യ തിരഞ്ഞെടുപ്പ് നടന്നത് 1957 ഫിബ്രവരി 28 മുതൽ മാർച്ച് 11 വരെയുള്ള തീയതികളിലാണ്. 114 നിയമസഭാമണ്ഡലങ്ങളിൽ 12 എണ്ണം ദ്വയാംഗ മണ്ഡലങ്ങളായിരുന്നു. 102 എണ്ണം ഏകാംഗമണ്ഡലങ്ങളും.



ആകെ 126 സീറ്റുകളിലേക്കായിരുന്നു തിരഞ്ഞെടുപ്പ്. ഇവയിൽ 114 സീറ്റ് ജനറൽ വിഭാഗത്തിൽപെട്ടതും ബാക്കി 12 സംവരണ മണ്ഡലങ്ങളുമായിരുന്നു. 65.49 ശതമാനം പോളിങ് രേഖപ്പെടുത്തിയ തിരഞ്ഞെടുപ്പിലെ ആകെ സ്ഥാനാർഥികൾ 389 പേരായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (സിപിഐ) നൂറു സീറ്റുകളിലാണ് മത്സരിച്ചത്. പാർട്ടി സംസ്ഥാന സെക്രട്ടറി എം.എ



കേരളത്തിലെ ആദ്യമന്ത്രിസഭ – 1957

ൻ. ഗോവിന്ദൻനായർ ഒഴികെയുള്ള പ്രമുഖ നേതാക്കളെല്ലാം സ്ഥാനാർഥികളായി. ഇ.എം.എസ്., സി. അച്യുതമേനോൻ, ടി. വി. തോമസ്, കെ.സി. ജോർജ്, കെ. പി. ഗോപാലൻ, കെ.പി.ആർ. ഗോപാലൻ, ശങ്കരനാരായണൻതമ്പി, ആർ. സുഗതൻ, കെ. ആർ. ഗൗരി, സി. എച്ച്. കണാരൻ തുടങ്ങിയവരായിരുന്നു പ്രധാനികൾ. പി.ടി. പുന്നൂസ്, കെ. ദാമോദരൻ, എ.കെ.ഗോപാലൻ എന്നീ നേതാക്കൾ ഇതോടൊപ്പം നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിലാണ് മത്സരിച്ചത്. എസ്.കെ. പൊറ്റെക്കാട്ട്, വി.ആർ. കൃഷ്ണയ്യർ, ജോസഫ് മുണ്ടശ്ശേരി എന്നിവർ കമ്യൂണിസ്റ്റ് സ്വതന്ത്രന്മാരായി മത്സരിച്ചു. തൃശൂരിൽ ആയിടെ കോൺഗ്രസ്വിട്ട സ്വതന്ത്രൻ ഡോ. എ.ആർ. മേനോനെയും പാർട്ടി പിന്തുണച്ചു. മറ്റു പല സ്ഥലത്തും പാർട്ടി സ്വതന്ത്രന്മാർക്ക് പിന്തുണ നൽകി. അറുപതിടത്ത് സിപിഐ സ്ഥാനാർഥികൾ ജയിച്ചു. സി.പി.ഐ. സ്വതന്ത്രർ അഞ്ചിടത്ത് വിജയം കണ്ടു. 124 സീറ്റുകളിലാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് മത്സരിച്ചത്. പനമ്പിള്ളി ഗോവിന്ദമേനോൻ, ദാമോദരമേനോൻ, പി.ടി. ചാക്കോ, ഉമ്മർകോയ തുടങ്ങിയ നേതാക്കൾ മത്സരിച്ചു. സി. കെ. ഗോവിന്ദൻനായരും കോഴിപ്പുറത്ത് മാധവമേനോനും രംഗത്തിറങ്ങിയില്ല. കോൺഗ്രസ് 43 സീറ്റിൽ ജയിച്ചു. ജയിച്ച കോൺഗ്രസ് പ്രമുഖരിൽ കെ.കെ.വിശ്വനാഥൻ, കെ.എം.ജോർജ്, പി.ടി.ചാക്കോ എന്നിവർ ഉൾപ്പെട്ടിരുന്നു. പ്രജാ സോഷ്യലിസ്റ്റ് പാർട്ടി 62 സീറ്റുകളിലേക്ക് മത്സരിച്ചു. അതിന്റെ നേതാവ് പട്ടം താണുപിള്ള തിരുവനന്തപുരത്തുനിന്ന് ലോക്സഭയിലേക്കും നിയമസഭയിലേക്കും മത്സരിച്ചു. മറ്റൊരു നേതാവ് കെ.ബി. മേനോൻ വടകരയിലെ ലോക്സഭാസ്ഥാനാർഥിയായി. പിഎസ്പി നേതാവ് പൊന്നറ ശ്രീധറും ജയിച്ചു (കേരള സംസ്ഥാനം നിലവിൽവരുമ്പോൾ തിരുവനന്തപുരം മേയറായിരുന്നു ശ്രീധർ). 10.7 ശതമാനം വോട്ട് സ്വന്തമാക്കി ഒൻപതിടത്ത് ജയിക്കാനേ പിഎസ്പിക്ക് കഴിഞ്ഞുള്ളു. ആർ.എസ്.പി. 28 സീറ്റുകളിൽ മത്സരിച്ചു. ഒരിടത്തും വിജയിക്കാത്തതിനാൽ ആർ.എസ്.പി.ക്ക് പ്രഥമ കേരള നിയമസഭയിലേക്ക് പ്രതിനിധിയെ അയക്കാൻ കഴിഞ്ഞില്ല. സ്വതന്ത്രരൂപത്തിൽ മത്സരിച്ച മുസ്ലിം ലീഗ് 18 മണ്ഡലങ്ങളിൽ സ്ഥാനാർഥികളെ നിർത്തി. മഞ്ചേശ്വരത്ത് കർണാടക സമിതി മാത്രം സ്ഥാനാർഥിയെ നിർത്തി. മത്സരരംഗത്ത് ബാക്കിയുള്ളവർ ശുദ്ധ സ്വതന്ത്രന്മാരായിരുന്നു. മുസ്ലിംലീഗ് എട്ടും സ്വതന്ത്രൻ ഒരു സീറ്റും നേടി.

ഒമ്പത് വനിതകൾ മത്സരിച്ച തിരഞ്ഞെടുപ്പിൽ ആറുപേർ വിജയിച്ചു. കെ. ഒ. അയിഷാഭായി (കായംകുളം), കെ. ആർ. ഗൗരിയമ്മ (ചേർത്തല), റോസമ്മാ പുന്നൂസ് (ദേവികുളം) എന്നിവർ സി.പി.ഐ. അംഗങ്ങളായപ്പോൾ ഐ.എൻ.സി. നിയമസഭയിലെത്തിച്ച വനിതകൾ ഒ.ടി. ശാരദാകൃഷ്ണൻ (കോഴിക്കോട്–1), കുസുമം ജോസഫ് (കരീക്കോട്), ലീലാ ദാമോദരമേനോൻ (കുന്നമംഗലം) എന്നിവരായിരുന്നു. വിജയിച്ച സ്വതന്ത്രർ ഇവരാണ്–വി.ആർ. കൃഷ്ണയ്യർ (തലശ്ശേരി), ജോസഫ് മുണ്ടശ്ശേരി (മണലൂർ), ഡോ. എ.ആർ. മേനോൻ (തൃശൂർ), ചെങ്ങളത്തു രാമകൃഷ്ണപിള്ള (ഹരിപ്പാട്), കെ.വി. കോരു (ഗുരുവായൂർ).

പ്രജാ സോഷ്യലിസ്റ്റ് പാർട്ടി 10.7 ശതമാനം വോട്ട് സ്വന്തമാക്കി ഒമ്പതിടത്ത് വിജയിച്ചു. ലീഗിന് എട്ട് സീറ്റുകിട്ടി. മഞ്ചേശ്വരത്തുനിന്ന് വിജയിച്ച സ്വതന്ത്രസ്ഥാനാർഥി എം. ഉമേശ്റാവു പ്രഥമ കേരള നിയമസഭാതെരഞ്ഞെടുപ്പിലെ ആദ്യവിജയിയായി. സംസ്ഥാന ചരിത്രത്തിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക വ്യക്തി അദ്ദേഹമാണ്.

## പട്ടം താണുപിള്ളയുടെ ജയവും താൽവിയും

പി.എസ്.പി. സ്ഥാനാർഥി പട്ടം താണുപിള്ള ലോക്സഭാതെരഞ്ഞെടുപ്പിൽ തോറ്റെങ്കിലും നിയമസഭാതെരഞ്ഞെടുപ്പിൽ വിജയിച്ച് ഒന്നാം കേരള നിയമസഭയുടെ കാരണവരായി (ഏറ്റവും പ്രായംകൂടിയ അംഗം). കമ്യൂണിസ്റ്റ് സ്വതന്ത്രൻ അഡ്വ.എസ്.ഈശ്വരയ്യരാണ് രാഷ്ട്രീയ ജീവിതത്തിലെ ആദ്യ തിരഞ്ഞെടുപ്പ് പരാജയം പട്ടത്തിന് നൽകിയത്. കോൺഗ്രസ് നേതാക്കളുടേതിൽ ഏറ്റവും ശ്രദ്ധേയമായ പരാജയം പനമ്പിള്ളി ഗോവിന്ദമേനോന്റേതായിരുന്നു. അദ്ദേഹത്തോടുള്ള വിയോജിപ്പ് കാരണം ആയിടെ കോൺഗ്രസ്വിട്ട ഡോ. എ.ആർ. മേനോൻ പനമ്പിള്ളിയുടെ രാഷ്ട്രീയ ശിഷ്യൻ കെ. കരുണാകരനെയാണ് (പിൽക്കാലത്ത് കേരള മുഖ്യമന്ത്രി) പരാജയപ്പെടുത്തിയത്. തോറ്റ പ്രമുഖരിൽ ആർഎസ്പിയിലെ ടി.കെ.ദിവാകരൻ, സിപിഐയിലെ കെ.വി.സുരേന്ദ്രനാഥ്, വർഗീസ് വൈദ്യൻ എന്നിവരും ഉൾപ്പെടുന്നു.

വില്യം ഹാമിൽട്ടൺ ഡിക്രൂസിനെ ആംഗ്ലോ ഇന്ത്യൻ സമുദായ പ്രാതിനിധ്യത്തിന് ഗവർണർ നാമനിർദേശം ചെയ്തു. അതോടെ (1957 ഏപ്രിൽ മൂന്ന്) ഒന്നാം കേരള നിയമസഭയിൽ അംഗബലം 127 ആയി.

## വോട്ടും സീറ്റും ശതമാനക്കണക്കും

പോളിങ് ശതമാനം 65.49 ആയിരുന്നു. കമ്യൂണിസ്റ്റ്പാർട്ടി 60 സീറ്റുനേടി. പാർട്ടി പിന്തുണച്ച അഞ്ച് സ്വതന്ത്രന്മാരും വിജയിച്ചു. ജയിച്ച കമ്യുണിസ്റ്റ് പ്രമുഖരിൽ ഇഎംഎസ്, സിഅച്യുതമേനോൻ,ടി.വി.തോമസ്, വെളിയം ഭാർഗവൻ, ആർ.സുഗതൻ, തോപ്പിൽ ഭാസി, കെ.ആർ.ഗൗരി, എന്നിവർ ഉൾപ്പെട്ടിരുന്നു. കമ്യണിസ്റ്റ് പാർട്ടിക്കാണ് എണ്ണത്തിൽ കൂടുതൽ സീറ്റുകൾ ലഭിച്ചതെങ്കിലും ശതമാനാടിസ്ഥാനത്തിൽ കൂടുതൽ വോട്ടുകൾ ലഭിച്ചത് കോൺഗ്രസിനായിരുന്നു. പോൾചെയ്തതിന്റെ 35.28 ശതമാനം വോട്ടാണ് കമ്യൂണിസ്റ്റ് പാർട്ടി നേടിയത്. കോൺഗ്രസ് 37.85 ശതമാനം വോട്ട് നേടിയെങ്കിലും വിജയിച്ച സ്ഥാനാർഥികളുടെ എണ്ണം 43 മാത്രമായിരുന്നു. കോൺഗ്രസ് കൂടുതൽ സീറ്റിൽ മത്സരിച്ചതിനാലും സ്വതന്ത്രന്മാർ നേടിയ 12.88 ശതമാനം വോട്ടിൽ ഗണ്യമായ ഭാഗം കമ്യൂണിസ്റ്റുകളുടെത് ആയിരുന്നതുകൊണ്ടുമാണ് വിജയിച്ച സീറ്റിന്റെ എണ്ണവും കിട്ടിയ വോട്ടിന്റെ ശതമാനവുമായി വ്യത്യാസമുണ്ടായത്.

## ആര് നയിക്കും?

126 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുള്ള സഭയിൽ കേവല ഭൂരിപക്ഷത്തിന് വേണ്ട അംഗബലം 64 പേരാണ്. കമ്യൂണിസ്റ്റ് പാർട്ടിക്ക് 60 അംഗങ്ങളും പാർട്ടി പിന്തുണച്ച അഞ്ചു സ്വതന്ത്രൻമാരും ഉള്ളതിനാൽ ഭൂരിപക്ഷം സംബന്ധിച്ച് പ്രശ്നമില്ല. മുഖ്യമന്ത്രിസ്ഥാനത്തേക്ക് ഇ.എം.എസ്, ടി. വി. തോമസ്, എ.കെ. ഗോപാലൻ എന്നിവരുടെ പേരുകൾ അഭ്യൂഹമായി പ്രചരിച്ചു. കേരള സംയോജനത്തിനുമുമ്പ് തിരു–കൊച്ചിയിലെ അവസാനത്തെ പ്രതിപക്ഷ നേതാവായിരുന്നു തിരുവിതാംകൂറുകാരനായിരുന്ന ടി. വി. തോമസ്. ഒരു തെരഞ്ഞെടുപ്പിൻെറ ഫലമായി പ്രതിപക്ഷകക്ഷി അധികാരത്തിലേറുമ്പോൾ മുൻപ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായി അവരോധിക്കപ്പെടുക എന്ന പാർലമെന്ററി കീഴ്വഴക്കമാണ് അദ്ദേഹത്തിൻെറ പേര് ഉയർന്നുവരാൻ കാരണമായത്. എന്നാൽ പാർട്ടിയിലെ എം.എൽ.എ.മാരിൽ നല്ലൊരുപങ്ക് മലബാറിൽ നിന്നായിരുന്നു. പാർട്ടി സെക്രട്ടറി എം.എൻ. ഗോവിന്ദൻ നായർ തിരുവിതാംകൂറിൽനിന്നുമായതിനാൽ മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും തിരുവിതാംകൂറിൽ നിന്നാകുന്നത് രാഷ്ട്രീയമായ സന്തുലിതാവസ്ഥയെ ബാധിക്കുമെന്ന അഭിപ്രായമുണ്ടായി. അത് ശരിവയ്ക്കപ്പെട്ടു. സംസ്ഥാനത്തെ കമ്യുണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവായ എ.കെ. ഗോപാലൻ നിയമസഭാംഗമല്ലാത്തതിനാലും, ഇ.എം.എസ് മലബാറിൽനിന്നുമായതിനാലും അദ്ദേഹത്തിനു പ്രാമുഖ്യം ലഭിച്ചു (നീലേശ്വരം ദ്വയാംഗ മണ്ഡലത്തിൽനിന്നാണ് ഇ.എം.എസ് ജയിച്ചത്). എറണാകുളത്ത് 1957 ഏപ്രിൽ രണ്ടിന് ചേർന്ന കമ്യൂണിസ്റ്റുപാർട്ടി സംസ്ഥാന കമ്മിറ്റി യോഗം ഇ.എം.എസിനെ നേതാവായും സി.അച്യുതമേനോനെ ഉപനേതാവായും തിരഞ്ഞെടുത്തു.

## സ്ഥാനാരോഹണം

1957 ഏപ്രിൽ അഞ്ച് വെള്ളിയാഴ്ച ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ പതിനൊന്നംഗ മന്ത്രിസഭ ഗവർണർ ബി.രാമകൃഷ്ണറാവു മുമ്പാകെ സതപ്രതിജ്ഞ ചെയ്ത് ഭരണമേറ്റു. ഇന്ത്യൻ സംസ്ഥാനങ്ങളിലെ ആദ്യ കമ്യുണിസ്റ്റ് മന്ത്രിസഭയായിരുന്നു ഇത്. തീരെ ചെറുതായ രണ്ട് മന്ത്രിസഭകളെ (സാൻ മാറിനോയും ഗയാനയും) അവഗണിച്ചാൽ , വലിയൊരു വിഭാഗം ജനങ്ങളുടെ ഭാഗധേയം നിർണയിക്കാൻ ബാലറ്റ്പേപ്പറിലൂടെ അധികാരത്തിലേറിയ ലോകത്തിലെതന്നെ ആദ്യ കമ്യുണിസ്റ്റ് മന്ത്രിസഭ എന്ന വിശേഷണവും ഇതിന് സ്വന്തമായിരുന്നു. ഏഷ്യയിലാദ്യമായി ജനാധിപത്യ പ്രക്രിയയിലൂടെ അധികാരത്തിലെത്തിയ കമ്യുണിസ്റ്റ് ഭരണകൂടം എന്നും അതിനെ വിശേഷിപ്പിക്കാം (ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസിതര സർക്കാർ അധികാരത്തിൽവന്നത് 1952 ഏപ്രിൽ 22–ന് ഐക്യമുന്നണി നേതാവ് സർദാർ ഗ്യാൻസിങ് ററിവാലയുടെ നേതൃത്വത്തിൽ പെപ്സുവിലാണ്. മലയാളക്കരയിലെ ആദ്യത്തെ കോൺഗ്രസിതര മുഖ്യമന്ത്രി തിരുകൊച്ചിയിൽ ഭരണസാരഥിയായ പട്ടം താണുപിള്ളയാണ്).. ഡോ.എ.ആർ.മേനോൻ (ആരോഗ്യം), പ്രൊഫ.ജോസഫ് മുണ്ടശ്ശേരി(വിദ്യാഭ്യാസം), വി.ആർ. കൃഷ്ണയ്യർ (നിയമം, വൈദ്യുതി) എന്നീ സ്വതന്ത്രൻമാർ മന്ത്രിസഭയിൽ അംഗങ്ങളായി. ഇവർ മൂന്നുപേരും തങ്ങളുടെ മേഖലകളിൽ പ്രാപ്തി തെളിയിച്ച അതികായൻമാരായിരുന്നു. കെ.ആർ.ഗൗരിയമ്മ (റവന്യൂ, എക്സൈസ്)യായിരുന്നു മന്ത്രിസഭയിലെ ഏക വനിത. ടി.വി.തോമസ് (ഗതാഗതം), കെ.സി.ജോർജ് (ഭക്ഷ്യം), സി.അച്യുതമേനോൻ (ധനം), കെ.പി.ഗോപാലൻ (വ്യവസായം), പി.കെ.ചാത്തൻ മാസ്റ്റർ (തദ്ദേശഭരണം), ടി.എ.മജീദ് (പൊതുമരാമത്ത്) എന്നിവരായിരുന്നു മറ്റു മന്ത്രിമാർ. മുഖ്യമന്ത്രിയും മറ്റുള്ള എട്ടുപേരും പരിപാവനമായ പ്രതിജ്ഞയെടുത്തപ്പോൾ വി.ആർ.കൃഷ്ണയ്യരും ഡോ.എ.ആർ.മേനോനും ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്.

## സത്യപ്രതിജ്ഞയും അംഗങ്ങളും

ഒന്നാം കേരള നിയമസഭയിലെ പ്രോട്ടേം സ്പീക്കറായ റോസമ്മ പുന്നൂസ് ആണ് കേരള നിയമസഭയാംഗമായി ആദ്യം സത്യപ്രതിജ്ഞ ചെയ്തത് (1957 ഏപ്രിൽ 10). കേരള നിയമസഭ ആദ്യമായി സമ്മേളിച്ചത് ഏപ്രിൽ 27–നാണ്. പൊതുമരാമത്ത് വകുപ്പ് മന്ത്രി ടി.അബ്ദുൾ മജീദ് ആണ് അന്ന് ആദ്യമായി സത്യ പ്രതിജ്ഞ ചെയ്തത്. അക്ഷരമാലാ ക്രമത്തിലായിരുന്നു അംഗങ്ങളുടെ സത്യ പ്രതിജ്ഞ. അന്നുതന്നെ സ്പീക്കറായി ആർ.ശങ്കരനാരായണൻ തമ്പി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. മെയ് ആറിന് ഡപ്യൂട്ടി സ്പീക്കറായി കെ.ഒ.അയിഷാഭായിയെ തിരഞ്ഞെടുത്തു. കേരളത്തിൽ ഡെപ്യൂട്ടി സ്പീക്കറായ ആദ്യ വനിതയാണ് അവർ.

## കോൺഗ്രസ് പ്രതിപക്ഷത്ത്

സ്വാതന്ത്ര്യാനന്തര ദക്ഷിണേന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി കോൺഗ്രസ് പാർട്ടിക്ക് പ്രതിപക്ഷ ബഞ്ചിലിരിക്കേണ്ടിവന്നു. പി.ടി.ചാക്കോയായിരുന്നു പ്രതിപക്ഷ നേതാവ്. കോൺഗ്രസിന്റെ തോൽവിയുടെ കാരണം നിരീക്ഷിച്ചു

കൊണ്ട് നിരവധി സിദ്ധാന്തങ്ങളും വിലയിരുത്തലുകളും താമസിയാതെ ഉരുത്തിരിഞ്ഞു. പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവിന്റെ വിലയിരുത്തലാണ് അവയിൽ ശ്രദ്ധേയമായ ഒന്ന്. കോൺഗ്രസിന്റെ പരാജയ കാരണം, പ്രാദേശിക പ്രശ്നങ്ങളിലുള്ള അതൃപ്തിയാണ്, മറിച്ച് കമ്യൂണിസത്തോടുള്ള താൽപര്യമല്ലമെന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. സാമൂഹികവും രാഷ്ട്രീയവുമായ കാരണങ്ങളാണ് കമ്യൂണിസ്റ്റുവിജയത്തിനു പിന്നിലെന്ന് മാഞ്ചസ്റ്റർ ഗാർഡിയൻ എന്ന ഇംഗ്ലീഷ് പത്രം വിലയിരുത്തി. വ്യാവസായിക പിന്നാക്കാവസ്ഥ, അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ, കർഷകർ ഭൂരഹിതരാണെന്നത് തുടങ്ങിയവ ഈ കാരണങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിച്ചു. തിരുവിതാംകൂർ–തിരുകൊച്ചി ഭരണരംഗത്ത് 1948 മുതൽ അഞ്ച് മുഖ്യമന്ത്രിമാരെക്കണ്ട ജനം 1956 മുതൽ രാഷ്ട്രപതിഭരണംകൂടി കണ്ടതോടെ ഭരണം നടത്താൻ പുതിയൊരു പാർട്ടിക്ക് അവസരം നൽകാൻ പ്രേരിതരായി എന്നുള്ള ഒരു നിഗമനവും മുന്നോട്ടുവയ്ക്കപ്പെട്ടു. കോൺഗ്രസിനുള്ളിലെ ആഭ്യന്തര പ്രശ്നങ്ങളും ആ പാർട്ടിയുടെ സ്ഥിതി പരുങ്ങലിലാക്കാൻ സാഹചര്യമൊരുക്കിയതായും വിലയിരുത്തപ്പെട്ടു. സംസ്ഥാന പുനസ്സംഘടനയുടെ ഫലമായി കോൺഗ്രസിന് മുൻതൂക്കമുള്ള തെക്കൻ തിരുവിതാംകൂർ പ്രദേശം, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായതും കൂട്ടിച്ചേർക്കപ്പെട്ട മലബാറിൽ കോൺഗ്രസ് ദുർബലമായിരുന്നുവെന്നതും പരാജയത്തിലേക്ക് നയിച്ച കാരണങ്ങളായി കണക്കാക്കപ്പെട്ടു.

## ആദ്യ ഉപതിരഞ്ഞെടുപ്പ്

ദേവികുളം മണ്ഡലത്തിലാണ് സംസ്ഥാന നിയമസഭാ ചരിത്രത്തിലെ ആദ്യ ഉപതിരഞ്ഞെടുപ്പ് നടന്നത്. സിറ്റിങ് എംഎൽഎയായ റോസമ്മാ പുന്നൂസ് വീണ്ടും ജയിച്ചതോടെ ഉപതിരഞ്ഞെടുപ്പിലൂടെ സ്വന്തം സീറ്റ് നിലനിർത്തിയ ആദ്യ വ്യക്തി എന്ന വിശേഷണം അവർക്ക് സ്വന്തമായി.

## ഒരണ സമരം

കുട്ടനാട്ടിൽ ബോട്ട് ചാർജ് വർധനവിനെതിരെ വിദ്യാർഥികൾ 1958 ജൂലൈ 14–ന് ആരംഭിച്ച പ്രക്ഷോഭമാണ് ഒരണ സമരം. കുട്ടനാട്ടിലെ ജലഗതാഗതം ഗവൺമെന്റ് ദേശസാത്കരിച്ച് ജലഗതാഗത കോർപ്പറേഷൻ രൂപവത്കരിച്ചിരുന്നു. ഒരണയായിരുന്ന (ആറു പൈസ) കടത്തുകൂലി പത്തുപൈസയായി വർധിപ്പിച്ചതിനെതിരെ കെ.എസ്.യു. നടത്തിയ സമരമാണിത്. ആലപ്പുഴ, പുളിങ്കുന്ന് ഭാഗത്തായിരുന്നു സമരത്തിന്റെ തുടക്കം. ഓഗസ്റ്റ് മൂന്നിന് സമരം അവസാനിച്ചു. വിദ്യാർഥികളുടെ മിക്ക ആവശ്യങ്ങളും സർക്കാർ അംഗീകരിച്ചു. കേരളത്തിലെ വിദ്യാലയങ്ങളിൽ എസ്എഫ്ഐ കരുത്തായി നിന്ന കാലത്ത് കെഎസ്‌യുവിന് വളരാനുള്ള വഴിയായി ഒരണ സമരം.

## നേട്ടങ്ങൾ... ചുവടുവയ്പുകൾ... ശ്രദ്ധേയമായ സംഭവങ്ങൾ

കുടിയൊഴിപ്പിൽ നിരോധന ഓർഡിനൻസ്, ഭൂപരിഷ്കരണ ബിൽ, വിദ്യാഭ്യാസ ബിൽ എന്നിവ ഒന്നാം ഇ.എം.എസ്. മന്ത്രിസഭയുടെ സുപ്രധാന ചുവടു വയ്പുകളായി പരിഗണിക്കപ്പെടുന്നു. ഭൂപരിഷ്കരണ ബിൽ കെ.ആർ.ഗൗരിയമ്മയും വിദ്യാഭ്യാസ ബിൽ ജോസഫ് മുണ്ടശ്ശേരിയുമാണ് സഭയിൽ അവതരിപ്പിച്ചത്. ആലപ്പുഴ, എറണാകുളം ജില്ലകൾ നിലവിൽവന്നതും 1957 ഒക്ടോബർ 31ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് രൂപം കൊണ്ടതും ഈ മന്ത്രിസഭയുടെ കാലത്താണ്.

## ഭരണപരിഷ്കാര സമിതി

കേരളത്തിൽ ആദ്യമായി ഒരു ഭരണപരിഷ്കാര സമിതിക്കു രൂപം നൽകിയത് ഈ മന്ത്രിസഭയുടെ സമയത്താണ്. മുഖ്യമന്ത്രി ഇ.എം.എസ്.അധ്യക്ഷനായുള്ള സമിതിയിൽ ജോസഫ് മുണ്ടശ്ശേരി, പ്രൊഫ.വി.കെ.നന്ദൻ മേനോൻ,എച്ച്.ഡി.മാളവ്യ, പി.എസ്.നടരാജപിള്ള, തിരുവിതാംകൂറിലെ മുൻ ചീഫ് സെക്രട്ടറി ബി.പരമേശ്വരൻ പിള്ള എന്നിവർ അംഗങ്ങളായിരുന്നു. കമ്മിറ്റി നിർദ്ദേശിച്ച പരിഷ്കാരങ്ങളിൽ ഏറ്റവും മുഖ്യം അധികാര വികേന്ദ്രീകരണം ആയിരുന്നു.

## മന്ത്രിക്കല്യാണം

ആദ്യ മന്ത്രിസഭയിലെ അംഗങ്ങളായിരുന്ന ടി.വി.തോമസിന്റെയും ഗൗരിയമ്മയുടെയും വിവാഹം (1957) ഇന്ത്യയിൽത്തന്നെ രണ്ടു മന്ത്രിമാർ തമ്മിലുള്ള ആദ്യ വിവാഹമായിരുന്നു. ഇതേ കാലഘട്ടത്തിൽത്തന്നെ ഭക്ഷ്യമന്ത്രി കെ.സി.ജോർജും അമ്മുക്കുട്ടിയുമായുള്ള വിവാഹവും നടന്നു.

## വിമോചനസമരവും പിരിച്ചുവിടലും

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശസാത്കരിക്കുന്നതിന് മുണ്ടശ്ശേരി മാസ്റ്റർ കൊണ്ടുവന്ന വിദ്യാഭ്യാസ ബില്ലിനെ (സർവകലാശാല അധ്യാപകരുടെ മാഗ്ന കാർട്ട എന്നാണ് ഈ ബിൽ അറിയപ്പെട്ടത്) ആയുധമാക്കി പ്രതിപക്ഷ–സാമുദായിക കക്ഷികൾ സംഘടിച്ച് സർക്കാരിനെതിരെ നടത്തിയ വിമോചന സമരത്തെത്തുടർന്ന് സംസ്ഥാനത്ത് ഭരണഘടനാനുസൃതമായ ഭരണം അസാധ്യമാണെന്ന ഗവർണർ രാമകൃഷ്ണറാവുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.എം.എസ്. മന്ത്രിസഭയെ 1959 ജൂലൈ 31–ന് ഭരണഘടനയുടെ 356–ാം അനുച്ഛേദത്തിന്റെ പ്രയോഗത്തിലൂടെ കേന്ദ്രം ഡിസ്മിസ് ചെയ്ത് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തി. തങ്ങളുടെ കൈവശമുള്ള കണക്കില്ലാത്ത ഭൂമി കാർഷിക നിയമത്തിലൂടെ കൈമോശംവരുമെന്ന് മനസ്സിലാക്കിയ സമ്പന്നവർഗവും വിമോചനസമരത്തിന് ഉദാരമായ പിന്തുണ നൽകുകയുണ്ടായി. അതോടെ 848 ദിവസം നീണ്ട കമ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണം അവസാനിച്ചു. തുടർന്ന് സംസ്ഥാനത്ത് 206 ദിവസം പ്രസിഡന്റ് ഭരണമായിരുന്നു.

## കരുനീക്കങ്ങളും ഇന്ദിരാ ഗാന്ധിയും

ആന്ധ്രയിൽനിന്ന് അരി കൊണ്ടുവന്നതിൽ അഴിമതിയുണ്ടെന്ന് പ്രതിപക്ഷം ആരോപണമുന്നയിക്കുകയുണ്ടായി. ഭരണത്തിലും ക്രമസമാധാനപാലനത്തിലും കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ അനാവശ്യമായി ഇടപെടുന്നു എന്ന ആക്ഷേപവുമുയർന്നിരുന്നു. കമ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിടുന്നതിന് കേരളത്തിലെ ചില കോൺഗ്രസ് നേതാക്കൾ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിരുന്നു എന്നു പറയപ്പെടുന്നു. എന്നാൽ, ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണകൂടത്തെ പിരിച്ചുവിടുന്നതിനെ നെഹ്റു അനുകൂലിച്ചില്ല. ജാതി–സാമുദായിക സംഘടനകൾ നടത്തുന്ന പ്രക്ഷോഭവുമായി കോൺഗ്രസ് സഹകരിക്കുന്നതും അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. മലബാറിലെ കോൺഗ്രസ് നേതാക്കളായ കോഴിപ്പുറത്ത് മാധവമേനോനും സി.കെ.ഗോവിന്ദൻ നായർക്കും ഇതേ അഭിപ്രായമാണുണ്ടായിരുന്നത്. എന്നാൽ തിരുവിതാംകൂറിലെ കോൺഗ്രസ് നേതാക്കളായിരുന്ന ആർ.ശങ്കറിനും പി.ടി.ചാക്കോയും കമ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിടണമെന്ന് നിലപാടാണ് പുലർത്തിയത്. അക്കാലത്ത് കോൺഗ്രസ് അധ്യക്ഷയായ നെഹ്റുവിന്റെ മകൾ ഇന്ദിരാ ഗാന്ധിയ്ക്കും ഇതേ മനോഭാവമാണുണ്ടായിരുന്നത്. അവർ കേരളത്തിലെ മന്ത്രിസഭയെ പിരിച്ചുവിടാൻ പിതാവിനുമേൽ സമ്മർദ്ദവും ഭീഷണിയും ചെലുത്തിയതായി ചിലർ പിൽക്കാലത്ത് വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇന്ദിരാ ഗാന്ധിയുടെ ആത്മകഥ അക്കാര്യം ശരിവയ്ക്കുന്നില്ല.

## അഞ്ചാമത്തെ രാഷ്ട്രപതിഭരണം

പഞ്ചാബ്, പെപ്സു, ആന്ധ്ര, തിരു–കൊച്ചി എന്നിവ കഴിഞ്ഞാൽ പ്രസിഡന്റ് ഭരണത്തിൽ കീഴിലായ അഞ്ചാമത്തെ സംസ്ഥാനമാണ് കേരളം. എൻ.എസ്.എസ്. നേതാവ് മന്നത്ത് പദ്മനാഭനാണ് വിമോചന സമരം നയിച്ചത്. വിമോചന സമരമെന്ന പേരിന്റെ ഉപജ്ഞാതാവ് പനമ്പിള്ള ഗോവിന്ദമേനോനായിരുന്നു. ആർ.ശങ്കറായിരുന്നു കോൺഗ്രസ് കേരള ഘടകം പ്രസിഡന്റ്. ജനാധിപത്യവാദിയെന്ന സ്വന്തം പ്രതിച്ഛായയ്ക്ക് മുൻതൂക്കം നൽകിയിരുന്ന ജവാഹർലാൽ നെഹ്റുവിന്റെ കാലത്താണ് നിയമസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ഒരു സർക്കാരിനെ കേന്ദ്രം പിരിച്ചുവിട്ട ഈ സംഭവം നടന്നത് എന്ന കാര്യം കടുത്ത വിമർശനത്തിനിടയാക്കുകയുണ്ടായി. ജനാധിപത്യം കശാപ്പ് ചെയ്യപ്പെട്ടു എന്നായിരുന്നു ചിലരുടെ രാഷ്ട്രീയ നിരീക്ഷണം. നെഹ്റുവിന്റെ പ്രതിച്ഛായയ്ക്കേറ്റ് ആദ്യ കളങ്കം എന്നായിരുന്നു ചിലരുടെ ആക്ഷേപം. കമ്യൂണിസ്റ്റ് പാർട്ടിയുടെ അമിതാധികാര പ്രയോഗത്തിനെതിരെ ഉയർന്നുവന്ന ജനകീയ പ്രക്ഷോഭം എന്ന തരത്തിലുള്ള വീക്ഷണങ്ങളും മുന്നോട്ടുവയ്ക്കപ്പെട്ടിരുന്നു. ഒന്നാം നിയമസഭയുടെ കാലത്ത് വിദ്യാഭ്യാസ ബിൽ പാസാക്കിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും പിൽക്കാലത്ത് അധികാരത്തിൽവന്ന സർക്കാരുകൾ ബില്ലിലെ പ്രധാന ആശയങ്ങൾ ചെറിയ മാറ്റങ്ങളോടെ നടപ്പാക്കുകയുണ്ടായി.

# രണ്ടാമത്തെ തിരഞ്ഞെടുപ്പ്

1960–ൽ കേരളം വീണ്ടും തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു. 1960 ക സംഘടനകൾ നടത്തുന്ന പ്രക്ഷോഭവുമായി കോൺഗ്രസ് സഹകരിക്കുന്നതും അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. മലബാറിലെ കോൺഗ്രസ് നേതാക്കളായ കോഴിപ്പുറത്ത് മാധവമേനോനും സി.കെ.ഗോവിന്ദൻ നായർക്കും ഇതേ അഭിപ്രായമാണുണ്ടായിരുന്നത്. എന്നാൽ തിരുവിതാംകൂറിലെ കോൺഗ്രസ് നേതാക്കളായിരുന്ന ആർ.ശങ്കറിനും പി.ടി.ചാക്കോയും കമ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിടണമെന്ന് നിലപാടാണ് പുലർത്തിയത്. അക്കാലത്ത് കോൺഗ്രസ് അധ്യക്ഷയായ നെഹ്റുവിന്റെ മകൾ ഇന്ദിരാ ഗാന്ധിയ്ക്കും ഇതേ മനോഭാവമാണുണ്ടായിരുന്നത്. അവർ കേരളത്തിലെ മന്ത്രിസഭയെ പിരിച്ചുവിടാൻ പിതാവിനുമേൽ സമ്മർദ്ദവും ഭീഷണിയും ചെലുത്തിയതായി ചിലർ പിൽക്കാലത്ത് വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇന്ദിരാ ഗാന്ധിയുടെ ആത്മകഥ അക്കാര്യം ശരിവയ്ക്കുന്നില്ല.

## പട്ടം താണുപിള്ള മുഖ്യമന്ത്രി

കോൺഗ്രസ്–പി.എസ്.പി. ധാരണയുടെ അടിസ്ഥാനത്തിൽ പി.എസ്.പി. നേതാവ് പട്ടം താണുപിള്ള മുഖ്യമന്ത്രിയായി (ഫെബ്രുവരി 22) .പി.എസ്.പിക്ക് സീറ്റു കുറവായിരുന്നെങ്കിലും കേരളത്തിലെ രാഷ്ട്രീയത്തിൽ പട്ടം താണുപിള്ളയ്ക്ക് ഉണ്ടായിരുന്ന സമുന്നത സ്ഥാനമാണ് മുഖ്യമന്ത്രിപദം അദ്ദേഹത്തിന് ലഭിക്കുന്നതിന് നിദാനമായ ഘടകമായി മാറിയത്. അങ്ങനെ കേരളത്തിൽ കൂട്ടുകക്ഷിഭരണത്തിനു ആരംഭമായി. തിരുവിതാംകൂർ, തിരുകൊച്ചി, കേരളം എന്നീ മൂന്ന് ഭരണഘടകങ്ങളിലും മന്ത്രിസഭയെ നയിച്ച ഏക നേതാവ് എന്ന സവിശേഷത ഇതോടെ പട്ടം താണുപിള്ളയ്ക്ക് സ്വന്തമായി. കോൺഗ്രസ് നേതാവ് ആർ.ശങ്കർ ഉപമുഖ്യമന്ത്രിസ്ഥാനം വഹിച്ചു. ധനവകുപ്പിന്റെ ചുമതലയാണ് അദ്ദേഹത്തിന് ലഭിച്ചത്. ഒന്നാം കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ് ആയിരുന്ന പി.ടി. ചാക്കോ ആഭ്യന്തര മന്ത്രി പദം വഹിച്ചു.

## അധികാരത്തിലിരിക്കെ നിര്യാതനായ ആദ്യ മന്ത്രി

ഈ നിയമസഭയിലെ അംഗമായിരിക്കെയാണ് ഡോ.എ.ആർ.മേനോൻ അന്തരിച്ചത് (1960 ഒക്ടോബർ 9). കേരള നിയമസഭാംഗമായിരിക്കെ അന്തരിച്ച ആദ്യ വ്യക്തിയാണ് അദ്ദേഹം. പൊതുജനാരോഗ്യം, വൈദ്യുതി വകുപ്പുകളുടെ ചുമതലക്കാരനായിരുന്ന മന്ത്രി വി.കെ.വേലപ്പൻ 1962 ഓഗസ്റ്റ് 26–ന് അന്തരിച്ചു. സംസ്ഥാന ചരിത്രത്തിൽ പദവിയിലിരിക്കെ അന്തരിച്ച ആദ്യ മന്ത്രിയാണദ്ദേഹം.

## അമരാവതി സത്യാഗ്രഹം

നിർമാണമാരംഭിക്കുന്ന ഇടുക്കി പദ്ധതിയുടെ ജലസംഭരണമേഖലയിൽപ്പെടുന്ന അയ്യപ്പൻകോവിലിലെ താമസക്കാരെ ബലമായി കുടിയൊഴിപ്പിച്ച് 40 മൈൽ അകലെയുള്ള അമരാവതിയിൽ ഇറക്കിവിട്ടു. പുനരധിവാസത്തിനുള്ള ഒരു നടപടിയും ചെയ്യാതെ നടത്തിയ ഈ കുടിയിറക്കലിന്റെ ഫലമായി ആളുകൾ ദുരിതത്തിലായി. കാലിത്തൊഴുത്തുപോലുള്ള ഷെഡ്ഡുകളിലായിരുന്നു ആയിരക്കണക്കിന് ആളുകളെ പാർപ്പിച്ചിരുന്നത്. മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തിട്ടും സർക്കാർ പ്രതികരിച്ചില്ല. ജനങ്ങളുടെ ദുരിത പരിഹാരമാവശ്യപ്പെട്ടുകൊണ്ട് 1961 ജൂൺ ആറിന് എ.കെ.ഗോപാലൻ അമരാവതിയിൽ നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. അവശനിലയിലായ അദ്ദേഹത്തെ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും അവിടെയും നിരാഹാരം തുടർന്നു. സത്യാഗ്രഹം രാജ്യമൊട്ടാകെ ശ്രദ്ധിക്കപ്പെട്ടു. ആഭ്യന്തര മന്ത്രി പി.ടി. ചാക്കോ എ.കെ.ജിയെ സന്ദർശിച്ചു. തുടർന്ന് കെ.കേളപ്പൻ, ഇ.എം.എസ്., സി.കെ.ജി. തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒത്തുതീർപ്പ് സംഭാഷണങ്ങൾ നടത്തി. ജൂൺ 17ന് അമരാവതി കർഷകർക്ക് മൂന്നേക്കർ ഭൂമിയും മറ്റു ചില ആനുകൂല്യങ്ങളും നൽകാമെന്ന് സർക്കാർ സമ്മതിച്ചു. തുടർന്ന് എ.കെ.ജി. നിരാഹാരം അവസാനിപ്പിച്ചു.


## ആദ്യ അവിശ്വാസം

കേരള നിയമസഭയിൽ അവിശ്വാസത്തിന് ആദ്യമായി നോട്ടീസ് നൽകിയത് 1961 ജൂൺ 26–ന് സി.ജി.ജനാർദനൻ ആയിരുന്നു. പട്ടം താണുപിള്ളയ്ക്കെതിരെ കൊണ്ടുവന്ന പ്രമേയം വോട്ടിനിട്ടപ്പോൾ പരാജയപ്പെടുകയാണുണ്ടായത്.

## കർഷകത്തൊഴിലാളി പാർട്ടി (കെടിപി)

വിമോചനസമരകാലത്ത് കമ്യൂണിസ്റ്റ് സർക്കാരിനെ എതിർത്തവരിൽ പ്രധാനിയായ ഫാദർ വടക്കൻ 1961 ഡിസംബർ പത്തിന് മലനാട് കർഷക യൂണിയൻ എന്നൊരു പ്രസ്ഥാനം ആരംഭിച്ചിരുന്നു. 1962 മാർച്ച് നാലിന് തൃശ്ശൂരിൽചേർന്ന കർഷക പ്രതിനിധി സമ്മേളനം കർഷകത്തൊഴിലാളി പാർട്ടിക്ക് രൂപം നൽകി. കൊട്ടിയൂർ, അമരാവതി കർഷക കുടിയിറക്ക് പ്രശ്നങ്ങളാണ് പാർട്ടിയുടെ രൂപവത്കരണത്തിന് പ്രേരണയായത്. കുടിയൊഴിപ്പിക്കൽ തടയുകയായിരുന്നു പാർട്ടിയുടെ അടിയന്തര ലക്ഷ്യം.

# ആർ.ശങ്കർ മുഖ്യമന്ത്രി



ഉപമുഖ്യമന്ത്രിയോടോ ആഭ്യന്തര മന്ത്രിയോടോ ആലോചിക്കാതെയാണ് പട്ടം താണുപിള്ള ഭരണം നടത്തുന്നതെന്ന് കോൺഗ്രസുകാർ ആരോപിച്ചു. ഒടുവിൽ കോൺഗ്രസ്–പി.എസ്.പി.ഭിന്നതകൾ സങ്കീർണമായതിനെത്തുടർന്ന് രാഷ്ട്രീയ ഒത്തുതീർപ്പെന്ന നിലയിൽ പട്ടം താണുപിള്ള രാജിസമർപ്പിക്കാൻ നിർബന്ധിതനാകുകയും ഒപ്പം കോൺഗ്രസ് ദേശീയ നേതൃത്വ

ത്തിന്റെ നീക്കങ്ങളിലൂടെ അദ്ദേഹം പഞ്ചാബ് ഗവർണറായി നിയമിതനാകുകയും ചെയ്തു. കേന്ദ്ര ആഭ്യന്തര മന്ത്രിയായിരുന്ന ലാൽ ബഹാദൂർ ശാസ്ത്രിയാണ് ഇതിനാവശ്യമായ കരുനീക്കങ്ങൾ നടത്തിയത്. തുടർന്ന് ആർ.ശങ്കർ 1962 സെപ്തംബർ 26-ന് മുഖ്യമന്ത്രിയായി. അങ്ങനെ കേരള സംസ്ഥാന ചരിത്രത്തിലാദ്യമായി ഒരു കോൺഗ്രസ് നേതാവ് മുഖ്യമന്ത്രിപദത്തിൽ അവരോധിക്കപ്പെട്ടു. പി.എസ്.പി.മന്ത്രിമാരായ കെ.ചന്ദ്രശേഖരനും ഡി.ദാമോദരൻ പോറ്റിയും രാജിവച്ച സംഭവം കേരള സംസ്ഥാന ചരിത്രത്തിൽ മന്ത്രിസഭയിൽനിന്നുള്ള ആദ്യത്തെ രാജി സമർപ്പണമായി മാറി. മുന്നണി വിട്ട പി.എസ്.പി. പ്രതിപക്ഷത്തേക്കു ചേക്കേറി. 1964 സെപ്തംബർ എട്ടിന് പി.എസ്.പി.നേതാവ് പി.കെ.കുഞ്ഞ് അവതരിപ്പിച്ച അവിശ്വാസ പ്രമേയം പാസായതിനെത്തുടർന്ന് 23 മാസം പ്രായമായ ശങ്കർ മന്ത്രിസഭ വീണു (1964 സെപ്തംബർ). സംസ്ഥാനത്ത് മന്ത്രിസഭ രൂപവത്കരിക്കാൻ ഒരു കക്ഷിയും മുന്നോട്ടുവരാത്ത സാഹചര്യത്തിൽ രാഷ്ട്രപതിഭരണം ഏർപ്പെടുത്തേണ്ടിവന്നു. രണ്ടു വർഷവും 177 ദിവസവും നീണ്ടു നിന്ന രാഷ്ട്രപതി ഭരണം സംസ്ഥാന ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയതാണ്.

## കൂടുതൽ സ്പീക്കർമാരെ കണ്ട നിയമസഭ

രണ്ടാം കേരള നിയമസഭ മൂന്ന് സ്പീക്കർമാരെ കണ്ടു. 1960 മാർച്ച് 12 മുതൽ 1961 ഏപ്രിൽ 17 വരെ സീതി സാഹിബ് ആയിരുന്നു സ്പീക്കർ. പദവിയിലിരിക്കെ അന്തരിച്ച ആദ്യ കേരള നിയമസഭാ സ്പീക്കറാണ് അദ്ദേഹം. എന്നാൽ, ലീഗിന് വീണ്ടും സ്പീക്കർ സ്ഥാനം കൊടുക്കാനാവില്ല എന്ന് കെ.പി.സി.സി. പ്രസിഡന്റ് സി.കെ.ഗോവിന്ദൻ നായർ നിർബന്ധം പിടിച്ചു. ഒരു ഒത്തുതീർപ്പെന്ന നിലയിൽ ലീഗ് അംഗത്വം രാജിവച്ച് സ്പീക്കറാകുന്നതിനായി സി.എച്ച്. മുഹമ്മദ് കോയ പാർട്ടി അംഗത്വം രാജിവച്ച് സാങ്കേതികമായി സ്വതന്ത്രാംഗം എന്ന നിലയിൽ ചുമതലയേറ്റു (1961 ജൂൺ9-1961 നവംബർ 10). ഈ സംഭവം ലീഗിന്റെ ആത്മാഭിമാനത്തെ മുറിപ്പെടുത്തി. ലീഗ് വർഗീയ വാദിയാണെന്ന ആക്ഷേപം തുടർന്നു. ഇതിനിടെ കേരളം സന്ദർശിച്ച പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു 'ലീഗ് ഒരു ചത്ത കുതിരയാണ്. ലീഗിനെ കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കണം' എന്നു പറഞ്ഞു. 'ലീഗ് ഒരു വർഗീയ സംഘടന'യാണെന്ന് കെ.പി.സി.സി. പ്രസിഡന്റ് സി.കെ.ഗോവിന്ദൻ നായർ പ്രസ്താവിക്കുകകൂടി ചെയ്തതോടെ ലീഗ് ഭരണമുന്നണിയിൽനിന്ന് പിന്മാറി. 1961 ഡിസംബർ 13 മുതൽ 1964 സെപ്തംബർ 10 അലക്സാണ്ടർ പറമ്പിത്തറ സ്പീക്കറായി. കേരള നിയമസഭാ സ്പീക്കറായ ആദ്യത്തെ കോൺഗ്രസ് നേതാവാണ് അദ്ദേഹം. 1961 ഏപ്രിൽ 18 മുതൽ ജൂൺ 8 വരെ സ്പീക്കറുടെ കർത്തവ്യങ്ങൾ ഡപ്യൂട്ടി സ്പീക്കർ നഫീസത്ത് ബീവി നിർവഹിക്കുകയുണ്ടായി. മുഖ്യമന്ത്രിയായിരിക്കെ ബജറ്റ് അവതരിപ്പിച്ച ആർ.ശങ്കർ അപ്രകാരം ചെയ്ത ആദ്യ കേരള മുഖ്യമന്ത്രിയായി.

## നിഷ്ഫലമായ മൂന്നാമത്തെ തിരഞ്ഞെടുപ്പ്

1965-ലെ തിരഞ്ഞെടുപ്പിൽ നിയമസഭാസീറ്റുകളുടെ എണ്ണം 126-ൽ നിന്ന് 133 ആയി ഉയർത്തുകയും എല്ലാ ദ്വയാംഗ മണ്ഡലങ്ങളും ഏകാംഗമണ്ഡലങ്ങളാക്കുകയും ചെയ്തു. കോൺഗ്രസ് ഒറ്റയ്ക്ക് തിരഞ്ഞെടുപ്പിനെ നേരിട്ടു. സി.പി.എം., മുസ്ലിംലീഗ്, എസ്.എസ്.പി. (പി.എസ്.പി.യാണ് എസ്.എസ്.പി. യായത്) എന്നീ കക്ഷികൾ ധാരണയിലും മത്സരിച്ചു.

## കമ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പ്

ഇതിനിടെ 1964-ൽ കമ്യൂണിസ്റ്റ് പാർട്ടി പിളരുകയുണ്ടായി. ചൈനയോട് ആഭിമുഖ്യം പുലർത്തിയ സി.പി.എം-നെ കേരളത്തിൽ നയിച്ചത് ഇ.എം.എസ്.ആയിരുന്നു. റഷ്യയോട് ആഭിമുഖ്യം പുലർത്തിയ സി.പി.ഐ.യുടെ സാരഥി എം.എൻ. ഗോവിന്ദൻ നായരായിരുന്നു. എ.കെ.ഗോപാലൻ സി.പി.എമ്മിൽ നിലയുറപ്പിച്ചപ്പോൾ ടി.വി.തോമസ് സി.പി.ഐയിൽ തുടരാനാണ് താല്പര്യപ്പെട്ടത്. അദ്ദേഹത്തിന്റെ പത്നിയും കേരള സംസ്ഥാനത്തെ പ്രഥമ വനിതാ മന്ത്രിയുമായിരുന്ന കെ. ആർ.ഗൗരിയമ്മ സി.പി.എമ്മിൽ തുടരാൻ തീരുമാനിച്ചു. കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ ദേശാഭിമാനിയുടെ നിയന്ത്രണം സി.പി.ഐ.(എം.)നാണ് ലഭിച്ചത്. സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, ജനയുഗം, പ്രഭാത് ബുക് ഹൗസ്, നവയുഗം തുടങ്ങിയവ സി.പി.ഐയ്ക്ക് ലഭിച്ചു. കേരള രാഷ്ട്രീയത്തിലെ ചില നാടകീയ സംഭവങ്ങളുടെ തുടർച്ചയെന്നോണം കെ. എം.ജോർജിന്റെ നേതൃത്വത്തിൽ കേരള കോൺഗ്രസ് എന്നൊരു പുതിയ പാർട്ടി ഇതിനകം രൂപവത്കരിക്കപ്പെട്ടിരുന്നു(1964).

## പീച്ചി സംഭവം

ശങ്കർ മന്ത്രിസഭയിലും ആഭ്യന്തരമന്ത്രിയായിരുന്ന പി.ടി. ചാക്കോ 1964 ഫെബ്രുവരി 20-ന് രാജിവച്ചതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളാണ് കേരള കോൺഗ്രസിന്റെ രൂപവത്കരണത്തിൽ കലാശിച്ചത്. 1963 ഡിസംബർ 8-ന് പീച്ചി യാത്രയ്ക്കിടെ അദ്ദേഹത്തിന്റെ കാർ ഒരു ഉന്തുവണ്ടിയിലിടിച്ച് വണ്ടിക്കാരന് പരിക്കേറ്റിരുന്നു. നിർത്താതെ ഓടിച്ചുപോയ കാർ യാത്രികർ അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ വിവരമറിയിച്ചിരുന്നു. എന്നാൽ, കൂടെയുണ്ടായിരുന്ന സ്ത്രീയെ ജനം കാണുമെന്ന് ഭയന്നാണ് കാർ നിർത്താതിരുന്നത് എന്ന് ആരോപണമുയർന്നു. കൊച്ചിയിലെ ഒരു കോൺഗ്രസ് പ്രവർത്തകയായിരുന്ന പത്മം മേനോനാണ് കാറിലുണ്ടായിരുന്നത് എന്ന് പിന്നീട് വെളിപ്പെടുത്തപ്പെട്ടു. പീച്ചി സംഭവത്തെത്തുടർന്ന് വൻകോലാഹലമുണ്ടായി. സി. എം.സ്റ്റീഫൻ ചാക്കോയുടെ രാജി ആവശ്യപ്പെട്ടു. ശങ്കറും അതേ ആവശ്യം ഉന്നയിച്ചതോടെ ചാക്കോ രാജിവച്ചു.

## സംസ്ഥാന കോൺഗ്രസിൽ പിളർപ്പ്

കെ.പി.സി.സി. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ചാക്കോ തോറ്റു. രാഷ്ട്രീയം വിട്ട് അദ്ദേഹം വക്കീൽപണി ആരംഭിച്ചു. 1964 ഓഗസ്റ്റ് ഒന്നിന് പി.ടി.ചാക്കോ അപ്രതീക്ഷിതമായി അകാലത്തിൽ അന്തരിച്ചു. കോൺഗ്രസുകാരുടെ ചതിയിൽ ഹൃദയംപൊട്ടിയാണ് അന്തരിച്ചത് എന്ന് ചാക്കോയുടെ അനുഭാവികൾ ആരോപിച്ചു. അദ്ദേഹത്തോട് അനുഭാവം പുലർത്തിയിരുന്ന കോൺഗ്രസ് വിഭാഗം കെ.എം.ജോർജിന്റെ നേതൃത്വത്തിൽ സംഘടിച്ചതിന്റെ ഫലമായിട്ടാണ് പുതിയ പാർട്ടി പിറവി കൊണ്ടത്. കത്തോലിക്ക സഭയും മന്നത്ത് പദ്മനാഭനും ഈ നീക്കത്തിന് അനുകൂലമായിരുന്നു. കെ.എം.ജോർജ് പാർട്ടിയുടെ അധ്യക്ഷനും ആർ.ബാലകൃഷ്ണപിള്ള ഉപാധ്യക്ഷനുമായി. കർഷകരുടെ പാർട്ടി എന്നാണ് കേരള കോൺഗ്രസ് വിശേഷിപ്പിക്കപ്പെട്ടത്.

## ആർക്കും ഭൂരിപക്ഷമില്ലാത്ത സഭ

ഈ സംഭവവികാസങ്ങൾക്കു ശേഷം നടന്ന ആദ്യ തിരഞ്ഞെടുപ്പായ 1965-ലെ തിരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കോ പാർട്ടിക്കോ കേവലഭൂരിപക്ഷം ലഭിച്ചില്ല. 40 സീറ്റിൽ വിജയിച്ച സി.പി.ഐ.(എം.) ഏറ്റവും വലിയ പാർട്ടിയായി. മിക്ക സി.പി.ഐ.(എം.) നേതാക്കളും ജയിലിൽക്കിടന്നാണ് മത്സരിച്ചത്. ജയിച്ച പ്രമുഖ നേതാക്കളിൽ കെ.പി .ആർ. ഗോപാലൻ, കെ.ആർ. ഗൗരിയമ്മ, സുശീല ഗോപാലൻ, അനിരുദ്ധൻ എന്നിവർ ഉൾപ്പെടുന്നു. പരാജയപ്പെട്ട പ്രമുഖരിൽ അമ്പലപ്പുഴയിൽ മത്സരിച്ച വി.എസ്. അച്യുതാനന്ദൻ ഉൾപ്പെടുന്നു. സി.പി.ഐ.(എം.)ന്റെ വിജയശിൽപിയായത് ഇ.എം.എസ്. ആണ്. സി.പി.ഐ. ജയിച്ചത് മൂന്നിടത്ത് മാത്രം. അമ്പത്തിയഞ്ചോളം സീറ്റുകളിൽ സി.പി.ഐ. സ്ഥാനാർഥികൾക്ക് കെട്ടിവച്ച പണം നഷ്ടമായി. പ്രമുഖ സി. പി.ഐ. നേതാക്കളായ ടി.വി. തോമസും വി.ആർ. കൃഷ്ണയ്യരും പരാജിതരായി. കോൺഗ്രസും കേരള കോൺഗ്രസും ഒറ്റയ്ക്കാണ് മത്സരിച്ചത്. കോൺഗ്രസ് 36 സീറ്റുകളിൽ ജയിച്ചു. കെ.കരുണാകരനും സി.എം. സ്റ്റീഫനും ജയിച്ച പ്രമുഖ നേതാക്കളിൽ ഉൾപ്പെടുന്നു. പരാജയപ്പെട്ട കോൺഗ്രസ് പ്രമുഖരിൽ തൊട്ടുമുമ്പ് മുഖ്യമന്ത്രിയായിരുന്ന ആർ.ശങ്കറും ഉൾപ്പെടുന്നു. യുവനേതാവ് അനിരുദ്ധനാണ് ആർ. ശങ്കറിനെ തോൽപിച്ചത്. കേരള കോൺഗ്രസ് 24 സീറ്റിൽ ജയിച്ചു. കെ.എം.മാണി ജയിച്ച പ്രധാന നേതാക്കളിൽ ഉൾപ്പെടുന്നു. മുസ്ലിം ലീഗിന് ആറു സീറ്റാണ് കിട്ടിയത്. സി.പി. ഐ. (എം)ഉം ലീഗും പിന്തുണച്ച 4 സ്വതന്ത്രൻമാരും ജയിച്ചു. ജയിച്ചശേഷം അവർ ലീഗിൽ തിരികെ ചേർന്നു. എസ്. എസ്.പി. പതിമൂന്നിടത്ത് ജയിച്ചു. ആർ.എസ്.പി.യും പി.എസ്.പി.യും തകർന്നു.

സംസ്ഥാനചരിത്രത്തിൽ കേവലഭൂരിപക്ഷം ആർക്കും ഇല്ലാതെ പോയ ഏകസന്ദർഭമായിരുന്നു അത്. സർക്കാർ രൂപവത്കരിക്കാൻ കേരള കോൺഗ്രസും ലീഗും കൈകോർക്കാൻ ശ്രമിച്ചെങ്കിലും കോൺഗ്രസ് പിന്തുണയ്ക്കാൻ തയ്യാറായില്ല. മുന്നണി രൂപവത്കരിക്കുന്നതിനും ആരും മുന്നോട്ടുവന്നില്ല. നിയമസഭപിരിച്ചുവിട്ട് സംസ്ഥാനത്ത് രാഷ്ട്രപതിഭരണം തുടർന്നു.

## പിളരും തോറും വളരും; വളരുംതോറും പിളരും

'പിളരുംതോറും വളരും കക്ഷി' എന്ന് കെ.എം.മാണി വിശേഷിപ്പിച്ച രാഷ്ട്രീയ പാർട്ടിയാണ് കേരള കോൺഗ്രസ്. കെ.എം.മാണി, പി.ജെ.ജോസഫ്, ആർ.ബാലകൃഷ്ണപിള്ള, പി.സി.ജോർജ് തുടങ്ങിയവർ ഈ പാർട്ടിയിലെ വിവിധ വിഭാഗങ്ങളുടെ നേതൃസ്ഥാനം വഹിച്ചിട്ടുണ്ട്. 1979-ൽ ആണ് കേരള കോൺഗ്രസ് രണ്ടായി പിളർന്ന് മാണിവിഭാഗവും ജോസഫ് വിഭാഗവും രൂപംകൊണ്ടത്. പിൽക്കാലത്ത് മാണി, ജോസഫ് വിഭാഗങ്ങൾ ലയിക്കുകയുണ്ടായി. കോട്ടയത്താണ് കേരള കോൺഗ്രസ് (എം)-ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസ്. രണ്ടിലയാണ് തിരഞ്ഞെടുപ്പ് ചിഹ്നം. 'പ്രതിച്ഛായ'യാണ് മുഖപ്രസിദ്ധീകരണം.

ആർ.ബാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ ഒരു വിഭാഗം കേരള കോൺഗ്രസിൽനിന്നുവിട്ട് പിള്ള ഗ്രൂപ്പ് രൂപവൽക്കരിച്ചത് 1977 ജനവരി 29-ന് ആണ്. 1977 ലെ തിരഞ്ഞെടുപ്പിൽ പിള്ള ഗ്രൂപ്പ് ഇടതുപക്ഷത്തോടൊപ്പംനിന്ന് ജനവിധി തേടി. ആർ.ബാലകൃഷ്ണപിള്ളയും മകൻ ഗണേഷ്കുമാറുമാണ് കേരള കോൺഗ്രസ് (ബി) വിഭാഗത്തിന്റെ നേതാക്കൾ. കൊട്ടാരക്കരയും പത്തനാപുരവുമാണ് ബി വിഭാഗത്തിന്റെ സ്വാധീന മേഖലകൾ. തിരുവനന്തപുരത്താണ് പാർട്ടി ആസ്ഥാനം. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ എംഎൽഎ ആയി തിരഞ്ഞെടുക്കപ്പെട്ടതിന്റെ (1960-പത്തനാപുരം) റെക്കോർഡ് ബാലകൃഷ്ണപിള്ളയുടെ പേരിലാണ്. തന്റെ തട്ടകമായ കൊട്ടാരക്കരയിൽനിന്ന് നിരവധി പ്രാവശ്യം (1977, 1980, 1982, 1987, 1991, 1996,2001)നിയമസഭാംഗമായ അദ്ദേഹം 2006-ൽ അവിടെ പരാജയപ്പെട്ടു. 1980-ൽ 37000-ത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ച അദ്ദേഹത്തിന്റെ റെക്കോർഡ് കാൽ നൂറ്റാണ്ടോളം ആരും മറികടന്നില്ല.

ടി.എം.ജേക്കബ്ബ് ആണ് ജേക്കബ്ബ് വിഭാഗത്തിന്റെ സ്ഥാപകൻ (1993). മാണി വിഭാഗം പിളർന്ന് രൂപംകൊണ്ടതാണിത്. കോട്ടയത്താണ് ആസ്ഥാനം. ഇടക്കാലത്ത് ഡി.ഐ.സി .യിൽ ലയിച്ച ഈ വിഭാഗം പിന്നീട് പുനരുജ്ജീവിപ്പിക്കപ്പെട്ടു (2006). 2011-ൽ ജേക്കബ്ബ് അന്തരിച്ചതിനുശേഷം ജോണി നെല്ലൂരും അനൂപ് ജേക്കബ്ബുമാണ് മുഖ്യ നേതാക്കൾ.

പി.സി.ജോർജിന്റെ നേതൃത്വത്തിൽ നിലവിലുണ്ടായിരുന്ന കേരള കോൺഗ്രസ് (സെക്കുലർ) വിഭാഗം മാണി ഗ്രൂപ്പിൽ ലയിക്കുകയുണ്ടായി. ഒരു വിഭാഗം കേരള കോൺഗ്രസ് (സെക്കുലർ) എന്ന പേരിൽത്തന്നെ നിലനിന്നു (2011-ൽ പൂഞ്ഞാറിൽ പി.സി. ജോർജിനെതിരെ മത്സരിച്ചത് എൽ.ഡി.എഫിന്റെ ഭാഗമായ സെക്കുലർ വിഭാഗമായിരുന്നു). മാണിയുമായുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് പി.സി.ജോർജിനെ ചീഫ് വിപ്പ് സ്ഥാനത്തുനിന്ന് നീക്കിയതിനെത്തുടർന്ന് സെക്കുലർ വിഭാഗം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചു.

## മൂന്നാം നിയമസഭയുടെ രൂപവത്കരണം

1967-ലെ തിരഞ്ഞെടുപ്പിലാണ് സംസ്ഥാനത്ത് മുന്നണി സംവിധാനത്തിന്റെ ഉദയം കുറിച്ചത്. സപ്തകക്ഷിമുന്നണിക്ക് നേതൃത്വം നൽകിയത് സി.പി.എമ്മായിരുന്നു. കോൺഗ്രസിനെതിരായ വികാരമായിരുന്നു ഇതര കക്ഷികളെ ഒരുമിപ്പിച്ചത്. സി.പി.എമ്മിനു പുറമേ സി.പി.ഐ.,ആർ.എസ്.പി. (റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി), മുസ്ലിംലീഗ്, എസ്. എസ്.പി., കെ.എസ്.പി.(കേരള സോഷ്യലിസ്റ്റ് പാർട്ടി), കെ. ടി.പി. എന്നിവയായിരുന്നു മുന്നണിയിലെ കക്ഷികൾ. കോൺഗ്രസ് വീണ്ടും ഒറ്റയ്ക്ക് മത്സരിച്ചു. ഫിബ്രവരി 20-നു നടന്ന തിരഞ്ഞെടുപ്പിൽ സപ്തകക്ഷിമുന്നണി 101 സീറ്റു നേടി. കോൺഗ്രസ് അംഗബലം ഒൻപതായി ചുരുങ്ങി. മൂന്നാം കേരള നിയമസഭയിൽ മാർച്ച് ആറിന് ഇ.എം.എസ്.രണ്ടാം പ്രാവശ്യം മുഖ്യമന്ത്രിയായി. പിന്നീടങ്ങോട്ട് മാറിമാറിവന്ന മുന്നണികളാണ് സംസ്ഥാനഭരണം കയ്യാളിയിട്ടുള്ളത്.

## കെ.കരുണാകരൻ ലീഡറായി

ഈ നിയമസഭയുടെ കാലത്ത് കോൺഗ്രസ് പാർലമെന്ററി പാർട്ടിയെ നയിച്ച കെ.കരുണാകരൻ പിൽക്കാലത്ത് സംസ്ഥാന രാഷ്ട്രീയത്തിലെ അതിശക്തനായ കോൺഗ്രസ് നേതാവായി ഉയരുകയും ലീഡർ എന്ന അപരനാമത്തിലറിയപ്പെടുകയും ചെയ്തു. തുടക്കത്തിൽ, പാർട്ടി പ്രവർത്തകർ വിളിച്ചുതുടങ്ങിയ ലീഡർ എന്ന വിശേഷണം മാധ്യമങ്ങൾ ഏറ്റെടുക്കുകയായിരുന്നു. ഇടതുമുന്നണിയുടെ തകർച്ചയെത്തുടർന്ന് 1969 ഒക്ടോബർ 24ന് ഇ.എം.എസ്. രാജിവെച്ചു. ഇ.എം.എസിന്റെ രാജിയെത്തുടർന്ന് സി.പി.ഐ.നേതാവ് എം. എൻ.ഗോവിന്ദൻ നായർ ഗവർണറെക്കണ്ട് സി.പി.ഐ.യുടെ നേതൃത്വത്തിൽ മന്ത്രിസഭയുണ്ടാക്കാൻ ക്ഷണിക്കണമെന്ന് ആവശ്യപ്പെട്ടു. എം.എൻ.ഗോവിന്ദൻ നായരുടെയും ടി.വി. തോമസിന്റെയും പേരിൽ അഴിമതി ആരോപണ അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നതിനാൽ രാജ്യസഭാംഗമായിരുന്ന സി.അച്യുതമേനോനെ മുഖ്യമന്ത്രിയാക്കാൻ സി.പി.ഐ. തീരുമാനിച്ചു.

## ഡൽഹിയിൽനിന്ന് വന്ന മുഖ്യമന്ത്രി



നവംബർ ഒന്നിന് സി.അച്യുതമേനോന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ സ്ഥാനമേറ്റു (നവംബർ 1). ഇ.എം.എസ് പ്രതിപക്ഷനേതാവായി (1969-70). നിയമസഭാംഗമല്ലാതിരിക്കെ കേരള മുഖ്യമന്ത്രിയായ ആദ്യ വ്യക്തിയാണ് അച്യുതമേനോൻ.കേരള സം

സ്ഥാനത്തെ പ്രഥമ ധനമന്ത്രിയായിരുന്ന അദ്ദേഹം വിമോചനസമരക്കാലത്ത് ആഭ്യന്തര വകുപ്പിന്റെചുമതലയും വഹിച്ചിരുന്നു(പ്രഥമ മന്ത്രിസഭയുടെ തുടക്കത്തിൽ മുഖ്യമന്ത്രി തന്നെയാണ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അദ്ദേഹം പിന്നീടത് നിയമമന്ത്രി കൃഷ്ണയ്യരെ ഏൽപിക്കുകയായിരുന്നു. കൃഷ്ണയ്യർക്ക്ശേഷമാണ് അച്യുതമേനോന്റെ ഊഴമായത്). അച്യുതമേനോൻ നിയമസഭാംഗം അല്ലാതിരുന്നതിനാൽ ടി.കെ.ദിവാകരനായിരുന്നു സഭാനേതാവ് (മന്ത്രിസംഭാംഗമല്ലാത്ത ഒരാൾ കേരള നിയമസഭയിൽ സഭാനേതാവായ ഏക അവസരമായിരുന്നു ഇത്. 1974–ൽ നിയമസഭാചട്ടങ്ങൾ ഭേദഗതി ചെയ്തപ്പോൾ സഭാനേതാവിന്റെ നിർവചനത്തിലും മാറ്റമുണ്ടായി. ഭേദഗതി ചെയ്യപ്പെട്ട വ്യവസ്ഥ പ്രകാരം മുഖ്യമന്ത്രിയോ അദ്ദേഹം നാമനിർദ്ദേശംചെയ്യുന്ന ഒരു മന്ത്രിസഭാംഗമോ മാത്രമേ സഭാനേതാവായിരിക്കാൻ പാടുള്ളു. സ്പീക്കർ ആ നാമനിർദ്ദേശം അംഗീകരിക്കുകയും വേണം) മന്ത്രിസഭയിൽ പങ്കാളിത്തം വഹിച്ചില്ലെങ്കിലും ആർ.എസ്.പി.യെ ഒഴിച്ചുനിർത്താൻ പാടില്ലാ എന്ന് ഭരണകക്ഷികൾ ഏകകണ്ഠമായി തീരുമാനിച്ചതിന്റെ ഫലമായിട്ടാണ് ടി.കെ.ദിവാകരൻ സഭാനേതാവായി തിരഞ്ഞെടുക്കപ്പെട്ടത് കൊട്ടാരക്കരയിൽനിന്നുള്ള നിയമസഭാംഗം ഇ. ചന്ദ്രശേഖരൻനായർ രാജിവച്ച ഒഴിവിൽ ഏപ്രിൽ 21ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ മൽസരിച്ച് അച്യുതമേനോൻ നിയമസഭാംഗമായി.

## പുൽപ്പള്ളി നക്സലൈറ്റ് ആക്രമണം

1968 നവംബർ 22–ന് നക്സലൈറ്റുകൾ തലശ്ശേരി പൊലീസ് സ്റ്റേഷനും നവംബർ 24–ന് പുൽപ്പള്ളി വയർലെസ് സ്റ്റേഷനും ആക്രമിച്ചു. വയർലെസ് ഓപ്പറേറ്ററെ കൊലപ്പെടുത്തി. ചുവരിൽ രക്തംപുരണ്ട കൈപ്പത്തിയടയാളം പതിച്ചു (ഇത് അജിതയുടേതാണെന്ന് പ്രചാരണമുണ്ടായി). പുൽപ്പള്ളി ദേവസ്വം ആക്രമിക്കാൻ പരിപാടിയിട്ടെങ്കിലും നടക്കാതെപോയി. പൊലീസ് പിടികൂടാൻ ശ്രമം തുടങ്ങിയപ്പോൾ നക്സലൈറ്റുകൾ പല സംഘമായി പിരിഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചു. തുടർന്ന് ഡിസംബർ മൂന്നിന് അടയ്ക്കാത്തോട് എന്ന സ്ഥലത്തുവച്ച് ഫിലിപ്പ് എം. പ്രസാദിനെയും അജിതയെയും ജനം പിടികൂടി. കുന്നിക്കൽ നാരായണൻ തൃശ്ശൂരിൽ പൊലീസിന് കീഴടങ്ങി. ചെന്നൈയിൽനിന്ന് കെ.പി. നാരായണനെ പിടികൂടി.

## കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം

എല്ലാത്തരത്തിലുമുള്ള ജന്മി–കുടിയാൻ ബന്ധങ്ങളും റദ്ദാക്കുന്നതും കുടികിടപ്പുകാരനും യഥാർഥ കർഷകനും ഭൂമിയുടെ ഉടമസ്ഥാവകാശം വ്യവസ്ഥ ചെയ്യുന്നതുമായ കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം 1970 ജനുവരി ഒന്നിന് നിലവിൽവന്നത് അച്യുത മേനോൻ മന്ത്രിസഭയുടെ കാലത്താണ് (ഈ നിയമത്തിന് പ്രസിഡന്റ് അനുമതി നൽകിയത് 1969 ഡിസംബർ 16–ന് ആണ്). കെ.ടി.ജേക്കബ്ബ് ആയിരുന്നു ഈ സമയത്ത് റവന്യൂ മന്ത്രി.

## മന്ത്രിസഭയുടെ പതനം

ഘടകകക്ഷിയായ പി.എസ്.പി.യിലെ ആഭ്യന്തരപ്രശ്നം മന്ത്രിസഭയുടെ പതനത്തിനുകാരണമായി. 1970 ജൂൺ 26ന് ഗവർണർ വിശ്വനാഥൻ നിയമസഭ പിരിച്ചുവിട്ടു. 1970 ഓഗസ്റ്റ് നാല് മുതൽ 1970 ഒക്ടോബർ നാല് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രാഷ്ട്രപതി ഭരണമായിരുന്നു. ഈ നിയമസഭയുടെ കാലത്താണ് 1969 ജൂൺ 16–ന് മലപ്പുറം ജില്ല രൂപംകൊണ്ടത്. ഡി.ദാമോദരൻ പോറ്റിയായിരുന്നു മൂന്നാം നിയമസഭയിലെ സ്പീക്കർ (1967 മാർച്ച് 15–1970 ഒക്ടോബർ 21). കേരള നിയമസഭാ സ്പീക്കറായ ആദ്യത്തെ പി.എസ്.പി. നേതാവാണദ്ദേഹം. കേരളത്തിലെ രണ്ടാമത്തെയും മലബാറിലെ ആദ്യത്തെതുമായ സർവകലാശാലയായ കലിക്കറ്റ് സർവകലാശാല 1968–ൽ നിലവിൽവന്നത് മൂന്നാം നിയമസഭയുടെ കാലത്താണ്.

## ജോൺ മാഞ്ഞൂരാന്റെ റെക്കോർഡ്

ഉപതിരഞ്ഞെടുപ്പ് വഴി ഏറ്റവും കുറച്ചുകാലം കേരള നിയമസഭയിൽ അംഗമായിരുന്നത് ജോൺ മാഞ്ഞൂരാനാണ്. മൂന്നാം നിയമസഭ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് പിരിച്ചുവിട്ടതിനാൽ 1970 മെയ് 20 മുതൽ ജൂൺ 26 വരെയാണ് അദ്ദേഹം നിയമസഭാംഗമായിരുന്നത്.

## കോൺഗ്രസിലെ പിളർപ്പും അതിന്റെ പരിണതഫലങ്ങളും

1969–ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രണ്ടായി പിളരുകയുണ്ടായി. ഇന്ദിരാഗാന്ധിയെ അനുകൂലിക്കുന്ന വിഭാഗം കോൺഗ്രസ് (ആർ) എന്നും മുതിർന്ന നേതാക്കളുടെ വിഭാഗം കോൺഗ്രസ് (ഒ) അഥവാ സംഘടനാ (ഓർഗനൈസേഷണൽ) കോൺഗ്രസ് എന്നും അറിയപ്പെട്ടു. സംഘടനാവിഭാഗത്തിന്റെ പ്രസിഡന്റായി നിജലിംഗപ്പ തുടർന്നു. ഇന്ദിരാവിഭാഗം ജഗ്ജീവൻ റാമിനെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുത്തു. ഇന്ദിരാഗാന്ധിയുടെ വിഭാഗമായിരുന്നു കൂടുതൽ ശക്തം. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ അംഗീകാരം നൽകിയത് ഈ വിഭാഗത്തിനാണ്( പിൽക്കാലത്ത് സംഘടനാ കോൺഗ്രസ് ജനതാപാർട്ടിയിൽ ലയിച്ചു). കേരളത്തിലെ പ്രബല നേതാക്കൾ ഇന്ദിരാപക്ഷത്താണ് നിലയുറപ്പിച്ചത്. അവരിൽ പനമ്പിള്ളി ഗോവിന്ദമേനോൻ, സി.എം. സ്റ്റീഫൻ, കെ.കെ.വിശ്വനാഥൻ കെ.കരുണാകരൻ എന്നിവർ ഉൾപ്പെടുന്നു. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരുന്ന എ.കെ.ആന്റണിയും ദേശീയ കൺവീനറായിരുന്ന വയലാർ രവിയും ഇന്ദിരാഗാന്ധിയെ അനുകൂലിച്ചു. കെ.സി. എബ്രഹാം, കെപിസിസി പ്രസിഡന്റ് ടി.ഒ.ബാവ, കെ.ശങ്കരനാരായണൻ എന്നിവർ മറുപക്ഷത്താണ് നിലയുറപ്പിച്ചത്. കോൺഗ്രസിലെ പിളർപ്പ് 1970–ലെ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു. അതിന്റെ ഫലമെന്നോണം രാഷ്ട്രീയസഖ്യങ്ങൾ മാറിമറിഞ്ഞു. കഴിഞ്ഞ രണ്ടുവട്ടം ഒറ്റയ്ക്ക് മൽസരിച്ച കോൺഗ്രസ് ഇക്കുറി പുതിയ കൂട്ടുകെട്ടുമായാണ് രംഗത്തിറങ്ങിയത്. ഭരണ കോൺഗ്രസ് എന്നു വിളിച്ചിരുന്ന ഇന്ദിര കോൺഗ്രസിനെ പുരോഗമനസ്വഭാവമുള്ള പാർട്ടിയായാണ് സി.പി.ഐ.കണക്കാക്കിയിരുന്നത്. സി.പി.ഐ.യും മുസ്ലിംലീഗും ആർ.എസ്.പി.യും പി.എസ്.പി.യുമടങ്ങുന്ന കുറുമുന്നണി തിരഞ്ഞെടുപ്പിൽ ഇന്ദിര കോൺഗ്രസുമായി ധാരണയിലെത്തി ഐക്യമുന്നണി രൂപവത്കരിച്ചു. കേരള കോൺഗ്രസ് ഐക്യമുന്നണിയുമായുള്ള സീറ്റു ചർച്ച പരാജയപ്പെട്ടതിനെത്തുടർന്ന് സംഘടനാ കോൺഗ്രസുമായി ധാരണയുണ്ടാക്കി. സി.പി.എമ്മിനൊപ്പം ജനകീയമുന്നണിയിൽ എസ്.എസ്.പി., ഐ.എസ്.പി.(ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി), കെ.ടി.പി. (കർഷക തൊഴിലാളി പാർട്ടി),കെ.എസ്.പി. എന്നീ ചെറുകക്ഷികളും അണിനിരന്നു. നാലാം കേരള നിയമസഭയിലേക്ക് ഐക്യമുന്നണി 69 സീറ്റിലും ജനകീയമുന്നണി 46 സീറ്റിലും വിജയിച്ചു. സി.അച്യുതമേനോൻ വീണ്ടും സംസ്ഥാന ഭരണസാരഥിയായി (ഒക്ടോബർ 4). അഴിമതി ആരോപണത്തിൽനിന്ന് മുക്തരായ മുറയ്ക്ക് എം.എൻ. ഗോവിന്ദൻ നായരും ടി.വി. തോമസും മന്ത്രസഭാഗങ്ങളായി. കുറച്ചു കാലത്തിനുശേഷം കെ.കരുണാകരനുൾപ്പെടെ അഞ്ച് കോൺഗ്രസ് നേതാക്കളും മന്ത്രിസഭയിൽ ചേർന്നു. സി.പി.ഐ.യുടെ ഏറ്റവും പ്രബലകാലവും സി.പി.ഐ.(എം)–ന്റെ ഏറ്റവും ക്ഷീണകാലമായും അച്യുതമേനോൻ സർക്കാരിന്റെ കാലം വിലയിരുത്തപ്പെടുന്നു.

## മിച്ചഭൂമി സമരം (1972)

മിച്ചഭൂമി വിതരണം ചെയ്യുക, കർഷകത്തൊഴിലാളി നിയമം പാസാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷ നേതൃത്വത്തിൽ 1972 മാർച്ചിൽ കർഷകത്തൊഴിലാളികൾ ആരംഭിച്ച പ്രക്ഷോഭമാണ് മിച്ചഭൂമി സമരം. എ.കെ.ഗോപാലൻ, ഫാദർ വടക്കൻ, സി.എച്ച്. കണാരൻ, പി.വി.കുഞ്ഞിക്കണ്ണൻ തുടങ്ങിയവർ സമരത്തിന് ചുക്കാൻ പിടിച്ചു. തിരുവനന്തപുരത്ത് മുടവൻമുഗൾ കൊട്ടാര പ്രദേശം പിടിച്ചെടുക്കാൻ മെയ് 25–ന് എ.കെ.ഗോപാലന്റെ നേതൃത്വത്തിലെത്തിയ 27 സന്നദ്ധഭടൻമാരെ പൊലീസ് അറസ്റ്റ് ചെയ്തു. കേരളമെങ്ങും മിച്ചഭൂമി സമരം വ്യാപിച്ചു. ജൂലൈ 13–ന് മഞ്ചേശ്വരത്തുനിന്ന് തിരുവനന്തപുരത്തേക്ക് സമരത്തിന്റെ പ്രചാരണാർഥം എ.കെ.ജി., ജോൺ മാഞ്ഞൂരാൻ, ഫാദർ വടക്കൻ തുടങ്ങിയവർ നേതൃത്വം നൽകിയ ജാഥ ആരംഭിച്ചു. ഓഗസ്റ്റ് 5–ന് ജാഥ ലക്ഷ്യത്തിലെത്തി. ഓഗസ്റ്റ് പതിനൊന്നിന് സർക്കാർ ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചു. ഭൂവുടമകൾ സമർപ്പിച്ച 8500 ഏക്കർ സർക്കാർ ഏറ്റെടുത്തു. മാർക്സിസ്റ്റ് നേതൃത്വത്തിൽ നടന്നുവന്ന മിച്ചഭൂമി സമരം താത്കാലികമായി നിർത്തിവച്ചു.

## രാജൻ കേസ്

കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവ് കെ.കരുണാകരനായിരുന്നു ആഭ്യന്തരമന്ത്രി. കേരളരാഷ്ട്രീയത്തിൽ ഏറെ കോലാഹലം സൃഷ്ടിച്ച രാജൻ സംഭവം നടന്നത് ഈ മന്ത്രിസഭയുടെ കാലത്താണ്. 1976 മാർച്ച് ഒന്നിന് കോഴിക്കോട് ചാത്തമംഗലം എഞ്ചിനീയറിങ് കോളേജ് (ഇന്നത്തെ എൻ.ഐ.ടി.) വിദ്യാർഥി പി.രാജനെ പൊലീസ് കസ്റ്റഡിയിലെടുക്കുകയുണ്ടായി. കൂരാച്ചുണ്ട് പൊലീസ് സ്റ്റേഷൻ നക്സലൈറ്റുകൾ ആക്രമിച്ചതുമായി ബന്ധപ്പെട്ടായിരുന്നു ഈ നടപടി. അറസ്റ്റിന്റെ വിവരമറിഞ്ഞ് അന്വേഷിച്ച കോളേജ് പ്രിൻസിപ്പലിന് വ്യക്തമായ മറുപടി ലഭിച്ചില്ല. പൊലീസ് അധികാരികളെയും ആഭ്യന്തര മന്ത്രിയെയും മുഖ്യമന്ത്രിയെയും (ഈച്ചരവാര്യരുടെ പരിചയക്കാരനായിരുന്നു അച്യുതമേനോൻ. മേനോൻ ഇക്കാര്യത്തിൽ സഹായിച്ചില്ല എന്ന് വാര്യർ ആത്മകഥയായ 'ഒരച്ഛന്റെ ഓർമക്കുറിപ്പുകളി'ൽ വെളിപ്പെടുത്തുന്നുണ്ട്) സമീപിച്ച രാജന്റെ പിതാവ് പ്രൊഫ.ഈച്ചരവാര്യർക്ക് അന്വേഷിക്കാമെന്ന മറുപടി മാത്രമാണ് ലഭിച്ചത്. അടിയന്തരാവസ്ഥക്കാലമായതിനാൽ ഹേബിയസ് കോർപ്പസ് ഹർജി ഫയൽ ചെയ്യാൻ വ്യവസ്ഥയില്ലായിരുന്നു. രാജനോടൊപ്പം അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിലായിരുന്നവർ പുറത്തുവന്നപ്പോഴാണ് രാജൻ കക്കയം ക്യാമ്പിൽ വച്ച് കൊല്ലപ്പെട്ട വിവരം വെളിപ്പെടുത്തപ്പെട്ടത് . രാജനെ കൂടാതെ വർക്കല വിജയൻ, നാദാപുരം കണ്ണൻ തുടങ്ങി ഇരുപതോളം പേർ അടിയന്തരാവസ്ഥക്കാലത്ത് പൊലീസ് കസ്റ്റഡിയിൽ മരണപ്പെട്ടു. രാജനെത്തേടി പിതാവ് നടത്തിയ അന്വേഷണം കേരളത്തിന്റെ മനസ്സാക്ഷിയെ നടുക്കി (രാജൻ മരണപ്പെട്ടത് മറ്റ് തരത്തിലാണെന്ന ചില വെളിപ്പെടുത്തലുകളും പിൽക്കാലത്ത് ഉണ്ടായിട്ടുണ്ട്.).

## നക്സലൈറ്റ് പ്രസ്ഥാനത്തെ അമർച്ച ചെയ്യൽ

കേരളത്തിൽ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയെ പൊലീസിനെ ഉപയോഗിച്ച് അടിച്ചമർത്തിയ ഭരണാധികാരിയായിട്ടാണ് പിൽക്കാല ചരിത്രം കെ.കരുണാകരനെ വിലയിരുത്തുന്നത്. ജയറാം പടിക്കലിനെപ്പോലുള്ള ഉന്നത പൊലീസ് ഉദ്യോഗസ്ഥരാണ് നക്സലൈറ്റ് വേട്ടയ്ക്ക് നേതൃത്വം നൽകിയത്. സ്കോട്ട്ലൻഡ്യാർഡിൽ പരിശീലനം ലഭിച്ച അപൂർവം പൊലീസ് ഓഫീസർമാരിൽ ഒരാളായിരുന്നു പടിക്കൽ.

## ഏറ്റവും കൂടുതലുള്ള കാലാവധിയുണ്ടായിരുന്ന സഭ

നിയമസഭ 1975 ഒക്ടോബർ 21–ന് കാലാവധി തികച്ചെങ്കിലും രാജ്യത്ത് അടിയന്തരാവസ്ഥ നിലനിന്നതുകാരണം ഒന്നരവർഷംകൂടി കാലാവധി നീട്ടിക്കിട്ടി. 1977 മാർച്ച് 25 വരെ ഈ മന്ത്രിസഭ ഭരണം നടത്തി. ഈ നിയമസഭയുടെ കാലത്താണ് 1972 ജനുവരി 26–ന് ഇടുക്കി ജില്ല നിലവിൽ വന്നത്. 1970 ഒക്ടോബർ 22 മുതൽ 1975 മെയ് എട്ടുവരെ മുസ്ലിം ലീഗിലെ കെ.മൊയ്തീൻകുട്ടി ഹാജിയും 1976 ഫെബ്രുവരി 17 മുതൽ 1977 മാർച്ച് 25 വരെ ടി.എസ്. ജോണും സ്പീക്കർമാരായി പ്രവർത്തിച്ചു. നാലാം കേരള നിയമസഭയുടെ ഡപ്യൂട്ടി സ്പീക്കറായിരുന്ന (1970 ഒക്ടോബർ 31–1977 മാർച്ച് 22) ആർ.എസ്. ഉണ്ണിയാണ് സംസ്ഥാനചരിത്രത്തിൽ ആ പദവി ഏറ്റവും കൂടുതൽ കാലം വഹിച്ചത്.

1972 ഏപ്രിൽ മൂന്നിന് നിയമസഭയിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ ധനമന്ത്രി കെ.ടി.ജോർജ് കുഴഞ്ഞുവീഴുകയും മസ്തിഷ്ക സ്രാവത്തെത്തുടർന്ന് അന്ന് ഉച്ചയ്ക്ക് രണ്ടുമണിയോടെ ജനറൽ ആശുപത്രിയിൽ അന്തരിക്കുകയും ചെയ്തു. തുടർന്ന് കോൺഗ്രസിന്റെ പ്രതിനിധിയായി പോൾ പി. മാണി മന്ത്രിസഭയിൽ ചേർന്നു (മെയ് 16).

## പത്രാധിപർക്ക് സഭയുടെ താക്കീത്

സഭയുടെ പ്രത്യേക അവകാശങ്ങൾ ലംഘിച്ചതിന് തനിനിറം പത്രത്തിന്റെ മാനേജിങ് എഡിറ്റർ കൃഷ്ണൻ നായരെ കേരള നിയമസഭ മുമ്പാകെ വിളിച്ചുവരുത്തി കർശനമായി താക്കീതു ചെയ്തതിനും നാലാം കേരള നിയമസഭ സാക്ഷ്യം വഹിച്ചു (1972 ഒക്ടോബർ).

## ലക്ഷംവീട് പദ്ധതി

കൊല്ലം ജില്ലയിലെ ചടയമംഗലത്തുള്ള ചിതറയിൽ 1972 മെയ് 14–ന് എം.എൻ.ഗോവിന്ദൻ നായർ ഭവനരഹിതരായ ദരിദ്രർക്കായി ലക്ഷംവീട് പദ്ധതിക്ക് തുടക്കം കുറിച്ചത് ഈ സഭയുടെ കാലത്താണ്.

## അടിയന്തരാവസ്ഥയുടെ വിധിയെഴുത്ത്

1977–ൽ കോൺഗ്രസ് വിരുദ്ധ വികാരം സംഘടിച്ച് ദേശീയതലത്തിൽ ജനതാ പാർട്ടി രൂപം കൊള്ളുകയുണ്ടായി. സംഘടനാ കോൺഗ്രസ്, ഭാരതീയ ലോക്ദൾ, സോഷ്യലിസ്റ്റ് പാർട്ടി, ജനസംഘം എന്നീ കക്ഷികൾ ലയിച്ചാണ് ജനതാപാർട്ടിക്ക് രൂപം നൽകിയത്.അതിന്റെ കേരളഘടകവും നിലവിൽവന്നു. അടിയന്തരാവസ്ഥ സംബന്ധിച്ച വിധിയെഴുത്ത് എന്ന നിലയിൽ രൂപപ്പെട്ട തിരഞ്ഞെടുപ്പിൽ സീറ്റുകളുടെ എണ്ണം 140 ആയി ഉയർന്നു. കോൺഗ്രസ്, സി.പി.ഐ., മുസ്ലിംലീഗ്, കേരള കോൺഗ്രസ്, ആർ.എസ്.പി., പി.എസ്.പി. എന്നീ പാർട്ടികളോടൊപ്പം എൻ.എസ്.എസിന്റെ പുതുതായി രൂപംകൊണ്ട രാഷ്ട്രീയ വിഭാഗമായ നാഷണൽ ഡെമോക്രാറ്റിക് പാർട്ടിയും (എൻ.ഡി.പി.) ചേർന്നുണ്ടാക്കിയ ഐക്യകക്ഷിയും സി.പി. എം.നേതൃത്വത്തിലുള്ള പ്രതിപക്ഷമുന്നണിയും തമ്മിലായി




രുന്നു മൽസരം. ജനതാപാർട്ടി, കെ.എസ്.പി., കോൺഗ്രസ് 'റാഡിക്കൽസ്', നാഷണൽ എസ്.ആർ.പി., കേരള കോൺഗ്രസ്(പിള്ള),അഖിലേന്ത്യ മുസ്ലിംലീഗ് എന്നിവയായിരുന്നു പ്രതിപക്ഷമുന്നണിയിലെ ഘടകകക്ഷികൾ. ഐക്യകക്ഷി 111 സീറ്റുനേടി. കേരള ചരിത്രത്തിൽ ഒരു മുന്നണി ഏറ്റവും കൂടുതൽ സീറ്റുകൾ സ്വന്തമാക്കിയ അവസരമായിരുന്നു അത്. പ്രതിപക്ഷമുന്നണിക്ക് 29 സീറ്റ് കിട്ടി. കെ.കരുണാകരൻ അഞ്ചാം കേരള നിയമസഭയിൽ മുഖ്യമന്ത്രിയായി (മാർച്ച് 25). ഒട്ടേറെ സംഭവവികാസങ്ങൾക്ക് അഞ്ചാം നിയമസഭ സാക്ഷ്യം വഹിച്ചു. രാജൻ കേസിൽ കോടതിയുടെ പരമർശത്തെത്തുടർന്ന് കെ.കരുണാകരൻ രാജിവച്ചു (ഏപ്രിൽ 25). സംസ്ഥാനത്ത് ഏറ്റവും കുറച്ചുകാലം ഭരിച്ച മന്ത്രിസഭയായിരുന്നു ഇത്.

### ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി

കെ.പി.സി.സി.പ്രസിഡന്റായിരുന്ന എ.കെ.ആന്റണി 1977 ഏപ്രിൽ 27-ന് മുഖ്യമന്ത്രിയായി(ഏപ്രിൽ 27). 37-ാം വയസ്സിൽ കേരള മുഖ്യമന്ത്രിയായ അദ്ദേഹം ഈ പദവിയിലെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു. ഒരു അവിവാഹിതൻ കേരളത്തിന്റെ ഭരണസാരഥിയായ ആദ്യ അവസരവുമായിരുന്നു അത് (പിന്നീട് അദ്ദേഹം വിവാഹിതനായി). എ.കെ.ആന്റണി നിയമസഭാംഗമല്ലാത്തതിനാൽ കഴക്കൂട്ടം എം.എൽ.എ. തലേക്കുന്നിൽ ബഷീർ രാജിവയ്ക്കുകയും ആന്റണി അവിടെനിന്ന് മൽസരിച്ച് നിയമസഭാംഗമാകുകയും ചെയ്തു ചിക്മഗ്ലൂർ ലോക്സഭാമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിക്കെതിരെ സ്ഥാനാർഥിയെ നിർത്തി മൽസരിപ്പിക്കണ്ടായെന്ന കോൺഗ്രസിന്റെ പാർലമെന്ററി ബോർഡ് തീരുമാനത്തിൽ പ്രതിഷേധിച്ച് എ.കെ.ആന്റണി 1978 ഒക്ടോബർ 27-ന് രാജിവച്ചു. തുടർന്ന് സി.പി.ഐ.നേതാവ് പി.കെ.വാസുദേവൻ നായർ മുഖ്യമന്ത്രിയായി (ഒക്ടോബർ 29). ഒരേ നിയമസഭയിൽ (അഞ്ചാം കേരള നിയമസഭ) മന്ത്രി, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ സ്ഥാനങ്ങൾ വഹിച്ച ഏക കേരളീയൻ എന്ന വിശേഷണം അദ്ദേഹത്തിനു സ്വന്തമാണ്.





### മുഖ്യമന്ത്രിയായ ഒരേയൊരു ലീഗ് നേതാവ്


ഇഷ്ടദാനബിൽ തർക്കത്തെത്തുടർന്ന് പി.കെ.വാസുദേവൻ നായർ മുഖ്യമന്ത്രിസ്ഥാനം 1979 ഒക്ടോബർ 7-ന് രാജിവച്ചതിനെത്തുടർന്ന് സി.എച്ച്.മുഹമ്മദ് കോയ (മുസ്ലിംലീഗ്) മുഖ്യമന്ത്രിയായി (ഒക്ടോബർ 12). കേരളത്തിൽ ഈ പദവിയിലെത്തിയ ആദ്യ മുസ്ലിമാണദ്ദേഹം. പി.കെ.വാസുദേവൻ നായരായിരുന്നു പ്രതിപക്ഷനേതാവ് (നവംബർ വരെ). 1979 ഡിസംബർ ഒന്നിന് സി.എച്ച്.മുഹമ്മദ് കോയ മുഖ്യമന്ത്രിസ്ഥാനം രാജിവച്ചു. സി.എച്ചിന് ഏറ്റവും കുറച്ചുകാലം ഭരിച്ച കേരള മുഖ്യമന്ത്രി എന്ന വിശേഷണം സ്വന്തമായി. കേരളസംസ്ഥാന ചരിത്രത്തിലെ ഏറ്റവും അംഗബലം കുറഞ്ഞ മന്ത്രിസഭയും (ആറ്) സി.എച്ചിന്റെതായിരുന്നു. രണ്ടരവർഷത്തിനുള്ളിൽ നാലു മന്ത്രിസഭകൾ വന്നെങ്കിലും സഭയ്ക്ക് കാലാവധി തികയ്ക്കാൻ കഴിഞ്ഞില്ല. ഏറ്റവും കൂടുതൽ മുഖ്യമന്ത്രിമാരെ കണ്ട നിയമസഭ എന്ന പ്രത്യേകതയും അഞ്ചാം കേരള നിയമസഭയ്ക്ക് സ്വന്തമാണ്. ഇതിനിടെ ദേശീയതലത്തിലെ സംഭവവികാസങ്ങളെത്തുടർന്ന് കേരളത്തിൽ ഇന്ദിരാഗാന്ധിയെഅനുകൂലിക്കുന്നവിഭാഗംഐക്യകക്ഷിമുന്നണിയിൽനിന്നും പുറത്തുപോയി. ഇക്കാലത്ത് കേരള കോൺഗ്രസ് കെ.എം.മാണിയുടെയും പി.ജെ.ജോസഫിന്റെയും നേതൃത്വത്തിൽ രണ്ടായി പിളർന്നു. 1979 ഡിസംബർ അഞ്ചിന് കേരളം രാഷ്ട്രപതിഭരണത്തിൻ കീഴിലായി. 1980 ജനവരി 25 വരെ അത് നീണ്ടുനിന്നു. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും ദൈർഘ്യം കുറഞ്ഞ രാഷ്ട്രപതി ഭരണമായിരുന്നു അത്. 1977 മാർച്ച് 28 മുതൽ 1980 ഫെബ്രുവരി 14 വരെ ചാക്കീരി അഹമ്മദ് കുട്ടി സ്പീക്കറായി.



### കോൺഗ്രസ് (എസ്)

1977-ൽ ഇന്ദിരാഗാന്ധിയ്ക്കുണ്ടായ പരാജയത്തെത്തുടർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിഘടിച്ച് 1978-ൽ രൂപപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ് (അരസ്) ആണ് കോൺഗ്രസ് (എസ്) ന്റെ മുൻഗാമി. ഡി.ദേവരാജ് അരസ് ആണ് ഈ വിഭാഗത്തെ നയിച്ചിരുന്നത്. കർണാടകം. കേരളം,മഹാരാഷ്ട്ര എന്നിവിടങ്ങളിലെ പല നേതാക്കളും അരശിനൊപ്പം ചേരുകയുണ്ടായി. 1978-1986 കാലയളവിൽ ഈ കക്ഷിക്ക് ദേശീയ പാർട്ടിയുടെ പദവി ഉണ്ടായിരുന്നു. എ.കെ.ആൻറണി, ശരദ് പവാർ, പ്രിയരഞ്ജൻദാസ് മുൻഷി, കെ.പി.ഉണ്ണികൃഷ്ണൻ എന്നിവർ വ്യത്യസ്ത കാലങ്ങളിൽ കോൺഗ്രസ് വിട്ട് ഈ പാർട്ടിയിൽ പ്രവർത്തിച്ച നേതാക്കളിൽ ഉൾപ്പെടുന്നു. 1981-ൽ ശരദ് പവാർ സംഘടനയുടെ അധ്യക്ഷനായപ്പോൾ പാർട്ടിയുടെ പേര് ഇന്ത്യൻ കോൺഗ്രസ് (സോഷ്യലിസ്റ്റ്) എന്നാക്കി മാറ്റി. 1986-ൽ പവാറും കക്ഷിയും കോൺഗ്രസിൽ ലയിച്ചു. ശരത്ചന്ദ്ര സിൻഹയുടെ നേതൃത്വത്തിൽ ഒരു വിഭാഗം 1984-ൽ വിഘടിച്ച് ഇന്ത്യൻ കോൺഗ്രസ് (സോഷ്യലിസ്റ്റ്)-ശരദ്ചന്ദ്ര സിൻഹ എന്ന വിഭാഗം രൂപവത്കരിക്കുകയുണ്ടായി. ഈ ഘടകം 1999-ൽ ശരദ് പവാറിന്റെ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയിൽ ലയിച്ചു. കേരളത്തിൽ ഒരു ചെറിയ ഘടകം കടന്നപ്പള്ളി രാമചന്ദ്രന്റെ നേതൃത്വത്തിൽ കോൺഗ്രസ് (സോഷ്യലിസ്റ്റ്) എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. 2016-ലെ തിരഞ്ഞെടുപ്പിൽ ഈ കക്ഷി എൽഡിഎഫിന്റെ ഭാഗമായിരുന്നു. 2007-ൽ ഡിഐസിയിലെ ഒരു വിഭാഗം (ഇടത്) എം.എ. ജോണിന്റെ നേതൃത്വത്തിൽ ഈ പാർട്ടിയിൽ ലയിക്കുകയുണ്ടായി.

## ആറാം കേരള നിയമസഭ



ആറാം കേരള നിയമസഭയിലേക്ക് 1980-ൽ കേരളം വീണ്ടും തിരഞ്ഞെടുപ്പിനെ നേരിട്ടു. മുന്നണിബന്ധങ്ങളിലെ വൻഅഴിച്ചുപണി 1980-ലെപ്രത്യേകതയായിരുന്നു. കോൺഗ്രസിലെയും കേരള കോൺഗ്രസിലെയും പിളർപ്പ് പുതിയ കൂട്ടുകെട്ടിനു വഴി തെളിച്ചു. കോൺഗ്രസ് (യു), കേരള കോൺഗ്രസ് (മാണി), സി.പി.ഐ., ആർ.എസ്.പി.എന്നീ പാർട്ടികൾ ഇടതുപക്ഷത്തെത്തി. സി.പി.എം., അഖിലേന്ത്യ മുസ്ലിംലീഗ്, കേരള കോൺഗ്രസ്(പിള്ള) എന്നിവയായിരുന്നു ആ പക്ഷത്തെ മറ്റു കക്ഷികൾ. ഐക്യജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ കോൺഗ്രസ്, കേരള കോൺഗ്രസ് (ജോസഫ്), പി.എസ്.പി., എൻ.ഡി.പി., എസ്.ആർ.പി. എന്നിവയായിരുന്നു. ജനവരി 21നു നടന്ന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് 93 സീറ്റും ഐക്യമുന്നണിക്ക് 46 സീറ്റും ലഭിച്ചു. പതിനൊന്നു വർഷത്തിനുശേഷം സി.പി.എം. ഭരണത്തിൽ തിരിച്ചെത്തി. ഇ.കെ.നായനാർ മുഖ്യമന്ത്രിയായി(ജനുവരി 25). കെ.കരുണാകരൻ പ്രതിപക്ഷ നേതാവായി (1980-81). ഭരണം ഒന്നേമുക്കാൽ വർഷമേ നീണ്ടുനിന്നുള്ളു. കോൺഗ്രസും(എസ്) സി.പി.എമ്മും തമ്മിലുള്ള അഭിപ്രായവ്യത്യാസമാണ് മന്ത്രിസഭയുടെ ആയുസ്സൊടുങ്ങാൻ കാരണമായത്. എ.കെ.ആന്റണിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം കോൺഗ്രസിൽ(എസ്) നിന്നും വഴിപിരിഞ്ഞതും കേരള കോൺഗ്രസ്(എം) പിന്തുണ പിൻവലിച്ചതുമാണ് മന്ത്രിസഭയ്ക്കു വിനയായത്. 1981 ഒക്ടോബർ 20ന് നായനാർ രാജിവെച്ചപ്പോൾ കെ.കരുണാകരൻ മുഖ്യമന്ത്രിയായി എട്ടംഗ മന്ത്രിസഭ അധികാരത്തിൽവന്നു. മുസ്ലിം ലീഗിലെ സി.എച്ച്.മുഹമ്മദ് കോയ ഉപമുഖ്യമന്ത്രിയായി. കേരളത്തിൽ മുഖ്യമന്ത്രിയായശേഷം ഉപമുഖ്യമന്ത്രിയായ ഏക വ്യക്തിയാണദ്ദേഹം. ഇ.കെ.നായനാർ ആയിരുന്നു പ്രതിപക്ഷ നേതാവ്.

### കാസ്റ്റിങ് വോട്ടും കാലുമാറലും

സ്പീക്കർ എ.സി.ജോസിന്റെ കാസ്റ്റിങ് വോട്ടിൽ റെക്കോർഡ് സൃഷ്ടിച്ച ഈ മന്ത്രിസഭയും അല്പായുസ്സായിരുന്നു. കേരള കോൺഗ്രസ് (എം)-ലെ ലോനപ്പൻ നമ്പാടൻ പിന്തുണ പിൻവലിച്ചതോടെയാണ് മന്ത്രിസഭ ന്യൂനപക്ഷമായത്. ഫെബ്രുവരി നാലിന് മന്ത്രിസഭയ്ക്കെതിരായ അവിശ്വാസപ്രമേയം സ്പീക്കറുടെ കാസ്റ്റിങ് വോട്ടോടെയാണ് പരാജയപ്പെട്ടത്. സംസ്ഥാനത്ത് വീണ്ടും രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി (1982 മാർച്ച് 17). മെയ് 23 വരെ രാഷ്ട്രപതി ഭരണം നിലനിന്നു. കേരളത്തിൽ ഏറ്റവും കുറച്ച് കാലദൈർഘ്യമുണ്ടായിരുന്ന നിയമ സഭ ആറാം നിയമസഭയായിരുന്നു. 1980 നവംബർ ഒന്നിന് വയനാട് ജില്ല രൂപംകൊണ്ടത് ഈ നിയമസഭയുടെ കാലത്താണ്. ഈ നിയമസഭയുടെ കാലാവധിയിൽ രണ്ടു പേർ സ്പീക്കർമാരായി പ്രവർത്തിച്ചു. 1980 ഫെബ്രുവരി 15 മുതൽ 1982 ഫെബ്രുവരി ഒന്നുവരെ എ.പി.കുര്യനും 1982 ഫെബ്രുവരി 3 മുതൽ 1982 ജൂൺ 23 വരെ എ.സി.ജോസഫുമായിരുന്നു സ്പീക്കർമാർ. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം കാസ്റ്റിങ് വോട്ട് പ്രയോഗിച്ച സ്പീക്കറാണ് എ.സി.ജോസ് (വോട്ടിങ് നില തുല്യമായി വരുമ്പോൾ സഭാധ്യക്ഷൻ ചെയ്യുന്ന വോട്ടാണ് കാസ്റ്റിങ് വോട്ട്). ആകെ എട്ട് തവണയാണ് മന്ത്രിസഭയെ രക്ഷിക്കാൻ എ.സി.ജോസ് കാസ്റ്റിങ് വോട്ട് പ്രയോഗിച്ചത്.

### ഏറ്റവും കുറച്ചുകാലം എംഎൽഎ

നിലമ്പൂരിൽ ടി.കെ.ഹംസയെ പരാജയപ്പെടുത്തി ആറാം കേരള നിയമസഭയിലെത്തുകയും പത്തുദിവസത്തിനുശേഷം രാജിവയ്ക്കുകയും ചെയ്ത സി. ഹരിദാസ് ആണ് ഏറ്റവും കുറച്ചുകാലം കേരളത്തിൽ നിയമസഭാ സാമാജികനായത്. അതിനുമുമ്പും അതിനുശേഷവും അദ്ദേഹം നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടില്ല. നായനാർ മന്ത്രിസഭയിൽ തൊഴിൽ വകുപ്പ് മന്ത്രിയായ ആര്യാടൻ മുഹമ്മദിന് ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ച് നിയമസഭാംഗമാകാൻ സാഹചര്യമൊരുക്കുന്നതിനായിരുന്നു ഹരിദാസിന്റെ രാജി. തുടർന്ന് അദ്ദേഹം ആറുവർഷക്കാലം രാജ്യസഭാംഗമായി (1980-86).

## ഏഴാം കേരള നിയമസഭ

1982-ൽ ഏഴാം കേരള നിയമസഭയിലേക്ക് നടന്ന അടുത്ത തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ സഖ്യങ്ങളുടെ ഘടന പിന്നെയും മാറി. ആന്റണി വിഭാഗവും കേരള കോൺഗ്രസ് മാണി ഗ്രൂപ്പും ജനതാപാർട്ടി പിളർന്നു രൂപീകൃതമായ ജനത (ജി)യും ഐക്യജനാധിപത്യമുന്നണിയുമായി കൈകോർത്തു. ആർ.എസ്.പി.യിലെ പിളർപ്പിനെത്തുടർന്ന് ഒരു വിഭാഗം ആർ.എസ്.പി.(എസ്)ക്കാരും കോൺഗ്രസ്, മുസ്ലിംലീഗ്, കേരള കോൺഗ്രസ്(ജെ), എൻ.ഡി.പി.,എസ്.ആർ.പി., പി.എസ്.പി.എന്നിവയുൾപ്പെട്ട ഈ സഖ്യത്തിലേക്കു ചേക്കേറി. സി.പി.എം., സി.പി.ഐ.,കോൺഗ്രസ്(എസ്), ആർ.എസ്.പി., അഖിലേന്ത്യ മുസ്ലിംലീഗ്, കേരള കോൺഗ്രസ്(സോഷ്യലിസ്റ്റ്) എന്നിവയായിരുന്നു ഇടതുമുന്നണിയിലെ പാർട്ടികൾ. ഈ തിരഞ്ഞെടുപ്പിൽ ആദ്യയങ്കത്തിനു ബി.ജെ.പി. യുമെത്തി. ഭാരതീയ ജനസംഘം ബി.ജെ.പി.യായി പുനരവതരിച്ചശേഷം നടന്ന ആദ്യ തിരഞ്ഞെടുപ്പായിരുന്നു അത്. 77 സീറ്റോടെ ഐക്യപക്ഷം കേവലഭൂരിപക്ഷം നേടിയപ്പോൾ ഇടതുപക്ഷം 63 സീറ്റുനേടി. സി.പി.ഐ.യിലെ അതികായൻമാരായ പികെവിയും പിഎസ് ശ്രീനിവാസനും പരാജയപ്പെട്ടു. തൃശ്ശൂരിലെ മാള, തിരുവനന്തപുരത്തെ നേമം എന്നീ രണ്ടു മണ്ഡലങ്ങളിൽ ജയിച്ച് കെ.കരുണാകരൻ മുഖ്യമന്ത്രിയായി (മെയ് 24). പിന്നീട് നേമത്തെ അംഗത്വം രാജിവച്ചു. സി.എച്ച്.മുഹമ്മദ് കോയ, പി.ജെ.ജോസഫ്, കെ.എം. മാണി, ഉമ്മൻ ചാണ്ടി, കെ.ശിവദാസൻ, സി.എം.സുന്ദരം, ആർ. സുന്ദരേശൻ നായർ എന്നിവരായിരുന്നു 19 അംഗ മന്ത്രിസഭയിലെ പ്രമുഖരായ മന്ത്രിമാർ. മന്ത്രിമാരെ തിരഞ്ഞെടുക്കാൻ കരുണാകരന് ഇന്ദിരാ ഗാന്ധി പൂർണ സ്വാതന്ത്ര്യം നൽകിയിരുന്നു (സാധാരണമായി സംസ്ഥാന മന്ത്രിസഭാംഗങ്ങളുടെ പട്ടികയ്ക്ക് കോൺഗ്രസ് ഹൈക്കമാൻഡ് ആണ് അംഗീകാരം നൽകുന്നത്). കുറച്ചുകാലത്തിനുശേഷം എ.കെ. ആൻറണിയും മടങ്ങിയെത്തി. 1987 മാർച്ച് 25 വരെ ഭരിച്ച കരുണാകരന് കാലാവധി തികച്ച (1982-87) ആദ്യ കോൺഗ്രസ് മുഖ്യനെന്ന വിശേഷണം സ്വന്തമായി. ഉപമുഖ്യമന്ത്രി സിഎച്ച് മുഹമ്മദ് കോയ അന്തരിച്ചതിനെത്തുടർന്ന് 1983 ഒക്ടോബർ 24 മുതൽ 1987 മാർച്ച് 25 വരെ മുസ്ലിം ലീഗ് നേതാവ് അവുക്കാദർകുട്ടി നഹ ഉപമുഖ്യമന്ത്രിയായി (പിൽക്കാലത്ത് കേരള വിദ്യഭ്യാസ മന്ത്രിയായ അബ്ദു റബ്ബ് ഇദ്ദേഹത്തിന്റെ മകനാണ്). കേരളത്തിൽ ഏറ്റവും കൂടുതൽകാലം ഉപമുഖ്യമന്ത്രിയായിരുന്നത് നഹയാണ്. ഇ.കെ.നായനാർ ആയിരുന്നു ഏഴാം നിയമസഭയിലെ പ്രതിപക്ഷനേതാവ് (1982-87). 1982 ജൂൺ 24 മുതൽ 1984 ഡിസംബർ 28 വരെ വക്കം പുരുഷോത്തമനാണ് സ്പീക്കറായത്. 1985 മാർച്ച് 8 മുതൽ 1987 മാർച്ച് 25 വരെ വി.എം.സുധീരൻ സ്പീക്കറായി.

### പഞ്ചാബ് മോഡൽ

കേന്ദ്രത്തിന്റെ അവഗണന തുടർന്നാൽ കേരളത്തിലും പഞ്ചാബ് മോഡലിൽ തീവ്രവാദം വളരുമെന്ന മന്ത്രി ആർ

ബാലകൃഷ്ണപിള്ളയുടെ പ്രസംഗത്തിന്റെ പേരിൽ സ്വകാര്യ അന്യായം ഫയലിൽ സ്വീകരിച്ച് ഹൈക്കോടതി പിള്ളയ്ക്ക് നോട്ടീസ് അയച്ചു. തുടർന്ന് 1985 മെയ് 5–ന് പിള്ള രാജിവച്ചു.

### എം.പി.ഗംഗാധരന്റെ രാജി

മന്ത്രി എം.പി.ഗംഗാധരൻ മകളെ പ്രായപൂർത്തിയാരുന്നതിനുമുമ്പ് വിവാഹം കഴിപ്പിച്ചുകൊടുത്തു എന്നാരോപിച്ച് മന്ത്രിയുടെ പേരിൽ നവാബ് രാജേന്ദ്രൻ കൊടുത്ത കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗംഗാധരൻ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളിയതിനെത്തുടർന്ന് അദ്ദേഹം രാജിവച്ചു (1986 മാർച്ച് 12). എസ്.ആർ.പി. മന്ത്രി ശ്രീനിവാസനെതിരെ ഒരു അഴിമതിക്കേസിൽ പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് അഴിമതി നിരോധനക്കമ്മിഷൻ പരാമർശിച്ചതിനെത്തുടർന്ന് അദ്ദേഹം രാജിവച്ചു.

ഇടുക്കി ജില്ലയിലെ തങ്കമണിയിൽ സ്ത്രീകൾക്കെതിരെ പോലീസ് അക്രമം (1986 ഒക്ടോബർ 24) സംബന്ധിച്ച വിവാദമുണ്ടായതും ഈ മന്ത്രിസഭയുടെ കാലത്താണ്. 1982 നവംബർ ഒന്നിന് പത്തനംതിട്ട ജില്ലയും 1984 മെയ് 24–ന് കാസർഗോഡ് ജില്ലയും നിലവിൽ വരികയുണ്ടായി. പത്തനംതിട്ടയിലെ സ്വതന്ത്ര എംഎൽഎ ആയിരുന്ന കെ.കെ. നായരുടെ ആവശ്യം അംഗീകരിച്ചുകൊണ്ടാണ് ജില്ല രൂപവത്കരിച്ചത്. കേരളചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മന്ത്രിയെ കണ്ടതും ഈ നിയമസഭയാണ്. 1986–ൽ മുപ്പതാം വയസ്സിൽ ക്യാബിനറ്റ് റാങ്കോടെ ഗ്രാമവികസന മന്ത്രിയായ രമേശ് ചെന്നിത്തലയാണ് ആ റെക്കോർഡിനുടമ.

### ഇലക്ട്രോണിക് വോട്ടിങ് മെഷീൻ

ഇന്ത്യയിലാദ്യമായി ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്തിയതും കേരളത്തിലാണ്. 1982–ൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിലായിരുന്നു അത്.

### എംവി രാഘവനും സിഎംപിയും

കേരള കോൺഗ്രസിനെയും മുസ്ലിം ലീഗിനെയും ഇടത് മുന്നണിയിലേക്ക് കൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബദൽരേഖ 1985–ൽ അവതരിപ്പിച്ചതിന്റെ പേരിൽ പാർലമെന്ററി അവസരവാദക്കുറ്റം ചുമത്തി 1986 ജൂൺ 23–ന് സിപിഐ (എം)–ൽനിന്ന് പുറത്താക്കപ്പെട്ട എം.വി. രാഘവൻ (എംവിആർ) രൂപവത്കരിച്ച പാർട്ടിയാണ് കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി (സിഎംപി). ഏറ്റവും കൂടുതൽ മണ്ഡലങ്ങളിൽനിന്ന് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നേതാവാണ് എംവിആർ. മാടായി (1970), തളിപ്പറമ്പ് (1977), കൂത്തുപറമ്പ് (1980), പയ്യന്നൂർ (1982), അഴീക്കോട് (1987), കഴക്കൂട്ടം (1991), തിരുവനന്തപുരം വെസ്റ്റ് (2001) എന്നീ മണ്ഡലങ്ങളെ അദ്ദേഹം പ്രതിനിധാനം ചെയ്തിട്ടുണ്ട്. ആറന്മുള(1996)യിലും പുനലൂരിലും (2006) എം.വി.ആർ. പരാജയപ്പെട്ടിട്ടുണ്ട്. 2014–ൽ രണ്ടായി പിളർന്ന സി.എം.പി.യിലെ ഒരു വിഭാഗം (കെ.ആർ.അരവിന്ദാക്ഷൻ) എൽ.ഡി.എഫിന്റെയും മറുവിഭാഗം (സി.പി. ജോൺ) യു.ഡി.എഫിന്റെയും ഭാഗമായി.

## എട്ടാം കേരള നിയമസഭ

എട്ടാം കേരള നിയമസഭയിലേക്ക് 1987–ൽ തിരഞ്ഞെടുപ്പിനെ നേരിടുമ്പോൾ അഴിമതിയാരോപണങ്ങളും വിവാദങ്ങളും ഉൾപ്പെടെ ഭരണകക്ഷിക്ക് പ്രശ്നങ്ങൾ നിരവധിയായിരുന്നു. തങ്കമണിയിലെ പോലീസ് അതിക്രമവും ടി.എം. ജേക്കബിന്റെ പ്രീഡിഗ്രി ബോർഡും ആർ. ബാലകൃഷ്ണപിള്ളയുടെ പഞ്ചാബ് മോഡൽ പ്രസംഗവും ഭരണകക്ഷിക്കെതിരെ ജനവികാരം തിരിക്കാൻ ഇടതുപക്ഷം ആയുധമാക്കി. 1986–ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്തായ എം.വി.രാഘവൻ സി.എം.പി. (കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി) രൂപവത്കരിച്ചിരുന്നു. കോൺഗ്രസ്, മുസ്ലിംലീഗ്, കേരള കോൺഗ്രസ്(ജെ), കേരള കോൺഗ്രസ്(എം), എൻ.ഡി.പി., പി.എസ്.പി. എന്നിവ യു.ഡി.എഫിൽ അണിനിരന്നപ്പോൾ എൽ.ഡി.എഫിൽ സി.പി.എം., സി.പി.ഐ., ജനതാപാർട്ടി, ഐ.സി.എസ്., ആർ.എസ്.പി., ലോക്ദൾ എന്നിവ ഘടക കക്ഷികളായി. വർഗീയ കക്ഷികളുമായി കൂട്ടുകൂടില്ല എന്ന സിപിഐ(എം) തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇടതുമുന്നണി രൂപപ്പെട്ടത്. 78 സീറ്റിൽ ജയം കണ്ട എൽ.ഡി.എഫ് നായനാരുടെ നേതൃത്വത്തിൽ മന്ത്രിസഭയുണ്ടാക്കി(മാർച്ച് 26). 61 സീറ്റുമായി യു.ഡി.എഫ് പ്രതിപക്ഷത്തിരുന്നു. കെ.കരുണാകരനായിരുന്നു പ്രതിപക്ഷനേതാവ്.

### സമ്പൂർണ സാക്ഷരത

ഈ മന്ത്രിസഭയുടെ കാലത്താണ് കേരളം ഇന്ത്യയിൽ ആദ്യമായി സമ്പൂർണ സാക്ഷരത കൈവരിച്ച സംസ്ഥാനം എന്ന നേട്ടം കൈവരിച്ചത്. ചേലക്കാടൻ അയിഷ എന്ന നവസാക്ഷരയാണ് കോഴിക്കോട് മാനാഞ്ചിറ മൈതാനത്ത് ഇതു സംബന്ധിച്ച പ്രഖ്യാപനം 1991 ഏപ്രിൽ 18–ന് വൻജനാവലിയെ സാക്ഷിയാക്കി നടത്തിയത്.

### ഏറ്റവും കുറച്ചുകാലം മന്ത്രി

48 മണിക്കൂർ മാത്രം വനംവകുപ്പ് മന്ത്രിയായിരുന്നശേഷം രാജിവച്ച ജനതാദൾ നേതാവ് എം.പി.വീരേന്ദ്രകുമാറിന് ഏറ്റവും കുറച്ചുകാലം സംസ്ഥാനത്ത് അധികാരത്തിലിരുന്ന മന്ത്രി എന്ന വിശേഷണം സ്വന്തമായത് ഈ നിയമസഭയിലാണ്.

എട്ടാം കേരള നിയമസഭയുടെ സ്പീക്കർ വർക്കല രാധാകൃഷ്ണനായിരുന്നു (1987 മാർച്ച് 30–1991 ജൂൺ 28). കേരള കോൺഗ്രസ്(ജെ) അംഗമായിരുന്ന ആർ.ബാലകൃഷ്ണപിള്ള പാർലമെന്റ് തിരഞ്ഞെടുപ്പിൽ പാർട്ടിനയത്തിനെതിരെ പ്രവർത്തിച്ചു എന്ന് പാർട്ടി പരാതി നൽകിയതിനെത്തുടർന്ന് കൂറുമാറ്റ നിരോധന നിയമ പ്രകാരം അദ്ദേഹത്തിന്റെ നിയമസഭാംഗത്വം സ്പീക്കർ റദ്ദാക്കിയത് ഈ നിയമസഭയുടെ കാലയളവിലാണ് (1990 ജനവരി 15). ഇപ്രകാരമുള്ള നടപടിക്കു വിധേയനായ ആദ്യ എം.എൽ.എയായിരുന്നു അദ്ദേഹം.

## ഒമ്പതാം കേരള നിയമസഭ

1991 ജനുവരിയിൽ നടന്ന ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ 12 ജില്ലകളിലും തകർപ്പൻ വിജയമാണ് ഇടതുമുന്നണി നേടിയത്. കാലാവധി തികയുന്നതിന് ഒരു വർഷംമുമ്പ് ജനവിധി തേടാൻ എൽ.ഡി.എഫ്. തീരുമാനിച്ചു. ജില്ലാകൗൺസിൽ തിരഞ്ഞെടുപ്പിലെ പകിട്ടാർന്ന പ്രകടനവും ലീഗുമായി കോൺഗ്രസിനുണ്ടായ അഭിപ്രായ ഭിന്നതയും പ്രയോജനപ്പെടുത്താമെന്ന കണക്കുകൂട്ടലിലായിരുന്നു ഇടതുമുന്നണി. അങ്ങനെ ഒമ്പതാം കേരള നിയമസഭ രൂപവത്കരിക്കുന്നതിന് 1991–ൽ കേരളം വീണ്ടും ബൂത്തിലെത്തി. മുസ്ലിം ലീഗ് ഐക്യമുന്നണി വിട്ടെങ്കിലും തിരിച്ചെത്താൻ തിരഞ്ഞെടുപ്പിനുമുമ്പ് ധാരണയായി. കേരള കോൺഗ്രസ്(ജെ) ഇടത്തോട്ടു മാറിയതായിരുന്നു കക്ഷിബന്ധങ്ങളിലുണ്ടായ മാറ്റം. ലോക്സഭയിലേക്കും നിയമസഭയിലേക്കും ഒരുമിച്ചാണ് തിരഞ്ഞെടുപ്പ് നടന്നത്.

### രാജീവ് ഗാന്ധി വധം

തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ശ്രീപെരുംപുതൂരിൽ വച്ച് മെയ് 21–ന് രാജീവ് ഗാന്ധി വധിക്കപ്പെട്ടത് ജനവികാരം കോൺഗ്രസിനനുകൂലമാക്കി. 92 സീറ്റുനേടി ഐക്യമുന്നണി കെ.കരുണാകരനെ ഭരണസാരഥ്യമേൽപിച്ചു (1991 ജൂൺ 24). നാലുപ്രാവശ്യം മുഖ്യമന്ത്രിയായ കെ.കരുണാകരൻ ഏറ്റവും കൂടുതൽ പ്രാവശ്യം കേരള മുഖ്യമന്ത്രിയായ വ്യക്തി എന്ന വിശേഷണം സ്വന്തമാണ്. 1991–96 കാലയളവിൽ 1991 മുതൽ 1992 വരെ ഇ.കെ നായനാരും തുടർന്ന് വി.എസ്.അച്യുതാനന്ദനുമായിരുന്നു പ്രതിപക്ഷനേതാക്കൾ. 1995–ൽ ഐ.എസ്.ആർ.ഒ. ചാരക്കേസ് കരുണാകരന്റെ രാജിക്കു കാരണമായി (മെയ് 16). ഇതിനിടെ കരുണാകരന് തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്ത്വച്ച് ഒരു കാറപകടത്തിൽ സാരമായ പരിക്ക് പറ്റുകയുണ്ടായി. രമേശ് ചെന്നിത്തല, ജി.കാർത്തികേയൻ, എം.ഐ.ഷാനവാസ് എന്നിവരുടെ നേതൃത്വത്തിൽ തിരുത്തൽവാദം എന്നു വിളിക്കപ്പെട്ട ഒരു രാഷ്ട്രീയ നീക്കമുണ്ടായത് ഈ നിയമസഭയുടെ കാലയളവിലാണ്. മുഖ്യമന്ത്രിയുമായുള്ള ചില അഭിപ്രായ വ്യത്യാസങ്ങൾ മൂലം ധനമന്ത്രി ഉമ്മൻചാണ്ടി രാജിവയ്ക്കുകയുണ്ടായി.

### എ.കെ. ആന്റണി വീണ്ടും മുഖ്യമന്ത്രി

കേന്ദ്ര ഉപഭോക്തൃ–ഭക്ഷ്യ–പൊതുവിതരണ വകുപ്പ് മന്ത്രിയായിരുന്ന എ.കെ.ആന്റണി മുഖ്യമന്ത്രിയായി (മാർച്ച് 22). കേന്ദ്ര മന്ത്രിയായിരുന്ന ഒരു നേതാവ് സംസ്ഥാനത്ത് മുഖ്യമന്ത്രി സ്ഥാനത്ത് എത്തിയ ആദ്യ അവസരമായിരുന്നു അത് (തന്റെ വകുപ്പുമായി ബന്ധപ്പെട്ട പഞ്ചസാര കുംഭകോണത്തെത്തുടർന്ന് രാജിവച്ചിരിക്കുകയായിരുന്നു അദ്ദേഹം) നിയമസഭാംഗത്വം രാജിവച്ച കെ.കരുണാകരൻ രാജ്യസഭാംഗമാകുകയും തുടർന്ന് കേന്ദ്ര വ്യവസായ മന്ത്രിയാകുകയും ചെയ്തു. (അഞ്ചു വ്യത്യസ്തസഭകളിൽ അംഗമായ ഏക വ്യക്തിയാണ് കെ.കരുണാകരൻ. കൊച്ചി, തിരു–കൊച്ചി,കേരളം എന്നീ നിയമസഭകളിലും ലോക്സഭയിലും രാജ്യസഭയിലും അദ്ദേഹം അംഗമായിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ക്യാബിനറ്റ് പദവി വഹിച്ചിട്ടുള്ള നേതാവ് കരുണാകരനാണ്) ഇന്ത്യൻ ഭരണഘടനയുടെ 73–ാം ഭേദഗതി പ്രകാരം രാജ്യത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനയുടെ താങ്ങ് കൈവന്നത് ഈ നിയമസഭയുടെ കാലത്താണ്. സംസ്ഥാനങ്ങൾ അതത് നിയമസഭകളിൽ പഞ്ചായത്ത് രാജ് നിയമം നിർമിക്കണമെന്ന വ്യവസ്ഥയനുസരിച്ച് 1994 ഏപ്രിൽ 23–ന് കേരള പഞ്ചായത്ത് രാജ് നിയമം സംസ്ഥാനം പാസാക്കുകയുണ്ടായി. കെ.കരുണാകരനായിരുന്നു ആ സമയത്ത് മുഖ്യമന്ത്രി. എ.കെ.ആന്റണി മുഖ്യമന്ത്രിയായിരിക്കെ 1995–ൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുകയും വിജയിച്ച ജനപ്രതിനിധികൾ ഒക്ടോബർ രണ്ടിന് അധികാരമേൽക്കുകയും ചെയ്തതോടെ കേരളത്തിൽ പഞ്ചായത്ത് രാജ് നിയമത്തിന് പ്രായോഗികമാനം കൈവരികയും ചെയ്തു. ഇടമലയാർ കേസിൽപ്പെട്ട് ആർ.ബാലകൃഷ്ണപിള്ള രാജിവച്ചത് ആന്റണി സർക്കാരിന്റെ കാലത്താണ്.

### ശിവഗിരിയിൽ പൊലീസ് ഇടപെടൽ

ശിവഗിരിയിൽ രണ്ടുവിഭാഗം സന്ന്യാസിമാർ തമ്മിലുള്ള സംഘർഷം ഒതുക്കാൻ ആന്റണി പൊലീസിനെ അയച്ചതും ഒട്ടേറെ സന്ന്യാസിമാർക്ക് പരിക്കേറ്റതും വലിയ വിവാദമായി.

പി.പി.തങ്കച്ചനും (1991 ജൂലൈ 1–1995 മെയ് 3) തേറമ്പിൽ രാമകൃഷ്ണനും (1995 ജൂൺ 27–1996 മെയ് 28) ഒമ്പതാം നിയമസഭയിലെ സ്പീക്കർമാർ.

### ഐ.എസ്.ആർ.ഒ. ചാരക്കേസ്

ഒൻപതാം കേരള നിയമസഭയിൽ പ്രക്ഷുബ്ധമായ രംഗങ്ങൾ സൃഷ്ടിച്ച സംഭവവികാസങ്ങളാണ് ഐ.എസ്.ആർ.ഒ. ചാരക്കേസ് എന്ന പേരിൽ പരാമർശിക്കപ്പെടുന്നത്. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ വികസിപ്പിച്ചുകൊണ്ടിരുന്ന ക്രയോജനിക് സാങ്കേതിക വിദ്യയെ ചുറ്റിപ്പറ്റിയായിരുന്നു ചാരവൃത്തി ആരോപിക്കപ്പെട്ടത്. ഐ.എസ്.ആർ.ഒ. ഉദ്യോഗസ്ഥനായിരുന്ന എസ്.നമ്പി നാരായണനെ ചാരവൃത്തി ആരോപിച്ച് അറസ്റ്റു ചെയ്യുകയും 50 ദിവസം ജയിലിൽ അടയ്ക്കുകയും ചെയ്തു. പിൽക്കാലത്ത് അദ്ദേഹം നിരപരാധിയാണെന്ന് മനസ്സിലാക്കി 1998–ൽ സുപ്രീം കോടതി കുറ്റവിമുക്തനാക്കുകയുണ്ടായി. മറിയം റഷീദ, ഫൗസിയ ഹസ്സൻ തുടങ്ങിയ മാലി സ്വദേശികളെയും ഈ കേസിൽ സംശയാസ്പദമായി അറസ്റ്റു ചെയ്യുകയുണ്ടായി. ഐഎസ്ആർഒയിലെ ശാസ്ത്രജ്ഞനായിരുന്ന ശശികുമാറിന് ഇവരുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെട്ടു. ഒരു പൊലീസ് ഐ.ജി.യെ സംബന്ധിച്ച ചില ഊഹോപോഹങ്ങളും പ്രശ്നം സങ്കീർണമാക്കി. ഐ.ജി.യെ ന്യായീകരിക്കുന്ന തരത്തിൽ കരുണാകരൻ സ്വീകരിച്ച നിലപാട് വിവാദത്തിനിടയാക്കി. പ്രതിപക്ഷം കരുണാകരന്റെ രാജിക്കുവേണ്ടിയും കോൺഗ്രസിലെ എതിർ ഗ്രൂപ്പ് നേതൃമാറ്റത്തിനുവേണ്ടിയും മുറവിളി കൂട്ടി. നമ്പി നാരായണനെയും ശശികുമാറിനെയും കേരളത്തിന് പുറത്തേക്ക് സ്ഥലം മാറ്റി. പിൽക്കാലത്ത് ചാരക്കേസ് ദുർബലമാകുകയും കുറ്റാരോപിതരെല്ലാം കുറ്റവിമുക്തരാകുകയും ചെയ്തു.

### പാമോയിൽ കേസ്

1991–92 കാലയളവിൽ അന്താരാഷ്ട്ര മാർക്കറ്റിലെ പാമോയിലിന്റെ വിലയെക്കാൾ കൂടിയ നിരക്കിൽ മലേഷ്യയിൽനിന്ന് പാമോയിൽ ഇറക്കിയ വകയിൽ സംസ്ഥാന ഖജനാവിന് 2.32 കോടി രൂപയുടെ നഷ്ടമുണ്ടായതായും അതിൽ കുറ്റകരമായി ഗൂഢാലോചന നടന്നിട്ടുള്ളതായും ആരോപിക്കപ്പെട്ട കേസാണിത്. കേസിൽ കരുണാകരനും ഭക്ഷ്യമന്ത്രി ടി.എച്ച്. മുസ്തഫയും അന്നത്തെ ചീഫ് സെക്രട്ടറി, ഭക്ഷ്യ സെക്രട്ടറി ഉൾപ്പെടെയുള്ളവരും പ്രതിസ്ഥാനത്തായി. കെ.കരുണാകരനെ മരണശേഷം സുപ്രീം കോടതി കേസിൽനിന്ന് ഒഴിവാക്കി. മാറിമാറി വരുന്ന സർക്കാരുകൾ കേസിനു നേരെ വ്യത്യസ്ത നയങ്ങളാണ് സ്വീകരിച്ചത്. ഇപ്പോൾ കേസ് സുപ്രീം കോടതിയിലാണ്. അന്നത്തെ ഭക്ഷ്യ സെക്രട്ടറി പിൽക്കാലത്ത് കേന്ദ്ര വിജിലൻസ് കമ്മിഷണറായ സമയത്ത്, പ്രതിയായിരുന്ന അദ്ദേഹം ആ പദവിയിൽ തുടരുന്നത് അനുചിതമാണെന്ന സുപ്രീം കോടതി പരാമർശത്തെത്തുടർന്ന് രാജിവയ്ക്കുകയുണ്ടായി.

## പത്താം കേരളനിയമസഭ

പത്താം കേരളനിയമസഭയിലേക്ക് 1996 ഏപ്രിൽ 27ന് തിരഞ്ഞെടുപ്പ് നടന്നു. 1996 ഏപ്രിൽ ഒന്നുമുതൽ സർക്കാർ ചാരായനിരോധനം ഏർപ്പെടുത്തിയിരുന്നു. ചാരായനിരോധനം യു.എഡി.എഫ്. മുഖ്യ പ്രചാരണ വിഷയമാക്കിയപ്പോൾ ചാരക്കേസിന്റെ കാര്യം പറഞ്ഞ് എൽ.ഡി.എഫ് പ്രതിരോധിച്ചു. പ്രധാനമന്ത്രി നരസിംഹറാവു എൻ.എസ്.എസിന്റെ ആസ്ഥാനം സന്ദർശിച്ചപ്പോൾ മന്നത്തു പദ്മനാഭന്റെ സമാധിമണ്ഡപത്തോട് അനാദരവ് കാട്ടിയെന്നു പറഞ്ഞ് 1996 മാർച്ച് 28ന് എൻ.ഡി.പി.മന്ത്രിസഭ വിടുകയും എൻ.എസ്.എസ്. തിരഞ്ഞെടുപ്പിൽ ഐക്യമുന്നണിക്കെതിരെ നിലപാട് സ്വീകരിക്കുകയും ചെയ്തു. വർക്കല ശിവഗിരി മഠത്തിലെ പോലീസ് ഇടപെടൽ വിവാദമായെങ്കിലും എസ്.എൻ.ഡി.പി. ഐക്യമുന്നണിക്ക് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. ഇതിനിടെ സി.പി.എമ്മിൽ നിന്ന് പുറത്താക്കപ്പെട്ട ഗൗരിയമ്മ ജെ.എസ്.എസ്.(ജനാധിപത്യ സംരക്ഷണ സമിതി) രൂപവത്കരിക്കുകയും യു.

എഡി.എഫിന്റെ ഭാഗമാകുകയും ചെയ്തിരുന്നു. ഇടതുപക്ഷം 80 സീറ്റുനേടി അധികാരത്തിൽവന്നു. യു.ഡി.എഫിന് കിട്ടിയത് 59 സീറ്റ്.

### ഇഎംഎസ് വിടവാങ്ങി

1998 മാർച്ച് 19–ന് ഇ.എം.എസ്. അന്തരിച്ചു. കേരളം അദ്ദേഹത്തിന് വികാരനിർഭരമായി യാത്രയയപ്പ് നൽകി. ഇ.എം.എസ്. അന്തരിച്ച അതേ ദിവസമാണ് വാജ്പേയി രണ്ടാം പ്രാവശ്യം കേന്ദ്രത്തിൽ അധികാരമേറ്റത്.

### നായനാർ വീണ്ടും മുഖ്യമന്ത്രി സ്ഥാനത്ത്

വി.എസ്.അച്യുതാനന്ദൻ മാരാരിക്കുളത്ത് പരാജയപ്പെട്ടതിനാൽ, തിരഞ്ഞെടുപ്പിൽ നിന്ന് വിട്ടുനിന്നിരുന്ന സി.പി.എം. സംസ്ഥാനസെക്രട്ടറി ഇ.കെ.നായനാർ മുഖ്യമന്ത്രിയായി (മെയ് 20). തലശ്ശേരി ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ച് അദ്ദേഹം നിയമസഭാംഗമായി. 2001 വരെ ഭരണത്തിൽ തുടർന്ന നായനാർക്ക് കാലാവധി തികച്ച ആദ്യ മാർക്സിസ്റ്റ് മുഖ്യമന്ത്രി, ഏറ്റവും കൂടുതൽ കാലം കേരളം ഭരിച്ച മുഖ്യമന്ത്രി എന്നീ വിശേഷണങ്ങൾ സ്വന്തമായി. 1996–2001 കാലത്ത് എ.കെ.ആന്റണിയായിരുന്നു പ്രതിപക്ഷനേതാവ്. 1996 മെയ് 30 മുതൽ 2001 ജൂൺ 4 വരെ സ്പീക്കർ പദത്തിൽ പ്രവർത്തിച്ച എം.വിജയകുമാറിന് കേരളത്തിൽ ഒരു സഭയുടെ കാലാവധി മുഴുവൻ സ്പീക്കറായി പ്രവർത്തിച്ച ആദ്യ വ്യക്തി എന്ന വിശേഷണം സ്വന്തമായി.

### ജനകീയാസൂത്രണം

ജനകീയാസൂത്രണം എന്ന പേരിലുള്ള വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത് ഈ നിയമസഭയുടെ കാലത്താണ്. ഇത് വികേന്ദ്രീകൃതമായ ആസൂത്രണത്തിന്റെയും താഴെത്തലത്തിൽ എത്തുന്ന ജനാധിപത്യത്തിന്റെയും മികച്ച മാതൃകയായി ഇത് പരക്കെ ശ്രദ്ധിക്കപ്പെട്ടു.

### ജനാധിപത്യ സംരക്ഷണ സമിതി

സിപിഐ (എം)–ൽനിന്ന് 1994–ൽ പുറത്താക്കപ്പെട്ടതിനുശേഷം ഗൗരിയമ്മ രൂപവത്കരിച്ച രാഷ്ട്രീയ കക്ഷിയായ ജനാധിപത്യ സംരക്ഷണ സമിതി (ജെ.എസ്.എസ്.)യുടെ ആസ്ഥാനം ആലപ്പുഴയാണ്. ബസ് ആണ് തിരഞ്ഞെടുപ്പ് ചിഹ്നം. തുടക്കകാലത്ത് യു.ഡി.എഫിൽ നിലയുറപ്പിച്ച ജെ.എസ്.എസിന്റെ തിരഞ്ഞെടുപ്പിലെ പ്രകടനം കാലക്രമേണ ദുർബലമായ അവസ്ഥയിലേക്ക് നീങ്ങി. അഭിപ്രായ വ്യത്യാസങ്ങൾ മൂലം പലതായി പിളർന്ന പാർട്ടി പല മുന്നണികളുടെ ഭാഗമായി മാറി. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ തിരഞ്ഞെടുപ്പുകളിൽ മത്സരിച്ച വനിത, ഏറ്റവും കൂടുതൽ കാലം നിയമസഭാംഗമായ വനിത, ഏറ്റവും കൂടുതൽകാലം അധികാരത്തിലിരുന്ന വനിതാമന്ത്രി എന്നീ റെക്കോർഡുകൾ ഗൗരിയമ്മയുടെ പേരിലാണ്.

## പതിനൊന്നാം നിയമസഭ

പതിനൊന്നാം നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് 2001 മെയ് പത്തിന് നടന്നു. ഇടത്തായിരുന്ന ആർ.എസ്.പി.യിൽ നിന്ന് ഒരു വിഭാഗം മുൻമന്ത്രി ബേബി ജോണിന്റെ നേതൃത്വത്തിൽ ആർ.എസ്.പി.(ബി) എന്ന പേരിൽ യു.ഡി.എഫിലെത്തി. കോൺഗ്രസ്, മുസ്ലിംലീഗ്, ആർ.എസ്.പി.(ബി), സി.എം.പി. എന്നിവയും കേരള കോൺഗ്രസിലെ മാണി, ജേക്കബ്,പിള്ള വിഭാഗങ്ങളും യു.ഡി.എഫിൽ ഒരുമിച്ചപ്പോൾ സി.പി.എം. നേതൃത്വത്തിലുള്ള എൽ.ഡി.എഫിൽ സി.പി.ഐ., ജനതാദൾ (എസ്), കേരള കോൺഗ്രസ്(ജെ), എൻ.സി.പി., ആർ.എസ്.പി.,ഐ.എൻ.എൽ. എന്നിവ പങ്കാളികളായി. 99 സീറ്റുമായി യു.ഡി.എഫ്. അധികാരത്തിലെത്തി. എ.കെ.ആന്റണി മൂന്നാം പ്രാവശ്യം മുഖ്യമന്ത്രിയായി(മെയ് 17). ഇതേസമയത്തുന്നെ കെ.പി.സി.സി. അധ്യക്ഷനായി കെ.മുരളീധരൻ അവരോധിക്കപ്പെട്ടു. പുതിയ മന്ത്രിസഭ ജനകീയാസൂത്രണത്തെ കേരള വികസന പദ്ധതി എന്ന പേരിൽ പുനസ്സംവിധാനം ചെയ്യുകയുണ്ടായി.



2004–ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ യു.എഡി.എഫിന്റെ ദയനീയ പരാജയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് എ.കെ.ആന്റണി രാജിവച്ചു (2004 ഓഗസ്റ്റ് 29). ഓഗസ്ത് 31 മുതൽ ഭരണം നയിച്ചത് ഉമ്മൻചാണ്ടിയാണ്. എ.കെ.ആന്റണി കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രിയായി. ഇന്ത്യയുടെ ഇരുപതാമത്തെ പ്രതിരോധ മന്ത്രിയായി 2004 ഒക്ടോബർ 26 മുതൽ 2014 മെയ് 26 വരെ അദ്ദേഹം പദവിയിൽ തുടർന്ന അദ്ദേഹത്തിന് ഏറ്റവും കൂടുതൽ കാലം പദവി വഹിച്ച പ്രതിരോധമന്ത്രി എന്ന വിശേഷണം സ്വന്തമായി.

### ഉപതിരഞ്ഞെടുപ്പും മന്ത്രിയുടെ തോൽവിയും

ഇതിനിടെ, കെ.പി.സി.സി. പ്രസിഡന്റായിരുന്ന കെ.മുരളീധരൻ 2004 ഫെബ്രുവരി 11–ന് ആന്റണി മന്ത്രിസഭയിൽ വൈദ്യുത വകുപ്പ് മന്ത്രിയായി. നിയമസഭാംഗമല്ലാത്തതിനാൽ മന്ത്രിയായി ആറു മാസത്തിനുള്ളിൽ നിയമസഭാംഗമാകണം എന്ന വ്യവസ്ഥ പാലിക്കാൻ അദ്ദേഹം വടക്കാഞ്ചേരി മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുകയും പരാജയപ്പെടുകയും ചെയ്തു. സംസ്ഥാനചരിത്രത്തിൽ ഉപതിരഞ്ഞെടുപ്പിൽ ഒരു മന്ത്രിക്ക് തോൽവി സംഭവിച്ച ഏക അവസരമായിരുന്നു അത്. പതിനൊന്നാം കേരള നിയമസഭയിൽ വി.എസ്. അച്യുതാനന്ദനായിരുന്നു പ്രതിപക്ഷനേതാവ്.

### സിനിമാതാരം മന്ത്രിയായി

ഒരു സിനിമാതാരം മന്ത്രിയാകുന്നതിന് പതിനൊന്നാം നിയമസഭ സാക്ഷ്യം വഹിച്ചു. കേരള കോൺഗ്രസ് (ബി) നേതാവ് ആർ.ബാലകൃഷ്ണപിള്ളയുടെ മകൻ കെ.ബി.ഗണേഷ്കുമാറാണ് ആന്റണി മന്ത്രിസഭയിൽ ഗതാഗത മന്ത്രിയായത്. 2003–ൽ പിതാവിന് മന്ത്രിയാകാൻ വഴിയൊരുക്കുന്നതിനായി അദ്ദേഹം രാജിവച്ചു. വക്കം പുരുഷോത്തമൻ (2001 ജൂൺ 6– 2004 സെപ്തംബർ 4), തേറമ്പിൽ രാമകൃഷ്ണൻ (2004 സെപ്തംബർ 16–2006 മെയ് 24) എന്നിവരായിരുന്നു ഈ നിയമസഭയുടെ കാലത്ത് സ്പീക്കർമാർ. രണ്ടു പേരും സ്പീക്കർ സ്ഥാനത്ത് രണ്ടാം ഊഴക്കാരായിരുന്നു. 2001–ൽ ആണ് കൊടുങ്ങല്ലൂരിൽനിന്ന് ജയിച്ച ഉമേഷ് ചള്ളിയിൽ ശ്രീനാരായണഗുരുവിന്റെ പേരിൽ സത്യപ്രതിജ്ഞ ചെയ്തത് സംബന്ധിച്ച വിവാദമുണ്ടായത്.

### ഗവർണറുടെ നിര്യാണം

പദവിയിലിരിക്കെ അന്തരിച്ച ആദ്യ കേരള ഗവർണർ സിക്കന്ദർ ഭക്ത് ആണ് (2004). കേരള ഗവർണറായി 2002–ൽ ആണ് നിയമിതനായത്. കുടൽ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിധേയനാകുകയുണ്ടായി. അവിടെ വച്ചാണ് അന്തരിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽനിന്ന് ജനതാപാർട്ടിയിലും അതിൽനിന്ന് ബിജെപിയിലുമെത്തിയ രാഷ്ട്രീയ ജീവിതത്തിനുടമയായിരുന്നു അദ്ദേഹം. എം.ഒ.എച്ച്.ഫറൂഖും പദവിയിലിരിക്കെ അന്തരിച്ച കേരള ഗവർണറാണ് (2012). ഇ.കെ.നായനാർ അന്തരിച്ചത് 2004–ൽ ആണ്.

### ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം

2001–ലെ തിരഞ്ഞെടുപ്പിൽ കേവലം അഞ്ച് വോട്ടിന് കൊല്ലം ജില്ലയിലെ ഇരവിപുരം മണ്ഡലത്തിൽനിന്ന് വിജയിച്ച ആർ.എസ്.പി.യിലെ എ. എ. അസീസാണ് സംസ്ഥാന നിയമസഭാചരിത്രത്തിലെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിനുടമ.

### മുത്തങ്ങ സംഭവം

ആദിവാസി നേതാവ് സി.കെ.ജാനുവിന്റെ നേതൃത്വത്തിൽ 2001–ൽ തിരുവനന്തപുരത്ത് 48 ദിവസം കുടിൽകെട്ടി സമരം നടത്തിയതിനെത്തുടർന്ന് സർക്കാർ, വയനാട് ജില്ലയിലെ മുത്തങ്ങയിൽ നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്ന ഭൂമി ലഭിക്കുന്നതിനുവേണ്ടി ആദിവാസി ഗോത്രമഹാസഭയുടെ ആഭിമുഖ്യത്തിൽ വനത്തിൽ പ്രവേശിച്ച് സമരം ചെയ്തവരെ ഒഴിപ്പിക്കുന്നതിനുവേണ്ടി 2003 ഫെബ്രുവരി 19–ന് നടത്തിയ പൊലീസ് നടപടിയിൽ ഒരു പൊലീസ് ഉദ്യോഗസ്ഥനടക്കം അഞ്ചുപേർ മരണമടയുകയുണ്ടായി. ടെലിവിഷൻ ചാനലുകൾ സംപ്രേക്ഷണം ചെയ്ത ദൃശ്യങ്ങളിലൂടെ ഈ സംഭവം വമ്പിച്ച ശ്രദ്ധ നേടുകയും വിവിധതലങ്ങളിൽ ചർച്ചാ വിഷയമാകുകയും ചെയ്തു.

## പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് 2006–ൽ നടന്നു. ഭരണം വീണ്ടും ഇടതുപക്ഷത്തിനു ലഭിച്ചു. എൽ.ഡി.എഫ് 98 സീറ്റിന്റെ വൻവിജയം നേടിയപ്പോൾ യു.ഡി.എഫിനു 42 സീറ്റാണ് ലഭിച്ചത്. മെയ്18ന് സംസ്ഥാനത്തെ ഇരുപതാമത്തെമുഖ്യമന്ത്രിയായി വി.എസ്.അച്യുതാനന്ദൻ സ്ഥാനമേറ്റു. മലമ്പുഴയിൽ ജയിച്ചാണ് അദ്ദേഹം ഇപ്രാവശ്യം നിയമസഭയിലെത്തിയത്. ആദ്യം വി.എസിന് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ സീറ്റ് ലഭിക്കുകയുണ്ടായില്ല. എന്നാൽ പ്രവർത്തകരും ജനങ്ങളും അദ്ദേഹത്തിനുവേണ്ടി രംഗത്തെത്തിയപ്പോൾ പാർട്ടി സീറ്റു നൽകാൻ നിർബന്ധിതമായി. ആദ്യ മുഖ്യമന്ത്രി ഇ.എം.എസിനെ ഒഴിവാക്കിയാൽ മന്ത്രിയാകാതെ കേരള മുഖ്യമന്ത്രി സ്ഥാനത്തെത്തിയ ആദ്യ നേതാവാണ് അച്യുതാനന്ദൻ. രാജ്ഭവനിൽ സത്യപ്രതിജ്ഞ ചെയ്യുന്ന പതിവ് കീഴ്വഴക്കം ലംഘിച്ച് സെൻട്രൽ സ്റ്റേഡിയത്തിലായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ്. ഏറ്റവും ഉയർന്ന പ്രായത്തിൽ കേരള മുഖ്യമന്ത്രി പദത്തിലെത്തിയ നേതാവും വി.എസ്. അച്യുതാനന്ദൻ ആണ്. കോടിയേരി ബാലകൃഷ്ണനായിരുന്നു പന്ത്രണ്ടാം നിയമസഭാക്കാലത്ത് ആഭ്യന്തര മന്ത്രി. മുന്നണികളുടെ ഘടകകക്ഷികളിൽ എടുത്തുപറയത്തക്ക മാറ്റം 2011–ൽ ഉണ്ടായില്ല. കെ.കരുണാകരൻ കോൺഗ്രസ് വിട്ട് ഡി.ഐ.സി.(ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ്) എന്നൊരു പുതിയ പാർട്ടിയുണ്ടാക്കിയതായിരുന്നു ഇതിനിടെയുണ്ടായ ഒരു സംഭവവികാസം. 2011–വരെ ഇരുപതംഗ മന്ത്രിസഭയുമായി വി.എസ്.അച്യുതാനന്ദൻ ഭരിച്ചു. മൂന്നാറിലെ ഭൂമി കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് രാജു നാരായണസ്വാമി, കെ.സുരേഷ്കുമാർ എന്നീ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെയും മുതിർന്ന പൊലീസ് ഓഫീസറായ ഋഷിരാജ് സിങ് ഐ.പി.എസി.ന്റെയും നേതൃത്വത്തിൽ നടത്തിയ നടപടികൾ വമ്പിച്ച ജനശ്രദ്ധയും വാർത്താ പ്രാധാന്യവും നേടുകയുണ്ടായി. ഉമ്മൻചാണ്ടിയായിരുന്നു ഇക്കാലത്ത് പ്രതിപക്ഷനേതാവ്.



### കരുണാകരന്റെ പുതിയ പാർട്ടി

2005 മെയ് ഒന്നിന് തൃശ്ശൂരിൽ വച്ചായിരുന്നു ഡി.ഐ.സി.യുടെ രൂപവത്കരണം. ആദ്യം നാഷണൽ കോൺഗ്രസ് (ഇന്ദിര) എന്നായിരുന്നു പേര്. എന്നാൽ ആ പേര് ശരിയല്ലെന്ന് സംസ്ഥാന ഇലക്ഷൻ കമ്മിഷൻ കണ്ടെത്തിയതിനെത്തുടർന്ന് 2005 ഓഗസ്റ്റിൽ പേര് മാറ്റുകയായിരുന്നു. ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ് (കരുണാകരൻ) എന്നായിരുന്നു പാർട്ടിയുടെ പുതിയ പേര്. പാർട്ടിയുടെ കൊടിയിൽ ചർക്കയുടെയും ഇന്ദിരാ ഗാന്ധിയുടെയും ചിത്രങ്ങളാണ് ഉണ്ടായിരുന്നത്. കേരള കോൺഗ്രസ് ജേക്കബ് വിഭാഗം ഈ പാർട്ടിയിൽ ലയിച്ചിരുന്നു. മുൻ കെ.പി.സി.സി. പ്രസിഡന്റ് കെ.മുരളീധരനായിരുന്നു ഡി.ഐ.സി. സംസ്ഥാന പ്രസിഡന്റ്. 2005–ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിയുമായി ധാരണയിലെത്തി ടെലിവിഷൻ ചിഹ്നത്തിൽ മത്സരിച്ച ഡി.ഐ.സി. പലയിടത്തും വിജയം നേടി. എന്നാൽ, 2006–ലെ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിയും ഡിഐസിയും ഫലപ്രദമായ തരത്തിൽ ധാരണയിലെത്തിയില്ല (2006–ലെ തിരഞ്ഞെടുപ്പിൽ യു.ഡി.എഫുമായി ധാരണയിലെത്തിയ ഡി.ഐ.സി.ക്ക് ഒരു സീറ്റുമാത്രമാണ് ലഭിച്ചത്). ഇതുകാരണം ഡി.ഐ.സി.യിൽ ഉണ്ടായ പിളർപ്പിനെത്തുടർന്ന് ഒരു വിഭാഗം മാതൃസംഘടനയായ ഇന്ത്യൻ നാഷണൽ കോൺഗ്രസിലേക്കും മറ്റൊരു വിഭാഗം ശരദ് പവാർ നേതൃത്വം നൽകുന്ന നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയിലേക്കും പോയി (2006 നവംബർ 12). കെ.മുരളീധരൻ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന ഘടകത്തിന്റെ അധ്യക്ഷനായി.

### കരുണാകരൻ മാതൃസംഘടനയിലേക്ക്

എൻ.സി.പി.യുടെ പ്രവർത്തക സമിതി അംഗമായിരിക്കെ താനും അനുയായികളും കോൺഗ്രസിലേക്ക് തിരിച്ചുപോകുകയാണെന്ന് കെ.കരുണാകരൻ 2007 ഡിസംബറിൽ തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു. മാതൃസംഘടനയിൽ മടങ്ങിയെത്തിയ അദ്ദേഹം മരണംവരെയും അതിൽ തുടർന്നു. 2009–ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ എൻ.സി.പി. സ്ഥാനാർഥിയായി വയനാട്ടിൽ മത്സരിച്ച കെ.മുരളീധരൻ പരാജയപ്പെട്ടു. തുടർന്ന് അദ്ദേഹത്തെ പാർട്ടി പുറത്താക്കി. പിതാവിന്റെ മരണശേഷം കെ.മുരളീധരൻ കോൺഗ്രസിൽ മടങ്ങിയെത്തി (2011 ഫെബ്രുവരി). 2011 മെയ് മാസത്തിൽ അദ്ദേഹം തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവിൽ കോൺഗ്രസ് സ്ഥാനാർഥിയായി ജനവിധിതേടി വിജയിച്ച് നിയമസഭാംഗമായി. കെ.രാധാകൃഷ്ണനായിരുന്നു ഈ നിയമസഭയുടെ സ്പീക്കർ (2006 മെയ് 25–2011 മെയ് 31). പട്ടികജാതി വിഭാഗത്തിൽനിന്ന് കേരള നിയമസഭയിൽ സ്പീക്കറായ ആദ്യത്തെ വ്യക്തിയാണദ്ദേഹം.

### ചെങ്ങറ ഭൂസമരം

പത്തനംതിട്ടയ്ക്കടുത്തുള്ള ചെങ്ങറ എന്ന സ്ഥലത്തിനടുത്തുള്ള ഹാരിസൺസ് മലയാളം എന്ന എസ്റ്റേറ്റിൽ സാധുജന വിമോചന സംയുക്തവേദിയുടെ ആഭിമുഖ്യത്തിൽ അയ്യായിരത്തോളം ആളുകൾ നടത്തിയ സമരമാണിത്. 2007 ഓഗസ്റ്റ് 4–ന് സമരം ആരംഭിച്ചു. എസ്റ്റേറ്റിന്റെ 143 ഹെക്ട

റോളം ഭൂമിയാണ് സമരക്കാർ കയ്യേറി കുടിൽ കെട്ടിയത്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെയൊന്നും നേരിട്ടുള്ള സഹകരണമല്ലാതെയാണ് സമരം നടന്നത്. രാഷ്ട്രീയ –സാമൂഹിക വേദികളിൽ ചർച്ചാവിഷയമായ സമരം വലിയ മാധ്യമശ്രദ്ധയും നേടി. സമരനേതാക്കളും മുഖ്യമന്ത്രിയുമായി 2009 ഒക്ടോബർ അഞ്ചിന് നടത്തിയ ഒത്തുതീർപ്പ് ചർച്ചയെത്തുടർന്ന് സമരം അവസാനിപ്പിച്ചു.

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം കേരള നിയമസഭയിലേക്ക് 2011 ഏപ്രിൽ 13–ന് നടന്ന തിരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണിക്ക് 72 സീറ്റും ഇടതുമുന്നണിക്ക് 68 സീറ്റും ലഭിച്ചു. 75.12 ശതമാനമായിരുന്നു പോളിങ്. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും (മെയ് 18) വി.എസ്. അച്യുതാനന്ദൻ പ്രതിപക്ഷ നേതാവുമായി (ഈ തിരഞ്ഞെടുപ്പിലും വി.എസിന് ആദ്യം സീറ്റ് നിഷേധിച്ചു. എന്നാൽ മാധ്യമങ്ങളും പൊതുസമൂഹവും രംഗത്തെത്തിയതോടെ കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനത്തിൽ മാറ്റമുണ്ടായി). മന്ത്രിസഭയുടെ തുടക്കത്തിൽ മുഖ്യമന്ത്രി കൈകാര്യം ചെയ്തിരുന്ന ആഭ്യന്തര വകുപ്പ് പിന്നീട് തിരുവഞ്ചൂർ രാധാകൃഷ്ണന് ലഭിച്ചു (അദ്ദേഹം കൈകാര്യം ചെയ്തിരുന്ന റവന്യൂ വകുപ്പ് അടൂർ പ്രകാശിന് ലഭിച്ചു). 2014 ജനുവരി ഒന്നുമുതൽ രമേശ് ചെന്നിത്തല ആഭ്യന്തര മന്ത്രിയായി (തിരുവഞ്ചൂരിന് വനം, സ്പോർട്സ്, സിനിമ തുടങ്ങിയ വകുപ്പുകൾ ലഭിച്ചു). ചെന്നിത്തലയുടെ പിൻഗാമിയായി വി.എം. സുധീരൻ കെ.പി.സി.സി. പ്രസിഡന്റായി. കേരള കോൺഗ്രസ് നേതാവ് ടി.എം.ജേക്കബ്ബ് അന്തരിച്ചതിനെത്തുടർന്ന് അദ്ദേഹത്തിന്റെ മകൻ അനൂപ് ജേക്കബ്ബ് പിറവം ഉപതിരഞ്ഞെടുപ്പിൽ വിജയിക്കുകയും പൊതുവിതരണ വകുപ്പ് മന്ത്രിയാകുകയും ചെയ്തു. ഒഞ്ചിയത്തെ വിമത സി.പി.എം. നേതാവ് ടി.പി.ചന്ദ്രശേഖരൻ 2012–ൽ വധിക്കപ്പെട്ടു.

## മന്ത്രിമാരുടെ രാജി

ഈ മന്ത്രിസഭയിൽനിന്ന് രാജിവച്ചവരാണ് കെ.ബി.ഗണേഷ്കുമാർ, കെ.എം.മാണി., കെ.ബാബു എന്നിവർ. വനം–പരിസ്ഥിതി വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഗണേഷ്കുമാറിനെതിരെ ഭാര്യ യാമിനി തങ്കച്ചി രംഗത്തെത്തിയതാണ് മന്ത്രിയുടെ രാജിയിൽ കലാശിച്ചത്. ബാർ കോഴ (കേരളത്തിൽ 2014–ൽ പൂട്ടിയ 418 ബാറുകൾ തുറക്കുന്നതിന് ധനമന്ത്രി ബാർ ഉടമകളുടെ സംഘടനയിൽനിന്ന് കോഴ വാങ്ങിയെന്ന് കേസാണ് ബാർ കോഴ എന്നറിയപ്പെടുന്നത്) ആരോപണത്തെത്തുടർന്നാണ് ധനമന്ത്രിയായിരുന്ന കെ.എം.മാണി 2015 നവബംർ പത്തിന് രാജിവച്ചത് (അദ്ദേഹത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ചീഫ് വിപ്പ് തോമസ് ഉണ്ണിയാടനും രാജി നൽകി). എക്സൈസ് മന്ത്രിയായിരുന്ന ബാബുവിനെതിരെ ബാർ കോഴ വിവാദത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ വിജിലൻസ് കോടതി ഉത്തരവിട്ടതിനെത്തുടർന്നാണ് 2016 ജനുവരി 23–ന് രാജിവച്ചത്. എന്നാൽ, വിജിലൻസ് കോടതിയുടെ ഉത്തരവ് പിന്നീട് ഹൈക്കോടതി രണ്ടു മാസത്തേക്ക് സ്റ്റേ ചെയ്തതിനെത്തുടർന്ന് മന്ത്രി രാജി പിൻവലിക്കുകയുണ്ടായി. പതിമൂന്നാം നിയമസഭയിൽ ജി.കാർത്തികേയനും (2011 ജൂൺ 2–2015 മാർച്ച് 7) അദ്ദേഹത്തിന്റെ നിര്യാണശേഷം എൻ.ശക്തനും (2015 മാർച്ച് 12–2016 ജൂൺ 1) സ്പീക്കർ പദം വഹിച്ചു. ഒരു നിയമസഭയുടെ കാലത്ത് ഡപ്യൂട്ടി സ്പീക്കർ, സ്പീക്കർ പദവികൾ വഹിച്ച ആദ്യ നേതാവ് എന്ന പ്രത്യേകത എൻ.ശക്തന് സ്വന്തമായി.

## ആർ.ബാലകൃഷ്ണപിള്ള ജയിലിൽ

ഇടമലയാർ കേസിൽ മുൻമന്ത്രി ആർ.ബാലകൃഷ്ണപിള്ള തടവിന് വിധിക്കപ്പെട്ടത് 2011–ലാണ്. കേരളത്തിൽ, തടവിന് വിധിക്കപ്പെട്ട ആദ്യത്തെ മുൻമന്ത്രിയാണ് പിള്ള. കൂറുമാറ്റ നിരോധന നിയമ പ്രകാരം പൂഞ്ഞാർ എംഎൽഎ പി.സി.ജോർജിന്റെ നിയമസഭാംഗത്വം സ്പീക്കർ റദ്ദാക്കിയത് ഈ നിയമസഭയുടെ കാലയളവിലാണ്. ഇപ്രകാരം അംഗത്വം നഷ്ടമായ രണ്ടാമത്തെ നിയമസഭാംഗമാണ് പി.സി.ജോർജ് (ആദ്യത്തേത് ബാലകൃഷ്ണപിള്ള).

## ആദിവാസി വിഭാഗത്തിൽനിന്ന് ആദ്യ മന്ത്രി

കേരളത്തിലാദ്യമായി ആദിവാസി വിഭാഗത്തിൽനിന്നുള്ള ഒരു വ്യക്തി മന്ത്രിയായത് ഈ നിയമസഭയിലാണ്. വയനാട് ജില്ലയിലെ മാനന്തവാടി മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് സാമാജികയായ പി.കെ.ജയലക്ഷ്മിയാണ് കേരള ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വനിതാ മന്ത്രി (31) എന്ന റെക്കോർഡിനൊപ്പം ഈ പ്രത്യേകത സ്വന്തമാക്കിയത്. കുറിച്യവിഭാഗത്തിൽപ്പെടുന്ന അവർ അമ്പെയ്ത്തിലും മികവ് തെളിയിച്ചിട്ടുണ്ട്. പതിമൂന്നാം നിയമസഭയിൽ കോൺഗ്രസിന്റെ ഏക വനിതാ അംഗമായിരുന്നു ജയലക്ഷ്മി.

## കൊച്ചി മെട്രോ

കേരളത്തിലെ ആദ്യത്തെ മെട്രോ പദ്ധതിയാണ് കൊച്ചി മെട്രോ. 'കോമെറ്റ്' എന്നാണ് പദ്ധതിയുടെ പേര്. ആലുവ മുതൽ തൃപ്പൂണിത്തുറയിലെ പേട്ട വരെ നീളുന്ന 25.6 കിലോമീറ്റർ നീളമുള്ള കൊച്ചി മെട്രോയിലെ സ്റ്റേഷനുകളുടെ എണ്ണം 22 ആണ്. ഡി.എം.ആർ.സി.(ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ) ക്കാണ് നിർമാണച്ചുമതല. 2012 സെപ്തംബർ 13–ന് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻസിങ്ങാണ് പദ്ധതിക്ക് തറക്കല്ലിട്ടത്. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ 15 ശതമാനം വീതം ഓഹരി പങ്കാളിത്തം വഹിക്കുന്ന പദ്ധതിക്ക് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടെ (ജൈക്ക) വായ്പയുമുണ്ട്. സ്റ്റാൻഡേർഡ് ഗേജിലാണ് റെയിൽപ്പാത (1435 എംഎം) നിർമിക്കുന്നത് (ഇന്ത്യൻ റെയിൽവേയുടെ പാതകളിൽ ഭൂരിഭാഗവും 1676 മി.മീ.വീതിയുള്ള ബ്രോഡ്ഗേജിലാണ്. സ്റ്റാൻഡേർഡ് ഗേജിനെക്കാൾ വീതി കൂടിയ പാതകളാണ് ബ്രോഡ്ഗേജ് എന്നറിയപ്പെടുന്നത്) ഫ്രഞ്ച് മൾട്ടിനാഷണൽ കമ്പനിയായ അൽസ്റ്റോം ആണ് കോച്ച് നിർമാണം നടത്തുന്നത്. തുടക്കത്തിൽ മൂന്ന് കോച്ചുകളാണുണ്ടാവുക.

## വിഴിഞ്ഞം തുറമുഖ നിർമാണക്കരാർ

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം തുറമുഖത്തിനെ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിന് കേരള സർക്കാർ അദാനി ഗ്രൂപ്പുമായി കരാറിൽ ഒപ്പുവച്ചത് (2015) ഈ മന്ത്രിസഭയുടെ കാലത്താണ്. കേരളത്തിന്റെ സാമ്പത്തികരംഗത്ത് വൻകുതിച്ചുചാട്ടം ഉണ്ടാക്കാനിടയുള്ള പദ്ധതിയാണിതെന്ന് ഇതിനെ അനുകൂലിക്കുന്നവരും കടൽ ആവാസവ്യവസ്ഥയ്ക്ക് ഈ പദ്ധതി വൻ ആഘാതം സൃഷ്ടിക്കുമെന്ന് വിമർശകരും അഭിപ്രായപ്പെടുന്നു. അന്താരാഷ്ട്ര കപ്പൽപ്പാതയുടെ സാന്നിധ്യം (10 നോട്ടിക്കൽ മൈൽ) വിഴിഞ്ഞം തുറമുഖത്തിന്റെ സവിശേഷതയാണ്. പദ്ധതി നടപ്പാക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കായി സംസ്ഥാനത്തെ ഏറ്റവും വലിയ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തേണ്ടിവരുമെന്നും വിലയിരുത്തപ്പെടുന്നു.

## സമ്പൂർണ പ്രൈമറി വിദ്യാഭ്യാസം

ഇന്ത്യയിൽ സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം കൈവരിച്ച ആദ്യ സംസ്ഥാനം എന്ന നേട്ടം കേരള സ്വന്തമാക്കി. ഇത് സംബന്ധിച്ച പ്രഖ്യാപനം 2016 ജനുവരി 13–ന് തിരുവനന്തപുരത്ത് സെനറ്റ് ഹാളിൽ നടത്തിയത് വൈസ് പ്രസിഡന്റ് ഹമീദ് അൻസാരിയാണ്. ഈ നേട്ടം കൈവരിച്ചത് കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി ആവിഷ്കരിച്ച അതുല്യം എന്ന പദ്ധതിയിലൂടെയാണ്.

## സോളാർ കേസ്

സൗരോർജ പാനലുകളും കാറ്റാടിപ്പാടങ്ങളും സ്ഥാപിക്കാമെന്ന് വാഗ്ദാനം ചെയ്ത് ടീം സോളാർ എന്ന സ്ഥാപനം പലരിൽനിന്നും പണം തട്ടിയെന്ന പരാതിയുമായി ബന്ധപ്പെട്ട സംഭവമാണ് സോളാർ തട്ടിപ്പ് എന്നറിയപ്പെടുന്നത്. എഴുപതിനായിരം രൂപ മുതൽ 50 ലക്ഷം രൂപ വരെയാണ് നിരവധി പേർക്ക് നഷ്ടപ്പെട്ടത്. സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തി ഇടപാടുകാരെ വഞ്ചിക്കാൻ ശ്രമിച്ചു എന്ന് മാധ്യമങ്ങൾ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു. തുടർന്ന് കേരള രാഷ്ട്രീയത്തിൽ ഇത് വൻവിവാദങ്ങൾ സൃഷ്ടിച്ചു. ഇതു സംബന്ധമായി ചില പൊതുതാൽപര്യ ഹർജികളും ഫയൽ ചെയ്യപ്പെട്ടു. സോളാർ തട്ടിപ്പിനെക്കുറിച്ച് അന്വേഷണം നടത്താൻ ജസ്റ്റിസ് ജി.ശിവരാജൻ കമ്മിഷനെ നിയോഗിക്കുകയുണ്ടായി.

## എസ്.എൻ.സി. ലാവ്‌ലിൻ കേസ്

ഇടുക്കി ജില്ലയിലെ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണത്തിന് കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവ്‌ലിനുമായി ഒപ്പിട്ട കരാറുകളുമായി ബന്ധപ്പെട്ട വ്യവസ്ഥാ ലംഘനമാണ് ലാവ്‌ലിൻകേസിന് നിദാനം. പ്രസ്തുത കരാർ ലാവ്‌ലിൻ കമ്പനിക്ക് നൽകുകവഴി സംസ്ഥാനത്തിന് 374 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടായിരിക്കാമെന്നാണ് ലാവ്‌ലിൻ കേസിലെ പ്രധാന ആരോപണം. 1995 ഓഗസ്റ്റ് പത്തിന് കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരിലെ വൈദ്യുത മന്ത്രിയായിരുന്ന ജി.കാർത്തികേയന്റെ കാലത്താണ് എസ്.എൻ.സി. ലാവ്‌ലിനുമായുള്ള ആദ്യ ധാരണാപത്രം ഒപ്പുവച്ചത്. പിന്നീട് എസ്.എൻ.സി. ലാവ്‌ലിനെ പദ്ധതി നടത്തിപ്പിന്റെ കൺസൾട്ടന്റായി നിയമിച്ചുകൊണ്ടുള്ള കരാർ 1996 ഫെബ്രുവരി 14–ന് ഒപ്പിടുന്നതും ജി.കാർത്തികേയൻ വൈദ്യുത മന്ത്രിയായിരിക്കുമ്പോഴാണ്. ലാവ്‌ലിൻ കമ്പനിയുമായി അന്തിമ കരാർ 1997 ഫെബ്രുവരി 10–ന് ഒപ്പിട്ടത് നായനാർ മന്ത്രിസഭയിൽ പിണറായി വിജയൻ വൈദ്യുതി വകുപ്പിന്റെ ചുമതല വഹിക്കുമ്പോഴാണ്. 2001 മെയ് മാസത്തിൽ എ.കെ.ആന്റണി സർക്കാരിൽ കടവൂർ ശിവദാസൻ വൈദ്യുതി മന്ത്രിയായിരുന്ന സമയത്താണ് നിർമാണ ജോലികൾ പൂർത്തിയായത്. പിന്നീട് ആര്യാടൻ മുഹമ്മദ് വൈദ്യുതി മന്ത്രിയായിരിക്കെയാണ് പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾക്കുള്ള തുക പൂർണമായും അടച്ചുതീർത്തത്. ഇങ്ങനെ വിവിധ മന്ത്രിമാരുടെ കാലത്താണ് നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായത്. സംസ്ഥാന വിജിലൻസും പിന്നീട് ഹൈക്കോടതി നിർദ്ദേശപ്രകാരം സി.ബി.ഐ.യും ഇതിൽ അന്വേഷണം നടത്തുകയുണ്ടായി. പിണറായി വിജയനും ജി.കാർത്തികേയനും സാമ്പത്തിക ലാഭം ഉണ്ടാക്കിയിട്ടില്ലായെന്ന് സി.ബി.ഐ. കോടതിയെ അറിയിക്കുകയുണ്ടായി. 2013 നവംബർ 5–ന് പിണറായി വിജയൻ നൽകിയ വിടുതൽ ഹർജിക്ക് മേൽ സി.ബി.ഐ. പ്രത്യേക കോടതി തീർപ്പു കൽപ്പിക്കുകയും പിണറായി വിജയൻ ഉൾപ്പെടെയുള്ളവരെ കുറ്റവിമുക്തരാക്കുകയും ചെയ്തു.

## മലബാർ കാൻസർ സെന്റർ

വിദേശരാജ്യങ്ങളിൽ കനേഡിയൻ കമ്പനികൾക്ക് ലഭിക്കുന്ന കരാറുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി പദ്ധതി പ്രവർത്തനങ്ങൾക്കല്ലാതെ സാമൂഹിക ക്ഷേമത്തിനായുള്ള ഗ്രാന്റ് നൽകുന്നുണ്ട്. അതിനുമുമ്പുനടന്ന ചർച്ചകളുടെ തുടർച്ചയായി ഇത്തരത്തിൽ കരാറിന്റെ ഭാഗമായുള്ള ഗ്രാൻഡ് ലഭ്യമാകുന്നതിലേക്കായി വൈദ്യുത മന്ത്രിയായിരുന്ന ജി.കാർത്തികേയൻ ലാവ്‌ലിൻ കമ്പനിക്ക് കത്തയയ്ക്കുകയുണ്ടായി. പ്രസ്തുത ഗ്രാന്റ് 46 കോടിയിൽ നിന്ന് 98.30 കോടി രൂപയാക്കുവാനും അത് ഉപയോഗിച്ച് തലശ്ശേരിയിൽ മലബാർ കാൻസർ സെന്റർ നിർമിക്കുവാൻ പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരിക്കെ ലാവ്‌ലിനുമായി 1998 ഏപ്രിൽ 24–ന് ധാരണാപത്രം ഒപ്പിട്ടു. ഈ ധനസഹായം ലാവ്‌ലിൻ നേരിട്ട് ലഭ്യമാക്കാമെന്നായിരുന്നില്ല, മറിച്ച് കാനഡയിലെ സർക്കാർ ഏജൻസികളിൽ നിന്ന് ധനം സമാഹരിച്ച് ലഭ്യമാക്കാമെന്നായിരുന്നു ധാരണ. എന്നാൽ, ധാരണാപത്രം പുതുക്കാത്തതുകാരണം 12 കോടിരൂപ മാത്രമാണ് ലഭിച്ചത്.

# പതിനാലാം കേരള നിയമസഭ

ബാർ കോഴ, സോളാർ കേസ് തുടങ്ങിയവ മുഖ്യവിഷയങ്ങളായി പ്രതിപക്ഷം ഉയർത്തിക്കാട്ടിയ പതിനാലാം കേരള നിയമസഭയിലേക്ക് 2016 മെയ് 16–ന് ഒറ്റഘട്ടമായി നടന്ന തിരഞ്ഞടുപ്പിൽ ഇടതുമുന്നണിക്ക് 91 സീറ്റും ഐക്യമുന്നണിക്ക് 47 സീറ്റുമാണ് ലഭിച്ചത്. എൽ.ഡി.എഫ്., യു.ഡി.എഫ്., എൻ.ഡി.എ. എന്നീ മൂന്ന് മുന്നണികൾ മത്സരിച്ചതിനാൽ പലയിടങ്ങളിലും ത്രികോണ മത്സരങ്ങളാണ് നടന്നത്.

## മുന്നണികളുടെ ഘടന

ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, കേരള കോൺഗ്രസ് (എം), കേരള കോൺഗ്രസ് (ജേക്കബ്ബ്), ആർ.എസ്.പി., ജനതാദൾ (യുണൈറ്റഡ്), സി.എം.പി. (സി.പി. ജോൺ) എന്നീ ഏഴ് പാർട്ടികളാണ് യു.ഡി.എഫ്. ബാനറിൽ 140 മണ്ഡലങ്ങളിലായി മത്സരിച്ചത്. ഒടുവിൽ സൂചിപ്പിച്ച മൂന്ന് പാർട്ടികൾക്ക് വിജയം അന്യമായി.

എൽ.ഡി.എഫിൽ അണിനിരന്നത് സി.പി.ഐ. (എം.), സി.പി.ഐ., ജനതാദൾ (സെക്കുലർ), എൻ.സി.പി., കോൺഗ്രസ് (സെക്കുലർ), കേരള കോൺഗ്രസ് (ബി), ആർ.എസ്.പി. (ലെനിനിസ്റ്റ്), സി.എം.പി. (അരവിന്ദാക്ഷൻ), നാഷണൽ സെക്കുലർ കോൺഫറൻസ് ,ജനാധിപത്യ കേരള കോൺഗ്രസ്, ഇന്ത്യൻ നാഷണൽ ലീഗ്, കേരള കോൺഗ്രസ് (സ്കറിയ തോമസ്) എന്നീ പാർട്ടികളും മുന്നണിയുടെ പിന്തുണയുള്ള ഏഴ് സ്വതന്ത്രൻമാരുമാണ്. അവസാനം പരാമർശിച്ച മൂന്ന് കക്ഷികൾ ഒരു സീറ്റിലും വിജയിച്ചില്ല.

ബി.ജെ.പി., ബി.ഡി.ജെ.എസ്,, കേരള കോൺഗ്രസ് (തോമസ്), ജെ.എസ്.എസ്(രാജൻബാബു), ജനാധിപത്യ രാഷ്ട്രീയ സഭ എന്നീ കക്ഷികളുടെ സഖ്യമായിരുന്നു എൻ.ഡി.എ. വിജയം ഒരു സീറ്റിൽ മാത്രം (നേമം).

## പ്രത്യേകതകൾ നിരവധി

77.35 ശതമാനമായിരുന്നു പോളിങ്. ആദ്യമായി ഭിന്നലിംഗക്കാരെ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടന്ന വോട്ടിങ്ങാണിത്. വോട്ടിങ് യന്ത്രത്തിൽ 'നോട്ട' (നൺ ഓഫ് ദ എബോവ്)യ്ക്ക് ചിഹ്നം ഏർപ്പെടുത്തി എന്ന പ്രത്യേകതയും ഉണ്ടായിരുന്നു. ആർക്കാണ് വോട്ട് ചെയ്തത് എന്ന് വോട്ടർക്ക് ഒരിക്കൽക്കൂടി കണ്ടു ബോധ്യപ്പെടാവുന്ന വിവിപാറ്റ് (വോട്ടർ വെരിഫൈയബിൾ പേപ്പർ ഓഡിറ്റ് ട്രയൽ) സംവിധാനം 12 മണ്ഡലങ്ങളിൽ നടപ്പാക്കിയതും ഈ തിരഞ്ഞെടുപ്പിന്റെ മറ്റൊരു സവിശേഷതയായിരുന്നു. കേരള ഗവർണായിരിക്കെ സംസ്ഥാനത്ത് വോട്ടു ചെയ്ത ആദ്യ വ്യക്തിയെന്ന പ്രത്യേകത ഗവർണർ ജസ്റ്റിസ് (റിട്ട.) പി.സദാശിവത്തിന് സ്വന്തമാ

യി. വോട്ടർമാരുടെ എണ്ണം രണ്ടുകോടിയിലധികമായ ആദ്യ നിയമസഭാ തിരഞ്ഞെടുപ്പായിരുന്നു 2016–ലേത്.

## ഭാരത് ധർമജനസേന (ബി.ഡി.ജെ.എസ്.)

എസ്.എൻ.ഡി.പി. യോഗത്തിന്റെ ആഭിമുഖ്യത്തിൽ വെള്ളാപ്പള്ളി നടേശൻ നേതാവായും തുഷാർ വെള്ളാപ്പള്ളി ചെയർ പേഴ്സണായും രൂപീകൃതമായ ഭാരത് ധർമജനസേന (ബിഡിജെഎസ്) എന്ന പാർട്ടിയുടെ പ്രവേശമാണ് ഈ തിരഞ്ഞെടുപ്പിലെ മറ്റൊരു പ്രത്യേകത. 2015 ഡിസംബർ 5–ന് തിരുവനന്തപുരത്ത് ശംഖുമുഖം കടപ്പുറത്ത് നടന്ന, സമത്വ മുന്നേറ്റയാത്രയുടെ സമാപനയോഗത്തിൽ വെള്ളാപ്പള്ളി നടേശനാണ് പാർട്ടിയുടെ രൂപവത്കരണം പ്രഖ്യാപിച്ചത്. പാർട്ടിയുടെ ചിഹ്നമായി കൂപ്പുകൈ അവതരിപ്പിച്ചെങ്കിലും തിരഞ്ഞെടുപ്പ് കമ്മിഷൻ അതിന് അനുമതി നൽകിയില്ല. എൻ.ഡി.എ.യുമായി സഖ്യത്തിലേർപ്പെട്ട് കുടം ചിഹ്നത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ച ബി.ഡി.ജെ.എസിന് സീറ്റൊന്നും നേടാൻ കഴിഞ്ഞില്ല.

## ബി.ജെ.പി.ക്ക് അക്കൗണ്ട്

കേരള നിയമസഭയിൽ ബി.ജെ.പി. അക്കൗണ്ട് തുറന്നത് ഈ തിരഞ്ഞെടുപ്പിലൂടെയാണ്. താമര ചിഹ്നത്തിൽ നേമത്ത് മത്സരിച്ച മുൻ കേന്ദ്രമന്ത്രി ഒ.രാജഗോപാൽ സി.പി.ഐ.(എം.)–ന്റെ സ്ഥാനാർഥി വി.ശിവൻകുട്ടിയെയും ജനതാദൾ യുണൈറ്റഡിന്റെ സുരേന്ദ്രൻപിള്ളയെയും പിന്നിലാക്കി കേരളത്തിലെ ആദ്യ ബി.ജെ.പി.നിയമസഭാംഗമായി. 1992 മുതൽ 2004 വരെ മധ്യപ്രദേശിൽനിന്നുള്ള രാജ്യസഭാംഗമായിരുന്ന അദ്ദേഹം 1998–ലെ വാജ്പേയി മന്ത്രിസഭയിൽ റെയിൽവേ സഹമന്ത്രിയായിരുന്നു. കേരള കോൺഗ്രസ് (എം.) നോടുള്ള അഭിപ്രായ വ്യത്യാസം കാരണം പൂഞ്ഞാറിൽ സ്വതന്ത്രനായി മത്സരിച്ച് പ്രധാന രാഷ്ട്രീയപാർട്ടികളെയെല്ലാം പിന്നിലാക്കി സഭയിലെത്തിയ പി.സി.ജോർജിന്റെ ജയവും ശ്രദ്ധേയമായി.

## താരസാന്നിധ്യം

കൊല്ലത്ത് ജയിച്ച സിപിഎം സ്ഥാനാർഥി മുകേഷും (എൽ.ഡി.എഫ്.), പത്തനാപുരത്ത് സിനിമാനടൻമാരായ ജഗദീഷ് (യു.ഡി.എഫ്.), ഭീമൻ രഘു (എൻ.ഡി.എ.) എന്നിവരെ പിന്നിലാക്കിയ കേരള കോൺഗ്രസ് (ബി)യിലെ കെ.ബി.ഗണേഷ്കുമാറും (എൽ.ഡി.എഫ്.) ആണ് പതിനാലാം നിയമസഭയിലെ താര സാന്നിധ്യം. എൽ.ഡി.എഫ്. സ്ഥാനാർഥിയായി ആറന്മുളയിൽ മത്സരിച്ച ദൃശ്യമാധ്യമ പ്രവർത്തക വീണ ജോർജ് കോൺഗ്രസ് നേതാവ് കെ.ശിവദാസൻ നായരെ പരാജയപ്പെടുത്തി നിയമസഭയിലെത്തി.

## പിണറായി വിജയൻ മുഖ്യമന്ത്രി



കണ്ണൂർ ജില്ലയിലെ ധർമടം മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് സഭാംഗമായ പിണറായി വിജയൻ മുഖ്യമന്ത്രിയായി (മെയ് 25). മുമ്പ് 1970, 1977, 1991, 1996 വർഷങ്ങളിൽ അദ്ദേഹം നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 1996–98 കാലയളവിൽ ഇ.കെ. നായനാർ മന്ത്രിസഭയിൽ വൈദ്യുതി–സഹകരണം വകുപ്പുകൾ കൈകാര്യം ചെയ്തു. 1998 മുതൽ 2015 വരെ സി.പി.എം. സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ച അദ്ദേഹമാണ് ഏറ്റവും കൂടുതൽ കാലം ആ പദവി വഹിച്ചത് (തുടർന്ന് പാർട്ടി സെക്രട്ടറിയായത് കോടിയേരി ബാലകൃഷ്ണൻ) 2002 മുതൽ സി.പി.എം. പോളിറ്റ്ബ്യൂറോ അംഗമായി പ്രവർത്തിച്ചു. പത്തൊമ്പതംഗ ക്യാബിനറ്റുമായി അധികാരത്തിലേറിയ മുഖ്യമന്ത്രിക്കാണ് ആഭ്യന്തരം, വിജിലൻസ് വകുപ്പുകളുടെ ചുമതല.

## വി.എസ്.അച്യുതാനന്ദൻ ഭരണപരിഷ്കാര കമ്മിഷൻ അധ്യക്ഷൻ

മലമ്പുഴയിൽ വിജയിച്ച് നിയമസഭയിലെത്തിയ മുൻമുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഭരണപരിഷ്കാര കമ്മിഷൻ അധ്യക്ഷനായി ക്യാബിനറ്റ് റാങ്കോടെ നിയമിതനായി. പതിനാലാം കേരള നിയമസഭയിലെ ഏറ്റവും പ്രായം കൂടിയ സാമാജികൻ എന്ന പ്രത്യേകതയും അദ്ദേഹത്തിന്റെ പേരിലാണ്. കേരളത്തിലെ കമ്യൂണിസ്റ്റ് മുഖ്യമന്ത്രിമാരിൽ ഏറ്റവും കൂടുതൽകാലം ക്യാബിനറ്റ് പദവിയിലിരുന്നിട്ടുള്ള നേതാവ് അച്യുതാനന്ദൻ ആണ്.

ഹരിപ്പാട് മണ്ഡലത്തിൽ വിജയിച്ച് സാമാജികനായ രമേശ് ചെന്നിത്തല പ്രതിപക്ഷ നേതാവായി (2005–ൽ തെന്നല ബാലകൃഷ്ണപിള്ളയിൽ നിന്ന് കെ.പി.സി.സി.അധ്യക്ഷപദം ഏറ്റെടുത്ത അദ്ദേഹം ഒൻപത് വർഷം ആ പദവിയിൽ തുടരുകയുണ്ടായി). പൊന്നാനിയിൽ നിന്നുള്ള നിയമസഭാംഗമായ പി.ശ്രീരാമകൃഷ്ണൻ 2016 ജൂൺ മൂന്നിന് കേരള നിയമസഭയുടെ 22–മത്തെ സ്പീക്കറായി സ്ഥാനമേറ്റു. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിൽ പതിനൊന്നാം തവണയും വിജയിച്ചു.

## കെ.എം.മാണിയുടെ റെക്കോർഡുകൾ

ഏറ്റവും കൂടുതൽ പ്രാവശ്യം കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിന്റെ റെക്കോർഡ് കെ.എം.മാണിയുടെ പേരിലാണ്. 1964–ൽ രൂപവത്കരിച്ച പാല മണ്ഡലത്തിൽ 1965–ൽ ജയിച്ച അദ്ദേഹം തുടർന്ന് എല്ലാ തിരഞ്ഞെടുപ്പുകളിലും അവിടെ ജയം ആവർത്തിച്ചു ( 2016 വരെ 13 ജയം). 1965–ൽ സഭ രൂപകരിക്കപ്പെടാത്തതിനാൽ 12 തവണയാണ് അദ്ദേഹം സാമാജികനായി പ്രവർത്തിച്ചത്. കേരളത്തിൽ ഏറ്റവും കൂടുതൽകാലം മന്ത്രിസ്ഥാനം വഹിച്ചതും കെ.എം. മാണിയാണ്. കേരള കിസിംജർ എന്ന അപരനാമത്തിലറിയപ്പെട്ട ആർ.എസ്.പി. നേതാവ് ബേബി ജോണിന്റെ റെക്കോർഡാണ് അദ്ദേഹം മറികടന്നത്. കേരളത്തിലെ പ്രാദേശിക പാർട്ടി നേതാക്കളിൽ ഏറ്റവും കൂടുതൽ കാലം ക്യാബിനറ്റ് പദവിയിലിരുന്നത് കെ.എം.മാണിയാണ്. ഏറ്റവും കൂടുതൽ മന്ത്രിസഭകളിൽ അംഗം(10), ഏറ്റവും കൂടുതൽ നിയമസഭകളിൽ മന്ത്രി (7), കേരളത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം (11) മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത നേതാവ് (1977–78 മന്ത്രിയായിരിക്കെ രാജിവയ്ക്കുകയും ഒരു ഇടവേളയ്ക്ക് ശേഷം അതേ മന്ത്രിസഭയിൽ തിരിച്ചുവരികയും ചെയ്തു), ഏറ്റവും കൂടുതൽ കാലം ധനമന്ത്രി, ഏറ്റവും കൂടുതൽ കാലം നിയമമന്ത്രി, ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ച മന്ത്രി എന്നീ റെക്കോർഡുകൾ കെ.എം. മാണിയുടെ പേരിലാണ്.

(നിരവധി സ്രോതസ്സുകൾ അവലംബമാക്കിയാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്. വസ്തുതാപരമായ അപാകങ്ങളുള്ളപക്ഷം ചൂണ്ടിക്കാണിക്കണമെന്നും, സദയം ക്ഷമിക്കണമെന്നും അപേക്ഷ–ലേഖകൻ) ●

## ഇൻറർവ്യൂ പ്രോഗ്രാം ഡിസംബർ 2016

| sl. No | category No | Name of Post & Dept. | Date 2016 Dec |
|---|---|---|---|
| | | **കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം** | |
| 1. | 352/14, 353/14, 391/14 | Senior Lecturer in Anaesthesiology NCA -ST, M - Medical Education | 07 |
| 2. | 352/14 to 354/14, 356/14 to 360/14 391/14, 392/14, 454/14 to 464/14, 466/14 to 468/14, 584/14, 585/14 587/14 to 591/14 721/14 to 723/14 | Lecturer in Various Subjects - Medical Education | 07,08,09 |
| 3. | 99/14 to 103/14 | Assistant Engineer (Civil) - Local Self Government (Direct & By transfer)<br>& Assistant Engineer (Civil) - PublicWorks/ Irrigation (Direct & By transfer) | 07,08,09,14,15,16<br>21,22,23,28,29,30 |
| 4. | 392/14 | Senior Lecturer in Physiology NCA -E - Medical Education | 07 |
| 5. | 458/14, 584/14 | Senior Lecturer in Pathology NCA -SC, M - Medical Education | 07 |
| 6. | 460/14, 461/14 | Senior Lecturer in Radiotherapy NCA -E, M- Medical Education | 07 |
| 7. | 464/14 | Senior Lecturer in Plastic and Reconstructive Surgery NCA-M -Medical Education | 07 |
| 8. | 466/14, 467/14 | Senior Lecturer in Genito Urinary Surgery (Urology) NCA-ST, M-Medical Education | 07 |
| 9. | 99/14 to 103/14 | Assistant Engineer (Civil) - Local Self Government (Direct & By transfer) &<br>Assistant Engineer (Civil) - Public Works/ Irrigation (Direct & By transfer) | 07 |
| 10. | 721/14 | Senior Lecturer in General Medicine NCA - LC/AI - Medical Education | 07 |
| 11. | 588/14 | Senior Lecturer in Microbiology NCA - V - Medical Education | 07 |
| 12. | 722/14 | Senior Lecturer in Neuro Surgery NCA -V - Medical Education | 07 |
| 13. | 723/14 | Senior Lecturer in Paediatric Surgery NCA -ST - Medical Education | 07 |
| 14. | 060/14 | Lecturer in Polymer Technology - Technical Education* | 29,30 |
| 15. | 332/14 | Cook (NCA - LC/AI) - Tourism | 30 |
| | | **കെപിഎസ്‌സി റീജിയണൽ ആഫീസ്, എറണാകുളം** | |
| 1. | 99/14 to 103/14 | Assistant Engineer (Civil) - Local Self Government (Direct & By transfer) &<br>Assistant Engineer (Civil) - Public Works/ Irrigation (Direct & By transfer) | 07,08,09,14,15,16<br>21,22,23,28,29,30 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, എറണാകുളം** | |
| 1. | 99/14 to 103/14 | Assistant Engineer (Civil) - Local Self Government (Direct & By transfer) &<br>Assistant Engineer (Civil) - Public Works/ Irrigation (Direct & By transfer) | 07,08,09,14,15,16<br>21,22,23,28,29 |
| 2. | 216/13 | Laboratory Technician Gr.II - Indian Systems of Medicinem | 29,30 |
| | | **കെപിഎസ്‌സി റീജിയണൽ ആഫീസ്, കോഴിക്കോട്** | |
| 1. | 99/14 to 103/14 | Assistant Engineer (Civil) - Local Self Government (Direct & By transfer) &<br>Assistant Engineer (Civil) - Public Works/ Irrigation (Direct & By transfer) | 07,08,09,14,15,16<br>21,22,23,28,29,30 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കോഴിക്കോട്** | |
| 1. | 99/14 to 103/14 | Assistant Engineer (Civil) - Local Self Government (Direct & By transfer) &<br>Assistant Engineer (Civil) - Public Works/ Irrigation (Direct & By transfer) | 07,08,09,14,15,16<br>21,22,23 |
| 2. | 015/14 | Work Superintendent - Agriculture (SC Unit) | 23,28,29,30 |
| | | **** Denotes Examination was conducted Online*** | |

(പേജ് 11ൽ നിന്ന്)

875 സ്വാമി വിവേകാനന്ദൻ ചിക്കാഗോയിലെ ലോക മത സമ്മേളനത്തിൽ പങ്കെടുത്തുപ്രസംഗിച്ച വർഷം– 1893

876 കായിദ്–ഇ–അസം എന്നറിയപ്പെട്ടത് – മുഹമ്മദ് അലി ജിന്ന

877 സിറാജ് ഉദ് ദൗളയുടെ തലസ്ഥാനം– മുർഷിദാബാദ്

878 സിവിൽ ആജ്ഞാലംഘന പ്രസ്ഥാനം ആരംഭിച്ച വർഷം– 1930

879 സിവിൽ സർവീസ് പരീക്ഷ പാസായ രണ്ടാമത്തെ ഇന്ത്യാക്കാരൻ– സുരേന്ദ്രനാഥ് ബാനർജി

880 ശകവംശത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി– രുദ്രദാമൻ

881 ഗാന്ധാരകല ഏതൊക്കെ കലകളുടെ സം ഗമമാണ്– ഗ്രീക്ക്–ഭാരതം

882 ഏത് ദൈവത്തെയാണ് നായനാർമാർ ആരാധിക്കുന്നത്– ശിവൻ

883 ഏത് ദൈവത്തെയാണ് ആഴ്വാർമാർ ആരാധിക്കുന്നത്– വിഷ്ണു

884 രാമാനുജൻ (1017–1137)എന്തിന്റെ വ്യാഖ്യാതാവായിരുന്നു– വിശിഷ്ടാദ്വൈതം

885 മാധവാചാര്യർ(1199–1278) എന്തിന്റെ വ്യാഖ്യാതാവായിരുന്നു– ദ്വൈത സിദ്ധാന്തം

886 മഹാത്മാഗാന്ധി ദണ്ഡി മാർച്ച് ആരംഭിച്ചത്– സബർമതി ആശ്രമം

887 ഗാന്ധിജിയുടെ മാതാപിതാക്കൾ– കരം ചന്ദ് ഗാന്ധിയും പുത്‌ലിഭായിയും

888 സിസ്റ്റർ നിവേദിത ആരുടെ പ്രസിദ്ധശിഷ്യയാണ്– സ്വാമി വിവേകാനന്ദൻ

889 സുഭാഷ് ചന്ദ്രബോസിന്റെ രാഷ്ട്രീയഗുരു– സി.ആർ.ദാസ്

890 ക്വിറ്റിന്ത്യാസമരത്തിന് ഗാന്ധിജിയെ അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ അടയ്ക്കപ്പെട്ട ജയിൽ– ആഗാഖാൻ കൊട്ടാരം

891 സുഭാഷ് ചന്ദ്രബോസ് സ്വതന്ത്ര ഇന്ത്യയുടെ താത്കാലിക ഗവൺമെന്റ് സ്ഥാപിച്ച സ്ഥലം– സിംഗപ്പൂർ

892 സ്വാമി വിവേകാനന്ദൻ ജനിച്ച വർഷം – 1863 (ജനുവരി 12)

893 ഗാന്ധാരം എന്നറിയപ്പെട്ടിരുന്ന പ്രദേശം ഇപ്പോൾഏതുരാജ്യത്താണ്–അഫ്ഗാനിസ്താൻ

894 മെഹ്റോളിസ്തൂപത്തിൽഏതുഗുപ്തരാജാവിനെക്കുറിച്ചാണ് വിവരിച്ചരിക്കുന്നത്– ചന്ദ്രഗുപ്തൻ രണ്ടാമൻ

895 ഏതു ഗുപ്തരാജാവിന്റെ കാലത്താണ് ഹരിസേനൻ ജീവിച്ചിരുന്നത്– സമുദ്രഗുപ്തൻ

896 ആരുടെ ശിഷ്യനായിരുന്നു സൂർദാസ് – വല്ലഭാചാര്യ

897 ഒരേ ദൈവത്തിന്റെ വ്യത്യസ്ത നാമങ്ങളാണ് രാമനും റഹിമും എന്നു പറഞ്ഞത്– കബീർ

898 ബാഹ്മിനി വംശം സ്ഥാപിച്ചത്– ഹസ്സൻ ഗംഗു

899 ഗുരുജി എന്നറിയപ്പെട്ടത്– എം.എസ്. ഗോൾവാൽക്കർ

900 സുതന്തിര പെരുമൈ എന്ന കവിതാ സമാഹാരം രചിച്ചത്– സുബ്രമണ്യ ഭാരതി

901 ഏതു ഗുപ്തരാജാവിന്റെ സദസ്സിനെയാണ് നവരത്നങ്ങൾ അലങ്കരിച്ചിരുന്നത് – വിക്രമാദിത്യൻ (ചന്ദ്രഗുപ്തൻ രണ്ടാമൻ)

902 കാളിദാസന്റെമാസ്റ്റർപീസ്–അഭിജ്ഞാനശാകുന്തളം

903 മുദ്രാരാക്ഷസത്തിൽ പരാമർശിക്കപ്പെടുന്ന രാജവംശം– നന്ദവംശം

904 ബാഹ്മിനി രാജ്യം സ്ഥാപിതമായ വർഷം– 1347

905 ബാഹ്മിനിവംശത്തിലെ ഹുമയൂണിന്റെ പ്രഗല്ഭനായ പ്രധാനമന്ത്രി– മുഹമ്മദ് ഗവാൻ

906 ബാഹ്മിനി രാജ്യത്തെ ഏറ്റവും പ്രഗല്ഭനായ ഭരണകർത്താവ്– മുഹമ്മദ് ഗവാൻ(1463–81)

907 അലാവുദ്ദീൻ ബാഹ്മൻ ഷാ തന്റെ രാജധാനിയായി തിരഞ്ഞെടുത്ത നഗരം– ഗുൽബർഗ

908 സത്യാഗ്രഹത്തിന്റെ ജന്മഭൂമി –ദക്ഷിണാഫ്രിക്ക

909 സത്യാർഥപ്രകാശം രചിച്ചത്– ദയാനന്ദ സരസ്വതി

910 സ്വരാജ് പാർട്ടി സ്ഥാപിച്ചത്– മോട്ടിലാൽ നെഹ്റുവും സി.ആർ ദാസും

911 ഗദാധർ ചതോപാധ്യായ ഏതു പേരിലാണ് ഇന്ത്യാചരിത്രത്തിൽ പ്രസിദ്ധൻ– ശ്രീരാമകൃഷ്ണ പരമഹംസൻ

912 സത്യശോധക് സമാജം രൂപവൽക്കരിച്ചത്– ജ്യോതിബ ഫൂലെ

913 അജന്താചിത്രകലയിലെവർണങ്ങൾഎന്തുകൊണ്ടുണ്ടാക്കിയവയായിരുന്നു– ധാതുക്കളും ചെടികളും

914 അജന്താഗുഹകൾ ഏത് സംസ്ഥാനത്ത് – മഹാരാഷ്ട്ര

915 സമുദ്രഗുപ്തനെ ഇന്ത്യൻ നെപ്പോളിയൻഎന്നു വിശേഷിപ്പിച്ചത്– വിൻസെന്റ് എ.സ്മിത്ത്

916 അജന്താ പെയിന്റിംഗുകൾ ഏതു വംശത്തിന്റെ കാലത്താണ് വരച്ചത്– ഗുപ്തവംശം

917 ബാഹ്മിനി വംശത്തിന്റെ തലസ്ഥാനം ഗുൽബർഗയിൽ നിന്ന് ബിദാറിലേക്ക് മാറ്റിയത്– അഹമ്മദ് ഷാ

918 അലാവുദ്ദീൻ ബാഹ്മൻ ഷാ ഗുൽബർഗയെ പുനർനാമകരണം ചെയ്തത്– അഹ്സനാബാദ്

919 ഏത് ബാഹ്മിനിരാജാവിന്റെ കാലത്തെപ്പറ്റിയാണ് റഷ്യൻ വ്യാപാരിയായ അതനേഷ്യസ് നിക്തിൻ വിവരിക്കുന്നത്– മുഹമ്മദ് മൂന്നാമൻ

920 ബാഹ്മിനി രാജ്യം തകർന്നതോടെ ദക്ഷിണപഥത്തിൽ രൂപംകൊണ്ട അഞ്ചു സുൽത്താനേറ്റുകൾ–ബേറാറിലെ ഇമാദ്ഷാഹിവംശം, അഹമ്മദ്നഗറിലെ നിസാംഷാഹിവംശം,ബീജാപ്പൂരിലെ ആദിൽഷാഹിവംശം, ഗോൽക്കൊണ്ടയിലെ കുതബ്ഷാഹിവംശം, ബിദാറിലെ ബരീദ്ഷാഹിവംശം

921 സരോജിനി നായിഡു ജനിച്ച സ്ഥലം– ഹൈദരാബാദ്

922 ഗണപതി ഉൽസവത്തെ ജനകീയമാക്കിയ സ്വാതന്ത്ര്യസമര നായകൻ– ബാല ഗംഗാധര തിലകൻ

923 സംവാദ് കൗമുദി എന്ന പത്രം സ്ഥാപിച്ചത്– രാജാറാം മോഹൻ റോയ്

924 ഗംഗയോട് ഗാന്ധിജി താരതമ്യപ്പെടുത്തിയ നേതാവ്–ഗോപാലകൃഷ്ണ ഗോഖലെ

925 സതി നിർത്തലാക്കിയ ഗവർണർ ജനറൽ– വില്യം ബെൻറിക്

926 ഏതു രാജവംശത്തിന്റെ കാലത്താണ് പഞ്ചതന്ത്രം രചിക്കപ്പെട്ടത്– ഗുപ്തവംശം

927 അമരകോശംഎന്നകൃതിഏതുവിജ്ഞാനശാഖയിൽപ്പെടുന്നു– വ്യാകരണം

928 ബാഹ്മിനി വംശം പിരിഞ്ഞ് ആദ്യമുണ്ടായ രാജ്യം– ബേറാർ

929 ബേറാറിലെ ഇമാദ്ഷാഹിവംശം സ്ഥാപിച്ചത്– ഫത്താവുള്ള അഹമ്മദ്(1484)

930 ബീജാപ്പൂരിലെ ആദിൽഷാഹിവംശം സ്ഥാപിച്ചത്– യൂസഫ് ആദിൽ ഖാൻ(1489)

931 ജഗദ്ഗുരു എന്നറിയപ്പെട്ട ബീജാപ്പൂർ സുൽത്താൻ– ഇബ്രാഹിം ആദിൽ ഷാ രണ്ടാമൻ

932 സ്വാമി വിവേകാനന്ദൻ രാമകൃഷ്ണമിഷൻ സ്ഥാപിച്ച വർഷം – 1897

933 ജാലിയൻ വാലാ ബാഗ് കൂട്ടക്കൊല സമയത്തെ വൈസ്രോയി– ചെംസ്ഫോർഡ് പ്രഭു

934 സ്വാതന്ത്ര്യത്തിനുമുമ്പുള്ള ഇന്ത്യയിൽ ദാരിദ്ര്യരേഖയെക്കുറിച്ച് ചർച്ച ചെയ്ത ആദ്യ നേതാവ്– ദാദാഭായ് നവറോജി

935 സ്വാതന്ത്ര്യലബ്ധിവരെ രാജസ്ഥാൻ അറിയപ്പെട്ടിരുന്ന പേര്– രജപുതാന

936 സുഭാഷ് ചന്ദ്രബോസ് സിംഗപ്പൂരിൽ രൂപം നൽകിയ ആസാദ് ഹിന്ദ് ഗവൺമെന്റിൽ അംഗമായിരുന്ന വനിത– ക്യാപ്റ്റൻ ലക്ഷ്മി

937 അമരകോശത്തിന്റെ കർത്താവ്– അമരസിംഹൻ

938 ദശാംശസമ്പ്രദായം ആദ്യമായി ഉപയോഗിച്ചത്– ആര്യഭട്ടൻ

939 ഗോൽ ഗുംബാസ് നിർമിച്ചത്– ബീജാപ്പൂരിലെ ആദിൽഷാഹിവംശത്തിലെ മുഹമ്മദ് ആദിൽ ഷാ(1660)

940 അഹമ്മദ് നഗറിലെ നിസാംഷാഹിവംശം സ്ഥാപിച്ചത്– മാലിക് അഹമ്മദ് (1490)

941 മുഗളർക്കെതിരെ പൊരുതിയ ചാന്ദ് ബീബി, അബിസീനിയൻ വംശജനായ മന്ത്രി മാലിക് ആംബർ എന്നിവർ ഏതു രാജ്യക്കാരായിരുന്നു– അഹമ്മദ് നഗർ

942 സ്വാതന്ത്ര്യസമരചരിത്രത്തിലെ ബോസ് സഹോദരൻമാർ ആരെല്ലാം– ശരത്ചന്ദ്രബോസും സുഭാഷ് ചന്ദ്രബോസും

943 സ്വാതന്ത്ര്യത്തിനുമുമ്പ് തുടർച്ചയായി ഏറ്റവും കൂടുതൽ കാലം കോൺഗ്രസ് പ്രസിഡന്റായത് – മൗലാനാ അബുൾ കലാം ആസാദ്

944 ഹിന്ദുമതത്തിലെ കാൽവിൻ എന്നറിയപ്പെട്ടത് –ദയാനന്ദ സരസ്വതി

945 ഏതു നൂറ്റാണ്ടിലാണ് ഫാഹിയാൻ ഇന്ത്യയിലെത്തിയത്– എ.ഡി.അഞ്ചാം നൂറ്റാണ്ട്

946 നളന്ദ സർവകലാശാല സ്ഥാപിച്ചത്– കുമാരഗുപ്തൻ

947 ശകാരി എന്ന സ്ഥാനപ്പേരു സ്വീകരിച്ചത്– ചന്ദ്രഗുപ്തവിക്രമാദിത്യൻ

948 ഗോൽക്കൊണ്ടയെ മുഗൾ സാമ്രാജ്യത്തോടു ചേർത്തത്– ഔറംഗസീബ് (1687)

949 ഹിന്ദ് സ്വരാജ് രചിച്ചത്– ഗാന്ധിജി

950 ഹൗസ് ഓഫ് ലോർഡ്സിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ –എസ്.പി.സിൻഹ

951 ജപ്പാനിൽ ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിനു നേതൃത്വം നൽകിയത്– റാഷ് ബിഹാരി ബോസ്

952 ഇന്ത്യൻന്യൂട്ടൺഎന്നുവിശേഷിപ്പിക്കപ്പെടുന്നത്– ആര്യഭട്ടൻ

953 ഇന്ത്യാചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്വർണനാണയങ്ങൾ പുറപ്പെടുവിച്ച രാജവംശം– ഗുപ്തവംശം

954 പ്രാചീന ഇന്ത്യയുടെ സുവർണകാലം എന്നറിയപ്പെടുന്നത് ഏത് വംശത്തിന്റെ കാലം– ഗുപ്തകാലം

955 വിജയനഗരസാമ്രാജ്യം സ്ഥാപിതമായ വർഷം– 1336

956 ഹരിഹരന്റെയും ബുക്കന്റെയും ഗുരു– വിദ്യാരണ്യ

957 വിജയനഗരം ഏതു നദിക്കരയിലായിരുന്നു– തുംഗഭദ്ര

958 വിജയനഗരത്തിന്റെ സ്ഥാപകൻ– ഹരിഹരൻ ഒന്നാമൻ

959 ജമാബന്തി പരിഷ്കാരങ്ങൾ കൊണ്ടുവന്നത്– ടിപ്പു സുൽത്താൻ

960 ജയിലിൽ ഒൻപത് ആഴ്ച നിരാഹാരമനുഷ്ഠിച്ച് മരണംവരിച്ച സ്വാതന്ത്ര്യസമരസേനാനി– ജതിൻദാസ്

961 പ്രതിമാനാടകം രചിച്ചതാര്– ഭാസൻ

962 ഉജ്ജയിനി തലസ്ഥാനമാക്കിയ ഗുപ്തരാജാവ്– ചന്ദ്രഗുപ്തൻ രണ്ടാമൻ

963 ഗുപ്തരാജസദസ്സിലെ ഭാഷ– സംസ്കൃതം

964 വിജയനഗരസാമ്രാജ്യത്തിലെ വംശങ്ങൾ – സംഗമ,സലുവ,തുലുവ,അരവിടു

965 തുലുവവംശം സ്ഥാപിച്ചത്– വീര നരസിംഹൻ

966 അരവിടു വംശം സ്ഥാപിച്ചത്– തിരുമല നായക്

967 വിജയനഗരത്തിലെ ഏറ്റവും മഹാനായ ഭരണാധികാരി– കൃഷ്ണദേവരായർ

968 ഇന്ത്യയിലെ ആദ്യത്തെ തപാൽ സ്റ്റാമ്പ് (സിന്ധ് ഡാക്ക്) പുറത്തിറക്കപ്പെട്ട നഗരം– കറാച്ചി

969 ഇന്ത്യയിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ച വർഷം– 1927

970 ജാലിയൻ വാലാ ബാഗ് കൂട്ടക്കൊല അന്വേഷിച്ച കമ്മിഷൻ– ഹണ്ടർ കമ്മിഷൻ

971 ജാലിയൻവാലാബാഗ് ഏതു സംസ്ഥാനത്താണ്– പഞ്ചാബ്

972 ഇന്ത്യയിലെ ആദ്യത്തെ ടെലഗ്രാഫ് ലൈൻ– കൊൽക്കത്ത– ഡയമണ്ട് ഹാർബർ

973 ജവാഹർലാൽനെഹ്റുവിന്റെ ആത്മകഥ ആർക്കാണ് സമർപ്പിച്ചിരിക്കുന്നത്– കമലാ നെഹ്റു

974 ഗാന്ധിജി വാർധയിൽ സേവാഗ്രാം ആശ്രമം സ്ഥാപിച്ച വർഷം – 1936

975 ഗാന്ധിജി വിവാഹം കഴിച്ച വർഷം – 1881

976 ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ചൈനീസ് സഞ്ചാരി– ഫാഹിയാൻ

977 വിക്രമാദിത്യസദസ്സിലെനവരത്നങ്ങൾ– ധന്വന്തരി,ക്ഷപണകൻ,അമരസിംഹൻ,ശങ്കു,വേതാളഭട്ടി, ഘടകർപ്പരൻ,കാളിദാസൻ,വരാഹമിഹിരൻ,വരരുചി

978 ഹസാരാക്ഷേത്രം നിർമിച്ചത്– കൃഷ്ണദേവരായർ

979 വിജയനഗരത്തിലെ ഏതുവംശത്തിലാണ് കൃഷ്ണദേവരായർ ജനിച്ചത്– തുലുവ

980 ആന്ധ്രഭോജൻ എന്നറിയപ്പെട്ടത്– കൃഷ്ണദേവരായർ

981 അഭിനവഭോജൻ എന്നറിയപ്പെട്ടത്– കൃഷ്ണദേവരായർ

982 ഇന്ത്യയിലെ ആദ്യത്തെ പോസ്റ്റോഫീസ് ആരംഭിച്ചത്– കൊൽക്കത്തയിൽ

983 ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്ന നഗരം– അമൃത്സർ

984 ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്ന തീയതി – 1919 ഏപ്രിൽ 13

985 ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്കു പ്രതികാരമായി മൈക്കൽ ഒ ഡയറിനെ വധിച്ചത്– ഉദ്ദം സിങ്

986 ജിന്നാഹൗസ് എവിടെയാണ്– മുംബൈയിൽ

987 ജവാഹർലാൽ നെഹ്റുവിനെ ഋതുരാജൻ എന്നുവിശേഷിപ്പിച്ചത് – ടാഗോർ

988 വിക്രമോർവശീയം,മാളവികാഗ്നിമിത്രം,രഘുവംശം,മേഘദൂതം എന്നിവ രചിച്ചത് – കാളിദാസൻ

989 മാളവികാഗ്നിമിത്രം രചിച്ചത്– കാളിദാസൻ

990 രഘുവംശം എന്ന സംസ്കൃതമഹാകാവ്യം രചിച്ചത്– കാളിദാസൻ

991 അഷ്ടദിഗ്ഗജങ്ങൾ എന്ന പ്രഖ്യാതകവികൾ ആരുടെ സദസ്സിനെയാണ് അലങ്കരിച്ചിരുന്നത്– കൃഷ്ണദേവരായർ

992 കൃഷ്ണദേവരായരുടെ കാലത്തെ വിജയനഗരത്തെപ്പറ്റി പ്രതിപാദിക്കുന്ന പോർച്ചുഗീസുകാർ– ദുർവാത്തെ ബർബോസ, ഡൊമിനിഗോസ് പയസ്

993 കൃഷ്ണദേവരായർ സ്ഥാപിച്ച നഗരം– നഗൽപൂർ

994 ആന്ധ്രപിതാമഹൻ എന്നറിയപ്പെട്ടത്– കൃഷ്ണദേവരായർ

995 ജീവിതത്തിൽ സത്യസന്ധനായിരിക്കണം എന്ന തീരുമാനമെടുക്കാൻ ഗാന്ധിജി തീരുമാനിച്ചത് ഏത് പുരാണ കഥാപാത്രത്തിന്റെ സ്വാധീനത്താലാണ്– ഹരിശ്ചന്ദ്രൻ

996 ഞാനൊരു കുറ്റവാളിയല്ല രാജ്യ സ്നേഹിയാണ് എന്ന് പ്രഖ്യാപിച്ചത്? ഭഗത് സിങ്

997 നെഹ്റു പങ്കെടുത്ത ആദ്യ കോൺഗ്രസ് സമ്മേളനം– ബങ്കിപ്പൂർ(1912)

998 നെപ്പോളിയനിക് യുദ്ധത്തിൽ ഒരു കൈ നഷ്ടമായശേഷം ഇന്ത്യയിലെ ഗവർണർ ജനറലായത് –ഹാർഡിഞ്ച് ഒന്നാമൻ

999 പെരിയോർ എന്ന അപരനാമത്തിലറിയപ്പെട്ടിരുന്നത്–ഇ.വി.രാമസ്വാമിനായ്ക്കർ


1000 പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ ഗവർണർ ജനറൽ– ഡൽഹൗസി ■

1. R.N. 44588/86 Reg. No. KL/TV (N)34/2015-17
2. Licence No. for posting without pre payment - KL/TV(N)/WPP/165/2015-17





* ഏറ്റവും കൂടിയ പ്രായത്തിൽ അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്–ഡൊണൾഡ് ട്രംപ് (പ്രസിഡന്റ് പദമേൽക്കുമ്പോൾ ട്രംപിന് 70 വയസ്സും ഏഴര മാസവുമായിരിക്കും പ്രായം)
* ഏത് പ്രസിഡന്റിന്റെ റെക്കോർഡാണ് പ്രായത്തിന്റെ കാര്യത്തിൽ ട്രംപ് മറികടക്കുന്നത്–റൊണാൾഡ് റെയ്ഗൻ
* നൂറുകോടി രൂപ വരുമാനം നേടിയ ആദ്യ മലയാള സിനിമ–പുലിമുരുകൻ
* യു.എസ്. പ്രസിഡന്റായ ഏറ്റവും ധനികനായ വ്യക്തി–ഡൊണൾഡ് ട്രംപ്
* റിപ്പബ്ലിക്കൻ പാർട്ടിയുടെ ചിഹ്നം–ആന (ഡെമോക്രാറ്റിക് പാർട്ടിയുടേത് കഴുത)
* ലോക ന്യൂമോണിയ ദിനം–നവംബർ 12
* ഇന്റർപോളിന്റെ പുതിയ പ്രസിഡന്റ്–മെങ്ങ് ഹോങ്‌വെയി
* ഇന്ത്യയിലെ ആദ്യത്തെ ബാങ്കിങ് റോബോട്ട് ആയ ലക്ഷ്മി സ്ഥാപിച്ചത്–സിറ്റി യൂണിയൻ ബാങ്ക്
* കാളിദാസ സമ്മാനത്തിന് ഇപ്രാവശ്യം അർഹനായത്– പ്രൊഫ. രാജ് ബിസരിയ
* ഏത് സംസ്ഥാന സർക്കാരാണ് കാളിദാസ സമ്മാനം ഏർപ്പെടുത്തിയിരിക്കുന്നത്–മധ്യപ്രദേശ് (1980)
* സമാധാനത്തിനും വികസനത്തിനും വേണ്ടിയുള്ള ലോക ശാസ്ത്രദിനം–നവംബർ 10
* ലോക തത്ത്വശാസ്ത്ര ദിനം–നവംബർ 17
* പ്രഥമ ദേശാഭിമാനി അവാർഡിന് അർഹനായത്–എം.ടി.വാസുദേവൻ നായർ
* ടാറ്റ ലിറ്ററേച്ചർ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് 2016 ൽ അർഹനായ എഴുത്തുകാരൻ–അമിതാവ് ഘോഷ്
* 2017–ൽ 75 ാം വാർഷികം ആഘോഷിക്കുന്ന മലയാള പത്രം–ദേശാഭിമാനി
* രാജ്യാന്തര ഹോക്കി ഫെഡറേഷന്റെ പ്രസിഡന്റായ ആദ്യ ഇന്ത്യക്കാരൻ–നരീന്ദർ ബത്ര
* കേരളത്തിലെ ലഹരി വർജന വിമോചന മിഷന്റെ പേര്? വിമുക്തി
* വിമുക്തിയുടെ ബ്രാൻഡ് അംബാസഡർ –സച്ചിൻ ടെൻഡുൽക്കർ
* 2016 ലെ മിഡോറി പുരസ്കാരത്തിന് അർഹയായത്–വന്ദനാ ശിവ
* ഈയിടെ വിരമിച്ച ഫുട്ബോളറായ മിറോസ്ലാവ് ക്ലോസെ ഏതു രാജ്യക്കാരനാണ് –ജർമനി
* നിക്കരാഗ്വയുടെ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത്–ഡാനിയേൽ ഒർട്ടേഗ
* ആർ.ശങ്കർ ഫൗണ്ടേഷന്റെ പ്രഥമ പുരസ്കാരത്തിന് അർഹനായത്–ഡോ.വി.പി. ഗംഗാധരൻ
* യു.എസ്.ജനപ്രതിനിധി സഭയിൽ അംഗമായ ആദ്യ മലയാളി–പ്രമീള ജയപാൽ
* അമേരിക്കയുടെ എത്രാമത്തെ പ്രസിഡന്റാണ് ഡൊണാൾഡ് ട്രംപ്? 45
* ഏത് പാർട്ടിയുടെ സ്ഥാനാർത്ഥിയായിരുന്നു ഡൊണൾഡ് ട്രംപ്? റിപ്പബ്ലിക്കൻ
* ഡൊണാൾഡ് ട്രംപിന്റെ മുഖ്യ എതിരാളിയായിരുന്ന ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥി–ഹിലരി ക്ലിന്റൺ
* സംസ്ഥാനത്തെ പുതിയ വൈദ്യുതി



മന്ത്രി–എം.എം.മണി
* വ്യവസായവകുപ്പിന്റെ ചുമതല ആർക്കാണ്? എ.സി.മൊയ്തീൻ
* സഹകരണം, ടൂറിസം വകുപ്പിന്റെ ചുമതലകൾ ആർക്കാണ് ലഭിക്കുന്നത്? കടകംപള്ളി സുരേന്ദ്രൻ
* എം.എം.മണിക്കുമുമ്പ് ആരാണ് വൈ




ദ്യുതി വകുപ്പ് കൈകാര്യം ചെയ്തിരുന്നത്–കടകംപള്ളി സുരേന്ദ്രൻ
* 2016 ലെ മിസ് എർത്ത്–കാതറിൻ എപ്



സിൻ (ഇക്വഡോർ)
* അച്ഛൻ/അമ്മ മരണപ്പെട്ട കുട്ടിയുടെ പ്രൊഫഷണൽ കോഴ്സടക്കം ഡിഗ്രി തലം വരെയുള്ള വിദ്യാഭ്യാസ ചെലവ് വഹിക്കുന്ന സംസ്ഥാന സർക്കാർ പദ്ധതി–സ്നേഹപൂർവം
* സൗമ്യ വധക്കേസുമായി ബന്ധപ്പെട്ട പരാമർശത്തെതുടർന്ന് കോടതിയലക്ഷ്യ നോട്ടീസ് ലഭിച്ചതിനാൽ സുപ്രീംകോടതി മുമ്പാകെ ഹാജരായ മുൻ ന്യായാധിപൻ –മാർക്കണ്ഡേയ കട്ജു
* ഏത് ഗൾഫ് രാജ്യമാണ് 16 തികഞ്ഞവരെ പ്രായപൂർത്തിയായവരായി കണക്കാക്കുന്നതിന് നിയമനിർമ്മാണം നടത്തിയത്? കുവൈറ്റ്
* ഭരണഘടന ചട്ടങ്ങൾക്ക് വിരുദ്ധമെന്ന് കണ്ട് സുപ്രീംകോടതി നിരോധിച്ച തമിഴ്നാട്ടിലെ വിനോദം–ജല്ലിക്കട്ട്
* തോപ്പിൽ ഭാസി അവാർഡിന് അർഹനായത്–ഡോ. പുതുശ്ശേരി രാമചന്ദ്രൻ
* രാഷ്ട്രീയാധികാരം–സൈനിക സേവന അനുഭവമില്ലാത്ത ആദ്യ അമേരിക്കൻ പ്രസിഡന്റ്–ഡൊണാൾഡ് ട്രംപ്
* അമേരിക്കയുടെ പുതിയ വൈസ് പ്രസിഡന്റ്–മാർക് പെൻസ്
* അമേരിക്കൻ പ്രസിഡന്റ് ചുമതലയേൽക്കുന്ന തീയതി–2016 ജനവരി 20
* ഏത് രാജ്യത്ത് നിന്നാണ് ഇന്ത്യ കടൽവിമാനങ്ങൾ വാങ്ങാൻ തീരുമാനിച്ചത്–ജപ്പാൻ
* ഏത് രാജ്യമാണ് ആദ്യത്തെ സീറോ എമിഷൻ ഹൈഡ്രജൻ ട്രെയിൻ നിർമിച്ചത്–ജർമനി
* 1000, 500 രൂപ നോട്ടുകൾ കേന്ദ്ര സർക്കാർ അസാധുവാക്കിയത് എന്നാണ്? 2016 നവംബർ 8
* കേന്ദ്ര സർക്കാർ പുതുതായി ഇറക്കിയ 2000 രൂപ നോട്ടിൽ പിൻഭാഗത്ത് ചെയ്തിരിക്കുന്ന ചിത്രം എന്തിന്റെതാണ്? മംഗൾയാൻ ദൗത്യം
* ഈയിടെ ഇന്ത്യ സന്ദർശിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി–തെരേസ മെയ്
* രാജ്യത്തെ ആദ്യത്തെ എൽ.എൻ.ജി. ബസ് എവിടെയാണ് പുറത്തിറക്കിയത്–തിരുവനന്തപുരം
* ലോക ടോയ്‌ലറ്റ് ദിനം–നവംബർ 19
* ദേശീയ ഏകതാ വാരം–നവംബർ 19–25
* ന്യൂനപക്ഷ ക്ഷേമദിനം–നവംബർ 20
* ദേശീയ വനിതാ ദിനം –നവംബർ 24
* അന്താരാഷ്ട്ര ക്രിമിനൽ കോടതിയിൽ നിന്ന് പിന്മാറാൻ തീരുമാനിച്ച രാജ്യം–റഷ്യ
* ഈയിടെ അന്തരിച്ച മഹാത്മാഗാന്ധിയുടെ കൊച്ചുമകൻ–കനുഭായ് ഗാന്ധി



(കടൽത്തീരത്ത് ഗാന്ധിയുടെ ഊന്നുവടിയിൽ പിടിച്ചുകൊണ്ട് ബാലനായ കനുഭായി നടക്കുന്ന ചിത്രം പ്രസിദ്ധമാണ്)


# ഏജൻസി ക്ഷണിക്കുന്നു

**പിഎസ്‌സി ബുള്ളറ്റിൻ**



പിഎസ്‌സി ബുള്ളറ്റിൻ എല്ലാ പഠനാലയങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിലേക്ക് ഏജൻസി വ്യാപിപ്പിക്കുന്നു. ഏജൻസി വ്യവസ്ഥകളെക്കുറിച്ചറിയാൻ 0471 2546270 എന്ന നമ്പരിലേക്ക് വിളിക്കുക. 24 മണിക്കൂറിനുള്ളിൽ നടപടിക്രമം പൂർത്തിയാക്കി ഏജൻസി അനുവദിക്കുന്നു. ആസ്ഥാന ഓഫീസിൽ നേരിട്ട് വന്നാൽ ഏതാനും മിനിട്ടുകൾക്കകം ഏജൻസി അനുവദിക്കുന്നു.

**അടുത്ത ലക്കം ബുള്ളറ്റിനിന്റെ ഉള്ളടക്കം**

**എൽഡി ക്ളർക്ക്**

**പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ സഹായകമായ തരത്തിൽ പുനക്രമീകരിക്കുന്നു.**

**വരിക്കാരായി ചേർന്ന് നിങ്ങളുടെ കോപ്പികൾ ഉറപ്പാക്കുക.**

**പിഎസ്‌സി ബുള്ളറ്റിൻ : ചിട്ടയോടെ പഠിക്കാനും പരീക്ഷകളിൽ ജയിക്കാനും**


Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.